പുസ്തകം 4. 1129 മീനം ലക്കം 12.

# തുഞ്ചത്തെഴുത്തച്ഛൻ

## പ്രേമദർശനം

(ദേവർഷി നാരദവിരചിത ഭക്തിസൂത്രം)

പ്രേമരൂപമായ ഭക്തിക്കു പ്രധാനബാധ ദുഃസംഗമാണു്.

(വി. എൻ. പരമേശ്വരൻ നമ്പൂതിരി, ആലത്തൂർ)

(തുടർച്ച)

സൂത്രം—43. ദുഃസംഗഃ സർവ്വഥൈവ ത്യാജ്യഃ

ദുസ്സംഗത്തെ എല്ലാംകൊണ്ടും ത്യജിച്ചേ കഴിയൂ.

സൽസംഗത്തിൻെറ മഹത്വം പറഞ്ഞശേഷം ഇപ്പോൾ ദേവർഷി ദുഃസംഗത്തെ നിഷേധിക്കുന്നു. ഏതൊരു പ്രകാരം സൽസംഗംകൊണ്ടു മനുഷ്യൻ ഭഗവൽക്കഥ, ഭഗവൽ ചർച്ച, ഭഗവന്നാമം, ഭഗവൽപ്രീതി, സദാചാരം, ശാസ്ത്രം, വിവേകം, വൈരാഗ്യം, സദഭ്യാസം, സൽസേവ, സരളത, നമ്രത, ക്ഷമ, തിതിക്ഷ, ശൌചം, ദയ, അഹിംസ, സത്യം, ബ്രഹ്മചര്യം, നിരഭിമാനത, ശാന്തി മുതലായതുകൾക്കഭിമുഖനായിത്തീർന്നു് പ്രവർത്തിക്കുവാനും, സദാചാരപരായണനായി പരമഭക്തനായിത്തീരുവാനും സംഗതിയായിത്തീരുന്നുവോ, അപ്രകാരംതന്നെ ദുസ്സംഗംകൊണ്ടു് ഇതിന്നു വിപരീതമായി വിഷയവാർത്ത, ജഗദ്ചർച്ച, ലോകനിന്ദ, ഭോഗപ്രീതി, ദുരാചാരം, ഉച്ഛൃംഖലത, അവിവേകം, വിഷയലോലുപത, ദുരഭ്യാസം, മാനം, ദംഭം, ഗർവ്വം, ക്രോധം, അസഹിഷ്ണുത, അപവിത്രത, നിർദ്ദയത്വം, ഹിംസ, അസത്യം ഇന്ദ്രിയലമ്പടത്വം, അഭിമാനം, അശാന്തി മുതലായതുകൾക്കഭിമുഖനായി പ്രവർത്തിക്കുവാനും, പാപപരായണനും, അത്യന്തവിഷയാസക്തനുമായി ഭവിക്കുവാനും ഇടയാവുന്നു. ദുസ്സംഗംകൊണ്ടു് ആസുരമായ സമ്പത്തിയുടെ എല്ലാ

ദുർഗ്ഗുണങ്ങളും ദുരാചാരങ്ങളും വികസിക്കുകയും വ്യാപിക്കുകയും ചെയ്യും. ദുസ്സംഗംകൊണ്ടു മനുഷ്യന്റെ എല്ലാ സൽഗുണങ്ങളും നശിക്കുകയും സർവ്വനാശത്തെ പ്രാപിക്കുകയും ചെയ്യുന്നു. പരമസുശീലയും സ്നേഹമയിയും പ്രേമവതിയുമായ ദേവി കൈകേയി, ദുഷ്ടയായ മന്ഥരയുടെ സംഗംകൊണ്ടു ദശരഥ മഹാരാജാവിന്റെയും, ഭരതന്റെയും, തന്റെയും, എല്ലാ അയോദ്ധ്യാവാസികളുടേയും പരമശോകകാരണത്തെ ഉണ്ടാക്കിത്തീർക്കുകയും, തന്മൂലം അവസാനം ദുഃഖപ്രദമായ വൈധവ്യം സഹിക്കേണ്ടിവരികയും, പ്രാണപ്രിയനായ ഭരതന്റെ അപ്രീതിഭാജനമായിത്തീരേണ്ടിവരികയും ചെയ്തു. ശകുനിയുടെ കുസംഗം ഒന്നുമാത്രമാണ് മഹാഭാരതത്തിലെ ഭയാനകമായ സംഹാരത്തിന്നു പ്രധാന കാരണമായതു്. ശ്രീമത് ഭാഗവതത്തിൽ ഭഗവാൻ കപിലദേവൻ മാതാവായ ദേവഹൂതിയോടു അരുളിച്ചെയ്യുന്നു:—

"യദ്യസദ്ഭിഃ പഥി പുനഃ
ശിശ്നോദരകൃതോദ്യമൈഃ
ആസ്ഥിതോ രമതേ ജന്തു-
സ്തമോ വിശതി പൂർവ്വവത്.
സത്യം ശൌചം ദയാ മൌനം
ബുദ്ധിഃ ശ്രീർഹ്രീർയ്യശഃ ക്ഷമാ
ശമോ ദമോ ഭഗശ്ചേതി
യത്സംഗാദ്യാതി സംക്ഷയം.
തേഷ്വശാന്തേഷു മൂഢേഷു
ഖണ്ഡിതാത്മസ്വസാധുഷു
സംഗം ന കുര്യാച്ഛോച്യേഷു
യോഷിൽക്രീഡാമൃഗേഷു ച." (3-31-32, 33, 34)

"യാതൊരാൾ ശിശ്നോദരപരായണനായി (സ്ത്രീയിലും ധനത്തിലുംമാത്രം ആസക്തനായി) നീചപുരുഷന്മാരുമായി സംസർഗ്ഗം ചെയ്തു് അവരെ അനുസരിച്ചു പെരുമാറുന്നുവോ അവൻ അവരെപ്പോലെതന്നെ അന്ധകാരമയമായ നരകത്തിൽ പോകുന്നു. എന്തുകൊണ്ടെന്നാൽ ദുസ്സംഗംകൊണ്ടു സത്യം, പവിത്രത, ദയ, മനനശീലം, ബുദ്ധി, ലജ്ജ, ശ്രീ. കീർത്തി, ക്ഷമ, മനോനിഗ്രഹം, ഇന്ദ്രിയനിഗ്രഹം, ഐശ്വര്യം ആദിയായ എല്ലാ ഗുണങ്ങളും നഷ്ടമായിപ്പോകുന്നു. അതുകൊണ്ടു ആ അശാന്തചിത്തരും, മൂർഖന്മാരും, നഷ്ടബുദ്ധികളും സ്ത്രീകളുടെ കൈകളാകുന്ന കളിപ്പാട്ടമായി ശോചനീ

യന്നിലയിലുള്ളവരും അസാധുക്കളും ദുഷ്ടന്മാരുമായ മനുഷ്യരുമായി ഒരിക്കലും സംസർഗ്ഗം ചെയ്യരുതു്."

അതുകൊണ്ടു ദുസ്സംഗത്യാഗം സർവ്വഥാ ആവശ്യമാണു്. പരമഭഗവൽ പ്രേമേച്ഛയുള്ളവർ ദുസ്സംഗത്തെ വളരെ ജാഗ്രതയോടുകൂടി ഉപേക്ഷിക്കണം. ഭഗവാൻ ശ്രീരാമചന്ദ്രൻ ഭക്തനായ വിഭീഷണനോടു അരുളിച്ചെയ്യുന്നു:—

ബ്രഹ്മാവിങ്ങുകൃപാലവം കരുതിടാ-
തെന്നെന്നുമേ ഘോരമാം
കുംഭീപാകമവീചിയാദി നരകം
നൽകുന്നതാണെങ്കിലും
ദുസ്സംഗം ക്ഷണനേരമെങ്കിലുമഹോ-
യേൽക്കാൻ വിധിക്കാതിരു-
ന്നീടുന്നാകിലതൊന്നുമാത്രമനഘാ-
ശിസ്സായ്ക്കണക്കാക്കിടാം!

ദുഷ്ടസംസർഗ്ഗം എന്നു പറയുന്നതു കേവലം ദുരാചാരികളായവരുടെ സംഗം മാത്രമാണെന്നു കരുതരുതു്. മനസ്സിൽ അസദ്വിചാരത്തേയും, വിഷയലാലസയേയും ഉണ്ടാക്കുന്നതും, ഭഗവൽ പ്രാപ്തിക്കുള്ള മാർഗ്ഗത്തിൽ ചിത്തത്തെ ചലിപ്പിക്കുന്നതുമായ വിഷയങ്ങളേതുമായി ഇടപ്പെടുന്നതും ദുസ്സംഗമായിത്തീരുന്നതാണു്. നമ്മുടെ മനസ്സിൽ വിഷയചിന്തക്കു പ്രബലത നൽകാവുന്ന ചേതനവസ്തുക്കളെ കാണുകയോ, അതിനെപ്പററിയുള്ള സംഭാഷണങ്ങൾ കേൾക്കുകയോ അരുതു്; അങ്ങനെയുള്ളതിനെക്കുറിച്ചു ചർച്ചചെയ്യുകയുമരുതു്. അത്തരം സ്ഥലങ്ങളിൽ പോവുകയുമരുതു്, ആ ജാതി പ്രതിപാദ്യമടങ്ങിയ പുസ്തകമോ, പത്രമോ വായിക്കുകയും അങ്ങനത്തെ ചിത്രങ്ങൾ കാണുകയും അരുതു്, ആ വിധത്തിലുള്ള പദാർത്ഥങ്ങൾ തിന്നുകയോ വാസനിക്കുകയോ സ്പർശിക്കുകയോ പാടില്ല; അങ്ങനത്തെ വിചാരംപോലും ഉണ്ടാവരുതു്! മനുഷ്യനിൽ നല്ലതും ചീത്തയുമായ ഭാവങ്ങളുടെ ഉൽപ്പത്തിക്കും അഭിവൃദ്ധിക്കും ചുരുങ്ങിയതു താഴെ പറയുന്ന ഈ പത്തു സംഗതികൾ പ്രധാനകാരണമായിരിക്കുമെന്നു ഓർമ്മിക്കണം. സ്ഥാനം, അന്നം, ജലം, പരിവാരം, അയൽപക്കം, നാടകം, സാഹിത്യം, ആലോചന, ആജീവിതാകാര്യം, ഉപാസനം ഇതുകളെല്ലാം സാത്വികങ്ങളാണെങ്കിൽ അവയുടെ സേവനംകൊണ്ടുസാത്വികത്വംവർദ്ധിക്കും അപ്പോൾഅതു സൽസ്സംഗവുമാണു്. ഇതുകൾ രാജസമോ താമസമോ ആണെങ്കിൽ അവയുടെ

സേവനം ദുസ്സംഗമായ്ത്തീരുകയും അതിൽനിന്നു അജ്ഞാനം വർദ്ധിച്ചു എല്ലാ ദോഷങ്ങളും പരിപൂർണ്ണമായി വികസിക്കുകയും ചെയ്യുന്നു. അതിനാൽ ദുസ്സംഗത്തെ സർവ്വപ്രകാരേണയും ത്യജിക്കണം.

44. കാമക്രോധമോഹ സ്മൃതിഭ്രംശ ബുദ്ധിനാശ സർവ്വനാശ കാരണത്വാത്.

എന്തുകൊണ്ടെന്നാൽ ആ ദുസ്സംഗം കാമം, ക്രോധം, മോഹം, സ്മൃതിഭ്രംശം, ബുദ്ധിനാശം എന്നിങ്ങനെ എല്ലാ നാശത്തിനും കാരണമായിത്തീരുന്നു.

ഭഗവൽസംബന്ധികളായ തത്വരഹസ്യങ്ങളേയും, അതുപോലെ ലീലാകഥകളേയും ഉപേക്ഷിച്ച് ഇന്ദ്രിയങ്ങൾക്ക് ഭോഗാവസരത്തിൽ മാത്രം തൃപ്തിയെ നൽകുന്ന ലൌകികവിഷയങ്ങളുടെ ചിന്തനതന്നെയാണ് സർവ്വനാശത്തിനും മൂലമായിട്ടുള്ളതു്. ചിത്തം നിരന്തരമായോ, അധിക സമയംവരെയോ ഒരു വിഷയത്തെക്കുറിച്ചുതന്നെ ചിന്തിക്കുകയാണെങ്കിൽ അതിൽ ആസക്തിയുണ്ടാവുന്നതു സ്വാഭാവികമാണ്. ദുസ്സംഗംകൊണ്ട് — സാംസ്കാരികമായ വിഷയങ്ങളുടേയും, വിഷയികളായവരുടേയും ശരീരം, മനസ്സ്, വാക്ക് എന്നിവ വഴിക്കു ചെയ്യുന്ന സംഗത്തിനാൽപ്പോലും പ്രാകൃതികമായി വിഷയാസക്തി വർദ്ധിക്കുന്നു. ആ സക്തിയിൽനിന്നു കാമമുത്ഭവിക്കുന്നു. ഈ കാമംതന്നെയാണ് എല്ലാ പാപങ്ങളുടേയും മൂലം. കാമതൃപ്തിയിൽനിന്ന് അതിന്റെ അധികപ്രാപ്തിക്കുവേണ്ടി ലോഭമുണ്ടാവുകയും, അതൃപ്തിയിൽനിന്നു ആ ആഗ്രഹംതന്നെ ക്രോധരൂപത്തിൽ പരിണമിക്കുകയും ചെയ്യുന്നു. അതു കാരണം ശ്രീമൽ ഭഗവൽഗീതയിൽ ഭഗവാൻ ശ്രീകൃഷ്ണൻ രാഗം അല്ലെങ്കിൽ ആസക്തിരൂപമായ രജോഗുണംകൊണ്ടുണ്ടാവുന്ന കാമത്തെത്തന്നെയാണ പാപങ്ങൾക്കു പ്രധാന കാരണമായി പറയുന്നതു്. അർജ്ജുനൻ ചോദിക്കുകയാണ്: "അല്ലയോ ഭഗവാനേ, മനുഷ്യൻ ആഗ്രഹിക്കാതെ തന്നെ ബലാൽക്കാരമായി പിടിച്ചുകൊണ്ടു പോകുന്നതുപോലെ പോയി എന്തെങ്കിലും പ്രേരണകൊണ്ടു പാപത്തെ ചെയ്യുന്നുണ്ടോ?" ഇതിനുള്ള സമാധാനത്തിൽ ഭഗവാൻ സ്പഷ്ടമായി ഇങ്ങനെ അരുളിച്ചെയ്തു:—

"കാമ ഏഷ ക്രോധ ഏഷ
രജോ ഗുണ സമുദ്ഭവഃ
മഹാശനോ മഹാപാപ്മാ;
വിദ്ധ്യേന മിഹ വൈരിണം." (3—37)

"രാജോഗുണത്തിൽനിന്നുണ്ടായ ഈ കാമം, ഈ ക്രോധം (കാമത്തിന്നു വിഘ്നം നേരിടുമ്പോഠ ഉണ്ടാകുന്ന വികാരം—കാമത്തിന്റെ രൂപഭേദം തന്നെ) അനുഭവംകൊണ്ടു മതിവരാത്തതും മഹാപാപത്തിന്നു ഹേതുവായിട്ടുള്ളതുമാകുന്നു. ഇതിനെ ഈ വിഷയത്തിൽ ശത്രുവെന്നറിഞ്ഞുകൊഠക."

പക്ഷെ കാമംകൊണ്ടു ലോഭവും ക്രോധവും ഉണ്ടാവുന്നുവെങ്കിലും സംസാരത്തിൽ യഥേഷ്ടം അഭിലാഷപൂർത്തി ഉണ്ടാവുന്നില്ല; അധികാംശവും ഇച്ഛാഭംഗത്തിന്നുമാത്രം വക നൽകുന്നു. വിഫലതയാൽ ക്രോധമുണ്ടാവുകയായി. ക്രോധമുണ്ടായാൽ മനുഷ്യൻ വിവേകവിചാരശൂന്യനായിപ്പോകുന്നു. പിന്നീട് ഹിതാഹിതങ്ങളൊന്നും തിരിച്ചറിയുന്നില്ല; പിശാചിനെപ്പോലെ കേവലം വിനാശത്തിന്നുമാത്രം പ്രയത്നിക്കുന്നു. ഈ മോഹത്താൽ അയാളുടെ ഓർമ്മ നഷ്ടപ്പെടുന്നു. സ്മൃതിഭ്രംശമുണ്ടാകുമ്പോഠ ബുദ്ധിനാശിച്ചുപോകും. ബുദ്ധി നഷ്ടമായിപ്പോയാൽ ഈ ലോകത്തിലെയും പരലോകത്തിലെയും കല്യാണമയമായ പദവിൽനിന്നു് അധഃപതിച്ചുപോകുന്നു—അയാഠ സർവ്വനാശത്തെ അടയുന്നു. ഈ സംഗതിതന്നെ ശ്രീഭഗവാനും ഗീതയിലെ രണ്ടാമദ്ധ്യായത്തിലുള്ള 62,63 ഈ ശ്ലോകങ്ങളിൽ വ്യക്തമായി അരുളിചെയ്തിരിക്കുന്നു:—

"ധ്യായതോ വിഷയാൻ പുംസഃ
സങ്ഗസ്തേഷൂപജായതേ,
സങ്ഗാൽ സംജായതേ കാമഃ,
കാമാൽ ക്രോധോഽഭിജായതേ.
ക്രോധാദ്ഭവതി സംമോഹഃ,
സംമോഹാൽ സ്മൃതിവിഭ്രമഃ,
സ്മൃതിഭ്രംശാദ് ബുദ്ധിനാശോ,
ബുദ്ധിനാശാൽ പ്രണശ്യതി."

"വിഷയങ്ങളെ (ഇന്ദ്രിയ സുഖങ്ങഠക്കുള്ള സാമഗ്രികളെക്കുറിച്ചു്) ചിന്തിച്ചുകൊണ്ടിരിക്കുന്ന മനുഷ്യനു് അവയിൽ ആസക്തിയുണ്ടാവുന്നു. ആ ആസക്തിയിൽനിന്നു് (അനുഭവിക്കാനുള്ള) ആശയുണ്ടാകുന്നു. ആ ആശയിൽനിന്നു് (പ്രതിബന്ധമുണ്ടാകുമ്പോഠ) ക്രോധമുണ്ടാകുന്നു. ക്രോധത്തിൽനിന്നു് വ്യാമോഹമുണ്ടാവുന്നു. (കാര്യാകാര്യബോധം നശിച്ചുപോകുന്നു) സമ്മോഹത്തിൽനിന്നു് ഓർമ്മകേടുണ്ടാകുന്നു. ഓർമ്മകേടിൽനിന്നു് ബുദ്ധിനാശമുണ്ടാകുന്നു. ബുദ്ധിനാശംനിമിത്തം നശിച്ചുപോകുന്നു." (മൃതനുസമാനമായി

ത്തീരുന്നു.)

സർവ്വനാശത്തിന്നും കാരണഭൂതമായ വിഷയങ്ങളുടെ വിചാരമുണ്ടാവുന്നതിന്ന് വിഷയങ്ങളുടെ സമ്പർക്കവും വിഷയികളായിരിക്കുന്നവരുടെ സംസർഗ്ഗവുംതന്നെയാണ് പ്രധാനഹേതു. ഇതുതന്നെയാണ് ദുസ്സംഗം. അതുകൊണ്ടു ഇതിനെ എല്ലാംകൊണ്ടും ത്യജിക്കേണ്ടതാണ്.

45. തരങ്ഗായിതാ അപീമേ സങ്ഗാത്സമുദ്രായന്തി.

ഈ കാമക്രോധാദികൾ ആദ്യം കൊച്ചലകൾപോലെ ക്ഷുദ്രാകൃതിയിൽവന്ന് ദുസ്സംഗംകൊണ്ടു് വിശാലമായിത്തീർന്നു സമുദ്രരൂപം കൈക്കൊള്ളുന്നു.

ദോഷങ്ങൾ സമൂലനാശം പ്രാപിക്കുന്നതുവരെ നിസ്സാരമായ ദോഷത്തെപ്പോലും ഭയന്നുകൊണ്ടിരിക്കണം. വിറകിൽ ഒളിഞ്ഞുകിടക്കുന്ന നിസ്സാരമായ തീപ്പൊരി വായുവിന്റെ സഹായംകൊണ്ടു് വിശാലമായ അഗ്നിരൂപമായിത്തീരുന്നതുപോലെ അടങ്ങിക്കിടക്കുന്ന അല്പമാത്രമായ ദോഷംകൂടി കുസംഗംകൊണ്ടു് ഉടനെ പുഷ്ടിപ്പെട്ടു് വിശാലമായിത്തീരുന്നു. ഒന്നാമതായി മനസ്സിൽ ഒരു ചെറിയ തരംഗംപോലെ ആവിർഭവിക്കുന്ന കാമക്രോധവികാരങ്ങൾ, ദുഷ്ടസംസർഗ്ഗംകൊണ്ടു് സമുദ്രത്തിലെ ഉത്തുംഗമായ തിരമാലപോലെ വിശാലമായി തീരുന്നു. പിന്നീടു് അതു് നാലുവശത്തുനിന്നും ഹൃദയോപരി അധികാരം ചെലുത്തുവാൻ തുടങ്ങുകയായി. സദ്വിചാരത്തിന്ന് അങ്ങോട്ടു പ്രവേശിക്കുവാൻ ലേശംപോലും പഴുതു നല്കുന്നില്ല. അതുകൊണ്ടു സർവ്വനാശമടയുന്നു നമ്മുടെ മനസ്സിൽ സൽഗുണം അധികവും; ദോഷം കുറച്ചുമാണ്. അതിനാൽ കുസംഗംകൊണ്ടു നമുക്ക് എന്തൊരു ഹാനിയാണ് വരാൻപോകുന്നതു് എന്നുള്ള വിചാരംപോലും മനസ്സിൽ കടന്നുകൂടരുതു്. എന്നുമാത്രമല്ല എല്ലായ്പോഴും അത്യന്തം ജാഗ്രതയോടുകൂടി സർവ്വപ്രകാരത്തിലുമുള്ള കുസംഗത്തെ ത്യജിക്കുകതന്നെ വേണം.

(തുടരും)

—:o:—

# ചെല്ലം.

(കെ. കൃഷ്ണമേനോൻ മുളകുന്നത്തുകാവ്.)

മാനുഷാലയമലങ്കരിച്ചിട്ടും
മേനിയുള്ളൊരിയ സാധനങ്ങളിൽ
ന്യൂനമുന്നതപദംവഹിച്ചു സം-
മാനമോടരുളിടുന്ന ചെല്ലമേ!. 1.

സ്വസ്തിയാന്നു സുചിരംവസിക്ക നീ
ശസ്തമംഗല ചരിത്രസന്മതേ!
പാർത്ഥലാധിപതി തൊട്ടുസർവ്വരും
താൽപ്രഭാവസമധീനരല്ലയോ? 2.

പാരിടം പരിചൊടാണ്ടിടും പരി-
ഷ്കാരമത്ര തവ ജന്മഹേതുവാം.
ചാരുരാത്രി സഹജാതയുണ്ട "താ-
മ്പാള"മെന്ന തിരുനാമമാർന്നവൾ. 3.

സ്വച്ഛമായ കനകാഭകോലുമ-
ല്പിച്ചുളത്തകിടുകൊണ്ടു തീർത്തതാം
മെച്ചമാർന്ന ചെറുപേടകമേ! നരർ-
ക്കിച്ഛപോലരുളിടുന്നു നീ സുഖം. 4.

ബാഹ്യമാർന്ന പുതുവെണ്മയുണ്ടകം
തന്നിലായതൊരപൂർവ്വസൃഷ്ടിയാം!
മോഹനാംഗകരിലത്രകാണ്മതി-
ല്ലാത്മനിർമ്മലത—നീ ശുചിഭാസുരൻ 5.

വിത്തവാനതുപോൽ ദരിദ്രനു-
മൊത്തവണ്ണമുപയുക്തനാകുവാൻ
വസ്തുഭേദമൊടുനിർമ്മിതൻ ഭവാൻ
സത്തരിപ്രകൃതിപൂണ്ടിടും ദൃഢം. 6.

ശില്പകൌശല വിചിത്രഗാത്രവും
സ്വല്പദീർഘചതുരശ്രരൂപവും
നല്ലെഴും 'മുറി'തിരിച്ചൊരുള്ളവും
കെല്ലെഴും രുചിരസൂത്രകാണ്ഡവും, 7.

നീ വഹിച്ചുഴകിനുററഗേഹമായ്
സാരമായൊരുപയോഗവസ്തുവായ്
കണ്ണുമക്കളെല്ലുമൊന്നുപോൽ കുളുർ-
പ്പിക്കുമോമന—ശാരികച്ചെല്ലമാം 8

ഉമ്മറത്തുമതുപോലകങ്ങളിൽ
മേന്മയാർന്നധിവസിച്ചിടും ഭവാൻ.
സന്മനസ്സുടയവർക്കു വർജ്ജ്യമാ-
യിന്നഹിയ്ക്കകമൊരേടമില്ലപോൽ 9.

മാന്യരാമതിഥിമാരെ സൽക്കരി-
ക്കുന്നതിന്നു ഗൃഹനാഥനാദരാൽ
തന്നിയോഗമരുളുന്നിതാല്പമാ-
നന്ദദാനപരനാം ഭവാനൊടും! 10.

വെററിലത്തളിരടയ്ക്കയോടുതാൻ
ദാനദക്ഷിണകളാചരിപ്പതും
അത്രമംഗലവിശുദ്ധമായെഴും
വസ്തുസഞ്ചയമടക്കി വാഴുവോൻ! 11.

"ഉണ്ണിവീണിതു കിണററി,ലഗ്നിയിൽ
പാകശാലയെരിയുന്നു, പത്നിയാം
സൂതികാലയമണഞ്ഞു, രാമ! നീ
കൊണ്ടുവാമമ"മുറുക്കു"ചെല്ലവും". 12.

ക്രോധമോഹമദമത്സരാദിസം-
ബാധയാൽ ചലിതചിത്തരാകുവോർ
സാധിതാത്മശമരായിടും ഭവ-
ദ്ദത്തപത്രതനുചവ്വണത്തിനാൽ! 13.

വക്ത്രരോഗശമനാമലൌഷധ-
കല്പ,മാത്മശമസാധനാശ്രമം,
നിർവ്വൃതിയ്ക്കരിയൊരാകരം, മുഖ-
സുപ്രസന്നതയെടുത്ത വിഗ്രഹം, 14.

വായ്ക്കുമിന്നഹിമയാർന്ന വെററില-
പ്പാക്കിലാഗ്രഹമുദിയ്ക്കുമാർക്കുമേ!

തക്കമോടവ ഭരിച്ചുവെച്ചിടും
സൽക്രിയാനിരതനെത്ര പൂജ്യനാം! 15.
(യുഗ്മകം)

ചർവ്വണോചിതപദാർത്ഥസഞ്ചയം
മാത്രമല്ല തവശേഖരങ്ങളും
പണ്ടവും പണവുമുണ്ടു ഭദ്രസം-
രക്ഷണത്തിനു നിനക്കു ചെല്ലമേ! 16.

ഗേഹനാഥനുപചാരമേകിടും
നാളിലത്യധികകാന്തിമാൻ ഭവാൻ
ആദരത്തിനു വിലോപമാർന്നിടും
നാളതീവമലിനാംഗനായിടും 17.

വാശിമൂത്തു കരയും കിടാവില-
ങ്ങാശയും പുതുമയും വളർത്തി നീ
ആശയത്തെളിവിയററിടും കളി-
പ്പാട്ടമായി പെരുമാറുമേ ഭവാൻ 18.

മന്ദിരത്തിനഴകുററഭൂഷണം
മന്ദധീയ്ക്കരിയൊരൗഷധാലയം
മാന്യമായൊരുപഹാരതല്ലജം
ധന്യസത്തമ! ജയിക്കചെല്ലമേ! 19.

---

# എഴുത്തച്ഛന്റെ രാമായണം

ടി. കെ. രാമമേനോൻ.

മലയാണ്മയുടെ സർവ്വോൽക്കൃഷ്ടമായ ആ ദിവ്യകാവ്യമായി വേണം എഴുത്തച്ഛന്റെ രാമായണം പരിഗണിക്കുവാൻ. അഭൗമമായ ആശയസമ്പത്തുകൊണ്ടു സമുജ്ജ്വലമായിരിക്കുന്നുണ്ടു് ആ വിശിഷ്ടഗ്രന്ഥം. അതിന്റെ നിരുപമദീപ്തിനിമിത്തം സാധാരണജനങ്ങൾക്കു അത്ര എളുപ്പത്തിൽ സമീപിക്കാനാവാത്ത ഒരവസ്ഥയാണതിനുള്ളതു്. ആദ്ധ്യാത്മികതത്വവും ഭൗതികതത്വവുംകൊണ്ടു് ആത്മാവിനേയും മനസ്സിനേയും ഹഠാദാകർഷിക്കുന്ന വിലാസവൈചിത്ര്യങ്ങളാണു രാമായണത്തിൽ നാം കാണുന്നതു്. അദ്ധ്യാത്മപ്ര

*

ഭാവത്തെ അന്തർഭാഗത്തും ഭൗതികത്വത്തെ ബഹിർഭാഗത്തും ഹൃദയാവർജ്ജകമാറു ചേർത്തിണക്കിക്കോർത്തിരിക്കുകയാലാണു് ആ വിശിഷ്ട കാവ്യം ഉഭയലോകപ്രീതി സമാർജ്ജിച്ചിരിക്കുന്നതു്. അനിത്യവും ക്ഷണഭംഗുരവുമായ ഭൗതികാവസ്ഥയാണു രാമായണത്തിന്റെ ബാഹ്യരൂപത്തെ ചിത്രീകരിക്കുന്നതിനു സഹായിച്ചിട്ടുള്ളതു്. ചിരസ്ഥായിയായ ആദ്ധ്യാത്മികത്വത്താൽ അതിന്റെ അന്തരംഗം ചൈതന്യംകൊണ്ടു നിറക്കുവാൻ രാമായണത്തിനു കഴിഞ്ഞിട്ടുണ്ടു്. ഈ രണ്ടു ഗുണവും അതിനുള്ളതുകൊണ്ടാണു അതു ഏതുകാലത്തിനും ഏതു ദേശത്തിനും ഏതു സാഹചര്യത്തിനും അനുരൂപമായിരിക്കുന്നതു്.

ആദ്ധ്യാത്മികമഹത്വത്തെ പ്രാപഞ്ചികങ്ങളായ സാധാരണ സംഭവങ്ങളിൽക്കൂടെ പാമരന്മാൎക്കുപോലും സുഗ്രഹമാക്കിക്കൊടുക്കുകയാണു രാമായണം ഇന്നേവരെ ചെയ്തിട്ടുള്ളതു്. പണ്ഡിതന്മാർ അതിലെ ആദ്ധ്യാത്മിക പ്രഭാവത്തിൽ നിർവൃതിനേടുമ്പോൾ തദിതരന്മാർ ഭൗതികനിദൎശനംവഴി സന്തുഷ്ടിയടയുന്നു. ആദ്ധ്യാത്മികമായ സത്യവിശുദ്ധികൊണ്ടു രാമായണത്തിലെ ഭൗതികാംശം കാലദേശാവസ്ഥകളുടെ നൈരന്തര്യങ്ങളായ പരിണാമങ്ങളിൽപ്പെട്ടു വിലുപ്തമാകുന്നില്ല. ചിത്തവൃത്തികളേയും കാലഗതിയേയും പുരസ്കരിച്ചു നവംനവമായ സൗഭാഗ്യം സ്വയം വഹിക്കാൻ രാമായണത്തിനുള്ള കഴിവു ഒന്നു വേറെതന്നെയാണ്. അക്ഷയമായ ആത്മഭാസ്സിന്റെ അന്തരീക്ഷമാണു രാമായണത്തിനുള്ളതു്. അനശ്വരവും അവാഗ്ഗോചരവുമായ ആത്മഭാസ്സാണു ഏതൊരു കാവ്യത്തേയും കല്പാന്തരസ്ഥായിയാക്കി മാറുന്നതു്.

തപോബലംകൊണ്ടു മർത്ത്യർ അമർത്ത്യരുമായി ഇടപെട്ടിരുന്ന ഒരു സുവർണ്ണദശയിലാണു കവി രാമായണസൃഷ്ടിയ്ക്കൊരുങ്ങിയതു്. അതിലെ കഥാപാത്രങ്ങളുടെ വിചാരങ്ങൾക്കും ആചാരങ്ങൾക്കും ആധുനികന്മാരുടെ ദൃഷ്ടിയിൽ വലിയ വിലയൊന്നുമില്ലായിരിക്കാം. അതിനു കാരണം കഥാപാത്രങ്ങളുമല്ല കവിയും അല്ല. ഭൗതികാവസ്ഥ ഒന്നു മാത്രമാണു ജീവിതലക്ഷ്യമെന്നു വിശ്വസിക്കുന്ന നമ്മളാണതിനു കാരണഭൂതന്മാർ. കാലത്തിന്റെ തുടരെത്തുടരെയുള്ള പാദാഘാതങ്ങളേറ്റു ഈ ആദികാവ്യത്തിന്റേയും ബാഹ്യരൂപം അല്പമൊന്നു വികൃതമായിത്തീൎന്നിരിക്കാം; എന്നാലും അതിന്റെ അന്തൎഗ്ഗതദീപ്തിക്കു ക്ഷതമോ ക്ഷീണമോ സംഭവിക്കുകയുണ്ടാ

യിട്ടില്ല.

"ലോകം ശോകഹതം ച സമസ്തം" എന്ന യാഥാത്ഥ്യം സാക്ഷാൽകരിക്കണമെന്ന പ്രധാനോദ്ദേശ്യം മുൻനിത്തി വിരചിക്കപ്പെട്ടതാണു അദ്ധ്യാത്മരാമായണം. അതു ശരിയ്ക്കും ഒരു ഗംഭീര സമുദ്രംതന്നെയാണ്. അനപത്യശോകവും വിച്ഛിന്നാഭിഷേകവ്യഥയും പുത്രവിരഹകാതരതാപവുംകൊണ്ടു ദശരഥമഹാരാജാവു ജജ്ജരിതനാണ്. സീതയാകട്ടെ, കാനനവാസംനിമിത്തം ദുഃഖിതയാണ്. സീതാവിയോഗം രാമന്റെ ജീവിതമാഗ്ഗങ്ങളെ ശിഥിലശിഥിലമാക്കിത്തീത്തിരിക്കുന്നു. ഭ്രാതാവിന്റെ സ്വേച്ഛാധികാര പ്രമത്തതയാൽ സുഗ്രീവൻ കാടേഗതിയായി അലയുന്നു. ബാലിയുടെ അകാലചരമം താരയെ ഐഹികപാരത്രികങ്ങളുടെ നടുക്കിട്ടു ഞെരുക്കുന്നു. നിരാശതകൊണ്ടു മിക്കവാറും ഉച്ഛാദിയായിത്തീന്ന ദശാസ്യൻ വംശനാശം കണ്ടു വിവശനായി കാലഗതിയടയുന്നു; അയോദ്ധ്യയിൽ തിരിച്ചെത്തിയ സീത ലോകാപവാദത്താൽ തിരസ്കൃതയായി രണ്ടാമതും തീവ്രശോകാത്തയായി അരണ്യവാസം ചെയ്യുന്നു. ഇങ്ങനെ രാമായണത്തിലെ ഏതു ഭാഗം നോക്കിയാലും ശോകമയമായേ കാണ്മാൻ കഴിയൂ. ദുഃഖസമ്പൂണ്ണമായ ഒരിതിവൃത്തം നിബന്ധിച്ചു ഈ വിധമൊരു കാവ്യം നിമ്മിക്കുവാൻ തൽകത്താവിനെ പ്രേരിപ്പിച്ചതു നിത്യസത്യത്തേയും ജഗത്തിനെ സാവ്വത്രികമായി ബാധിച്ചിരിക്കുന്ന മിഥ്യാവിഷയത്തേയും സ്ഫുടീകരിക്കാൻ മാത്രമാണ്.

രാമായണ മഹാണ്ണവത്തെ അന്വത്ഥമാക്കുന്ന കഥാപാത്രങ്ങളാണ് രാമാദികളാകുന്ന വീചിപരമ്പരകൾ. പവ്വതസമാനങ്ങളും ഭീകരങ്ങളുമായ തരംഗസഞ്ചയങ്ങൾക്കു പ്രാബല്യവും സംഘടനയും ഉണ്ടാക്കി ക്ഷോഭകമ്മത്തിൽ സഹായിക്കുന്ന ചെറുകല്ലോലങ്ങളാണു കൈകേയി മന്ഥര, ശൂപ്പണഖ. ത്രിജട, സുഗ്രീവൻ, വിഭീഷണൻ എന്നീ കഥാപാത്രങ്ങൾ.

കുണ്ടുജപംകൊണ്ടു കൈകേയി അത്യാപത്തുകൾ വലിച്ചുവെയ്ക്കുന്നുവെങ്കിൽ പ്രലോഭനത്തിന്റെ നിരങ്കുശതയോത്തു് മന്ഥര അഭിമാനംകൊള്ളുകയാണു ചെയ്യുന്നതു്. അസ്ഥാനത്തു പ്രേമാപ്പണം ചെയ്യുന്നതുകൊണ്ടു് അപ്രതീക്ഷിതങ്ങളായ വിപത്തുകൾ ഉണ്ടാകുമെന്ന പരമാത്ഥം ശൂപ്പണഖയെക്കൊണ്ടു കവി വിശദമാക്കുന്നു. ബീജാങ്കുരന്യായത്തെ അന്വത്ഥകമാക്കിത്തീക്കുകയാണു വിഷ്ണുഭക്തനായ വിഭീഷണന്റെ പുത്രി ത്രിജട ചെയ്യുന്നതു്. പരിതഃസ്ഥിതി

കളാണു അധികാരാവകാശങ്ങൾ പുനഃപ്രതിഷ്ഠചെയ്യുന്നതെന്നു സുഗ്രീവൻ ഉദാഹരിക്കുന്നു. മുള്ളുകൾക്കുള്ളിൽ മലക്കുലയുണ്ടാകുന്നുവെന്നും അതു ദേവാൎച്ചനക്ഷമമായിത്തീരുന്നുവെന്നും വിഭീഷണൻ വ്യക്തമാക്കുന്നു: ഇങ്ങനെ അമൂല്യങ്ങളായ അനുഭവങ്ങളാണു രാമായണത്തിലെ അപ്രധാന കഥാപാത്രങ്ങൾപോലും അനുവാചകലോകത്തിനു നല്കുന്നതു്.

വിച്ഛിന്നാഭിഷേകത്തിനു ഹേതുഭൂത കൈകേയിയായിരിക്കുന്നതുപോലെതന്നെ രാക്ഷസവംശവിനാശത്തിനു അസ്ഥിവാരം ഇടുന്നതു ശൂൎപ്പണഖയാകുന്നു. കൎമ്മത്തിന്റെ ഗതി ഗഹനമാണെങ്കിലും ആ തത്വം സുഗമമാക്കിക്കാണിക്കുന്ന ഈ രണ്ടു സ്ത്രീകളുടെ ശപിക്കപ്പെട്ട പ്രവേശനമില്ലെങ്കിൽ രാമായണം തീൎച്ചയായും ഇത്രത്തോളം കരുണരസസംപൂൎണ്ണമായിത്തീരുമായിരുന്നില്ല.

കാമാന്ധത്വവും അസത്യപ്രസ്താവചാതുൎയ്യവും ഒത്തിണങ്ങിയ ഒരു കഥാപാത്രം രാമായണത്തിൽ ശൂൎപ്പണഖ മാത്രമാണ്. മന്ഥരയുടെ പ്രലോഭനം യഥാൎത്ഥത്തിൽ രാജ്യാവകാശിയും ഗുണസമ്പന്നനുമായ രാമരാജകുമാരനെ പ്രവാസിയാക്കി ശൂൎപ്പണഖയുടെ കാമാന്ധത അവളേയും വംശത്തേയും അചിരേണ നശിപ്പിച്ചു. മന്ഥരയ്ക്കു കൈകേയിയെ സ്വാധീനമാക്കുവാൻ മാത്രമേ സാധിച്ചുള്ളു. ശൂൎപ്പണഖയാകട്ടെ അതു ധീരന്മാരായ ഖരരാവണന്മാരെ വാങ്മധുവിൽ മുക്കിക്കുളിപ്പിച്ചു പ്രതിക്രിയക്കുള്ള ആയുധങ്ങളാക്കുകകൂടി ചെയ്തു. രാക്ഷസീയമായ അബലത്വംകൊണ്ടുള്ള ഭവിഷ്യൽ ഫലങ്ങളെന്തെല്ലാമെന്നും അവ എത്രമാത്രം ഭയാവഹങ്ങളാണെന്നും ശൂൎപ്പണഖ നമുക്കു കാണിച്ചുതരുന്നുണ്ടു്.

രാമായണത്തിലെ ഓരോ കഥാപാത്രവും വിവിധാനുഭവങ്ങളുടെ ഉറവിടങ്ങളാണ്. ആ കഥാപാത്രങ്ങളുമായുള്ള സമ്പൎക്കം വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുന്നു. കൎത്തവ്യബോധത്തിനു സഹായിക്കുന്നു. എങ്ങനേയായാൽ ജീവിതം പാവനമാകുമെന്നു പഠിപ്പിക്കുന്നു. രാമായണത്തിന്റെ മഹത്തായ ലക്ഷ്യവും ഇതുതന്നെയല്ലെ.

# ഭാരതവിലാപം

[പുത്തേഴത്തു രാമമേനോൻ]

സ്വതന്ത്രഭാരതത്തിന്റെ ആധുനികസാഹചര്യങ്ങളും അഭിപ്രായഗതികളും അനാദികാലം മുതല്ക്കുള്ള ഭാരതീയാദർശങ്ങളുടെ അവഹേളനത്തെ പ്രത്യക്ഷപ്പെടുത്തുന്നതായിക്കണ്ടു് ആർഷസംസ്കാരാഭിമാനികൾ വ്യസനാകുലന്മാരായിബ്ഭവിച്ചിരിക്കുന്നു! അനേകം യുഗങ്ങളിൽക്കൂടി പ്രയത്നപ്പെട്ടു സമ്പാദിച്ചതും അന്നത്തെ ലോകത്തിന്റെ വിസ്മയത്തിന്നും ഇന്നത്തെ ലോകത്തിന്റെ ബഹുമാനത്തിന്നും പാത്രീഭൂതമായിട്ടുള്ളതുമായ ഭാരതത്തിലെ സംസ്കാരസമ്പത്തു എടക്കാലത്തുവെച്ചു് ഒരായിരം കൊല്ലക്കാലത്തെ വിദേശീയാക്രമണങ്ങളാലും ഭരണാധികാരത്താലും വീണ്ടും മ്ലാനതയാൽ മറഞ്ഞുകിടന്നിരുന്നതു് സ്വാതന്ത്ര്യലബ്ധിക്കുശേഷം വീണ്ടും വിളങ്ങുമെന്നും വളരുമെന്നും വിശ്വസിച്ചിരുന്നതു വെറുതെയായിപ്പോയല്ലോ എന്നാണവർ വ്യസനിക്കുന്നതു്. വിദേശീയത്വത്തിൽനിന്നു വിമുക്തയായിട്ടും വീണ്ടും തുടരുന്നതു വൈദേശികമാർഗ്ഗങ്ങളിൽക്കൂടിയാണെന്നും സ്വന്തവും സുന്ദരവും സ്വാതന്ത്ര്യവുമായ ഭാരതീയത്വം വിസ്മരിക്കപ്പെട്ടിരിക്കുന്നു എന്നും ഇന്ത്യയുടെ ഇന്നത്തെ പോക്കും നോക്കും ദിനംപ്രതി കൂടുതൽ സ്പഷ്ടമാക്കിക്കൊണ്ടിരിക്കയാണു്. ആശിച്ചിരുന്നപ്രകാരമുള്ള ശാന്തിസമാധാനങ്ങളും സാമ്പത്തികപുരോഗതിയും സ്വാതന്ത്ര്യം നേടിയതിന്നുശേഷവും ഇന്ത്യക്കു് അനുഭവപ്പെട്ടിട്ടില്ലെന്നു നിരാക്ഷേപമാണു്. ആയിരമായിരം കോടികളായി സംഖ്യകൾ ഓരോ വിധത്തിൽ വ്യയംചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടെങ്കിലും അല്പങ്ങളായ ചില ഗുണങ്ങളും അതുകൊണ്ടു സംജാതങ്ങളായിട്ടുണ്ടെങ്കിലും താരതമ്യേന ആകപ്പാടെയുള്ള അനുഭവം ആശാവഹമല്ലെന്നു മാത്രമല്ല അത്യന്തം അപലപനീയം കൂടിയാകുന്നു. അഖണ്ഡമായി ആദ്യകാലം മുതൽക്കു നിലനിന്നഭാരതഭൂമിയെ കൈകൾരണ്ടും വിച്ഛേദിക്കപ്പെട്ട ഒരു ഭയങ്കരരൂപമാക്കുമാറു നിർവ്വഹിക്കപ്പെട്ട ഭാഗവ്യവസ്ഥതന്നെ സ്വാതന്ത്ര്യത്തിന്റെ ഭാവിശ്രേയസ്സിന്റെ കടയ്ക്കലർപ്പിച്ച കോടാലിയായിത്തീർന്നു. അതിൽനിന്നു സംഭൂതങ്ങളായ നിരവധി തീരാദുരിതങ്ങൾ അവസാനമില്ലാത്തവയും അധികമധികം നാശകരങ്ങളായി വളർന്നുകൊണ്ടുവരുന്നവയും ആയിരിക്കുന്നു. പഞ്ചാബും; കാശ്മീരവും, സിന്ധുനദി

പ്രദേശങ്ങളും മററും ഇല്ലാത്ത ഒരു ഭാരതഭൂമിയെക്കുറിച്ചു ചിന്തിക്കുന്നതുപോലും വിഷമമായിരിക്കുന്നു ആ പ്രദേശങ്ങളുടെ നഷ്ടത്താൽ ഇന്ത്യക്കു കൈമോശം വന്നിട്ടുള്ളതു ഭാരതസംസ്കാരത്തിന്റെ മുഖ്യസ്ഥാനങ്ങളും മൂലസ്ഥാപനങ്ങളുമാകുന്നു. അവയെ ആ വിധത്തിൽ അംഗീകരിക്കുകയോ ആരാധിക്കുകയോ ചെയ്യേക്കാവുന്ന ഒരു ജനവർഗ്ഗത്തിന്റെ അധീനതയിലേയ്ക്കല്ലോ ആ പ്രദേശങ്ങൾ വിട്ടുകൊടുക്കപ്പെട്ടതെന്ന സംഗതി കൂടുതൽ വ്യസനകരവും ലജ്ജാകരവും ആകുന്നു. സംസ്കാരസമ്പത്തിനെക്കാളും അഭിമാനസംരക്ഷണത്തെക്കാളും കൂടുതലായി അധികൃതന്മാർ ആഗ്രഹിച്ചതും ആശ്രയിച്ചതും അധികാരസമ്പൂർത്തിയേയും സ്വന്തം പ്രതാപപദവികളേയുമാകുന്നു എന്ന് ആ ഭാഗവ്യവസ്ഥകൾ നിഷ്പക്ഷമായി നിരീക്ഷിക്കുന്ന അന്യന്മാർക്കുപോലും അറിയുവാൻ സാധിക്കുന്നതാണ്. രാവണനാൽ ചിറകുകൾ മുറിക്കപ്പെട്ട ജടായുവിനെപ്പോലെയാണ് അവശേഷിച്ച ഭാരതഭൂമിയുടെ അവസ്ഥ. ഭാരതമെന്ന പവിത്രനാമം പോലും അരോചകമായി തോന്നുമാറുള്ള ഒരു മാനസികാധഃപ്പതനമാണിപ്പോൾ അവശേഷിച്ചിരിക്കുന്നതു്!

ഓളപ്പാത്തിയിൽപെട്ടുപോയ ഓടത്തെപോലെ എളകിമറിഞ്ഞുകൊണ്ടിരിക്കുന്ന ഇന്ത്യക്ക് എന്താണു സംഭവിച്ചതെന്നു സൂക്ഷ്മം ചിന്തിക്കുന്നപക്ഷം സ്പഷ്ടമായി കാണുവാൻ സാധിക്കും. പൂർവ്വം മറന്നതാണ്, തലമറന്ന് എണ്ണതേച്ചതാണു, വീണ്ടും വിദേശീയത്വത്തിന്റെ വാലിൽ തൂങ്ങിയതാണു ദുരിതാനുഭവങ്ങൾക്കെല്ലാം കാരണം എന്നു ഭാരതീയത്വത്തിന്റെ അടിസ്ഥാനവും ആദർശവും അമൂല്യങ്ങളായ സമ്പാദ്യങ്ങളുമെല്ലാം ആധ്യാത്മികശുദ്ധങ്ങളും സുരഭിലസുന്ദരങ്ങളുമാകുന്നു. അവയെ അനാദരിച്ചും അപഹസിച്ചും പാശ്ചാത്യരുടെ മതവിരുദ്ധവും വൈദേശീയവുമായ പരിഷ്കാരത്തെ പരിഭ്രമിച്ചു പിന്തുടരുവാനുള്ള പരിശ്രമമാണിന്ത്യക്കു സംഭവിച്ചിട്ടുള്ള വലിയ കെടുതി. സ്വതന്ത്രയായപ്പോൾ ആ നാശോന്മുഖമായ നിലപാടിന്നു വിരാമമിട്ടു "നമസ്തേ" പറഞ്ഞു മാററിനിർത്തുന്നതിന്നു പകരം ഒരു പുത്തൻ "മാർഗ്ഗ"ക്കാരന്റെ ആവേശത്തോടുകൂടി സ്വതന്ത്രഭാരതം പിന്നേയും അതിന്മേൽതന്നെ തൂങ്ങിക്കിടക്കുകയും അതിനെത്തന്നെ ഉയർത്തിപിടിക്കുകയും ആണു ചെയ്തതു്. ഇതു ലോകചരിത്രത്തിൽ അത്യാശ്ചര്യകരമായ ഒരു വിചിത്രാദ്ധ്യായമായിരിക്കുമെന്നതിന്നു സംശയമില്ല. അതിന്റെ ആ അനവധാനതയുടെ തന്നത്താൻ അറിയായ്മയുടെ താഴികക്കുടമായിട്ടാണു ദ്വൈതികരാഷ്ട്ര

പ്രഖ്യാപനവകുപ്പു ഭരണഘടനാഗോപുരത്തിന്റെ ഉച്ചിയിൽ ഉറപ്പിച്ചിരിക്കുന്നതും! ഭൂമിയിൽ മനുഷ്യൻ ഉണ്ടായകാലം മുതല്ക്കു് ആത്മീയതയുടെയും ആത്മനിഷ്ഠമായ സാക്ഷാൽ സംസ്കാരത്തിന്റെയും ആദ്യഭൂമിയായും പ്രധാന രംഗമായും കഴിഞ്ഞുപോന്നിട്ടുള്ള ഭാരതം പുല്ലിലും കല്ലിലും ആകാശത്തും ഭൂമിയിലും ഊണിലും ഉറക്കത്തിലും ആത്മബോധം വളൎത്തിവന്ന ഭാരതം ഒരത്യാവശ്യവും കൂടാതെ മററു രാജ്യക്കാരും അങ്ങിനെ പ്രത്യക്ഷമായി എടുത്തുപറഞ്ഞിട്ടില്ലാതിരിക്കെ ഒരു കലിബാധയുണ്ടായിട്ടെന്നപോലെ ഭൌതികരാഷ്ട്രപ്രഖ്യാപനത്തിന്നു പുറപ്പെട്ടതു കണ്ടു ദേവന്മാർ കണ്ണീർപൊഴിച്ചിരിക്കും, അസുരന്മാർ പൊട്ടിച്ചിരിച്ചിരിക്കും, പാശ്ചാത്യന്മാർ പരിഹാസപൂൎവ്വം പുഞ്ചിരികൊണ്ടിരിക്കും! വൎഗ്ഗരഹിതമായ ജാതിമതവ്യത്യാസമില്ലാത്ത കേവലലൌകികമായ ഒരു ഭൌതികരാഷ്ട്രമാണുപോൽ ഭാരതത്തിന്റെ, ഋഷിനാടായ ഭാരതത്തിന്റെ, ഇന്നത്തെ ആദൎശം! ഇന്ത്യയിലെ വലിയ ഭൂരിപക്ഷക്കാരും ഭാരതസംസ്കാരത്തിന്റെ പൂൎണ്ണാവകാശികളുമായ ഹിന്ദുക്കളുടെപ്പോലും സാമുദായിക സാംസ്കാരിക സമ്പ്രദായങ്ങളെല്ലാം ഉടച്ചുവാൎത്തോ ഉന്മൂലനം ചെയ്തോ അവരെ മതബോധവും ദൈവവിശ്വാസവും സംസ്കാരാഭിമാനവുമില്ലാത്ത രാഷ്ട്രീയജീവികളാക്കുന്നതിലാണത്രെ ഭാരതത്തിന്റെ ഭാവിഭാവുകം സ്ഥിതിചെയ്യുന്നതു്. "ഇസ്ലാം അപകടത്തിൽ" എന്നു മുറവിളികൂട്ടിക്കൊണ്ടു മുസലിമുകൾ ഈ അഗ്നികുണ്ഡത്തിൽനിന്നു ഒഴിഞ്ഞുമാറാൻ ശ്രമിച്ചതിൽ യാതൊരു തെററുമില്ലെന്നു വേണം പറയുവാൻ. ഭാരതീയത്വത്തിന്റെ ഒരു കണികപോലും കാണാത്ത കേവലം വൈദേശികവും തീരെ ഭൌതികവും ദൈവത്തിന്റെ നാമംകൂടി നന്നെ മനസ്സിരുത്തി പുറം തള്ളീട്ടുള്ളതുമായ ഒരു ഭരണഘടനയാകുന്നു, ആകൃതിയിലും പ്രകൃതിയിലും വാക്കിലും വാചകത്തിലും ഭാഷയിലും ഭൂഷണാദികളിലും എല്ലാററിലും ഇന്ത്യ .സ്വതന്ത്രഭാരതം സ്വീകരിക്കയും ഉറപ്പിക്കയും ചെയ്തിട്ടുള്ള ഇന്നത്തെ ഭരണഘടനാനിയമം.

സ്വാതന്ത്ര്യലബ്ധിക്കുശേഷം, ഇന്ത്യ സ്വന്തമായി രൂപീകരിച്ച "കോൺസ്റ്റിററുവൻറ് അസംബ്ലി", ഇങ്ങിനെ ഒരു ഭരണഘടനവാൎത്തുണ്ടാക്കിയതിൽ വളരെ അത്ഭുതപ്പെടുവാനുമുണ്ടു്, ഒട്ടുംതന്നെ അത്ഭുതപ്പെടുവാനുമില്ല, എന്നു പറയേണ്ടിയിരിക്കുന്നു. മിക്കവാറും നാസ്തികന്മാരും യുക്തിവാദ നാട്യക്കാരും പൂൎവ്വചരിത്രാഭിമാനമോ ഭാരതീയ സംസ്കാരപ്രേമമോ ഇല്ലാത്തവരുമായ ഒരുകൂട്ടം "മഹാമാ

നൃന്മാ”രാണു് ആഷസംസ്കാരസംഹാരകനെന്നു കുപ്രസിദ്ധിയാജ്ജിച്ചിട്ടുള്ള ഡോക്ടർ അംബേദ്കരുടെ മേൽനോട്ടത്തിൽ പ്രസ്തുത നിയമം നിമ്മിച്ചതെന്നു വരുമ്പോൾ, അതിൻെറ രൂപം ഇപ്രകാരമല്ലാതിരുന്നാലാണു് അത്ഭുതപ്പെടേണ്ടിവരിക! എന്നാൽ ആഷസംസ്കാരമഗ്നനായി, ഗീതയെ ഊന്നുവടിയാക്കിക്കൊണ്ടും പ്രാത്ഥന കൊണ്ടും നാമോച്ചാരണംകൊണ്ടും പരിശുദ്ധമാനസനായി, “ഹരേ രാമ” ജപിച്ചുകൊണ്ടു ജീവത്യാഗം ചെയ്ത ലോകവന്ദ്യനായ മഹാത്മജിയെ, “രാഷ്ട്രപിതാവെ”ന്നു നാക്കെട്ടുക്കുമ്പോഴൊക്കെ പറയുന്ന തൽശിഷ്യഗണങ്ങളായ കോൺഗ്രസ്സുകാരാണു, പ്രസ്തുത നിയമത്തിൻെറ ചുമതലക്കാരെന്നറിയുമ്പോൾ; ആരും മൂക്കത്തു വിരൽ വെച്ചു, ദുഃഖാത്തനാകാതെയുമിരിക്കയില്ല. ഇന്ത്യയിലെ വിദ്യാഭ്യാസപദ്ധതി ആദ്യം രൂപപ്പെടുത്തിയ മെക്കോളേ പ്രഭു ആശിച്ച പ്രകാരംതന്നെ, ബ്രിട്ടൻ വിട്ടൊഴിഞ്ഞാലും, ഇന്ത്യ, ഇന്ത്യയല്ലാതായി തീൎന്നു എന്നു്, ആ പ്രഭുവിൻെറ രാജ്യ’ക്കാക്കു സന്തോഷിക്കയും, സംതൃപ്തിയടയുകയും ചെയ്യാം! ധാമ്മികമൂല്യങ്ങളെ മാററിവെക്കുകയും! ആധ്യാത്മികാടിസ്ഥാനത്തെ കിളച്ചു മറിക്കുകയും ചെയ്ത ഇന്ത്യയിൽ, വിശേഷിച്ചും പ്രസ്തുത ഭൌതികരാഷ്ട്രസൃഷ്ടിക്കു ശേഷം, അനാത്മവാദവും, നിരീശ്വരതവും അവയുടെ കൂട്ടുകാരനായ കമ്മ്യൂണിസ്ററു സിദ്ധാന്തവും പ്രചാരപ്പെട്ടുകൊണ്ടു വരുന്നതും കാരണം കൂടാതെയല്ലെന്നു കാണാവുന്നതാകുന്നു. ആത്മാവിൻെറ സത്തയിലും, മരണാനന്തരജീവിതത്തിലും അല്പമെങ്കിലും വിശ്വാസമില്ലെന്നു പ്രഖ്യാപിച്ചിട്ടുള്ളവരിൽ ചിലരാണിന്നത്തെ ഭരണയന്ത്രത്തിൻെറ തിരിപ്പുകാരായിബ്ഭവിച്ചിരിക്കുന്നതും! വിധിവൈപരീത്യം! ഹതഭാഗ്യയായ ഭാരതം!

“രാഷ്ട്രം” പണ്ടെങ്ങും ആരും പറഞ്ഞിട്ടില്ലാത്തവിധം, “ഭൌതിക”മോ, മതേതരമോ ആണെന്നു പറയപ്പെട്ടപ്പോൾ, അധ്യാത്മവാദികളും; മതപ്രേമികളും കത്തവ്യവിമൂഢന്മാരായി. അതു മതങ്ങൾതമ്മിലുള്ള മത്സരത്തിനും അകലിച്ചക്കും മാത്രമല്ല, ഓരോ മതാനുയായികളുടെ ഇടയിൽത്തന്നെയും ഭിന്നതകൾ വദ്ധിപ്പിക്കുന്നതിനും കാരണമായി. പരമാത്ഥത്തിൽ, മതങ്ങൾ തമ്മിലുള്ള മത്സരങ്ങളുടെ അടിസ്ഥാനം, ആത്മീയകാര്യമോ, മരണാനന്തര സ്വർഗ്ഗാനുഭവമോ, മോക്ഷമോ, മുക്തിയോ ഒന്നുമല്ല. അതൊക്കെ വ്യക്തിനിഷ്ഠങ്ങളാണെന്നും, മതാനുഷ്ഠാനമോ, ഏതെങ്കിലും ഒരുമതത്തിലുള്ള വിശ്വാസമോ അല്ലതന്നെ ഒരുത്തനെ “മോക്ഷാർഹൻ” ആക്കുന്നതെന്നും,

അവനവന്റെ സത്യധർമ്മശുദ്ധമായ ജീവിതമാണ് അതിനൊക്കെ നിദാനമെന്നും, അറിയാത്ത ഒരു മതക്കാരനുമില്ല. എന്നാൽ, ഒരു സാംക്രമികരോഗമായിരിക്കുന്ന "രാഷ്ട്രീയ"വും, അധികാരക്കൊതിതിയും, ലാഭേച്ഛയുമാണു സകല മതപരിവർത്തനശ്രമങ്ങളുടേയും, മത്സരപരിപാടികളുടേയും പിന്നിലുള്ളതു്, എണ്ണം കൂടിയാൽ വണ്ണം കൂടുമെന്നു വന്നപ്പോൾ, ഭൂരിപക്ഷ ന്യൂനപക്ഷ വിഭാഗീയ മനോഭാവമുണ്ടായപ്പോൾ, ഓരോ വർഗ്ഗക്കാരും തുടങ്ങി "മാർഗ്ഗം"കൂട്ടി എണ്ണം വർദ്ധിപ്പിക്കുവാനുള്ള നയോപായങ്ങൾ! ഒരയ്മ്പതു കൊല്ലത്തിന്നു മുമ്പു ഹിന്ദുക്കളും, മുസൽമാൻമാരും, ക്രിസ്ത്യാനികളും മററു മതക്കാരും തമ്മിൽ യാതൊരു മത്സരവും കൂടാതെ, അവരവരുടെ വിശ്വാസങ്ങൾക്കനുസരിച്ചു ദൈവകാര്യങ്ങൾ നടത്തി, സ്വൈരജീവിതം നയിച്ചിരുന്നതാണ്. തിരഞ്ഞെടുപ്പ്, അതിൽ "റിസർവേഷ്യൻ", വർഗ്ഗീയപ്രാതിനിധ്യം, ഭരണാധികാരത്തിൽ പങ്ക്, എന്നൊക്കെ വന്നപ്പോഴാണു, വർഗ്ഗീയമനോഭാവവും, ജാതീയചിന്തകളും, രാഷ്ട്രീയപിടിവലികളുമെല്ലാം സംജാതമായതു്. അധികാരക്കൊതി ഒന്നു മാത്രമാണ്, അതിന്റെയൊക്കെ അടിയിലുള്ളതു്. ക്രിസ്ത്യാനികൾ മതപരിവർത്തനം നടത്തി സമുദായസംഖ്യ വർദ്ധിപ്പിക്കുവാൻ ദിവാനിശം ക്ലേശിക്കുന്നതു, തങ്ങൾക്കു തന്നെയും തീർച്ചയില്ലാത്ത സ്വർഗ്ഗത്തെ മററുള്ളവർക്കു നൽകുവാനല്ലെന്നു നിർവ്വിവാദമാണ്. എണ്ണം കാണിച്ചു്, എണ്ണത്തിൽ ചിലതു കൈക്കലാക്കാനുള്ള ലാക്കു മാത്രമാണവരുടെ "മാർഗ്ഗം കൂട്ടൽ' !

"കാഷ്മീർ കാര്യ"വും പഠിപ്പിക്കുന്നതു പരിഭ്രമജനകമായ ഒരു പാഠമാകുന്നു. അറുനൂറോളം നാട്ടുരാജാക്കന്മാരും നാട്ടുരാജ്യങ്ങളും ഇന്ത്യയിൽ ഉണ്ടായിരുന്നതിൽ ഒന്നു മാത്രമായിരുന്ന കാഷ്മീരം ഇന്നും ഒരു കീറാമുട്ടിയായി, കണ്ണിൽ കരടായി, "വെള്ളാന"യായി വിളങ്ങുന്നതിന്റെ പിന്നിലുള്ള ചരിത്രം രസാവഹവും, സാരഗർഭവുമാകുന്നു. രാജാക്കന്മാരുടെ "ഒപ്പു" വാങ്ങീട്ടോ, മന്ത്രിമാരുടെ സമ്മതം മേടിച്ചിട്ടോ, "പൊല്ലീസ്സു നടവടി" എടുത്തിട്ടോ അല്ലാതെ, നാട്ടുരാജ്യങ്ങളിൽ ഒന്നുപോലും, "ലിക്വിഡേററു" ചെയ്യപ്പെട്ടിട്ടില്ലാതിരിക്കെ. കാഷ്മീരത്തിലെ മഹാരാജാവു്, മററു മഹാരാജാക്കന്മാരെപോലെ, സമ്മതപത്രം സമർപ്പിച്ചിരിക്കേ, അവിടെ മാത്രം, ഇനിയും മത്സ്യമോ മാംസമോ എന്നു തിരിച്ചറിയാൻ വയ്യാത്ത നിലയിലായതിന്റെ രഹസ്യമെന്താണ്? ആവിടെ മാത്രം, ജനഹിതമെന്നോ, "പ്ലിബിസൈററ്" എന്നോ പറയുന്ന ഒരു "ധൂമരൂപനിയ

മ"ത്തിന്റെ പ്രവർത്തിക്കുള്ള ആവശ്യമെങ്ങിനെ നേരിട്ടു? അതൊരു ദുരുപദിഷ്ടമായ പ്രീണനനയത്തിന്റെ ദുരന്താനുഭവം മാത്രമാകുന്നു! സ്വാതന്ത്ര്യം സിദ്ധിച്ച ഇന്ത്യയെ, "ഭാരത"മായിക്കാണുവാൻ കഴിയാഞ്ഞതിന്റെ ഫലമാകുന്നു; സ്വന്തം പേരിനെ മറന്നുകൊണ്ടു, പാശ്ചാത്യന്മാർ പറഞ്ഞു പരത്തിയ "ഇന്ത്യ" എന്ന പേരിന്റെ പിന്നാലെ പററിക്കൂടിയതിന്റെ അനുഭവമാകുന്നു; ആത്മശക്തിയെ, അന്തർശക്തിയെ, അനാദരിച്ചു്, ആവശ്യമില്ലാത്ത അവശത അഭിനയിച്ചതിന്റെ ശിക്ഷയാകുന്നു. അതിനി, എങ്ങിനെ, എവിടെ അവസാനിക്കുവാൻ പോകുന്നു എന്നുള്ളതിനെപ്പററി. ദേവസഭയിൽ പോലും, തീരുമാനപ്പെട്ടിട്ടില്ല—! "കളിച്ചുകളിച്ചു് ആമ കഴുത്തിനു വെള്ളത്തിലാക്കി"യ കഥയാണു, കാശ്മീർ കാര്യം അനുസ്മരിപ്പിക്കുന്നതു്!

ഭാരതത്തെ ഇന്ത്യയാക്കണം. ആർഷസംസ്കാരത്തെ സംസ്കരിച്ചു്, അതിന്റെ സ്ഥാനം പാശ്ചാത്യപരിഷ്കാരത്തിന്നു കൈവരുത്തണം. അങ്ങിനെ, ക്രമേണ ഇന്ത്യയെ ഒരു ക്രൈസ്തവരാജ്യമാക്കിത്തീർക്കണം. ഇതായിരുന്നു ഇംഗ്ലീഷുകാരന്റെ ഇംഗിതം! അതിനൊപ്പിച്ചായിരുന്നു മക്കോളെ പ്രഭു വിഭാവനംചെയ്തതും, ഏറക്കുറെ ആ രീതിയിൽത്തന്നെ ഇന്നും നിലനിന്നുവരുന്നതുമായ ഇവിടത്തെ വിദ്യാഭ്യാസപദ്ധതികളും. ഇംഗ്ലീഷുകാരൻ ഒഴിഞ്ഞുപോയാലും മക്കോളെ സങ്കല്പിച്ച ദിക്കിലേക്കു് ഇന്ത്യ ത്വരിതഗമനം നിർവ്വഹിക്കയും അതിന്റെ ആവേശംതന്നെ ഇന്നും ഇന്ത്യയുടെ പിന്നിൽനിന്നു പ്രേരിപ്പിച്ചുകൊണ്ടിരിക്കയുംചെയ്യുന്നു! ഇന്നത്തെ ഈ യാത്ര ഈ വിധംതന്നെ തുടർന്നുപോകുന്നപക്ഷം അസ്സുറിയൻ, ബാബിലോണിയൻ ഈജിപ്ത്യൻ സംസ്കാരങ്ങളെപോലെ ഭാരതസംസ്കാരവും അചിരേണ ഭൂഗർഭഗവേഷകന്മാർക്കുള്ള പ്രവർത്തനരംഗമായി പരിണമിച്ചേക്കും! അതുകൂടാതെ കഴിക്കാനും ഭാരതത്തിന്റെ സമസ്തമായ സമുൽക്കർഷത്തെ സമ്പാദിക്കുവാനുമായിരുന്നു ശ്രീ വിവേകാനന്ദന്റെയും അദ്ദേഹത്തിന്റെ പാദമുദ്രകളെ തുടർന്നുകൊണ്ടു രാഷ്ട്രീയപ്രബുദ്ധതയെ കൂടുതൽ കലർത്തിക്കൊണ്ടു മഹാത്മാഗാന്ധിയുടെയും പരിപാടികളെല്ലാം. മഹാത്മജി വിഭാവനംചെയ്ത ധർമ്മരാജ്യവും, രാമരാജ്യവും, അദ്ദേഹം സ്വീകരിച്ച സത്യനിഷ്ഠയും, സേവനോൽസുകതയും അദ്ദേഹത്തിന്റെ അനന്തരാവകാശികൾ അക്ഷന്തവ്യമാംവിധം അനാദരിക്കുക മാത്രമല്ല അവഹേളിക്കയും കൂടി ചെയ്തതായിട്ടാണു് അനുഭ

വപ്പെട്ടിരിക്കുന്നതു്. അവരുടെ ദൃഷ്ടിയിൽ "രാഷ്ട്രീയം" മാത്രമാണു ള്ളത്; അതും മതേതരമായ പാശ്ചാത്യമാതൃകയിലുള്ള ഒരു "ശക്തി രാഷ്ട്രീയം" വിദേശീയമായ ഒരു മനസ്ഥിതിയും അഭിപ്രായഗതിയു മാകുന്നു ഇന്ത്യയിലെ ഇന്നത്തെ സകലപ്രവർത്തനങ്ങളേയും ആവര ണംചെയ്തിരിക്കുന്നതു് അധികാരത്തിനുള്ള മത്സരം കാര്യങ്ങളെ മ ലീമസമാക്കുകയും "കമ്മ്യൂണിസ"ത്തിന്റെ കുത്തിത്തിരുപ്പുകൾക്കു കളമൊരുക്കുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു "ജനസഭ"പോലും പ്ര ച്ഛന്നസ്വേച്ഛാധികാരത്തിന്റെ മൂടുപടത്തിനുള്ളിലാണു വർത്തി ക്കുന്നതു്.

ആത്മീതയുടെ ഋഷിനാടായി പുണ്യഭൂമിയായി അനാദികാ ലംമുതല്ക്കു വിശ്രുതിയാർന്നിട്ടുള്ള ഭാരതം ഒരു സുപ്രഭാതത്തിൽ ഭൌ തികത്തിന്റെ പ്രവാചകനും പ്രവർത്തകനുമായി രൂപാന്തരപ്പെട്ടു! ഇതു ലോകത്തിലുണ്ടായിട്ടുള്ള മഹാത്ഭുതസംഭവങ്ങളിൽ പ്രഥമഗ ണനീയമാകുന്നു. ഷോപ്പെൻഹോവർ, മാക്സ്മുള്ളർ, എമർസൺ, ശഥേ ബസന്റ് മുതലായ പാശ്ചാത്യചിന്തകന്മാരുടെ നമസ്കൃതിസമാർജ്ജി ച്ച ഭാരതം ഇന്നു് "പരസ്പരവിഴുങ്ങി"കളായ പാശ്ചാത്യരാജ്യതന്ത്ര ജ്ഞന്മാരുടെ ചതുരംഗക്കരുവായിത്തീർന്നു! അനർഘങ്ങളും അക്ഷയ ങ്ങളുമായ ഈടുവെപ്പുകൾ കൈവശമുള്ള ഭാരതം അറിയുക മാത്രമ ല്ല അറിവിന്നുംകൂടി പടിഞ്ഞാറൻകാരുടെ പടിക്കൽ പാട്ടുകിടക്കുക യാണിന്നു്! സ്വന്തം പാരമ്പര്യത്തെക്കുറിച്ചുള്ള പരിതാപകരവും ലജ്ജാവഹവുമായ അവജ്ഞ ഇത്രയധികം മൂർച്ഛിച്ചതായ ഒരുകാലം ഇന്ത്യയുടെ സഹസ്രാബ്ദങ്ങളുടെ ചരിത്രത്തിൽ ഇതിന്നുമുമ്പൊരിക്ക ലും ഉണ്ടായിട്ടില്ലാത്തതാകുന്നു. ഇന്ത്യയുടെ "പുറമെയുള്ള പേരി നെ"ക്കുറിച്ചു പുറംനാട്ടുകാർക്കു യഥാർത്ഥമായുള്ള അഭിപ്രായമോ ഇ ന്ത്യയുടെ "പുതിയ വിജയങ്ങളെ"ക്കുറിച്ചു വിദേശീയർ വിളമ്പുന്ന പ്രശംസയുടെ ഉള്ളുകള്ളിയോ അറിയാൻ ആവാതെ മുഖസ്തുതികേ ട്ടു മയങ്ങിയ ഇന്ത്യ ദിവസംതോറും ആ വിദേശീയർ അഭിലഷിക്കു ന്ന അധഃപ്പതനത്തിലേക്കാണു നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു് അ റിയുന്നില്ല. അഹോ! കഷ്ടം! ഈ പിഴച്ച പുറപ്പാടിനുള്ള ഉത്തരവാ ദിത്വം ആർക്കായാലും അനുഭവം ഇന്ത്യക്കു് ഒട്ടാകെയുള്ളതാകുന്നു. അധികാരികൾ അന്തസ്സാരത്തോടുകൂടി അകക്കണ്ണു തുറന്നെങ്കിൽ!--

ഡോക്ടർ ഭഗവൻദാസ്സ് എഴുതിയിരിക്കുന്നതുപോലെ ഇന്ത്യ യിൽ ഇന്നു മുന്നേറിക്കൊണ്ടുവരുന്ന ശത്രുക്കൾ മൂന്നാകുന്നു, ജനപ്പെ രുപ്പവും അധർമ്മവാസനയും, നിരീശ്വരതാഭ്രമവും. ഇതിൽ ആദ്യ

ത്തേതിൻെറ മുന്നേററത്തെ തടയുന്നത് അത്ര എളുപ്പമല്ല. ക്രിത്രിമമാർഗ്ഗങ്ങളാണ് അതിന്നു നിർദ്ദേശിക്കുന്നതു്. അതിലും അധർമ്മച്ഛായയാണധികമുള്ളതു്. അതിന്നുംപുറമെ മനുഷ്യൻെറ അചിന്തയുടെയും അഹങ്കാരത്തിൻെറയും അംശങ്ങളാണ് അതിൽ അധികമുള്ളതു,. ഇന്ത്യയിലെ സ്ഥിതിക്ക് ആ മാർഗ്ഗം കാര്യക്ഷമമാകുവാനും എളുപ്പമല്ല. ഭൂരിപക്ഷവും "പഠിപ്പി"ല്ലാത്തവരായതുകൊണ്ടു് സന്താനവർദ്ധനയെ ക്രിത്രിമമായി നിയന്ത്രിക്കുവാൻ "പഠിപ്പി"ക്കുന്ന കാര്യം ഒട്ടുംസുഗമമല്ല. സന്താനങ്ങൾ അധികമുണ്ടാകുന്നതും പഠിപ്പില്ലാത്തവരായ ദരിദ്രന്മാരുടെ ഇടയിലുമാകുന്നു. ധാർമ്മികമായ അടിസ്ഥാനത്തിൽതന്നെ വേണം, ഈ വിഷമപ്രശ്നത്തെയും നേരിടുന്നതിനു്. അതിലേക്കുള്ള ഏററവും വലിയ പ്രതിബന്ധം ഇന്നു സാർവ്വത്രികമായിരിക്കുന്ന ധർമ്മച്യുതിയും ഭൗതികവാദവും ആകുന്നു.

സത്യധർമ്മാദികൾ ഇത്രയും അധഃപ്പതിച്ച ഒരു കാലം ഇന്ത്യയിൽ ഇതിന്നു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നു പറയാം. ഭരണാധികാരികളും, ഭരണീയരും, ഭരണരീതികളും, എല്ലാം ഒരു കച്ചവടാടിസ്ഥാനത്തിലാണ്, ദ്രവ്യലാഭത്തിൻെറ തോതുവെച്ചാണു, നിലനില്ക്കുന്നതു്. "കരിഞ്ചന്ത" ബാധിക്കാത്ത സ്ഥാനങ്ങളും പ്രസ്ഥാനങ്ങളും, ആളുകളും ആദർശങ്ങളുമില്ല. "സത്യം" വിഡ്ഢികളുടെ ഒരു ബലഹീനതയും, "ധർമ്മം" അന്ധവിശ്വാസികളുടെ അജ്ഞതയും ആയിക്കഴിഞ്ഞാൽ പിന്നെ എവിടെയാണ് എങ്ങിനെയാണു "ക്ഷേമ"മുണ്ടായിത്തീരുന്നതു്? അതിന്നു പാകത്തിലാണു ദൈവവിശ്വാസത്തിൻെറ തിരോധാനവും ഭാരതത്തിന്നു് ഈ ഒരു "ഗ്രഹപിഴ" വരുമെന്നു ആരും ശങ്കിച്ചിരുന്നതല്ല. സകലവും ഈശ്വരനായിരുന്ന ഭാരതത്തിൽ സർവ്വവും ഭൗതികവും മതേതരവുമായിത്തീർന്നതു വലിയ വിധിവൈപരീത്യംതന്നെ. "സെകുലറി"ൻെറ പ്രത്യാഘാതങ്ങൾ ഹിന്ദുക്കളെമാത്രമാണു കാര്യമായി ബാധിച്ചുകാണുന്നതെന്നതു് അതിലും വലിയ ദുർവ്വിധിയാകുന്നു. ആ തരം നോക്കി അന്യമതസ്ഥന്മാർ കൂടുതൽ സംഘടിതരായി, ശക്തിസംഭരണാദികൾക്കു പുറപ്പെടുന്നതു കാണാനുള്ള കണ്ണില്ലാതായി ഹിന്ദുജനതയ്ക്കു എന്നുള്ളതാണു കഷ്ടാൽകഷ്ടതരമായിരിക്കുന്നതു്.

ഈ മൂന്നു ശത്രുക്കളുടെയും മുന്നേററങ്ങളെ, മുമ്പിൽകടന്നു നിന്നു ചെറുക്കുകയും തുരത്തുകയും ചെയ്യാത്തപക്ഷം, ഭാരതീയസംസ്കാരവും, ആർഷജ്ഞാനവും മോഹൻ ജിഡാറോയുടെ പിന്നാലെ പോകുന്നതും, കാത്തിരുന്നും കഷ്ടപ്പെട്ടും കൈക്കലാക്കിയ രാഷ്ട്രീയ സ്വാതന്ത്ര്യത്തിൻെറ അവസാനാനുഭവം അതായിരിക്കുകയും ചെയ്യും. അതിന്നു സംഗതിവരാതിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

—:o:—

## പ്രത്യേക അറിയിപ്പ്

കോട്ടായിബോർഡ് ഹൈസ്കൂളിൽവെച്ചു നടന്ന പ്രത്യേക പ്രബന്ധമത്സരത്തിൽ ഞങ്ങൾ പ്രദാനംചെയ്ത ഒന്നാംസമ്മാനം പത്താംക്ലാസ്സ് പി. കെ. ദേവദാസനും, രണ്ടാംസമ്മാനം ഒമ്പതാംക്ലാസ് പി. എൻ. ലക്ഷ്മിക്കുട്ടിക്കും ലഭിച്ചതിൽ ഞങ്ങൾ അവരെ ഹാർദ്ദമായി അഭിനന്ദിക്കുന്നു.

സിക്രട്ടറി

---

# സഹോദരസ്നേഹം

എം. ആർ. ഗോവിന്ദൻ VI ഫാറം എ. എ. എച്ച്. എസ്സ്.
കുട്ടനെല്ലൂർ

മനുഷ്യാത്മാവു് സദ്ഗാത്മികമായി പുരോഗമിക്കുമ്പോഴേ സ്വാതന്ത്ര്യത്തിൻെറ പൊൻപുലരിയിൽ പ്രവേശിക്കുന്നുള്ളു എന്നു മഹാന്മാരുടെ അഭിമതത്തെ ആസ്പദമാക്കി അവൻെറ അത്ര വിശാലമായ ഐക്യമനോഭാവത്തെ പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. അങ്ങിനെ ഐക്യത്തിൻെറ അസാമാന്യമായ സമ്മേളനത്തിൽ മാത്രമേ മനുഷ്യനു അവൻെറ സംസ്കാരവുമായി യഥേഷ്ടം പുരോഗമിക്കുവാൻ കഴിയുകയുള്ളു. അനവരതമായ പ്രയത്നത്താൽമാത്രം അഭികാമ്യമായിരിക്കുന്ന അഭിനവമാനവസംസ്കാരത്തിൻെറ മാനദണ്ഡമായി ഇന്നു നിലകൊള്ളുന്നതു് എന്താണെന്ന ചോദ്യത്തിനു് ഒരുത്തരമേ നല്കുവാനുള്ളു. വിശ്വസാഹോദര്യം അഥവാ സഹോദരസ്നേഹം. അങ്ങുമിങ്ങും ദൃഢതരമായ സ്നേഹശൃംഖലകളാൽ ബന്ധിതമായ മനുഷ്യാത്മാക്കൾക്കേ അഭികാമ്യമായ ആ സംസ്കാരപുരോഗതി പ്രാപ്യമാകയുള്ളു. ഇനിയും ഈ മാനവസംസ്കാരത്തിൻെറ അടിത്തറയിലേക്കുറവുനോക്കുവാൻ തുനിയുന്ന ഒരു നിഷ്പക്ഷനിരീക്ഷകനു ദർശനീയമാകുന്നതെന്തൊക്കെയാകാം. അഥവാ അഭികാമ്യമായ മാനവസംസ്കാരം എങ്ങിനെയുള്ളതായിരിക്കണം? മനുഷ്യർ ഭിന്നരുചിക്കാരാണെന്ന വിശ്വകവിയുടെ ആശയത്തിൻെറ പൊരുൾ നോക്കുമ്പോൾ ഇവിടേയും ഭിന്നരുചികൾ പ്രത്യക്ഷപ്പെട്ടേക്കാം. വിശ്വസാഹോദര്യത്തിൻെറ അ

ടിസ്ഥാനത്തിൽ കലഹങ്ങളുടെ ശവകുടീരത്തിന്മേൽ, ശാന്തിയുടെ വിജയവൈജയന്തി പാറിപ്പറത്തിക്കൊണ്ട്, അഹിംസയുടെ നവ്യപരിമളം വീശുന്ന ഒരുദ്യാനത്താൽ പരിസേവിതമായ ഒരു മണ്ഡപത്തിൽ വിളയാടുന്ന ശ്രീയായിരിക്കണം സംസ്കാരമെന്ന ഒരഭിപ്രായത്തിൽ സഹോദരസ്നേഹത്തിൻെറ ആവശ്യകതയിലേക്ക് ചുഴിഞ്ഞിറങ്ങാം. പക്ഷേ അതിന്നുള്ള കഴിവുകേടിന്ന് പ്രത്യേകം സ്ഥാനമുണ്ടെന്ന് പ്രസ്താവിച്ചുകൊള്ളട്ടെ!

ദൈനന്ദിനജീവിതത്തിൻെറ വിവിധവശങ്ങളിലേക്കും നാം ചായുന്നുണ്ട്. അഥവാ മററുള്ളവർ ചായുന്നതായി നമുക്ക് അനുഭവപ്പെടുന്നുണ്ട്. അവിടത്തിൽ നാം ദർശിക്കുന്നത് വിവിധ സ്വഭാവങ്ങളുടെ വൈരുദ്ധ്യാതിഷ്ഠിതമായ ഒരു ചുററുപാടാണ്. അതായത് പരസ്പരമുള്ള വിദ്വേഷത്തിൽനിന്നും അസൂയയിൽനിന്നും ഉടലെടുക്കുന്ന കലഹബീജങ്ങൾ, അപ്രതിഹിതമായി, അതിൻെറ അനാശാസ്യസംഭവങ്ങളാകുന്ന ശാഖോപശാഖകളായി വളൎന്നുകൊണ്ടിരിക്കുന്നതായി കാണാം. അങ്ങിനെ അന്യോന്യമുള്ള സ്പൎദ്ധയുടെ വളച്ചമൂലം മനുഷ്യനു അന്യോന്യം വിശ്വാസവും സ്നേഹവും നഷ്ടപ്പെടുന്നു, ഒരിക്കലും പ്രതികാരത്തിൻെറ ഭാവാനിലൻ അവിടെനിന്നും വിട്ടുമാറുന്നില്ല. പ്രത്യുത മനുഷ്യമനസ്സിൻെറ മൂഢതയും വിദ്വേഷവുമാകുന്ന ഉച്ചപ്രചണ്ഡനാൽ പൂൎവ്വാധികം ആളിക്കത്തുന്നതേയുള്ളൂ. ഇങ്ങിനെയുള്ള ഒരു പരിതസ്ഥിതിയിൽ മനുഷ്യനൊരിക്കലും അഭികാമ്യമായ ആ സംസ്കാരത്തിൽ എത്തിച്ചേരുവാൻ കഴിയുന്നില്ല. മാത്രമല്ല നിൎമ്മാണാത്മകങ്ങളായ യാതൊരുവിധ പ്രവണതകളും അവിടെ ഉൾപ്പെടുന്നില്ല. അന്യോന്യമുള്ള വിശ്വാസരാഹിത്യം ആ മനുഷ്യസമുദായത്തെ നാശപിശാചിൻെറ ഉദരഗഹ്വരത്തിലേക്ക് ആനയിക്കുകയും ചെയ്യുന്നു. ഇവിടെയാണ് നമ്മുടെ ആവിർഭാവത്തിൻെറ ആവശ്യകത. ഈ നന്മതന്നെയാണ് സാഹോദൎയ്യത്തിൻെറ ഭാഷ്യം. ഇവിടെ നന്മയുടേയും തിന്മയുടേയും ഒരു ഒളിച്ചുകളിഅനിവാൎയ്യമാകും, ഈനന്മ എവിടെനിന്നു ആവിർഭവിക്കുന്നു? അതാണു ചോദ്യം. സ്നേഹത്തിൻെറ സുധാരസം ആസ്വദിച്ചിട്ടുള്ള മഹാശയന്മാർ അതിൻെറ അപ്രമേയമായ ആസ്വാദ്യതയെ അഥവാ അമാനുഷികത്വത്തെ തൻെറ സഹജീവികൾക്കും പകൎന്നുകൊടുക്കാൻ വെമ്പൽക്കൊള്ളുകയാണ്. കലഹത്തിൻെറ കാരാഗാരത്തിൽപെട്ടു നരകിക്കുന്ന മനുഷ്യമനസ്സുകൾക്ക് സ്നേഹത്തിൻെറ കരവിളക്കുകൾ അണക്കുവാൻ ആ മഹാ

ശയന്മാർ വെമ്പുകയാണ്. അതുമൂലമാണ് മനുഷ്യൻ ആ കരവിളക്കിലേക്ക് ദൃഷ്ടി പതിപ്പിക്കുന്നതു്. അതെ, അതിന്റെ അതീവ ആകർഷകമായ പരിവൃത്തം കണ്ടമ്പരക്കുന്ന മനുഷ്യൻ അവിടേക്കു് തിരിഞ്ഞുനോക്കുന്നതു്, സ്നേഹത്തിന്റെ ഭാഷ്യങ്ങൾ കേട്ടിട്ടും കണ്ടിട്ടുമാണ്. അങ്ങിനെ കലഹത്തിന്റെ കാരാഗൃഹത്തിൽ വസിക്കുന്ന മനുഷ്യമനസ്സിനെ തിന്മയിൽനിന്നും നന്മയിലേക്കു തിരിക്കുവാൻ സ്നേഹം മാർഗ്ഗദർശനം ചെയ്യുകയാണ്.

ഇവിടെ മനുഷ്യൻ നന്മയുടേയും തിന്മയുടേയും ഇടക്കുള്ള ഒരു നിഷ്പക്ഷമേഖലയിൽ നില്ക്കുകയാണ്. ആദ്യമവൻ തിന്മയുടെ തീച്ചൂളയിൽക്കിടന്നു് നരകിച്ചിരുന്നവനാണ്. പക്ഷേ അതിൽനിന്നും വിടുതിസമ്പാദിച്ചു് ഇതാ, അവൻ നന്മയുടേയും തിന്മയുടേയും ഇടക്കുള്ള ശാന്തിനഗരത്തിൽ സ്ഥിതി ചെയ്യുകയാണ്. വീണ്ടും രണ്ടു മാർഗ്ഗങ്ങൾ അവനേയും പ്രതീക്ഷിച്ചുകൊണ്ടു മാടിവിളിച്ചുകൊണ്ടു നില്ക്കുന്നു. ഏതിലവൻ പ്രവേശിക്കും. ഒരു ഭാഗത്തു്—തിന്മയുടെ ഭാഗത്തു്—പ്രലോഭനങ്ങളും തീക്ഷ്ണതവും വിലസുകയാണ്. മറുഭാഗത്തു സാഹോദര്യത്തിന്റെ — സ്നേഹത്തിന്റെ — അതിമധുരമായ ആത്മനിർവൃതിയേകുന്ന മധുരഗാനാലാപം അലയടിക്കുകയാണ്. ഇവിടെയാണ് മനുഷ്യന്റെ ആത്മാവിനെ നേർവഴിക്കു തിരിക്കേണ്ടുന്ന ഘട്ടം എത്തിച്ചേർന്നിട്ടുള്ളതു്. നമുക്ക് തീർച്ചയായും അഭികാമ്യം ഏതെന്നു തീരുമാനിക്കാം. പക്ഷേ എന്നും ലോകത്തിൽ ഒരു വിഭാഗം മറുഭാഗത്തേക്കു ആഞ്ഞുകൊണ്ടിരിക്കുന്നതിന്റെ ഉത്തമോദാഹരണങ്ങളല്ലേ ഇന്നു ലോകത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന, ഞെട്ടിക്കുന്ന വാസ്തവങ്ങൾ? ആററം യുഗത്തിന്റെ അനിതരസാധാരണമായ അലച്ചുകൾ ദിഗന്തത്തിൽ അലയടിക്കുകയാണ്. അങ്ങകലെ സഹോദരസ്നേഹത്തിന്റെ മധുരഗാനം മീട്ടിക്കൊണ്ടിരിക്കുന്ന വിശാലാശയക്കാർ വീണ്ടും മാടിവിളിക്കുകയാണ്, മനുഷ്യനെ. ഒരിക്കലും അപഥത്തിലേക്കു് ചാടരുതേ എന്നു്. അങ്ങുമിങ്ങും സ്നേഹിക്കുക. സ്നേഹത്തിന്റെ സുധാരസം ആസ്വദിക്കുക. നിങ്ങൾ സഹോദരന്മാരാണ്. നിങ്ങളുടെ ഓരോ കാൽവെപ്പും സാഹോദര്യത്തിന്റെ സഹായത്താലാകട്ടെ. മണ്ണോടണയേണ്ടുന്ന മർത്ത്യജഡത്തിന്റെ അനിത്യത ഒരിക്കലും വിസ്മരിക്കപ്പെട്ടുകൂടെന്നു സഹോദരസ്നേഹത്തിന്റെ പ്രവാചകൻ നിങ്ങളോടു് അപേക്ഷിക്കുകയാണ്.

എത്രയും അഭികാമ്യമായ പദങ്ങൾ പൂകി, പ്രഭാവത്തിന്റെ ചെങ്കോലേന്തിയവനെങ്കിലും അവൻ, വിദ്വേഷത്തിന്റെ സിംഹാസനത്തിലിരുന്നരുളുകയാണെങ്കിൽ അവൻ പ്രാപിക്കുന്ന പദം ഏതു തരത്തിലുള്ളതായിരിക്കും? ഏകസ്വരത്തിൽ നമുക്കു മറുത്തു പറയാറാകണം സ്നേഹത്തിന്റെ വെണ്ണിലാവിൽ സാഹോദര്യത്തിന്റെ പാൽക്കുഴമ്പിന്റെ മേളനംപോലെയുള്ള മനുഷ്യമനസ്സിന്റെ ഉത്തമവിചാരത്തിലെ പ്രകൃതിയിൽ ജീവിതം സഫലമായെന്നു് അവകാശപ്പെടാവൂ. സ്നേഹത്തിന്റെ ചക്രവാളത്തിൽ പാടിപ്പറക്കേണ്ടുന്ന മനുഷ്യാത്മാക്കൾ ഒരിക്കലും വിദ്വേഷത്തിന്റെ അന്ധതാതമിസ്രതയിലാപതിക്കാതിരിക്കണം. അതാണു് ആവശ്യം.

സഹോദരസ്നേഹത്തിന്റെ ഗുണഗണങ്ങൾ വർണ്ണിച്ചു പാടുന്ന കവികോകിലങ്ങളുടെ കണ്ഠത്തിൽനിന്നും നിർഗ്ഗമിക്കുന്ന അമൃതനിഷ്യന്ദിയായ ഗാനധാരയെ ആദരിക്കേണ്ടുന്നതു മനുഷ്യത്വമുള്ള മനുഷ്യരുടെ കടമയെന്നു ധരിക്കുകയാണു് ആവശ്യം. പക്ഷേ ആ തരം ബുദ്ധിജീവികളുടെ മാത്രം ആമന്ത്രണത്താൽ, അഥവാ ആശയപ്രകാശനത്താൽ, മനുഷ്യൻ നയിക്കപ്പെടണമെന്നില്ല; പക്ഷേ നയിക്കപ്പെട്ടാലും വിരോധമില്ല തന്നെ. ആചാരവര്യന്മാരുടെ ഉപദേശമാലകൾ നമ്മുടെ ഉപബോധമനസ്സിൽ എന്നും ആമഞ്ജനനിമഞ്ജനം ചെയ്തുകൊണ്ടിരിക്കണമെന്ന ഒരു ബോധം നമ്മിലെല്ലാവരിലും ഉണ്ടായിരുന്നേക്കാം. പക്ഷേ ആ മഞ്ജനം വേണ്ട. എന്നും അതു പൊങ്ങിത്തന്നെ കിടന്നുകൊള്ളട്ടെ!

നമുക്കിനിയും മുന്നോട്ടുപോകാം. അണുകായുധങ്ങളുടെ മാരകഭീഷണികൾ, മനുഷ്യസാഹോദര്യത്തിന്റെമേൽ ആരോപിക്കുവാൻ തുനിയുന്നു. ആ ഭീകരപ്രവർത്തികൾ നാം ആലോചിച്ചുകൊള്ളണം. ഇന്നു മനുഷ്യനെ അഭിമുഖീകരിച്ചിരിക്കുന്ന പ്രശ്നം അതാണു്. ഒന്നുകിൽ സഹോദരസ്നേഹത്തിന്റെ വെണ്മയേറിയ പൂനിലാവിൽ നമുക്കിരുന്നു കാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കാം. അല്ലെങ്കിൽ ... അതാലോചിക്കാതിരിക്കുകയാണു് ഭേദം. കാരണം ഇനിയും കൂടുതൽ ചിന്തിച്ചാൽ മനുഷ്യന്റെ ശാസ്ത്രീയാവഗാഹം അവനെ ചുട്ടെരിക്കുന്ന ദയനീയരംഗംതന്നെ ആവിർഭവിച്ചേക്കാം. അതിന്നിടവരാതിരിക്കത്തക്കവിധത്തിൽ ഇന്നു ലോകത്തിന്നനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ആ അനുദിനപ്രശ്നങ്ങളേയും എന്നെന്നേക്കു

മുള്ള പ്രശ്നങ്ങളേയും നേരിടുവാൻ സഹോദരസ്നേഹത്തിൻെറ കരുത്തും മുതലങ്ങളുമായ കരങ്ങൾക്കു കഴിയും.

സഹോദരസ്നേഹത്തിൻെറ സീമാതീതമായ കഴിവുകൾ നമുക്ക് അനുഭവപ്പെടുന്നുണ്ട്. പക്ഷേ വീണ്ടും തിന്മയിലേക്കുള്ള മാർഗ്ഗത്തിൻെറ കാവൽക്കാർ മനുഷ്യമനസ്സിനെ പ്രലോഭനീയങ്ങളായ പ്രവൃത്തികളാൽ അമ്പരപ്പിക്കുകയും ആകർഷിക്കുകയും കൂടി ചെയ്യുന്നു. പക്ഷേ അതിനേയും അതിജീവിക്കാനുള്ള കരുത്തു മനുഷ്യമനസ്സുകൾക്കു സിദ്ധിക്കുകയില്ലേ? ആത്മാഭിമാനത്തിൻെറ ഉറച്ച വിശ്വാസത്തിൽ ശക്തിയേറിയ ഭാഷയിൽ ഞാൻ രേഖപ്പെടുത്തിക്കൊള്ളട്ടെ! എൻെറ സഹജീവികളൊത്ത് സ്നേഹത്തിൻെറ വഴിത്താരയിലൂടെ പുരോഗമിക്കാൻ എൻെറ ആത്മസാക്ഷി എന്നെ അനുശാസിക്കുന്നു. ഞാനതിനുറച്ചുകഴിഞ്ഞു.

ശുഭം.

---x---

# പഠിപ്പും പദവിയും

നിങ്ങളുടെ അറിവും പദവിയും പാണ്ഡിത്യവുമെല്ലാം തുലാസ്സിലെ ഒരു തട്ടിലും സത്യവും ജീവിതപരിശുദ്ധിയും മറെറ തട്ടിലും വെയ്ക്കുക. രണ്ടാമത്തേതു് വളരെ അധികം തൂങ്ങാതിരിക്കയില്ല. സ്വഭാവശുദ്ധിയോടു കൂടാത്ത അറിവ് തിന്മചെയ്യാൻ മാത്രം പററുന്ന ഒരു ശക്തിയാണു്. ലോകത്തിലെ പഠിച്ച കള്ളന്മാരും പ്രമാണികളും ദുഷ്ടന്മാരും ഇതിനു തെളിവാണു്. ഏററവും ശുദ്ധമായ ചിന്തകൾ മാത്രം ചിന്തിക്കുകയും വൃഥാ ചിന്തകളും ദുർവ്വിചാരങ്ങളും ഉപേക്ഷിക്കുകയും ചെയ്യുക. —ഗാന്ധിജി.

# സത്യാന്വേഷണം

ശാന്തിമാർഗ്ഗം സത്യമാർഗ്ഗമാണു്. ശാന്തിയെക്കാൾ പോലും പ്രധാനം സത്യമാണു്. വാസ്തവത്തിൽ നുണയാണു് ഹിംസയുടെ അമ്മ. സത്യസന്ധനു ഏറെക്കാലം ഹിംസാലുവായിരിക്കാൻ കഴിയുകയില്ല. ഹിംസാലുവായിരിക്കേണ്ട ആവശ്യമില്ലെന്നു അന്വേഷണമദ്ധ്യേ അവർ കണ്ടെത്തും: മാത്രമല്ല, ഹിംസയുടെ കണികപോലും മനസ്സിലുള്ളേടത്തോളം കാലം അന്വേഷിക്കുന്ന സത്യം അവർ കണ്ടെത്തുകയുമില്ല. —ഗാന്ധിജി.

# ശൂർപ്പകവധത്തിലെ വിഷ്ണുമായാ

(ഒരു പഴയ കൃതി)

സ്വർണ്ണസന്നിഭ ശരീരവും തരള നൂപുരങ്ങൾ വലയങ്ങളും
ഗണ്ഡസഞ്ചലിതകുണ്ഡലങ്ങളു മുലഞ്ഞുതാണ മണികാഞ്ചിയും
കുത്തഴിഞ്ഞുകിഴിയുന്ന പൂന്തുകിലു മൊട്ടഴിഞ്ഞ കചഭാരവും
മുത്തുപോലെ ചില ഘർമ്മബിന്ദുക്കൾ മുഖാംബുജത്തിലുള്ളവായതും
പന്തിടഞ്ഞ കുളുർകൊങ്ക രണ്ടുമിടതിങ്ങി കിഞ്ചനകുലുങ്ങിയും
പന്തടിച്ചുഴയിതന്നു നേരെയൊരു മന്ദമാംഗതിവിലാസവും
ചന്തമാർന്നൊരു ലലാടവും ഭുവനമോഹനം തവകടാക്ഷവും
വിഷ്ണുമായയെ വണങ്ങിനേ നഖിലകാമവും മനസി നല്കുവാൻ.

UNIVERSITY LIBRARY
28 MAR 1954
MADRAS

കഥാപ്രണയികൾക്ക:

# വിധിവിളയാട്ടം

## അദ്ധ്യായം ഒന്നാം

"നിങ്ങൾക്ക എത്ര വയസ്സായി?"

"ഈ മകരത്തിൽ ഇരുപത്തഞ്ചു തികയും"

"സുഖക്കേടിൻെറ സ്വഭാവം എന്തെല്ലാമാണ്. കേൾക്കട്ടെ. പറയൂ."

"എൻെറ ഡാക്ടരേ! ഞാനെന്താണ് പറയേണ്ടത്!. നിങ്ങൾതന്നെ പരിശോധിച്ചു നോക്കുന്നതായിരിക്കും അധികം നല്ലത്; അല്ലാതെ ഞാനെന്തു പറയട്ടെ. ദീനം ഒന്നും ഞാൻ കാണുന്നില്ല. എന്നാൽ എനിക്ക അശേഷം വയ്യാ. ഇതാണ് പ്രകൃതി."

"ശരി. ഇരിക്കട്ടെ. നിങ്ങടെ കയ്യ് നീട്ടി കാണിക്കൂ. ഞാൻ ആദ്യംതന്നെ നാഡി ഒന്നു പരിശോധിക്കട്ടെ."

കുമാരനുണ്ണി കയ്യു നീട്ടികാണിച്ചു. ഡാക്ടർ നാഡി പരിശോധിച്ചശേഷം, "വരട്ടെ; ഇവിടെ മലൎന്നു കിടക്കു. നിങ്ങളുടെ നെഞ്ചും ഹൃദയവുംകൂടി ഒന്നു പരിശോധിക്കട്ടെ. ഷട്ടഴിക്കു"

ഡാക്ടരുടെ ആവശ്യപ്രകാരം കുമാരനുണ്ണി ഷട്ടഴിച്ചു അടുത്തുള്ള കോച്ചിന്മേൽ മലൎന്നു കിടന്നു. ഡാക്ടർ തൻെറ കുപ്പായകീശയിലുള്ള "സ്റ്റെതസ്കോപ്പ്" കുഴലെടുത്ത് കുമാരനുണ്ണിയുടെ മാറത്തും നെഞ്ചത്തും അവിടവിടെ പല സ്ഥലങ്ങളിലുംവെച്ചു വളരെ ശ്രദ്ധയോടുകൂടി പരിശോധിച്ചു. ഒടുവിൽ ഡാക്ടർ അല്പം കുണ്ഠിതത്തോടുകൂടി.

"കുമാരാ, നിങ്ങൾക്ക ആഹാരത്തിന്നു ഒട്ടും രുചിയില്ലാത്തപോലെ തോന്നുന്നുണ്ടോ? ഉറക്കവും നന്നേ കഷ്ടിയായിരിക്കും അല്ലെ. നെഞ്ചത്തു വല്ല വേദനയും ഇടക്കിടെ ഉണ്ടാകാറുണ്ടോ."

"ഹാ! ഡാക്ടർമാരുടെ ഒരു ബുദ്ധിനോക്കൂ! കുറിക്കുകൊണ്ടു. നല്ലപോലെ ആലോചിച്ചിട്ടാണ് ഡാക്ടർ ചോദിക്കുന്നത്. പറഞ്ഞതെല്ലാം വാസ്തവമാണ്—ആഹാരം തീരെ കഴിക്കുന്നില്ലെന്നു പറയാം. ആഹാരത്തിൽ അഭിരുചിയില്ലെന്നു മാത്രമല്ല അതിലൊരു

വെരുപ്പും. ഉറക്കം തീരെ ഇല്ല. ഇന്നേക്കു പത്തുപതിനഞ്ചു ദിവസമായി കണ്ണിന്റെ പോള അടിച്ചിട്ട്. നെഞ്ചത്തും സർവ്വാംഗങ്ങളിലും വേദനയുണ്ട്. ഇടക്കിടെ ഒരു ചുമയും."

"ശരി—പിന്നെ."

"കഷ്ടം അതൊന്നുമല്ല ഡാക്ടരെ! എനിക്കുള്ള സങ്കടം. ആഹാരം കഴിച്ചില്ലെങ്കിൽ പോട്ടെ. അത്ര സാരമില്ല. ഉറക്കമില്ലാത്തതാണ് പരമസങ്കടം. ഇതോൾക്കുമ്പോഴം വല്ല വിധേനയും ജീവനെ കളഞ്ഞാൽ മതിയെന്നുകൂടി തോന്നാറുണ്ട്. ദയവുചെയ്തു ഒരു കാര്യംവേണം. കറുപ്പിൻേറയോ കഞ്ചാവിൻേറയോ സത്തുചേർത്ത മരുന്നൊന്നും ഉറക്കത്തിന്നുവേണ്ടി തരരുത്. അതൊക്കെ ഞാൻ വളരെ സേവിച്ചിട്ടുണ്ട്. ഒരു ഗുണവും കണ്ടില്ല. പറഞ്ഞുവന്നാൽ ഞാൻ സേവിക്കാത്ത മരുന്നുകൾ ചുരുക്കമാണ്. ഒരു മരുന്നും ഒരു ഉപകാരവും ചെയ്തിട്ടില്ല. ഈ ലോകമേ വെറുത്തു ഡാക്ടരെ! ഇതെന്തൊരു ശനിപിടിച്ച രോഗമാണ്—എന്താ ഡാക്ടർ ഞാൻ പറയുന്നതൊന്നും ശ്രദ്ധിക്കുന്നില്ലെന്നുണ്ടോ? തലയും താഴ്ത്തി വിചാരമഗ്നനായിരിക്കുന്നു."

പെട്ടെന്നു ചുമവരികയാൽ കുമാരനുണ്ണി സംസാരം നിർത്തി ചുമച്ചു ചുമച്ച് തലയും താഴ്ത്തി അല്പം കിതപ്പോടുകൂടി കസേലയിൽ ചാരിയിരുന്നു.

ഡാക്ടർ പറഞ്ഞു: "അതേ, ഞാൻ വിചാരമഗ്നനായിട്ടുതന്നെയാണിരുന്നതു്. 25 വയസ്സ് തികഞ്ഞിട്ടില്ല. അതിന്നുള്ളിൽ ഇഹലോകവാസത്തിൽ വെറുപ്പു തട്ടിക്കഴിഞ്ഞു. ജീവിതം ബഹുഭാരമായും ഭവിച്ചു. പരിഷ്കാരം പരമകാഷ്ഠയെ പ്രാപിച്ചിട്ടുള്ള കാലത്തിന്റെ കോലമായിരിക്കാം ഈ ഇരിക്കുന്നതു്. കഷ്ടം!"

"മതി ഡാക്ടർ! എനിക്കു നിങ്ങളോടു വായടിക്കാൻ വയ്യ. ഇപ്പോഴംതന്നെ തൊണ്ട വററി. ആരാ അവിടെ? രാമാ! കുറച്ചു സോഡാ കൊണ്ടുവാ.

ഇനി എന്താ ഡാക്ടരുടെ ഏർപ്പാട്, മരുന്നിനു കുറിച്ചുതന്നിട്ട് ഞങ്ങളൊക്കെ ചെറുപ്പക്കാര്. വൈകുന്നേരമായാൽ പിന്നെ സമയം കളയാൻ ഞങ്ങൾക്കു ഒരു പ്രയാസവുമില്ല. ക്ലബ്ബിൽ പോകാം. ശീട്ടുകളിക്കാം, കണ്ടവരെയൊക്കെ കണ്ടു തെറിപറയാം, നടക്കാൻ പോകാം, കൊക്കാലെ പോയി വഞ്ചികളിക്കാം, തേക്കിൻകാട്ടിലിരുന്നു കാററുകൊള്ളാം, പല കാഴ്ചകളും കാണാം, വിസ്കി കുടിക്കാം, സിനിമക്കു പോകാം, ചെറുപ്പക്കാരികളെ കണ്ണടിച്ച് . . ."

ഡാക്ടർ കുറെ ഗൌരവത്തോടുകൂടി "മതി, മതി കുമാരാ, നിൽത്തു. പ്രസംഗിച്ചതു മതി. നിങ്ങൾക്കിപ്പോൾ വന്നുകൂടീട്ടുള്ള രോഗം എന്താണെന്നും അതു ഇപ്പോൾ ഏതു സ്ഥിതിയിലെത്തിയിരിക്കുന്നുവെന്നും നിങ്ങൾക്കുതന്നെ അറിവില്ല. ഉണ്ടെങ്കിൽ ഈ തരത്തിൽ സംസാരിക്കയില്ല"

ഇതിലിടക്കു രാമൻ രണ്ടുകുപ്പി സോഡയും രണ്ടു ഗ്ലാസ്സ് ടംബ്ളറും ഒരു തുറന്ന കുപ്പി വിസ്കിയും കൊണ്ടുവന്നു മേശപ്പുറത്തു വെച്ചു. ഉടനെ ഡാക്ടർ ആ വിസ്കി എടുത്തു അടുത്തു രോഗിക്കു തുപ്പുവാൻ വെച്ചിട്ടുള്ള കോളാമ്പിയിൽ തലകീഴായി ഒഴിച്ചുകളഞ്ഞു.

"കുമാരാ! നിങ്ങളെ ഈ സ്ഥിതിയിലാക്കുവാൻ സഹായിച്ച ചങ്ങാതിമാരിൽ ഒരു പ്രധാനിയാണ് ഇപ്പോൾ ഈ കുപ്പിയിൽനിന്നു കോളാമ്പിയിലേക്കു ചാടിയതു്. നിങ്ങളുടെ ജീവനെ രക്ഷിക്കേണമെന്നു കരുതി വന്നിരിക്കുന്ന എന്റെ മുമ്പിൽ ഈ ശത്രുവിനെ പ്രവേശിപ്പാൻ ഞാൻ അനുവദിക്കയില്ല. ഞാൻ കാണാതെ നിങ്ങൾ കുടിക്കുന്നതായാൽ അതിനു നിങ്ങളുടെ ജീവൻതന്നെ ഉത്തരവാദിയായിത്തീരും. അതിന്നു യാതൊരു സംശയവുമില്ല.

"എന്താ ഡാക്ടർ! അപ്പോഴേക്കും എന്നെ വല്ലാതെ ഭയപ്പെടുത്തുന്നതു്. മരിക്കുമായിരിക്കും. അതിനുമേലെ ഒന്നും വരാനില്ല. എനിക്കും അറിയാം ചിലതൊക്കെ. മരിക്കുന്നതായാലും സുഖം അനുഭവിച്ച ശേഷമല്ലെ "ജനിക്കു മന്നന്നുടനെ മരിക്കും മുനിക്കുമുള്ളോരു ശരീരനാശം". ഇപ്പോൾ പിന്നെ എന്ന ഒരു വ്യത്യാസം മാത്രം. ഹാ! എത്ര നല്ല വിസ്കിയായിരുന്നു! മുഴുവൻ ഒഴിച്ചു കളഞ്ഞോ? അതൊ വല്ലതും ബാക്കിയുണ്ടോ എവിടെ. ആ കുപ്പി ഇങ്ങോട്ടു തരു ഒന്നു മണത്തെങ്കിലും നോക്കട്ടെ".

ഡാക്ടർ ഉറച്ചസ്വരത്തിൽ "കുമാരാ, ഇഷ്ടമുണ്ടെങ്കിൽ മതി. ഞാൻ പറയുന്നതു ശ്രദ്ധവെച്ചു കേട്ടാൽ നിങ്ങൾക്കു ഗുണമായിരിക്കും. സകല സൽഗുണസമ്പന്നയായ നിങ്ങളുടെ അമ്മയും ഞാനും സമപ്രായക്കാരാണ്. ഞങ്ങൾ ബാല്യം മുതല്ക്കു ഒരുമിച്ചു കളിച്ചുവളൎന്നവരാണ്. ആ സാദ്ധ്വിയുടെ പേരിൽ എനിക്കുള്ള സ്നേഹവും ബഹുമാനവും പറഞ്ഞറിയിക്കാൻ പ്രയാസം. നിങ്ങൾ ശിശുവായിരുന്നകാലത്തുതന്നെ ആ മഹതി മരിച്ചുപോയി. ഒരു കണക്കിന് അതു നന്നായി എന്നു ഇപ്പോൾ തോന്നുന്നു. ആ സ്ത്രീക്കു മകന്റെ

ഈ ദുരിതം കണ്ടു മനസ്സുരുക്കാതെ കഴിഞ്ഞു. കുമാരാ, നിങ്ങളുടെ അമ്മയോടുള്ള എൻെറ അകൈതവ ഭക്തിബഹുമാനാദരങ്ങളെ മുൻനിൎത്തി ഞാനിതാ നിങ്ങളോടു ഉപദേശിക്കുന്നു. അതു എൻെറ ചുമതലയാണ്. നിങ്ങളുടെ ജനനമാകട്ടെ മലബാറിൽവെച്ചു ഏററവും പുരാതനമായ ഒരു കുടുംബത്തിൽ. ധനംകൊണ്ടു നിങ്ങൾ കുബേരൻ തന്നെ. വൎഷത്തിൽ ഒന്നരലക്ഷുപ്പറ നെല്ലു മിച്ചവാരം പിരിയുന്ന പൂപ്പള്ളി സ്വരൂപത്തിലെ അടുത്ത അവകാശി. "രാജകീയ വിദ്യാൎത്ഥി പാഠശാല"യിൽ അഞ്ചാറുവൎഷം പഠിച്ചു വേണ്ട അറിവും സമ്പാദിച്ചിട്ടുണ്ടു്. സൌന്ദൎയ്യത്തിന്നു കാമദേവൻകൂടി സലാംവെക്കും എന്തിനധികം പറയുന്നു. കുലം, ധനം, വിദ്യാ സൌന്ദൎയ്യം ഇത്യാദി സൎവ്വസൌഭാഗ്യങ്ങളും തികഞ്ഞ ഇങ്ങിനെയുള്ള ഒരു പുരുഷനെ കണ്ടുകിട്ടുവാൻ ഇക്കാലത്തു വളരെ പ്രയാസമാണ്. മുജ്ജന്മപുണ്യപരിപാകംകൊണ്ടു നിങ്ങൾക്കു സിദ്ധിച്ചിരിക്കുന്ന ഈ ശ്രേയസ്സുകളെ വേണ്ടവിധത്തിൽ അനുഭവിക്കാതെ ജീവിതം വ്യൎത്ഥമാക്കിത്തീൎത്ത് നാട്ടുകാൎക്കും വീട്ടുകാൎക്കും പരിഹാസത്തിന്നു പാത്രമായി യൌവനത്തിലെ ആദ്യദശയിൽതന്നെ ഇപ്രകാരം മൃത്യുശയ്യാഗതനായിത്തീൎന്ന നിങ്ങളോടു ഞാനെന്തു പറയട്ടെ. ഈ ഇരുപത്തഞ്ചു വയസ്സിനുള്ളിൽ നിങ്ങൾ കുടിച്ചുതീൎത്ത വിസ്കികു കണക്കുണ്ടോ? നിങ്ങൾ ഒരു മണിക്കൂറിൽ വലിക്കുന്ന സിഗററുകളുടെ എണ്ണം എത്ര. ഏതെല്ലാം നാടകക്കളിക്കാരികളിൽ എന്തെല്ലാം വികൃതികളാണ് നിങ്ങൾ ചെയ്തിട്ടുള്ളതു്. ആലോചിച്ചു നോക്കൂ. പതിവ്രതമാരായ എത്രയെത്ര സ്ത്രീ ജനങ്ങളുടെ മാനഭംഗമാണ് നിങ്ങൾ വരുത്തീട്ടുള്ളതു്. നാം ഇരിക്കുന്ന ഈ മുറിതന്നെ ദിവസേന എത്രയെത്ര കുലടകളുടെ കേളീരംഗമായിതീൎന്നിട്ടുണ്ടു്. അഭാസം. അപമാനം. ഈ സംഗതിയെപ്പററി ആലോചിക്കുംതോറും ഉണ്ണീ കുമാരാ എൻെറ ദേഹം നടുങ്ങുന്നു. നിങ്ങളുടെ അമ്മയുടെ കാലത്തു ദശാവതാരങ്ങളാലും ശ്രീകൃഷ്ണലീലകളാലും ചിത്രീകരിച്ചിരുന്ന ഈ നാലു ചുമരുകളും—നോക്കൂ—വിഷപാപബീജങ്ങളിടകലൎന്നു മൂൎത്തീകരിച്ചു അറുംകുലടകളുടെ ചിത്രങ്ങളല്ലെ ഇതാ ഈ തൂങ്ങുന്നത്! നിങ്ങളുടെ പ്രവൃത്തി നിങ്ങൾക്കു മാത്രമോ അപമാനം വരുത്തുന്നതു്. അല്ല. നിങ്ങളുടെ ദുൎന്നടവടി കാരണം നിങ്ങളുടെ പരിപാവന സ്വരൂപത്തിലേക്കു തട്ടിയിരിക്കുന്ന മാനഹാനിയും ഉടവും എത്രയാണെന്നു നിങ്ങൾക്കു വല്ല രൂപവുമുണ്ടോ. പരമ സാദ്ധ്വിയായ ആ മഹതിയുടെ മകനായ് ഇങ്ങ

നെ വഷളനായ ഒരു കുട്ടിയെ കാണ്മാൻ ഇടയായതു എൻെറ കാല ദോഷം തന്നെ. നിങ്ങളുടെ ഇപ്പൊഴത്തെ കൂട്ടുകെട്ടും സഹവാസവും മാത്രമാണ് നിങ്ങളെ ഇത്രയും വഷളാക്കിത്തീൎത്തതു്. നിങ്ങളുടെ ഇപ്പൊഴത്തെ ചങ്ങാതിമാരാണ് നിങ്ങളുടെ ഈ ദയനീയസ്ഥിതിക്കു ഉത്തരവാദികൾ. കുമാരാ ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കു. വൈദ്യൻെറ നിലക്കു എനിക്കു രോഗം പരിശോധിച്ച് മരുന്നു കുറിച്ചു തന്നാൽ മാത്രം മതി. എന്നാൽ മനോരമ നൈത്യാരുടെ ആശ്രിതനായ ഒരു സ്നേഹിതൻെറ നിലക്കു ആ നൈത്യാരുടെ മകനെ ചികിത്സിക്കാനാണ് ഞാൻ വന്നിരിക്കുന്നതു്. അമിതമായ മദ്യപാനവും സ്ത്രീ സേവയുമാണ് ഈ രോഗത്തിനു പ്രധാന കാരണം. മുഷിയരുതു്. കാൎയ്യംപറയുന്നതിൽ ഞാൻ മുഖംനോക്കാറില്ല. സിഗററവലി മുതലായ പ്രവൃത്തികൾ രോഗവൎദ്ധനക്കു എളുപ്പത്തിൽ സഹായിച്ചു. ഇപ്പോൾ രോഗം ഏകദേശം മൂൎദ്ധന്യത്തിൽ എത്താറായിരിക്കുന്നു. ഉടനെ പറയുംപോലെ വേണ്ടമാതിരി ചികിത്സിച്ചാൽ പക്ഷെ ഭേദംകിട്ടും. ഉപേക്ഷവന്നാൽ ഉടനെ മരണം നിശ്ചയമാണ്.

"ഉം, ഉം, നിൎത്തേണ്ട. ശേഷവും കേൾക്കട്ടെ. ഹാ! എന്തൊരു പ്രസംഗം കയ്യുളേ! ദിവസവും ഉച്ചക്കു വരൂ. നേരംപോകാൻ നല്ലൊരു വിദ്യയാണ്. വിസ്കിയും സിഗററും ഉപേക്ഷിക്കയത്രേ! അസ്സലായി. എന്നാൽ ജീവിതത്തിലെ പകുതി സുഖവും അസ്സു. സ്ത്രീകളെ ഉപേക്ഷിച്ചാൽ—"

ഡാക്കൎ വെറുപ്പോടെ "ഞാൻ നിങ്ങളുടെ അഭിപ്രായം ചോദിച്ചില്ല. ഡാക്കരുടെ നിലക്കും നിങ്ങൾ എന്നോടു ചോദിച്ചസ്ഥിതിക്കും നിങ്ങളുടെ രോഗകാരണം പറഞ്ഞു. രോഗശമനത്തിനു ആവശ്യം വേണ്ടതായ ഉപദേശങ്ങൾ തരുവാനും ഞാൻ ബാദ്ധ്യസ്ഥനാണ്. അപ്രകാരം ഞാൻ ഉപദേശിക്കുകയും ചെയ്യും. നിങ്ങൾ കേട്ടു നടന്നാലും ശരി ഇല്ലെങ്കിലും ശരി"

"എന്താ ഡാക്കൎ അപ്പോഴേയ്ക്കും മുഷിഞ്ഞോ? ഞാൻ മേലാൽ പ്രവൃത്തിക്കേണ്ടതു എന്തെല്ലാമാണ്. പറയണം. അതുപ്രകാരം നടപ്പാൻ ഞാൻ തയ്യാറാണല്ലൊ."

"എനിക്കെന്തിനാ മുഷിച്ചൽ. എനിക്കു നിങ്ങളോടു അധികമൊന്നും പറയാനില്ല. ആദ്യമായി നിങ്ങൾ വേണ്ടതു നിങ്ങളുടെ ചങ്ങാതിമാരെന്നു നടിച്ച് നിങ്ങളെ ചുററിപ്പററിക്കൂടിയിരിക്കുന്ന കുളന്മാരെ ദുഷ്ടമൃഗങ്ങളെപ്പോലെ ദൂരെ ആട്ടിപ്പായിക്കുക.

*

പിന്നീട് ഈ രോഗത്തിന്നു കാരണഭൂതമായ ദുൎന്നടപടികളെ നിശ്ശേഷം വിടുക. വഞ്ചികളി, കുതിരസവാരി മുതലായവയിൽ ശരീരത്തിന്നു പൂൎണ്ണസുഖം ലഭിക്കുന്നതുവരെ പ്രവേശിക്കരുതു്. നായാട്ടു മുതലായ ശ്രമവൎദ്ധകങ്ങളായ വ്യായാമങ്ങൾ തല്ക്കാലം നിൎത്തുക. ശുദ്ധവായു ധാരാളം ശ്വസിക്കണം. അതിവ പട്ടണവാസം തീരെ വെടിയണം. ഈ രണ്ടു സംഗതികളും ഒഴിച്ചുകൂടാത്തതാണു്. ഒരു മൂന്നു മാസത്തേക്കെങ്കിലും ജലസൌഖ്യമുള്ളതും ശുദ്ധവായു ധാരാളം കിട്ടുന്നതും ജനബാഹുല്യമില്ലാത്തതും ചളിപ്രദേശമല്ലാത്തതും ആയ വല്ല നാട്ടുപ്രദേശങ്ങളിലും താമസമായാൽ വളരെ ഉത്തമം. മരുന്നു വിശേഷാൽ യാതൊന്നും ഇപ്പോൾ വേണ്ട. വൈകുന്നേരസമയത്തു പതിവായി ഒന്നു രണ്ടു നാഴിക നടക്കാം. ഇപ്രകാരമെല്ലാം ചെയ്താൽ രണ്ടു മൂന്നു മാസത്തിന്നുള്ളിൽ നിങ്ങളുടെ നശിച്ചുപോയ ഓജസ്സും ആരോഗ്യവും വീണ്ടും ലഭിക്കും. നിങ്ങളുടെ രോഗം നിശ്ശേഷം നശിക്കുകയും ചെയ്യും. എന്റെ അഭിപ്രായത്തിൽ മലയാററൂർ നിങ്ങൾക്കു പററിയ സ്ഥലമാണു്."

"ഒരു ഭാഗവതം പുസ്തകവും കൈയ്യിലെടുത്തു വല്ല അമ്പലങ്ങളിലും ചെന്നിരുന്നു വായിക്കുക. അല്ലേ ഡാക്ടർ എന്നാൽ എല്ലാം പൂൎത്തിയായി. ഇതെന്തേ പറയാൻ വിട്ടുപോയതു്."

"അതിന്റെ ഫലം അതിനു കിട്ടും. കുമാരനുണ്ണീ! ഇത്രത്തോളം മതി. ഇനി ഞാൻ യാതൊന്നും നിങ്ങളോടു പറയുന്നില്ല. നിങ്ങളുടെ ഇഷ്ടപ്രകാരമെല്ലാം നടക്കാം."

ഡാക്ടർ ഇത്രയും പറഞ്ഞു അല്പം നീരസഭാവത്തോടെ എഴുനീററു പോകുവാൻ ഭാവിച്ചു.

"അല്ല, ഡാക്ടർ ഇത്രവേഗത്തിൽ എഴുനീററോ! ഇരിക്കു. ഞാൻ പറഞ്ഞതെല്ലാം വെറും നേരംപോക്കാണെ. നിങ്ങളുടെ ഉപദേശപ്രകാരം എല്ലാം നടക്കാൻ ഞാൻ ഒരുക്കമാണു്. സുഖക്കേടു വിചാരിക്കരുതു്. അണുവും വ്യത്യാസം വരുത്തില്ല."

"എനിക്കു യാതൊരു സുഖക്കേടുമില്ല. നിങ്ങൾക്കു തോന്നിയ മാതിരിയെല്ലാം ചെയ്യാം. ചെറിയ കുട്ടിയല്ലല്ലോ നിൎബ്ബന്ധിക്കാൻ. എനിക്കു വേറെ പല രോഗികളേയും പരിശോധിക്കേണ്ടതുണ്ടു്. സമയവും പൊയ്പോയി. നിങ്ങൾ സൌഖ്യമായി ഇരുന്നു കാണാനാഗ്രഹിക്കുന്നു. എന്നാൽ വരട്ടെ! സലാം."

ഡാക്ടർ ഇത്രയും പറഞ്ഞു പുറത്തേക്കിറങ്ങി. കുമാരനുണ്ണി

ഡാക്ടരെ "വഴിക്കൂട്ടി"യശേഷം തിരികെവന്നു ഒരു ചാരുകസേലയിൽ കിടന്നു ഓരോന്നു വിചാരിച്ചു.

"കയ്മൾ ചില്ലറക്കാരനല്ല എം. ഡി. പരീക്ഷ പാസ്സായി പത്തു മുപ്പത്താറുകൊല്ലത്തെ സർവ്വീസ്സുള്ളാളാണ്. നാട്ടു ചികിത്സയും നല്ലവണ്ണമറിയാം. അദ്ദേഹം പറഞ്ഞാൽ കറികളകൊള്ളും. അദ്ദേഹം പരിശോധിച്ചഭിപ്രായം പറഞ്ഞിട്ടുള്ള അനേകം കേസ്സുകൾ എനിക്കനുഭവമുണ്ട്. സർവ്വജനങ്ങൾക്കും അദ്ദേഹത്തെ വളരെ ബോധ്യമാണ്—അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ എനിക്കു ക്ഷയമാണോ എന്നുകൂടിധ്വനിക്കുന്നുണ്ട്. അയ്യോ ക്ഷയംപിടിച്ചാൽ പിന്നെ—ഇത്രഭയങ്കരം!"

അദ്ദേഹത്തിന്റെ ചികിത്സാവിധികളാകട്ടെ സാമാന്യക്കാൎക്കു ചിരിവരും. മരുന്നൊന്നും വേണ്ട. ആഹ്ലാദകരങ്ങളായ ഒന്നിലും ഏൎപ്പെടരുത്. ഇവിടം വിടണം. പിന്നെ പോകേണ്ടതു മലയാററൂരും. ഒരാളെപോലും കൂടെ കൊണ്ടുപോകരുതെന്നും. ഞാൻ തനിച്ച് ഒരു കാട്ടുപ്രദേശത്തു നാലഞ്ചുമാസം ശുമ്മാ ഇരുന്നു കഴിച്ചുകൂട്ടുക. പോയില്ലെങ്കിലോ? അയ്യോ അതുവയ്യാ. പറഞ്ഞതിന്നപേക്ഷവരുത്തിയാൽ മരണമാണ് ഫലമെന്നല്ലെ പറഞ്ഞതു്. ഇനി താമസിക്കില്ല. നാളെതന്നെ പുറപ്പെട്ടുകളയാം. അതാണ് നല്ലതു്. ഡാക്ടർമാർ ക്ഷയത്തിന്നു മദനപ്പിള്ളി മുതലായ സ്ഥലങ്ങളിലേക്കു രോഗികളെ അയക്കാറില്ലേ. എനിക്കു ക്ഷയമായിരിക്കയില്ല എന്നാൽ മലയാററൂൎക്കല്ലെ അയക്കുക. അവിടെയും ആളുകളുണ്ടാകും. ചെന്നു നോക്കി നാട്ടു പിടിച്ചില്ലെങ്കിൽ മടങ്ങാമല്ലൊ. മലയാററൂരേ! എന്തു കാട്ടുപ്രദേശമോ? വല്ലവരും അവിടെ ഉണ്ടെങ്കിൽതന്നെ ശുദ്ധ കാടന്മാരെപ്പോലെ പരിഷ്കാരം ലവലേശം തീണ്ടീട്ടില്ലാത്ത വകക്കാരായിരിക്കും. ഏതായാലും പോകതന്നെ. ഡാക്ടർ പറഞ്ഞതനുസരിച്ചില്ലെന്നു വേണ്ട.

ആസകലാൽ കുമാരനുണ്ണിക്കു ഡാക്ടർ കയ്മൾ വന്നുപോയതിന്നു ശേഷം വലിയ മനോരാജ്യത്തിന്നിടയായി. ഒടുവിൽ അദ്ദേഹം മലയാററൂൎക്കു പുറപ്പെടുകതന്നെ എന്നു തീൎച്ചയാക്കി.

ഒന്നാം അദ്ധ്യായം കഴിഞ്ഞു.

——:o:——

## അദ്ധ്യായം രണ്ടു്

പൂപ്പള്ളിസ്വരൂപം തൃശ്ശിവപേരൂരുനിന്നു് ആറുനാഴിക തെക്കുപടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഒരു ഉൾനാട്ടിലാണു്. പണ്ടു കൊച്ചിരാജാവിൻെറ പടനായകസ്ഥാനം പരമ്പരയായ് ഭരിച്ചുവന്നിരുന്നതു് ഈ സ്വരൂപത്തിലെ കാരണവന്മാരായിരുന്നു. എന്നാൽ ശക്തൻതമ്പുരാൻെറ അവസാനത്തോടുകൂടി ഈ സ്വരൂപത്തിലെ പടനായകസ്ഥാനവും നാമാവശേഷമായി. ഓരോരോ കാരണവന്മാർ ഓരോരോ കാലങ്ങളിൽ കാണിച്ചിട്ടുള്ള യുദ്ധവൈദഗ്ദ്ധ്യവും അമാനുഷപരാക്രമങ്ങളും കണ്ടു സന്തോഷിച്ചു് അന്നന്നു നാടുവാണ മഹാരാജാക്കന്മാരിൽനിന്നു അനേകം ഭൂസ്വത്തുക്കൾ കരമൊഴിവായി ഈ സ്വരൂപത്തിലേക്കു ലഭിച്ചിട്ടുണ്ടു്. "വെട്ടാൻ വാളും കെട്ടാൻ കയറും" എന്നീ ബഹുമതികൾ ഈ സ്വരൂപത്തിലെ ശാശ്വത നേട്ടങ്ങളാണു്. സമ്പത്തുകൊണ്ടും സ്ഥാനവലുപ്പം കൊണ്ടും പൂപ്പള്ളിസ്വരൂപം കേരളത്തിലെ ഒരു പ്രധാനകുടുംബം തന്നെ. എന്നാൽ പുരാതന കാലം മുതല്ക്കു സന്തതിയുടെ കാര്യം കുറെ പരുങ്ങലായിട്ടാണു് ഇവിടെ കണ്ടുവരാറുള്ളതു്. ഏതോ ഒരു കാലത്തു ഈ കുടുംബത്തിലെ ഒരു കാരണവർ ഒരു സർപ്പത്തെ കൊന്നിട്ടുണ്ടെന്നും അതു നിമിത്തമുള്ള സർപ്പശാപമാണു് സന്തതിശൂന്യതയ്ക്കുള്ള കാരണം എന്നു ചില പഴമക്കാർ പറയുന്നതു് വിശ്വാസയോഗ്യമാണെങ്കിൽ അങ്ങനെ ആയിക്കൊള്ളട്ടെ. ദൈവകാരുണ്യംകൊണ്ടു ഈ സ്വരൂപം ഇന്നേവരെ അന്യം വരാതെ നിലനിന്നു. മൂപ്പിന്നും ഇളമിന്നും കഴിച്ചാൽപിന്നെ അവിടെയുള്ളവർ മൂന്നു നാലു തള്ളമാരാണു്. പ്രസവിക്കാത്തതായ ഒരു പെൺകുട്ടിമാത്രമേയുള്ളു. ആ കുട്ടിക്കു ഏഴുവയസ്സേ ആയിട്ടുമുള്ളു. പിന്നെയുള്ളതു് മൂന്നാലാൺകുട്ടികളാണു്. അന്യംവരാതെ തറവാടു് നിലനില്ക്കേണമെങ്കിൽ ഈ പെൺകുട്ടിക്കു മക്കളുണ്ടാവണം.

മൂപ്പിലെ നാമധേയം വിക്രമനുണ്ണിയെന്നാണു്. കുമാരനുണ്ണി വിക്രമനുണ്ണിയുടെ നേരെ മരുമകനാണു്. മൂപ്പിലെ പ്രകൃതം ആകപ്പാടെ തരക്കേടില്ല. അന്യസ്വത്തുക്കൾ തനിക്കു കിട്ടേണമെന്ന ഏക വിചാരമേ അവിടത്തേക്കുള്ളു. ആക്കനുഭവിക്കാനാണാവോ ആ സ്വത്തുക്കൾ! ആ വിചാരം അവിടുത്തെ ചിന്തക്കു വിഷയീഭവിച്ചിട്ടില്ല. ആവശ്യമുള്ള കാര്യങ്ങളിൽ കണക്കിലേറെ ലുബ്ധനാണെങ്കിലും അനാവശ്യങ്ങളിൽ പണംവലിച്ചെറിയുവാൻ യാതൊരു മടിയുമി

ല്ലാത്താളാണ് വിക്രമനുണ്ണി. അവിടുന്നു ഒരു മാതിരി ബുദ്ധിയും തന്റേടവും ഉള്ളാളാണെന്നു സാധാരണക്കാർ പറയും. എന്തായാലും മുഖസ്തുതിയിൽ അവിടക്കു വലിയ പത്ഥ്യമാണ്. അതു സ്ത്രീകളുടെ വായിൽനിന്നായാൽ പറയാനില്ല. ആ സ്ത്രീകൾക്കു സൌന്ദര്യത്തിന്റെ വല്ല പൊട്ടോ പൊടിയോ ഉണ്ടെങ്കിൽ വിക്രമനുണ്ണി തന്നെതന്നെ മറക്കും. പൂപ്പള്ളി സ്വരൂപത്തിലെ ഗൌരവത്തിന്നു അല്പം കുറവാണെങ്കിലും കാരണവർ ഒരു സ്ത്രീജിതനാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇപ്പോളവിടെക്കു പ്രായം അറുപത്തഞ്ചോളമായി മുൻകോപി അല്ലെങ്കിലും ക്ഷമ അശേഷം പോരാ എന്നൊരു തെററു സകലരും അദ്ദേഹത്തിൽ ആരോപിക്കുന്നുണ്ട്. ഇങ്ങനെഒക്കെ ആണെങ്കിലും ആകപ്പാടെ അദ്ദേഹം ഒരു ശുദ്ധനാണ്.

കുമാരുണ്ണിയുടെ നടപടിയിൽ കാരണവക്കു അത്ര രസമുണ്ടായിരുന്നില്ല; എന്നാൽ മരുമകനെ അമ്മാമൻ ഗുണദോഷിക്കാറുമുണ്ടായിരുന്നില്ല. മൂപ്പിലേക്കു തന്നോടു രസമില്ലെന്നു മനസ്സിലായപ്പോൾ കുമാരനുണ്ണി കുടുംബംവിട്ടു തൃശ്ശിവപേരൂര് താമസമാക്കി. കാരണവക്കെഴുതി അയച്ചു മാസംതോറും തനിക്കുള്ള അലവൻസ് തൃശ്ശൂർ ഇംപീരിയൽ ബാങ്കിൽ അടക്കുവാൻ ഏൎപ്പാടുചെയ്തു. അനന്തിരവൻ കുടുംബംവിട്ടു മാറിത്താമസമാക്കിയതിൽ കാരണവക്കു യാതൊരു വൈമനസ്യവുമുണ്ടായില്ല. അദ്ദേഹം സന്തോഷിച്ചതേയുള്ളൂ. കാരണം തന്റെ ചില സ്വകാര്യകാര്യങ്ങൾക്കു കൂടുതൽ സൌകര്യം ലഭിച്ചുതന്നെ. തൃശ്ശിവപേരൂർ പട്ടണത്തിൽ സ്വരൂപം വക നാലഞ്ചു കെട്ടിടങ്ങളുള്ളതിൽ പരിഷ്കാരംകൊണ്ടും അന്തസ്സുകൊണ്ടും ശ്രുതിപ്പെട്ട "വിനോദമന്ദിര"ത്തിലാണ് കുമാരനുണ്ണി താമസമുറപ്പിച്ചതു്.

"വിനോദമന്ദിരം" വിനോദമന്ദിരം തന്നെയെന്നു പറയുന്നതിൽ അല്പവും അതിശയോക്തിയില്ല. മാനസോല്ലാസങ്ങളായ അനേകം വിശിഷ്ടവസ്തുക്കളാലലംകൃതമായ ഒരു രമ്യഹർമ്മ്യമാണ് വിനോദമന്ദിരം. ആരുടേയും മനസ്സിനെ, വിശിഷ്യാ, സുന്ദരിമാരായ ചെറു പെൺകിടാങ്ങളുടെ അപക്വമാനസത്തെ ഒരൊററ നോട്ടത്തിൽ ഹഠാൽ ആകർഷിച്ചിരുന്ന ആ കേളീസദനം കുമാരനുണ്ണിയുടെ അധിവാസം തുടങ്ങിയ അന്നുതൊട്ടു അനേകം സ്വേച്ഛശ്യമാരുടേയും നടികളുടേയും കൂത്തരംഗമായി പരിണമിച്ചു. ആ കാലത്തു കൊച്ചിയിലെ രണശൂരന്മാരായ നായക പ്രമാണികൾ ഭര

ണകാൎയ്യാദികളിൽ ചെയ്തിട്ടുണ്ടായിരുന്ന ഗൌരവമേറിയ ആലോചനകൾക്കു സാക്ഷ്യംവഹിച്ചിരുന്ന പൂമരുകളും അറകളും ഈ കാലത്തു കുമാരനുണ്ണിയുടെ രാസക്രീഡ കണ്ടു ഹാസ്യലജ്ജാ സമ്മിശ്രങ്ങളായ നോട്ടങ്ങളോടുകൂടി പുഞ്ചിരിക്കൊള്ളുന്നു. കാടുകളും തോടുകളും ഊടുവഴികളും കൊണ്ടു നിറഞ്ഞ ഭൂപടങ്ങളാലലംകൃതങ്ങളായ ഭിത്തികൾ ധാടിയും മോടിയും കൂടിയ പേടമാൻ മിഴികളുടെ കപട നോട്ടങ്ങളോടുകൂടിയ ഛായാപടങ്ങളാൽ വികൃതപ്പെട്ടിരിക്കുന്നു. ഒരുകാലത്തു ഗാംഭീൎയ്യമേറിയ പുരുഷകേസരികൾക്കു കൂടി മനഃചാഞ്ചല്യം കൂടാതെ പ്രവേശിപ്പാൻ അസാദ്ധ്യമായിരുന്ന പ്രദേശങ്ങളിൽ ഇപ്പോൾ ഭയശീലകളായ അനേകം പേടമാൻ കണ്ണികൾ നിൎഭയം വിഹരിച്ചാനന്ദിക്കുന്നു. അനേകം വിശിഷ്ട ഗ്രന്ഥങ്ങളും രാജ്യഭരണസംബന്ധമായ വളരെ വിലപ്പിടിച്ച റിക്കാട്ടുകളും ഒരുകാലത്തു സൂക്ഷിച്ചിരുന്ന അറകൾ ഇപ്പോൾ ദന്തപല്യങ്കങ്ങളാലും ധൂളിമെത്തകളാലും തുപ്പൽ കോളാമ്പികളാലും വെററിലത്താലങ്ങളാലും പരിശോഭിതമായിരിക്കുന്നു. താളിയോലകളിലെഴുതി ഗൃഹാന്തൎഭാഗത്തു സൂക്ഷിച്ചിരുന്ന വിശിഷ്ട അദ്വൈതഗ്രന്ഥങ്ങളിൽ തട്ടിവന്നിരുന്ന അതിപാവനമായ മന്ദമാരുതനാൽ ഒരുകാലത്തു പരിശുദ്ധമാക്കിയിരുന്ന ഇടങ്ങളിലെല്ലാം ഇതാ മദോന്മത്തകളായ മത്തകേശിനിമാരുടെ ചിത്തജപ്പോരാട്ടത്താലുൽഭൂതമായ ഗന്ധവാഹകൻ പരിലസിക്കുന്നു. വിനോദമന്ദിരത്തിൽ നിത്യോത്സവം കൊണ്ടാടുന്നു. ഉദ്യാനവിരുന്നു്, സദിരു്, പാട്ടുകച്ചേരി ഈ വകകളിൽ ഏതെങ്കിലുമൊന്നില്ലാത്ത ദിവസമില്ല.

കുമാരനുണ്ണി വിനോദമന്ദിരത്തിൽ വന്നു താമസം തുടങ്ങി ഒരാഴ്ചക്കുള്ളിൽ തന്നെ അദ്ദേഹത്തിൻെറ പേരും പെരുമയും പ്രസിദ്ധമായി. ഇത്രയും ഔദാൎയ്യമുള്ള ഒരു പുരുഷനെ വേറെ കാണുകയില്ലെന്നു മുക്കിലും മൂലയിലുംകൂടി പലരും പുകഴ്ത്തിത്തുടങ്ങി. പ്രത്യേകം സ്ത്രീ ജനങ്ങൾക്കു ഇദ്ദേഹം ഒരു കണ്ണിലുണ്ണിയായിത്തീൎന്നു; എന്നു മാത്രമല്ല, കുമാരനുണ്ണി സുന്ദരിമാരായ മന്ദഗാമിനിമാൎക്കു എന്നും തീരാത്ത ഒരു സംസാരവിഷയമായും ഭവിച്ചു. രണ്ടു സ്ത്രീകൾ കൂടിച്ചേൎന്നാൽ അവിടെ കുമാരനുണ്ണിയുടെ വൎത്തമാനമായി. "കണ്ടാൽ സൌന്ദൎയ്യം വേണം, രണ്ടാം സമ്പത്തും വേണം. നിത്യം കനകങ്ങളെ പൂജിക്കേണം." ഓഹോ! ഇതെല്ലാം കുമാരനുണ്ണിക്കു വേണ്ടതിലധികമുണ്ടു്. പലരും ഇദ്ദേഹത്തെ പല പ്രകാരത്തിലും സ്വാധീനിക്കാൻ ശ്രമിച്ചു. തേനുള്ള

ഇടം നോക്കി വണ്ടുകൾ മുരണ്ടുവരുന്നപോലെ, കുംഭകോണം, കോയമ്പത്തൂർ, മധുര മുതലായ ജില്ലകളിൽനിന്നുകൂടി ദാസികൾ പാട്ടിനും ആട്ടത്തിന്നും നടിച്ചു് എന്നു ഇവിടെ വന്നു് ഒന്നും രണ്ടും ആഴ്ച താമസിച്ചു സഞ്ചിയും മടിയും നിറച്ചു പോകുന്നതു അസാധാരണമല്ല. പല അമ്മമാരും ഇദ്ദേഹത്തെ തങ്ങളുടെ മക്കൾക്കു വരനായി ലഭിക്കാൻ പലവഴികളും തുഴഞ്ഞു നോക്കുന്നുണ്ടു്. അവരുടെ ഉദ്ദേശ്യസാദ്ധ്യത്തിന്നായി ഓരോരുത്തരും അവരാൽ സാധിക്കുന്നമാതിരി പല വിധത്തിലും അദ്ദേഹത്തെ സന്തോഷിപ്പിക്കാൻ ശ്രമിച്ചു തല പിന്നി, മുഖം മിനുക്കി പുറപ്പെടുവിച്ചു മക്കളോടുംകൂടി ചില അമ്മമാർ സദിരിന്നെന്നും ഉദ്യാനവിരുന്നിന്നെന്നും മററും ഉള്ള നാട്യത്തിൽ പലപ്പോഴും സ്വകാര്യത്തിൽ വിനോദമന്ദിരത്തിൽ പോയി വരാറുള്ളതു പരസ്യമായ ഒരു രഹസ്യമാണു്.

വമ്പിച്ച സമ്പത്തു്, സുന്ദരകളേബരം, ശൃംഗാരഭാവം, ഇങ്ങുവിട്ടു അങ്ങെത്താത്തപഠിപ്പു്, യൌവനക്കൊഴുപ്പു്, തനിക്കുതാൻനാഥൻ, താമസം തുള്ളിവപേത്തുരു്, ആശാസ്യമല്ലാത്ത സഹവാസം, ഒരാൾക്കു വഷളാകാൻ ഇനി എന്തുവേണം. നാലു സംവത്സരക്കാലത്തെ തുള്ളിവപേത്തുർ വാസംകൊണ്ടു ഓജസ്സു മൂർത്തികരിച്ചിരുന്ന ആ ദൃഢകായം വിളർത്തു ചടച്ചു പ്രേതതുല്യമായിത്തീർന്നു. വിസ്കികുടിയും സിഗററു വലിയും ഒഴിച്ചാലൊഴിയാത്ത ബാധയായി. ശരീരം ചടക്കുംതോറും ദുർവിഷയങ്ങളിലുള്ള ആസക്തി തടിച്ചുവന്നതേയുള്ളു. ഷാപ്പുകാരെ പോററിയും യോഷമാരെ താലോലിച്ചും ടീപാർട്ടി കഴിച്ചും സദിരു് നടത്തിയും ഒടുവിൽ കുമാരനുണ്ണി ഒരു വലിയ കടക്കാരനുംകൂടി ആയിത്തീർന്നു. പക്ഷെ കടക്കാർ ഇദ്ദേഹത്തിന്റെ തറവാട്ടുമഹിമയും മൂപ്പിന്നു നാടുനീങ്ങിയാൽ ലഭിക്കാവുന്ന സ്ഥാനവലുപ്പവും സ്ഥിതിയും ഓർത്തു വീണ്ടും വീണ്ടും കടംകൊടുക്കുവാൻ സന്നദ്ധരായതേയുള്ളു.

ശരീരസൌഖ്യം തീരെ നശിച്ചു ക്ഷയം എന്ന മഹാവ്യാധിയുടെ വക്കത്തു തൊടാറായ കാലമാണു് ഒരു ദിവസം സന്ദർഭവശാൽ ഡാക്ടർ കമ്മൾ വിനോദമന്ദിരത്തിൽ ചെന്നതു്. ഡാക്ടർ നാരായണകമ്മളുടെ സ്വദേശം ഗുരുവായൂരാണു്. ഇദ്ദേഹം ശീമയിൽപോയി ഏഴുകൊല്ലം എം. ഡി. പരീക്ഷയ്ക്കു "ക്ഷയം" പ്രത്യേകവിഷയമായി പഠിച്ചു ഒന്നാംക്ലാസ്സിൽ വിജയം നേടി സ്വരാജ്യത്തു മടങ്ങിവന്നു നാട്ടുകാരുടെ നന്മയെമുൻനിർത്തി പരിശീലിക്കുന്ന ഒരു യോഗ്യ

നാണ്. കയ്യളുടെ കുടുംബം പുരാതനമായ ഒന്നാണ്, തറവാട്ടിൽ ധാരാളം സ്വത്തുണ്ട്. വൈദ്യവിഷയത്തിലും വളരെ സമ്പാദിച്ചിട്ടുണ്ട്. പൂപ്പള്ളിസ്വരൂപത്തിലെ കുടുംബവൈദ്യനാണ് ഡാക്ടർ കയ്യൾ. ഇദ്ദേഹം കുമാരനുണ്ണിയെ നന്നേ ചെറുപ്പം മുതല്ക്കേ സ്നേഹിച്ചു ലാളിച്ചുവരുന്ന ഒരുവനാണ്. കുമാരനുണ്ണിയുടെ ബുദ്ധിസാമർത്ഥ്യാദികളെപ്പററി ഡാക്ടൎക്കു നല്ല മതിപ്പാണ്. എന്നാൽ നല്ലൊരു മരത്തിൽ ഇത്തിക്കണ്ണി പൊത്തിയപോലെ കുമാരനുണ്ണി സഹവാസദോഷംകൊണ്ടു വഷളനായി തീൎന്നതിൽ ഡാക്ടർ അത്യന്തം വ്യസനിച്ചു. അതുകൊണ്ടെല്ലാമാണ് ഡാക്ടർ കുമാരനുണ്ണിയെ കുറേയേറെ ശാസിച്ചത്. ഡാക്ടരുടെ ആ ശാസന ഫലിച്ചു.

രണ്ടാം അദ്ധ്യായം കഴിഞ്ഞു.

———x———

## അദ്ധ്യായം മൂന്നു

കുമാരനുണ്ണി പിറേറ ദിവസംതന്നെ മലയാററൂൎക്കു പുറപ്പെട്ടു. താൻ എങ്ങോട്ടു പോകുന്നുവെന്നും എപ്പോൾ മടങ്ങവരുമെന്നും അദ്ദേഹം ആരോടും പറഞ്ഞില്ല! തനിക്കു വരുന്ന എഴുത്തുകൾ വാങ്ങി സൂക്ഷിച്ചുവെച്ചാൽ മതി; വിവരത്തിന്നു എഴുതി അയക്കുമ്പോൾ അപ്രകാരം വേണ്ടതു പ്രവൎത്തിച്ചാൽ മതി. സ്നേഹിതന്മാർ വല്ലവരും വന്നന്വേഷിച്ചാൽ ഉചിതംപോലെ പറയണം എന്നിപ്രകാരം പ്രധാന കാൎയ്യസ്ഥൻ രാമൻനായരെ ശട്ടം കെട്ടിയാണ് കുമാരനുണ്ണി പുറപ്പെട്ടത്. തൻെറ ഉടുപ്പുസാമാനങ്ങളിട്ട ഒരു പെട്ടിയും കുറെ പണവും കിടക്കാൻ ഒരു ചെറിയ മെത്തയും ഒഴിച്ചു മററു യാതൊന്നും അദ്ദേഹം കയ്യിലെടുത്തില്ല. തൃശ്ശിവപേരൂരുനിന്നു പന്ത്രണ്ടുമണി വണ്ടിക്കു പുറപ്പെട്ട് ഒന്നരമണിക്കു അങ്കമാലി സ്റ്റേഷനെത്തി വണ്ടിയിറങ്ങി. അവിടേനിന്നു മലയാററൂൎക്കു ആറേഴു നാഴിക പോണം. ഒന്നുരണ്ടു കാളവണ്ടികളല്ലാതെ ആ സ്റേറഷനിൽ വേറെ വാഹനങ്ങളൊന്നും വരാറില്ല. അതും ചിലപ്പോൾ കഷ്ടിയാണ്. കാളവണ്ടിയിലിരുന്നു ആറേഴു നാഴിക സഞ്ചരിക്കുക എന്നതു കുമാരനുണ്ണിക്കു പരമസങ്കടമായിത്തോന്നി. എങ്കിലും നിവൃത്തിയില്ലല്ലോ. ഒടുവിൽ ഒരു കാളവണ്ടിതന്നെ ഏൎപ്പാടുചെയ്തു. എ

കുദേഷം ഒന്നുരണ്ടു നാഴിക പോകുമ്പോഴേക്കും കുമാരനുണ്ണിക്കു വല്ലാതെ മനസ്സു മടുത്തുതുടങ്ങി. പോകുംതോറും പ്രദേശം നിർജ്ജനമായിട്ടാണു കണ്ടതു്. ഒരു മിനിട്ടു ഒരു യുഗമായിത്തോന്നിക്കുന്ന ഈ ദേശത്തു മൂന്നാലുമാസം കഴിച്ചുകൂട്ടേണ്ടതു വിചാരിച്ചപ്പോൾതന്നെ കുമാരനുണ്ണിക്കു ഒരു ബോധവും ഇല്ലാതായി. തിരിച്ചു ഉടനുടൻതന്നെ മടങ്ങിയെങ്കിലോ എന്നു ഓക്കാതിരുന്നില്ല. ഉടനെ ഡാക്ടരുടെ ഉപദേശം ഓർമ്മവരും. വണ്ടിയിലിരുന്ന സമയം പോകേണ്ടതിലേക്കു അദ്ദേഹം വണ്ടിക്കാരനോടു ഓരോന്നു ചോദിച്ചു മനസ്സിലാക്കുവാൻ ശ്രമിച്ചു. അതും കുറെ കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു രസമില്ലാതായി. പട്ടണത്തിലിരുന്നു വൎയടിച്ചു ശീലിച്ചു ഒരു പച്ചപരിഷ്ക്കാരിയെ നാട്ടുപുറത്തുകാരനായ ഒരു വണ്ടിക്കാരനു എത്രതന്നെ രസിപ്പിക്കാൻ കഴിയും. കുമാരനുണ്ണി കാലത്തു പതിനൊന്നു മണിക്കു ആഹാരം കഴിച്ചതാണു്. സമയം ഏകദേശം അഞ്ചുമണി ആയിത്തുടങ്ങി. വിശപ്പു സാമാന്യത്തിലധികമുണ്ടു്. മലയാററൂരു ചെന്നാൽ സൌകൎയ്യമായി താമസിപ്പാനുള്ള സ്ഥലമെല്ലാം ഒരു വിധം വണ്ടിക്കാരനോടു ചോദിച്ചു മനസ്സിലാക്കി ഒടുവിൽ അഞ്ചരമണിയോടുകൂടി മലയാററൂരെത്തി ഒരു വൃദ്ധയുടെ വീട്ടിൽ ചെന്നുകയറി.

പട്ടണങ്ങളിലുള്ളപോലെ യാതൊരാഡംബരങ്ങളും കുമാരനുണ്ണി ആ വീട്ടിൽ കണ്ടില്ല. ഒരു വീടുവിട്ടാൽ കാൽനാഴിക ചിലപ്പോൾ അരനാഴികപോണം വേറൊരു വീടു കാണുവാൻ. ക്ലബ്ബുകളും ഹോട്ടലുകളും കണികാണ്മാൻപോലും ആ പ്രദേശത്തില്ല. അന്യരാജ്യക്കാർ വല്ലവരും വന്നാൽ വല്ല വീടുകളിലും കൂട്ടുകൂടി താമസിക്കയല്ലാതെ മററു നിവ്വാഹമില്ല. വീടുകൾ എല്ലാം ചെറിയതും പക്ഷെ വെടുപ്പും വൃത്തിയും ഒതുക്കവും ഉള്ളവകളാണു്. അത്യാവശ്യം ഒന്നുരണ്ടു ഓടിട്ട പുരകളല്ലാതെ ശേഷം വീടുകളെല്ലാം ഓലമേഞ്ഞതാണു്. ഇരിക്കുവാൻ കസേലയൊ കിടക്കുവാൻ കട്ടിലൊ യാതൊന്നുമില്ല. നിത്യവൃത്തിക്കുവേണ്ട സാമാനങ്ങൾ വില്ക്കുന്ന ഒന്നുരണ്ടു ചെറിയ പീടികകളല്ലാതെ വേറെ യാതൊരു കടകളും അവിടെ കണ്ടില്ല. എവിടെ നോക്കിയാലും കുന്നുംപുറങ്ങളും ചോലകളും വലിയ വൃക്ഷങ്ങളും വള്ളികൾ ചുററിപ്പടൎന്ന ഇല്ലിപടപ്പുകളും അല്ലാതെ യാതൊന്നും കണ്ടില്ല. ആസകലാൽ കുമാരനുണ്ണി വലിയ വിഷണ്ണനായി ഡാക്ടരെ മനസാ ശപിച്ചു.

ഗൃഹനായികയായ വൃദ്ധ കുമാരനുണ്ണിയെ സബഹുമാനം ആദ

*

രിച്ചു കാലുകഴുകുവാൻ വെള്ളംകൊടുത്തു് ഇരിക്കുവാൻ ഒരു തടുക്കുപായ ഇട്ടുകൊടുത്തു. അപ്പൊഴേക്കു ഒരു കുട്ടി ഓടിച്ചെന്നു മുറുക്കുവാൻ തയ്യാറാക്കി ചെല്ലപ്പെട്ടികൊണ്ടുവന്നു അരികെവെച്ചു മുത്തശ്ശിയുടെ സമീപത്തുചെന്നു പാററിനിന്നു.

മുത്തശ്ശി:—മനസ്സിലായില്ലല്ലൊ. എവിടുന്നാണു്.

കുമാരനുണ്ണി—എന്റെ സ്വരാജ്യം തൃശ്ശൂരാണു്. രണ്ടു മൂന്നു മാസത്തോളം ഈ പ്രദേശത്തു താമസിക്കേണ്ടതുണ്ടു്. എന്നാൽ ഇവിടങ്ങളിൽ യാതൊരു പരിചയവുമില്ല. നടയാടെ വരികയാണു്.

മുത്തശ്ശി—വിശേഷിച്ചോ. മലയിൽ വല്ല പണിയുമുണ്ടോ നിങ്ങളെപ്പോലുള്ളോൎക്കു ഈ പ്രദേശം എത്ര കണ്ടുപിടിക്കും എന്നറിഞ്ഞില്ല.

കുമാര—വിശേഷിച്ചൊന്നുമില്ല. എനിക്കു മലയിലും മററും യാതൊരു പണിയുമില്ല. ദേഹത്തിന്നു കുറച്ചു സൌഖ്യം പോരാ. ഭവൈദ്യരോടാലോചിച്ചതിൽ മലയാററരുരു ചെന്നു രണ്ടു മൂന്നു മാസം പാൎത്താൽ സുഖമുണ്ടാകുമെന്നു പറഞ്ഞു. പട്ടണത്തിൽ പാൎത്തു ശീലിച്ചവൎക്കു ഇവിടം ഒട്ടും പിടിക്കില്ല. നിങ്ങൾ പറഞ്ഞതു ശരിയാണു്—പക്ഷെ നിവൃത്തിയില്ലല്ലൊ. രണ്ടു മൂന്നുമാസത്തേക്കു എവിടെയെങ്കിലും പാൎക്കാൻ സൌകൎയ്യപ്പെടുത്തി തന്നാൽ കൊള്ളാം.

മുത്തശ്ശി:—നായന്മാരുടെ വീടായിട്ടു് ഇതും അതാകാണുന്ന വീടും മാത്രമെ ഇവിടെ അടുത്തുള്ളു. അതാ ആ പുര കണ്ടില്ലെ. അതു ഇവിടുത്തെ എഴുത്തോളിയാണു്. പിന്നെ വല്ല പുരയും കാണുന്നതു കീഴ്ജാതിക്കാരുടേതാണു്. ഇവിടുന്നു കുറെ ദൂരത്തായിട്ടു് നാലഞ്ചു നായന്മാരുടെ വീടുണ്ടു്.

കുമാര—ഇവിടെ ഹോട്ടലുകളൊന്നുമില്ലെ.

മുത്തശ്ശി—അങ്ങനെ ഒന്നും ഇവിടങ്ങളിലില്ല.

കുമാര—പിന്നെ എന്താണു് നിവൃത്തി

മുത്തശ്ശി—വല്ല വീട്ടിലുംകൂടി പാൎക്കണം.

കുമാര—മുത്തശ്ശി എന്നാൽ ഞാൻ ഇവിടെത്തന്നെ പാൎക്കാം. എന്റെ ചിലവിന്നുള്ള വകതരാം. അല്ലെങ്കിൽ വേറെ ഒരിടം ഏൎപ്പാടുചെയ്തു തരണം.

മുത്തശ്ശി—ഇവിടെ പാൎക്കുന്നതിൽ ഒരു വിരോധവുമില്ല. എന്നാൽ എന്റെ മകനു് ഞങ്ങടെ ചോറും കൂട്ടാനും ഒക്കെ പിടിക്കുമോ? ഞ

ങ്ങാം സാധുക്കളുാണ്.

കുമാര—മുത്തശ്ശി. അതു എനിക്കിഷ്ടമാണ്. ഞാനും നിങ്ങളെപ്പോലെ ഒരു പാവപ്പെട്ടവനാണ്.

മുത്ത—എനിക്കു സന്തോഷംതന്നെ. അപ്പൂന്റെ പേരെന്താണ്.

കുമാര—കുമാരമേനോൻ.

മുത്തശ്ശി—എന്റെ മകൻ നേരത്തെ വല്ലതും കഴിച്ചതായിരിക്കും. പിന്നെ പശ്ശീത്തന്നെയല്ലെ.

കുമാര—അതെ മുത്തശ്ശി. എനിക്കു നന്നെ വിശപ്പും ദാഹവും ഉണ്ട്.

മുത്തശ്ശിയമ്മ ക്ഷണം അകത്തുചെന്നു ഒരു പാത്രത്തിൽ കുറെ പാലുകൊണ്ടുവന്നു കുമാരനുണ്ണിക്കു കൊടുത്തു. "എന്റെ അപ്പൻ ഇപ്പോളിതു കഴിക്കു. ചോറു നേരത്തെ ഒരുക്കാം.

കുമാരനുണ്ണിക്കു ആ പാൽ അമൃതുപോലെ തോന്നി. വിശന്നു വയറ ഠെ തുടങ്ങിയപ്പോൾ കിട്ടിയപാൽ അമൃതുതന്നെ. കുമാരനുണ്ണി പാലുകടിച്ചു വീണ്ടും വൎത്തമാനം തുടങ്ങി.

കുമാര—മുത്തശ്ശി ഇവിടെ ആരെല്ലാമുണ്ട്.

മുത്തശ്ശി—ഞാനും ഇക്കാളിയും ഉണ്ട്. ഇക്കാളി എന്റെ മകളാണ്. അവളുടെ നാലു കുട്ടികളും ഉണ്ട്.

കുമാര—ആണുങ്ങളായിട്ടു ആരുമില്ലെ.

മുത്തശ്ശി—ഉവ്വ്—പപ്പു. അവൻ മലയിൽ സായ്പിന്റെ തോട്ടത്തിൽ മേസ്ത്രിയാണ്. മൂന്നും നാലും മാസം കൂടുമ്പോഴെ നാട്ടിലേക്കു വരുള്ളു.

കുമാര—പപ്പു മുത്തശ്ശിയുടെ മകനായിരിക്കും.

മുത്തശ്ശി—അല്ല അല്ല. ഇക്കാളിയുടെ സംബന്ധക്കാരൻ. എനിക്കു ആൺമക്കളില്ല. ഇക്കാളി ഒരു മകളേ ഉള്ളു. എന്തു പപ്പുനെ അറിയില്ലെ. മംഗലത്തു പത്മനാഭൻ നായര് എന്നു പറയും ഞങ്ങളൊക്കെ പപ്പു എന്നാണു വിളിക്ക.

കുമാര—മുത്തശ്ശി ഇവിടെ എങ്ങാനും ചുരുട്ടു കിട്ടുമോ,

മുത്തശ്ശി—എന്റെ മകനു പുകവലിയും ഉണ്ടോ? ചുരുട്ടൊന്നും ഇവിടെ കിട്ടില്ല. പപ്പുവും പുകവലിക്കും. മലയിൽനിന്നു വരുമ്പോൾ അവൻ കയ്യിൽ കൊണ്ടുവരും. മകനെ എതു വലിച്ചാൽ കുടലൊക്കെ വെന്തുപോകും. വായും നാറും. അതു കൊള്ളില്ല. എന്റെ കുട്ടനു അതുവേണ്ട.

ഇവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ ഏതു

കഴേരം മദ്ധ്യവയസ്സയായ ഒരു സ്ത്രീ വെള്ളം നിറച്ച ഒരു കുടവും ഒക്കത്തുവെച്ച് വീട്ടിനുള്ളിലേക്കു കയറിവന്നു. ഇക്കാളിഅമ്മ സാമാന്യം മുഖലക്ഷണമുള്ള ഒരു തരുണിയാണ്. മുത്തശ്ശി കുമാരനുണ്ണിയെ ഇക്കാളിക്കു പരിചയപ്പെടുത്തി. സന്ധ്യയായതോടുകൂടി അയൽപക്കത്തു കളിക്കാൻപോയ കുട്ടികളും മടങ്ങിയെത്തി. കുട്ടികൾ കുമാരനുണ്ണിയെപ്പററി അമ്മയോടു ചോദിച്ചു മനസ്സിലാക്കി. കുമാരനുണ്ണി കുട്ടികളെ വിളിച്ചരികത്തിരുത്തി അവരോടു ഓരോ വത്തമാനം ചോദിക്കാൻ തുടങ്ങി. ഇടക്കിടക്കു മുത്തശ്ശി മകളെ സഹായിക്കാൻ അടുക്കളയിലേക്കു പോയി.

ഇക്കാളി:—അമ്മേ ഇദ്ദേഹത്തിനു നമ്മുടെ ചോറു പിടിക്കുമോ?

മുത്ത:—നമുക്കാകുംപോലെ നല്ലവണ്ണം നോക്കണം. അല്ലാതെന്താണ് നിവൃത്തി.

ഇക്കാളി:—നമ്മുടെ നാട്ടിൽ അന്യന്മാരു വന്നാൽ വലിയ ബുദ്ധിമുട്ടുതന്നെ.

മുത്തശ്ശി:—ഇദ്ദേഹം നല്ലകുട്ടത്തിലാണെന്നു തോന്നുന്നു. നല്ല ഒതുക്കവും മയ്യാദയും ഉണ്ട്. ഒരു തറവാട്ടുകാരനാണ്. സംശയമില്ല. നമ്മുടെ സ്ഥിതി അദ്ദേഹത്തിന്നറിഞ്ഞുകൂടെ.

ഇക്കാളി:—എന്തെങ്കിലുമാകട്ടെ. ഇവിടെ താമസിക്കണമെന്നു പറഞ്ഞ സ്ഥിതിക്കു ഉപേക്ഷിക്കാൻ പാടുണ്ടോ?

മുത്ത:—സന്ധ്യമയങ്ങി. അദ്ദേഹം നേരത്തെ ഊണുകഴിച്ചുതാണ്.

ഇക്കാ:—അതിന്നെന്താണ് എല്ലാം തയ്യാറായിട്ടുണ്ടല്ലോ. ഞാൻ നാമം ജപിച്ചുകഴിഞ്ഞാൽ ചോറു വിളമ്പാം.

കുട്ടികൾ കാലും മുഖവും കഴുകി ഭസ്മംതൊട്ടു നാമത്തിനിരുന്നു. മുത്തശ്ശിയും ഇക്കാളിയും പതിവായ സന്ധ്യാവന്ദനം കഴിച്ചു ഉമ്മറത്തെത്തി.

രാത്രി ഏഴുമണി കഴിഞ്ഞു. സ്വച്ഛനീലിമചേന്ന അംബരദേശത്തിന്നാഡംബരമായി വിളങ്ങുന്ന ഉഡുപതിബിംബത്തിൽനിന്നു പൊഴിയുന്ന അമൃതകിരണങ്ങളേററ് ആ പ്രദേശമെങ്ങും ആനന്ദസാഗരത്തിൽ നിമഗ്നമായി കോൾമയിർക്കൊള്ളുന്നു. സമീപസ്ഥകളായ കുന്നുകളിലും മലയോരങ്ങളിലും മുളച്ചു തഴച്ചുനില്ക്കുന്ന പുഷ്പിണികളായ ലതകളിലും ചെടികളിലും തട്ടിവരുന്ന നിമ്മലമായ മന്ദമാരുതൻ ആ പ്രദേശമെല്ലാം സൌരഭ്യമയമാക്കി ചമക്കുന്നു. നിഷ്കളങ്കമായ പൂനിലാവിൽ ആണ്ടുനില്ക്കുന്ന ഉന്നതങ്ങളായ കുന്നുകളും അഗാധങ്ങളായ ചോലകളും പരിശുദ്ധതോയത്താൽ പരിപൂ

തമായ ആറുകൾക്കിരുവശത്തുമുള്ള മണൽത്തിട്ടകളും തത്സമയത്തു തങ്ങളെ സന്ദർശിക്കുന്ന ഏതൊരുവന്റെയും ആനന്ദാത്ഭുതപരവശമായ ആത്മാവിനെ ആ ക്ഷണത്തിൽ തന്നെ തങ്ങളിൽ ലയിപ്പിക്കുന്നു. മന്ദമാരുതന്റെ സുന്ദരഗതിയുടെ ചിഹ്നമായി കുഴയുന്ന വൻചെടികളിലും ഓമനലതകളിലും നിന്നു പൊഴിയുന്ന ആനന്ദസ്വരത്തോടൊപ്പിച്ചുള്ള നിർമ്മല സ്രോതസ്വിനികളുടെ കളകളരവം ശ്രോതാക്കളുടെ ശ്രവണപുടങ്ങളിൽ ആനന്ദഭൈരവിയായി പതിയുന്നു. പ്രകൃതിയുടെ വിലാസം രമണീയം തന്നെ.

നിർബ്ബാധമായ ആ ചെറുകുടുംബത്തിലെ നിരപരാധികളായ അംഗങ്ങളുടെയും അസന്തുഷ്ടനായ അതിഥിയുടെയും അന്നത്തെ അത്താഴം കഴിഞ്ഞു. അവർ നിലാമുററത്തു ഓരോ പുല്ലുപായുംവിരിച്ച് അതിലിരുന്നു താംബൂല ചർവ്വണംചെയ്തു പ്രകൃതിയുടെ അകൃത്രിമപ്രതിഭാവിലാസം നോക്കി ആഹ്ലാദിക്കുകയാണ്. ഈ സ്വല്പസമയത്തിനുള്ളിൽ കുമാരനുണ്ണി ചിരകാല പരിചിതനെപ്പോലെ ആ കുടുംബാംഗങ്ങളോടു പെരുമാറി. ജിജ്ഞാസുക്കളായ മുത്തശ്ശിയുടെയും മക്കളുടെയും ഓരോ ചോദ്യങ്ങൾക്കും തരാതരംപോലെ സരസമായി ഓരോ മറുപടി കുമാരനുണ്ണി പറയുന്നതു അവർക്ക് എല്ലാവർക്കും വളരെ പിടിച്ചു. തന്റെ യഥാർത്ഥസ്ഥിതി വെളിപ്പെടുത്തി ആ സാധുകുടുംബത്തെ പരിഭ്രമിപ്പിക്കരുതെന്ന മുൻകരുതലോടുകൂടിയായിരുന്നു കുമാരനുണ്ണിയുടെ സംസാരം. കുമാരനുണ്ണി ആ പ്രദേശത്തെപ്പററിയും മററുപലതും അങ്ങോട്ടും ചോദിച്ചുമനസ്സിലാക്കുന്നുണ്ട്. തത്സമയത്തു കുറെ ദൂരെനിന്നു ശ്രുതി മധുരമായ ഒരു വീണാരവം കുമാരനുണ്ണിയുടെ ശ്രവണപുടങ്ങളിൽപാഞ്ഞുകയറി. അഞ്ചുപത്തു നിമിഷങ്ങൾക്കുള്ളിൽ ശ്രുതി ഒപ്പിച്ച് ഗാനരൂപമായി ഒരു കോകിലനാദം ആ പ്രദേശത്തിന്റെ രമ്യതയെ ശതഗുണീഭവിപ്പിച്ചു. സൃഷ്ടിക്കു വിശിഷ്ടത നല്കുന്ന ആ പരിശുദ്ധ വസ്തുവിന്റെ ഉത്ഭവം എവിടെ നിന്നായിരിക്കാം —വനദേവതമാർ ഭഗവാന്റെ മായാവിലാസത്തെക്കുറിച്ച് ഗാനരൂപേണ സ്തുതിക്കുകയോ?

അദ്ധ്യായം മൂന്നു കഴിഞ്ഞു

## അദ്ധ്യായം നാലു്

“ആരാ അവിടെ? ഗോപാലാ തങ്കം ഇനിയും വന്നില്ലേ.”

“ഇല്ല യജമാനന്നെ! തങ്കമ്മ പൂവ്വാലക്കു പോയിരിക്കയാണെന്നു് തോന്നുന്നു.”

“അതേ, നേരത്തെ പോയതാണ്. എന്തേ ഇത്ര വൈകിയതു്. സാധാരണ ഇത്ര വൈകാറില്ലല്ലോ. നേരം പത്തുമണി കഴിഞ്ഞില്ലേ.”

“അച്ഛാ! ഞാനിതാവന്നു. ഇക്കാളി ചേച്ചിടെ കുട്ടീടെ കാതുകുത്തി. അവക്കൊരു വിരുന്നുകാരനുണ്ടച്ഛാ! ഇന്നലെ സന്ധ്യക്കു വന്നു. തൃശ്ശൂർകാരനാണത്രെ.

ആയാൾക്കു ദേഹസൌഖ്യം പോരാ. ഡാക്ടരുടെ ഉപദേശപ്രകാരം സ്ഥലം മാറി താമസിക്കാൻ വന്നതാണത്രേ”.

“അതിനു നല്ലതു ആലുവായൊ ചൊവ്വരയൊ അല്ലേ”.

“ഡാക്ടർ ഇവിടമാണത്രേ ഉപദേശിച്ചതു്. അച്ഛാ! ആയാൾക്കു സംഗീതത്തിലും നല്ല വാസന കാണുന്നുണ്ടു്”.

“നിണക്കു അതെങ്ങനെ മനസ്സിലായി”.

“ഇന്നലെ രാത്രി എന്റെ പാട്ടു കേട്ടപ്പോൾ ആയാൾ ഇക്കാളി ചേച്ചിയോടു എന്റെ വിവരം ചോദിച്ചു മനസ്സിലാക്കി എന്നാണ് പറഞ്ഞതു്. എന്നെ ഇക്കാളിചേച്ചി ആയാൾക്കു പരിചയപ്പെടുത്തികൊടുത്തു. “ഈ കുട്ടിയാണ് ഇന്നലെ പാടിയതു് എന്നു പറഞ്ഞു.”

“നിനക്കു അതുകൊണ്ടുമാത്രം ആയാൾ സംഗീതക്കാരനാണെന്നു എങ്ങനെ മനസ്സിലായി”.

“പാട്ടിനെപറ്റിയും സ്വരം താളം മുതലായവകളെപറ്റിയും ആയാൾ എന്നോടു പലതും ചോദിച്ചു”.

“ശരിയായിരിക്കാം. പട്ടണങ്ങളിൽ പാക്കുന്ന പലക്കും സംഗീതം നിശ്ചയമുള്ളതായിട്ടു് എനിക്കു അറിവുണ്ടു്. അവിടങ്ങളിൽ പല നാടകങ്ങളും കച്ചേരികളും ദിവസേന ഉണ്ടായിരിക്കും. അപ്പോൾ വാസനയുള്ളവക്കു സംഗീതം എളുപ്പത്തിൽ ഗ്രഹിക്കാം.

“ആയാളെ കാണുമ്പോൾ നല്ലൊരു ചെറുപ്പക്കാരൻ. വലിയ തറവാട്ടുകാരനാണെന്നു തോന്നും. പക്ഷേ ശരീരം വല്ലരെ ചടച്ചു വിളത്തിരിക്കുന്നു. എന്താണെന്നല്ല രോഗം”.

“കുട്ടീ! നിനക്കു പട്ടണവാസത്തെക്കുറിച്ചൊന്നും അറിയാൻ

പാടില്ല. പട്ടണങ്ങളിൽ വസിക്കുന്നവൎക്കാണ് എളുപ്പത്തിൽ പലേ വ്യാധികളും വന്നു പിടിപെടാറുള്ളതു്. നല്ല നല്ല വൈദ്യന്മാരും പട്ടണങ്ങളിലുണ്ടാവും. എന്നാൽ അവിടങ്ങളിൽ നിന്നാണ് വ്യാധി വിട്ടൊഴിയാത്തതും."

"ഇതു നോക്കുമ്പോൾ നമ്മുടെ ഇവിടം സ്വൎഗ്ഗംതന്നെയാണ്. എനിക്കു ബുദ്ധിവെച്ചശേഷം ഒരു നീരിളക്കംകൂടി ഇതേവരെ ബാധിച്ചിട്ടില്ല."

"അതിന്നാക്ഷേപമില്ല. പട്ടണത്തെക്കാൾ താമസിക്കാൻ സുഖം നാട്ടുപുറംതന്നെയാണ്. പക്ഷെ പരിഷ്കാരം പട്ടണങ്ങളിലാണല്ലൊ. രസകരങ്ങളായ പല കാഴ്ചകളും പട്ടണത്തിൽ കാണാം. പട്ടണവാസത്തിന്റെ തരം ഒന്നു വേറെ."

"എന്തു രസമാണപ്പാ പട്ടണങ്ങളിലുള്ളതു്. ദീനം പിടിക്കലൊ. ഇവിടംതന്നെയാണ് സുഖം."

"അതു പോട്ടെ. നീ കണ്ട ആളുടെ പേരെന്താണ്. എന്തെല്ലാമാണ് ആയാളുടെ വിവരങ്ങൾ"

"പേര് കുമാരമേനോൻ എന്നാണ് പറഞ്ഞതു്. ആയാൾ കാഴ്ചയിൽ വലിയ പണക്കാരനല്ല; എന്നാൽ കേവലം ദരിദ്രനുമല്ല. നമ്മളെ ഒക്കപോലെ. ആയാൾക്കു നല്ല ഒതുക്കവും താഴ്മയും ഉണ്ടു്. നല്ല സ്വഭാവക്കാരനാണ്. പഠിപ്പറിവും ഒരുമാതിരി ഉണ്ടായിരിക്കണം. സംസാരം കേട്ടാൽ ഒരു യോഗ്യനാണെന്നു തോന്നും. അച്ഛനെ കുറിച്ചു് അദ്ദേഹം എന്നോടു പലതും ചോദിച്ചു."

"അതുവ്വോ?"

"അച്ഛനാണ് എന്നെ സംഗീതം പഠിപ്പിക്കുന്നതു്. അച്ഛൻ പാട്ടുകളും ഉണ്ടാക്കും എന്നൊക്കെ പറഞ്ഞു."

"എന്നിട്ടോ"

"അദ്ദേഹത്തിന്ന് അച്ഛനെകണ്ടു സംസാരിക്കണമെന്നു പറഞ്ഞു. ഞാൻ അച്ഛനോടു ചോദിച്ചു വിവരം അറിയിക്കാമെന്നും പറഞ്ഞു. അമ്മയെക്കുറിച്ചും അദ്ദേഹം ചോദിച്ചു."

"എന്തു്? നീ അതിനെന്തു മറുപടിപറഞ്ഞു. നിണക്കെന്തറിയാം?"

"അമ്മയെ എനിക്കു കണ്ട ഓൎമ്മയില്ല. അവർ നന്നെ ചെറുപ്പത്തിലെ മരിച്ചുപോയി." എന്നു പറഞ്ഞു.

തങ്കം അമ്മയുടെ വൎത്തമാനം പറഞ്ഞപ്പോഴേക്കു ശങ്കുനായരുടെ കണ്ണുകളിൽനിന്നും അശ്രുധാരധാരയായി പൊഴിഞ്ഞു. അദ്ദേ

ഹത്തിന്റെ തൊണ്ട ഇടറിവരായി. എപ്പോഴെങ്കിലും സാധാരണ തന്റെ ഭാൎയ്യയുടെ വൎത്തമാനം മകൾ സംസാരിച്ചാൽ അപ്പൊഴെല്ലാം ശങ്കുനായർ ഇപ്രകാരം ദുഃഖിക്കുന്നതു പതിവാണ്. അപ്പൊഴെല്ലാം തങ്കം അതിനുള്ള കാരണം ചോദിക്കും. അതിനു ആ കിഴവൻ വല്ലതും പറഞ്ഞു മകളെ സമാധാനിക്കും. ഈ തവണയും തങ്കം അച്ഛനോടു ചോദിച്ചു.

ശങ്കുനായർ:—മകളെ! നിന്റെ അമ്മ നിണക്കു നാലു വയസ്സായപ്പോൾ പരലോകംപ്രാപിച്ചു. ആ സാധ്വിയുടെ ജീവിതകാലത്തെപ്പറ്റി ഓൎക്കുമ്പോൾ ഞാനറിയാതെ കണ്ണിൽ ജലം നിറയുന്നു. അവരെ സംബന്ധിച്ചു പല കഥകളും പറവാനുണ്ടു്. അതാണു് എന്റെ സങ്കടത്തിനു കാരണം.

തങ്കം:—എന്താണച്ഛാ! എനിക്കു കേൾപ്പാൻ പാടില്ലെന്നുണ്ടൊ ചോദിക്കുമ്പോഴൊന്നും അച്ഛൻ പറയുന്നില്ലല്ലൊ. എന്റെ അമ്മയെക്കുറിച്ചല്ലേ. എനിക്കു കേട്ടുകൂടെ?"

ശങ്കു:—കേൾക്കാൻ പാടായ്കയല്ല—അതു കേട്ടാൽ ഇപ്പോൾ നിണക്കൊന്നും മനസ്സിലാവില്ല. കുറച്ചുകൂടി കഴിയട്ടെ. അപ്പോൾ ഞാൻതന്നെ അറിയിക്കാം. അതുവരെ എന്റെ കുട്ടി ഈ സംഗതിയെപ്പറ്റി ചോദിച്ചു് എന്നെ സങ്കടപ്പെടുത്തരുതു്.

തങ്കം:—ഇല്ലാ അച്ഛാ ഞാൻ ചോദിക്കുന്നില്ല. അച്ഛനു സങ്കടംവരുത്തുന്ന കാൎയ്യങ്ങൾ എനിക്കു ഓൎക്കാൻകൂടി പാടില്ലാത്തതാകുന്നു. അച്ഛൻ പറഞ്ഞുതരുന്ന കാലത്തു എനിക്കു കേട്ടാൽ മതി. ഞാൻ അച്ഛനെ ഒരിക്കലും സങ്കടപ്പെടുത്തുകയില്ല.

ശങ്കു:—ഈ ഒരു വേദനയല്ല എന്നെ കുഴക്കുന്നതു്. കാലപ്പഴക്കം കൊണ്ടു ഇതിനു അല്പാല്പം ശമനംവന്നു. എന്നാൽ നിന്നെക്കുറിച്ചു വിചാരിക്കുമ്പോഴാണു്."

തങ്കം:—അയ്യോ അച്ഛാ ഞാനാണോ അച്ഛന്റെ സങ്കടത്തിന്നു കാരണം. ഹാ! എന്റെ ജന്മം പാഴ്—" എന്നു പറഞ്ഞു തങ്കം കരഞ്ഞുതുടങ്ങി.

ശങ്കു:—മകളെ കരയരുതു്. ഞാൻ പറഞ്ഞതിന്റെ അൎത്ഥം കുട്ടിക്കു മനസ്സിലായില്ല. എനിക്കാണെങ്കിൽ വയസ്സായി. ബന്ധുജനങ്ങളാരുമില്ല. പരലോകത്തേക്കു ഇന്നൊ നാളെയോ. ഞാൻ മരിച്ചാൽ പിന്നെ നിണക്കു ആരാണാശ്രയം. അതു വിചാരിക്കുമ്പോഴാണു്."

തങ്കം:—അച്ഛാ, അതിനെ കുറിച്ചു് അച്ഛൻ ഒരിക്കലും വ്യസനിക്ക

രുതു്. എല്ലാററിനും ദൈവമില്ലേ. "ആരുമില്ലാത്തവൎക്കീശ്വരൻ താൻ ഗതി." അച്ഛൻ ഈ വിചാരം വിടണം. ഞാൻ കുറച്ചു പാടാം. ചിദംബരനടനം കീൎത്തനം. കുറച്ചു പാടട്ടെ. അച്ഛന്റെ പുതിയ കൃതിയല്ലെ.

ശങ്കു:—എനിക്കതിലൊന്നും ശ്രദ്ധയില്ല മകളെ. ഞാൻ മരിച്ചതായി ഇന്നലെ രാത്രി ഒരു സ്വപ്നം കണ്ടു. അതു മുതൽ എനിക്കൊരു പരിഭ്രമം.

തങ്കം:—(ചിരിച്ചുംകൊണ്ടു്) അയ്യയ്യേ! അച്ഛാ, സ്വപ്നങ്ങളും എല്ലാം ശരിക്കു ഒക്കുമോ? ഒരു പ്രഭു കുമാരിയായി വലിയ പദവിയിൽ ഇരിക്കുന്ന എത്രയെത്ര സ്വപ്നങ്ങളാണു് ഞാൻ കാണാറു്. ഇതെല്ലാം ഫലിച്ചാൽ അസ്സലായി. സ്വപ്നം കണ്ടതു സ്വപ്നത്തിലും ഇല്ല. അതാണൎത്ഥം. അച്ഛൻ മരിക്കയും ഇല്ല; ഞാൻ പ്രഭുകുമാരിയാകയും ഇല്ല.

ശങ്കു:—മകളേ, നീ കേരളത്തിലുള്ള സകല കന്യകമാരിലുംവെച്ചു് ഉന്നതമായ ഒരു സ്ഥിതിയിലിരിക്കേണ്ടവളാണു്. അങ്ങനെ വരില്ലെന്നു് എനിക്കു വിശ്വാസവും ഇല്ല. ഇപ്പോഴത്തെ ഈ സ്ഥിതിയൊന്നും കണക്കാക്കേണ്ട. "സ്ത്രീണാഞ്ച ചിത്തം പുരുഷസ്യ ഭാഗ്യം" എന്നതു പണ്ടാണു്. "സ്ത്രീണാഞ്ച ഭാഗ്യം, പുരുഷസ്യ ചിത്തം" എന്നു തിരുത്തിയാൽ ഇന്നത്തെ കാലത്തേക്കു യോജിക്കും. "സ്വപ്നം ചിലൎക്കു ചില കാലമൊത്തിടും" ഭഗവാന്റെ മായാവിലാസം ആൎക്കറിയാൻ കഴിയും!

തങ്കം:—അച്ഛാ, ഞാൻ ആ കീൎത്തനം പാടാം.

ശങ്കു:—ഞാൻ പറഞ്ഞില്ലെ മകളേ! നീ വളരെ ഭാഗ്യവതിയായി വളരേണ്ടവളാണു്. ഭൂലോകത്തിലുള്ള നാനാസുഖങ്ങളും അനുഭവിച്ചാനന്ദിക്കേണ്ടവളാണു്. കഷ്ടം! ഈ ഭാഗ്യംകെട്ടവന്റെ മകളായി ജനിച്ചതുകൊണ്ടു്................"

തങ്കം:—ഹാ! എന്നെപ്പോലെ ഭാഗ്യമുള്ളവരാരാണച്ഛാ! ഈ അച്ഛന്റെ മകളായിട്ടു ജനിക്കാൻ മുജ്ജന്മത്തിൽ ഞാൻ എത്ര സുകൃതം ചെയ്തിരിക്കണം. നോക്കു. ഇവിടെ എനിക്കു യാതൊന്നിനും യാതൊരു ബുദ്ധിമുട്ടും ഇല്ല. എന്നെപ്പോലെ സുഖമുള്ളവർ ലോകത്തിലാരാണു് എനിക്കാണെങ്കിൽ നിൎമ്മലവായു ശ്വസിക്കാം. സ്വച്ഛപോലെ എവിടേയും യഥേഷ്ടം നടക്കാം. പുഴയിൽ ചെന്നു വഞ്ചി കളിച്ചു രസിക്കാം. കാട്ടിലെ തേൻകൂട്ടു പൊളിച്ചു് ഇഷ്ടംപോലെ തേൻ കുടിക്കാം. മാൻ, മുയൽ മുത

ലായ നിരുപദ്രവികളായ ജീവികളുടെ ആഹ്ലാദജനകമായ തു ള്ളിച്ചാട്ടം കണ്ടു രസിക്കാം. വീണയെടുത്തു ഭഗവൽ കീൎത്തന ങ്ങൾ പാടി ആനന്ദിക്കാം. അച്ഛന്റെ സമീപത്തിരുന്നു് അ ച്ഛനെ ശുശ്രൂഷിക്കാം. ഹാ! എന്നെപ്പോലെ ഭാഗ്യമുള്ളവൾ ആ രാണച്ഛാ!

ശങ്കു:—(സന്തോഷത്തോടെ) തങ്കമേ, നീ പറഞ്ഞതിൽ ഒട്ടും അവാ സ്തവമില്ല. നീ യഥാൎത്ഥസുഖം അനുഭവിക്കുന്നുണ്ടെന്നു നിന്റെ വാക്കുകളിൽനിന്നു ഞാനിപ്പോൾ മനസ്സിലാക്കി. ഉള്ളതിൽ കൃതാൎത്ഥത നേടുന്നതാണു് യഥാൎത്ഥസൌഖ്യം. അതു് എന്റെ മകൾക്കുണ്ടു. നീ ഭാഗ്യവതിതന്നെ. ലോകം ദുഃഖഭൂയിഷ്ഠമാ കുന്നു. പട്ടണവാസം നരകംതന്നെ. പട്ടണങ്ങളിൽ നിത്യത ഉണ്ടാകാറുള്ള ഭയങ്കരാനുഭവങ്ങളിൽനിന്നു എന്റെ മകൾ ര ക്ഷപ്പെട്ടു് ഈ വിജനപ്രദേശത്തു പാൎക്കുന്നതു എനിക്കു സന്തോ ഷാവഹംതന്നെ. എന്റെ ഓമനയുടെ അഭിപ്രായം അറിയാ തെയാണു് ഞാനിത്രയും കഴങ്ങിയതു്. എനിക്കു തൃപ്തിയായി മ കളെ! ദൈവം നിന്നെ അനുഗ്രഹിക്കട്ടെ.

തങ്കം:—അച്ഛാ! ഇനി ഞാൻ കുറച്ചുപാടാം. (തങ്കം വീണയെടുത്തു ശ്രുതി കൂട്ടിത്തുടങ്ങി. അതാ, അവരുടെ പടികടന്നു ഒരാൾ വീ ട്ടിലേക്കുവരുന്നു. തങ്കം വീണ താഴത്തുവെച്ചു)

തങ്കം:—അച്ഛാ, ഞാൻ കുറച്ചുമുമ്പു പറഞ്ഞില്ലെ. പൂവ്വാലെ വിരു ന്നുകാരനെന്നു്. അദ്ദേഹമാണച്ഛാ അതാ ഇങ്ങോട്ടു വരുന്നു.

ശങ്കു:—അദ്ദേഹം ഒരു മാന്യനായിരിക്കണം നിന്റെ വാക്കുകളിൽ നിന്നു ഞാനൂഹിക്കുന്നതു്. നീയല്ലെ പരിചയക്കാരി. നീതന്നെ ചെന്നു കൂട്ടികൊണ്ടുവരു.

കുമാരനുണ്ണി വീട്ടിനുള്ളിൽ പ്രവേശിച്ചു ശങ്കുനായരെ കണ്ടു വിനീതനായി തൊഴുതു.

കുമാ-നിങ്ങളുടെ വിവരങ്ങളെല്ലാം ഞാൻ ഇന്നലെതന്നെ മനസ്സി ലാക്കി. ഇന്നുകാലത്തു കുട്ടിയോടും ചോദിച്ചറിഞ്ഞു. കണ്ടുപരി ചയപ്പെടേണമെന്നാഗ്രഹം കൊണ്ടു ഇങ്ങോട്ടുവന്നു.

ശങ്കു-നിങ്ങളുടെ ദയക്കായി വളരെ വന്ദനം. താങ്കൾക്കിങ്ങോട്ടു വരാൻ മനസ്സുണ്ടായതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. ഞ ങ്ങൾ സാധുക്കൾ—

കുമ-സാധുവിനും മരണമുണ്ടു്. പ്രഭുവിനും മരണമുണ്ടു്; സാധുവി നും രോഗംവരും പ്രഭുവിന്നും രോഗംവരും പിന്നെ ആരാണു്

സാധു. ആരാണ് പ്രഭു. ദൈവദൃഷ്ടിയിൽ എല്ലാവരും സമം തന്നെ.

ശങ്ക–തങ്കം, ആ കസേര നീക്കിഇട്ടുകൊടുക്കു. ഇരിക്കൂ. മകനും നിങ്ങളുടെ വർത്തമാനങ്ങൾ പറഞ്ഞു കഴിഞ്ഞതേയുള്ളൂ. ഇന്നലെ വന്നു അല്ലെ.

കുമ–അതെ, ദേഹത്തിനു കുറച്ചുസുഖംപോരാ. സ്ഥലം മാറിതാമസിക്കാനാണ് ഡോക്ടർ ഉപദേശിച്ചതു്. ഇവിടമാണ് പററിയതു. എന്നാണ് ഡാക്ടരുടെ അഭിപ്രായം. അതു അനുഭവപ്പെട്ടുകഴിഞ്ഞു. ഇന്നലെരാത്രി അസാരംഉറങ്ങി. ഭക്ഷണത്തിലും നല്ല രുചിതോന്നി. അല്പം ഉന്മേഷവും തോന്നുന്നുണ്ടു്.

ശങ്ക–മലയാററൂര് ഒരു സുഖമായസ്ഥലംതന്നെ. പക്ഷെ സൌകര്യങ്ങൾ കുറയും.

കുമ–എല്ലാം ചേൎന്നു കിട്ടാൻ പ്രയാസമല്ലെ.

ശങ്ക–മുന്നാലുമാസം താമസമുണ്ടായിരിക്കും. വീട്ട് തൃശ്ശൂര് എവിടെയാണ്. എന്താപേര്.

കുമാ_ഉവ്വ്. നാലഞ്ചുമാസം താമസിക്കണം. തൃശ്ശൂരുനിന്നു അഞ്ചാറുനാഴിക അകലെ ഊരകത്താണ് വീട്ട്. അമ്പലത്തെ എന്നാണു വീട്ടുപേര്. എന്റെ പേര് കുമാരമേനോൻ.

ശങ്ക_വളരെ സന്തോഷം. ഞാൻ ഒരു ചെറിയ ഭാഗവതരുടെ നിലയിൽ കഴിഞ്ഞുകൂടുന്നു.

കുമാ-മനസ്സിലായി. വിവരമെല്ലാം ചോദിച്ചു.മനസ്സിലാക്കി.

ശങ്ക–വല്ല വിധേനയും ഉപജീവനം കഴിക്കണ്ടേ. ചില കുട്ടികളെ പഠിപ്പിക്കും. വല്ല ചില്ലറ പാട്ടുകളെഴുതി നാടകകമ്പനിക്കാൎക്കു കൊടുത്താൽ വല്ലതുംകിട്ടും. അങ്ങിനെ കഴിന്നു.

കുമാ_"ഉത്തമം കുശലംവിദ്യ" ഇതുപോലെ ശ്രേഷ്ഠമായ മറെറാരു തൊഴിലില്ല. അതും സംഗീതാഭ്യസനം. ജന്മാന്തരവാസനതന്നെ വേണം. അതില്ലാത്തവൎക്കു ഒട്ടും സാധിക്കില്ല. പുറമെ കവിതവും നിങ്ങൾ "ഷൺമുഖാനന്ദനാടകക്കമ്പനി"ക്കാൎക്കു വല്ലപ്പൊഴും വല്ല പാട്ടും എഴുതിക്കൊടുത്തിട്ടുണ്ടോ.

ശങ്ക:—എന്താണിതു പ്രത്യേകം ചോദിക്കുന്നതു്. ഉവ്വ്. എഴുതി കൊടുത്തിട്ടുണ്ടു്.

കുമ:—അതിപ്പോൾ തോന്നുമോ

ശങ്ക:—എനിക്കോൎമ്മയില്ല. എന്താ തങ്കം ആ പാട്ട്. അവരുടെ "മോഹനാംഗി" നാടകത്തിൽ, ശഞ്ചിനാട്ടത്തിന്നു പററിയ ഒരു

പാട്ടുവേണമെന്നു പറഞ്ഞു. മോഹിനി അവസാനം മോഹന്നെ ഭർത്താവായി കിട്ടുവാൻ തപസ്സുചെയ്യുമ്പോൾ പാടുന്ന സ്തുതികളും ഞാനുണ്ടാക്കിയതാണ്.

കുമാ:—(അത്ഭുതപരതന്ത്രനായി എഴുനീററു ശങ്കുനായരുടെ സമീപം ചെന്നുനിന്നു) ലോകപ്രസിദ്ധമായ മോഹനഗഞ്ചിന്റെയും ദേവീസ്തുതിയുടേയും സാക്ഷാൽകർത്താവു ഭവാനാണോ? ഇതാ അങ്ങക്ക എന്റെ വിനീതനമസ്കാരം.

തങ്കം:—എന്താണച്ഛാ ആ പാട്ടുകൾക്കിത്ര മാഹാത്മ്യം. ഞാൻ നോക്കീട്ട് ഒന്നും കാണുന്നില്ല.

കുമാ:—അത്ഭുതം! ആ പാട്ടുകളുടെ രീതിയും, താളവും, മട്ടും, സമ്പ്രദായവും സാഹിത്യവും ലാളിത്യവും, ഒഴുക്കും പണ്ഡിതസാർവ്വഭൌമനായ മഹാരാജാവിനെപോലും അത്ഭുതപ്പെടുത്തി. മഹാരാജാവു നാടകം കണ്ടു തുഷ്ടിപ്പെട്ടു ഈ പാട്ടുകളുടെ കർത്താവിനു ഒരു വീരശൃംഖലകൊടുപ്പാൻവേണ്ടി കമ്പനിക്കാരോട് ചോദിച്ചതിൽ അവർ ആളുടെ പേര് ഒളിക്കുകയാണുണ്ടായതു്. ഞാനും അന്നു നാടകം കാണാൻ പോയിരുന്നു.

ശങ്കു:—ശരിയായിരിക്കാം. നാടകക്കാരോടു എന്റെ പേർ പുറത്തു പറയരുത് എന്നു ഏർപ്പാടുചെയ്തിട്ടുണ്ട്. കാരണം ഈ മാതിരി സമ്മാനമായി പലരും എഴുതുകയായി. ഇരിക്കാൻ സ്വൈരമുണ്ടാകയില്ല; എന്നല്ല, എനിക്കു സ്ഥാനമാനാദികളിൽ ഭ്രമവും ഇല്ല. നിങ്ങൾ ഈ വിവരം ദയവായി ആരോടും പറയരുത്.

കുമ:—ഇല്ല. അങ്ങേയുടെ ഇഷ്ടപ്രകാരം—ആരോടും പറയില്ല.

തങ്കം:—അച്ഛാ അപ്പോൾ ചിദംബരനാടനം കേട്ടാലോ വീരശൃംഖലപോയി രാജ്യംതന്നെ സമ്മാനിക്കും.

ശങ്കു:—ആകട്ടെ. നീ അതൊന്നു പാടു. (തങ്കം പാടാൻ തുടങ്ങുമ്പോഴേക്കാണ് നിങ്ങൾ വന്നതു്.)

കുമാ:—ഭാഗ്യം. എനിക്കു അതു കേൾപ്പാൻ യോഗമുണ്ടായല്ലോ. കുട്ടിയുടെ പാട്ടു ഇന്നലെ രാത്രി അസാരം കേട്ടു.

തങ്കം വീണയെടുത്തു ശ്രുതികൂട്ടി പാട്ടുപാടി. പാട്ടുകേട്ടു കുമാരനുണ്ണി ഇരുന്ന ഇരുപ്പിൽ സ്തബ്ധനായി ഭ്രമിച്ചു. ഇരുനയനങ്ങളിൽനിന്നു പൊഴിയുന്ന ആനന്ദബാഷ്പത്തിന്റെ കഥ അദ്ദേഹം അറിയുന്നില്ലാ. കിഴവനാകട്ടെ രോമാഞ്ചംകൊണ്ടു ആനന്ദവിവശനായി. ചുളിവും പിരിവുംകൂടാതെ ഒരു കൈകൊണ്ടു താളം പിടിച്ചും മറെറ കൈകൊണ്ടു വീണവായിച്ചും യാതൊരു ശേഷ്ടി

യും കൂടാതെ ശൃംഗാരപരിപൂരിതമായ വദനാരവിന്ദത്തിൽനിന്നു കാരുണ്യാമൃതം പൊഴിച്ചുകൊണ്ടു ഭക്തിവിവശയായി തങ്കം പാടിയതു ആരുകേട്ടാലും സാക്ഷാൽ വാണിദേവിവന്നു പാടുകയാണോ എന്നു തോന്നിപ്പോകും. തങ്കം പാട്ടുനിർത്തി കുമാരനുണ്ണിയുടെ ഹൃദയം വിവിധവികാരങ്ങളെക്കൊണ്ടു മഥിക്കപ്പെട്ടു. "ഇതെന്തു മറിമായം! ഇദ്ദേഹം ആരാണ്! വല്ല ഗന്ധർവ്വനുമായിരിക്കുമോ. വനമധ്യത്തിൽ ഒരു പുര അച്ഛനും മകളും രണ്ടുപേർമാത്രം. മകളാകട്ടെ അമാനുഷികമായ സംഗീതപാടവവും. ദേവാംഗന എന്നു തോന്നിപ്പിക്കുന്ന അംഗലാവണ്യവും. മനുഷ്യസാധാരണമല്ലാത്ത കവനസാമർത്ഥ്യമുള്ള പിതാവ്. സംശയമില്ല. മകൾ ദേവയാനിതന്നെ. അച്ഛൻ ശുക്രമഹർഷിയും. കീർത്തിക്കും യശസ്സിനും ലവലേശം ആകാംക്ഷയില്ലാത്തവർ". എന്നിപ്രകാരം കുമാരനുണ്ണി ചിന്താവിവശനായിത്തീർന്നു.

ശങ്കു:-എന്താ കുമാരമേനോൻ എന്തോ ആലോചിക്കുന്നു. തങ്കം കുറേച്ചു സംഗീതത്തിൽ പരിശീലിക്കുന്നതേയുള്ളു. സമയം പോണ്ടെ. അപ്പോൾ ഇങ്ങനെ വല്ലതും കുറിക്കും. അതു കുട്ടിയെ പഠിപ്പിക്കും. അങ്ങനെ കുറിച്ചതാണ് ചിദംബരനടനവും.

കുമാ:-(എഴുന്നീററ് വിനീതഭാവത്തിൽ) ഇവിടുന്നു ആരാണെന്നു സത്യം പറയണം.

ശങ്കു:-ഞാൻ പറഞ്ഞതു സത്യമാണ്. അമ്പലക്കാട്ടു ശങ്കുനായരാണ് ഞാൻ.

കുമാ:-നിങ്ങളുടെ സ്വരാജ്യം ഇതുതന്നെയാണോ.

ശങ്കു:-അല്ല. പാലക്കാട്ടാണ്. ഞാൻ നന്നെ ചെറുപ്പത്തിൽ നാടക കമ്പനികളിലും മററും ചേർന്നു സംഗീതം വശമാക്കി. ചെറുപ്പത്തിൽ പഠിക്കുന്ന ചില കാവ്യനാടകങ്ങളും ശീലിച്ചിട്ടുണ്ട്. ഈ കുട്ടിയുടെ അമ്മയുടെ നാട് കോഴിക്കോടാണ്. ഇവളുടെ അമ്മ മരിച്ചിട്ട് ഇപ്പോൾ പന്ത്രണ്ടു വർഷമായി. അന്നുമുതൽ ഞങ്ങൾ ഇവിടെയാണ് താമസിച്ചുവരുന്നതു്.

ഇവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നമധ്യേ ഇക്കാളിഅമ്മയുടെ മകൻ കുട്ടൻവന്നു ഊണു കാലായി അങ്ങോട്ടുവരാൻ പറഞ്ഞു.

ശങ്കു:-കുട്ടാ, നീ ചെന്നു അദ്ദേഹത്തിനു ഇന്നു ഇവിടെയാണ് ഊണു എന്നു പറ.

കുമാ:-വളരെ സന്തോഷം. അതു ഇനിയും ആകാമല്ലോ ഞാനിപ്പോ

ഠം അങ്ങോട്ടുപോകട്ടെ.

ശങ്ക:-എന്നാൽ അങ്ങനെയാകട്ടെ. ഇടനേരത്തെ പലഹാരത്തിനു ഇങ്ങോട്ടു വരണം.

കമാ:-അങ്ങനെ ആവാം.

കുമാരനുണ്ണി കുട്ടനോടൊരുമിച്ചു പൂവ്വാലക്കുപോയി. തങ്കവും അച്ഛനും പിന്നെയും ഓരോന്നുപറഞ്ഞു അവരും ഭക്ഷണം കഴിപ്പാൻ ചെന്നു.

കുമാരനുണ്ണി പൂവ്വാലെ എത്തിയ ഉടനെ,

മുത്തശ്ശി:- എന്തേ ശാന്ത്യാശ്രമത്തിൽ ഇത്ര താമസിച്ചതു്. ശാപ്പാടിൻെറകാര്യംകൂടിമറന്നുപോയല്ലൊ.

കമാ:-മുത്തശ്ശി, ശങ്കുനായര് പരമയോഗ്യനാണു്. അദ്ദേഹത്തോടു സംസാരിച്ചു നേരംപോയതറിഞ്ഞില്ല. തങ്കത്തിൻെറ പാട്ടും കുറച്ചുണ്ടായി.

മുത്ത:-ശങ്കുനായരെപ്പോലെ ഇത്രഗുണമുള്ള ആളെ ഒരിടത്തും കാണില്ല. അദ്ദേഹം പരിശുദ്ധാത്മാവാണു്. മഹനാണു്. ഈ നാട്ടുകാക്കു അദ്ദേഹം ഒരു ഈശ്വരനെപ്പോലെയാണു്. അച്ഛൻെറ എല്ലാ ഗുണങ്ങളും മകളിലും പകന്നിട്ടുണ്ടു്. ആ വേശക്കുട്ടിയുടെ മുഖംകാണാൻ ആയിരം കണ്ണുവേണം. തങ്കക്കുടമല്ലെ.

കമാ:—ആ കുട്ടിടെ സംഗീതത്തിനൊ സൌന്ദയ്യത്തിനൊ അധികം മേന്മ എന്നു പറയാൻ പ്രയാസം.

ഇക്കാ:—ശീലഗുണമാണു് അതിലൊക്കയും മെച്ചം. എന്തൊരു സാധുപ്രകൃതമാണു്! കഷ്ടം! പാവ്വതിഅമ്മക്കു ഇതു കാണാൻ ഭാഗ്യമുണ്ടായില്ലല്ലൊ.

മുത്ത:—നേരം വൈകി. കാലുകഴുകി ഊണു കഴിക്കാം.

കുമാരനുണ്ണി കൈകാൽ ശുദ്ധിവരുത്തി ഭക്ഷണത്തിനിരുന്നു. അപ്പൊഴും അവരുടെ സംസാരം ശങ്കുനായരെപ്പററിയായിരുന്നു.

കമാ:— ഇവക്കു വേറെ ബന്ധുക്കളാരുമില്ലെ.

മുത്ത:—ആരും ഇല്ല അപ്പനെ.

കമാ:—അപ്പോഠം അദ്ദേഹം മരിച്ചാൽ ആ കുട്ടി കഷ്ടത്തിലാകുമല്ലൊ.

മുത്ത:—അതുതന്നെയാണു് അദ്ദേഹത്തിനുള്ള വേദന. ഇടക്കിടക്കു അദ്ദേഹം പറയാറുണ്ടു്. തങ്കത്തിൻെറ ചുമതല ഒരു നല്ല ല്ലാക്കിൽ ഏല്പ്പാടാക്കണമെന്നു്. അതിനും യോഗം വേണ്ടേ. ആ കുട്ടിടെ തലയിലെഴുത്തു ആരു് കണ്ടു. വിധിച്ചോക്കു കിട്ടും.

കുമാ:-അദ്ദേഹം വല്ലതും സമ്പാദിച്ചിട്ടുണ്ടോ. എന്നാലെങ്കിലും മരണാനന്തരം തങ്കത്തിന്നു കഷ്ടംകൂടാതെ കഴിയാം.

മൂത്ത:-സമ്പാദിക്ക! ഞങ്ങളൊക്കെ എത്ര പറയും. മാസത്തിൽ മുന്നൂറും നാനൂറും കിട്ടും. അതൊക്കെ ദാനമായിട്ടും ധമ്മമായിട്ടും ചിലവഴിക്കും. ദാനധമ്മങ്ങൾക്കു മകൾ അച്ഛനേക്കാൾ ഒരു പടി പൊന്തിനില്ക്കും.

കുമാ:- അങ്ങനെ ആയാൽ മേലാലോ

മൂത്ത.-ചെടിവെച്ചവൻ വെള്ളമൊഴിക്കും. സൃഷ്ടിച്ച ദൈവംതന്നെ നമ്മെ കാത്തുകൊള്ളും. ദാനധമ്മം ചെയ്യാതെ അവസാനം കാണും. വായകീറിച്ചവൻ ഇരകൊടുക്കാനറിയാം. എന്നെല്ലാമാണ് അവർ പറയുക.

കുമാര:-ദൈവം അവരെ അനുഗ്രഹിക്കട്ടെ.

നാലാമദ്ധ്യായം കഴിഞ്ഞു.

---

## അദ്ധ്യായം അഞ്ച്.

തങ്കം:-നിങ്ങൾ മരുന്നൊന്നും കഴിച്ചുകാണുന്നില്ലല്ലോ. പിന്നെ എങ്ങനെയാണ ദീനം മാറുന്നതു്.

കുമാ:-അതിനെനിക്ക് രോഗമൊന്നുമില്ല. എന്നാലല്ലെ മരുന്നുകഴിക്കേണ്ടു. പട്ടണത്തിലിരുന്നു അവിടുത്തെ ദുഷിച്ച വായു ശ്വസിച്ചും മററും ശരീരം വളരെ ശോഷിച്ചുവശായി. ഈ സ്ഥലത്തുവന്നു രണ്ടുമൂന്നുമാസം വിശ്രമമെടുത്താൽ പൂണ്ണാരോഗ്യം കിട്ടും.

തങ്കം:-അതെങ്ങനെ ? മരുന്നുകഴിക്കാതെ

ശങ്ക:_ക്ഷയം മുതലായ ദീനംവന്നാൽ മട്ടനപ്പിള്ളി മുതലായ സ്ഥലങ്ങളിൽ മാറിതാമസിക്കാൻ ഡാക്ടർമാർ രോഗികളെ ഉപദേശിക്കാറുണ്ടല്ലൊ. പ്രകൃതിതന്നെ ഒന്നാംതരം മരുന്നു്. സ്ഥലമാററംകൊണ്ടും സ്ഥിതിഭേദംകൊണ്ടും അനേകം രോഗങ്ങൾ ഭേദപ്പെട്ടും.

കുമാ:-ക്ഷയമോ ? അങ്ങനെ ഒന്നും എനിക്കില്ല. എന്നെ ഒരു രോഗി എന്നു വിളിച്ചുകേൾക്കുന്നതുതന്നെ എനിക്കിഷ്ടമില്ല.

തങ്കം:-പിന്നെ എന്താണ് ഈ ദേഹം ഇത്ര വിളർത്തു ചടച്ചിരിക്കുന്നതു്. ഒരു സമയം കുടുംബക്ലേശംകൊണ്ടു നിങ്ങൾ അത്യദ്ധ്വാനം

ചെയ്യുന്നുണ്ടായിരിക്കാം.

കുമാ:—വാസ്തവമാണ്. എൻെറ കുടുംബത്തിൽ വലിയ സ്ഥിതി യില്ല.

തങ്കം:—അച്ഛനും കണക്കിലേറെ അദ്ധ്വാനിക്കുന്നുണ്ട്.

ശങ്ക:— ശരീരപ്രകൃതി നോക്കിയല്ലാതെ ഞാൻ അദ്ധ്വാനിക്കാറില്ല. പുഴയരികിലും മററും പതിവായി വൈകുന്നേരസമയം കുമാരമേനോൻ അല്പം നടന്നാൽ ക്ഷണത്തിൽ ആശ്വാസംകിട്ടും. കുന്നുകളും ചോലകളും നടന്നു കാണാൻ വളരെ ആനന്ദമായിരിക്കും. നല്ല കാററും കൊള്ളാം. ഒന്നാംതരം വ്യായാമവുമാണ്.

കുമാ:—അവിടങ്ങളിലൊന്നും എനിക്കു യാതൊരു പരിചയവുമില്ല. തനിച്ചു നടക്കാൻപോയാൽ കാട്ടുപ്രദേശമായതുകൊണ്ടു വഴിതെററാൻ എളുപ്പമാണ്. ചോദിക്കാൻ ആരേയും കാണുകയുമില്ല.

ശങ്ക:—ഈ കുട്ടി ഒരു മിനിട്ടുനേരമെങ്കിലും ഇവിടെ ഇരിക്കാറില്ല. ഈ പ്രദേശങ്ങളെല്ലാം ഇവൾക്കു നല്ല പരിചയമാണ്. എന്നല്ല, കാട്ടിനകത്തും ഇവൾക്കു ദൃഢമാണ്. കാടന്മാരും മലയന്മാരും എല്ലാം തങ്കത്തിൻെറ ചങ്ങാതിമാരാണ്.

തങ്കം:—അതിനെന്താവിരോധം. എൻെറ കൂടെ വരൂ. എല്ലാദിക്കും ഞാൻ നിങ്ങൾക്കു കാണിച്ചുതരാല്ലോ. പക്ഷെ ഇപ്പോൾ നടക്കാൻ തക്ക ശക്തി നിങ്ങൾക്കില്ലല്ലൊ.

കുമാ:—അതു പറയണ്ട. തങ്കത്തിനേക്കാൾ വേഗത്തിൽ ഞാൻ നടക്കും. ശരീരം ശോഷിച്ചാലും ശക്തിക്കു ഹാനിവന്നിട്ടില്ല.

തങ്കം:—എന്നാൽ അച്ഛാ, അതൊന്നു പരീക്ഷിക്കണം. ഇന്നു ഉച്ചതിരിഞ്ഞു ഞാൻ പൂപ്പറമ്പിലേക്കു പോകുന്നുണ്ട്. കുമാരമേനവനും വരട്ടെ. ഇവിടുന്നു രണ്ടുനാഴിക അകലമുണ്ടല്ലൊ. എൻെറ ഒപ്പം നടക്കുന്നതു കാണാം.

ശങ്ക:—ഇന്നാണല്ലെ പൂപ്പറമ്പിൽ കോലടി. അതിനെന്താവിരോധം. അദ്ദേഹത്തിനും കോലടി കാണാമല്ലൊ. നീ അദ്ദേഹത്തെ ഈ പ്രദേശമെല്ലാം കാണിച്ചുകൊടുക്കണം.

തങ്കം:—നന്നായി. എനിക്കു തനിച്ചു നടക്കേണ്ടല്ലൊ കുമാരമേനോ! ഇവിടുത്തെ പുഴയിൽ വഞ്ചികളിക്കാൻ നല്ല രസമുണ്ട്. കാട്ടിനുള്ളിൽ ചെന്നാൽ മാൻ, മുയൽ, മയില്—എന്തെല്ലാം കാണാം. പക്ഷെ കാടുകണ്ടാൽ നിങ്ങൾ പേടിക്കും,

കുമാ:—(മന്ദഹാസത്തോടെ) ഞാനോ! തങ്കം. ഞാൻ ചെറിയ കുട്ടിയാണോ

തങ്കം—പേടിക്കില്ലായിരിക്കും. എന്നാലും എന്റെ ഒപ്പം നടക്കില്ല നിശ്ചയംതന്നെ.

ശങ്ക—അതു പൂപ്പറമ്പിലേക്കു പോകുമ്പോൾ പരീക്ഷിച്ചോളൂ.

കുമാ—നിങ്ങളും വരുന്നില്ലേ പൂപ്പറമ്പിലേക്ക്?

ശങ്ക—ഇല്ല. രണ്ടുകൊല്ലമായി ഞാൻ പുറത്തെങ്ങും പോകാറില്ല. കണ്ണിന് അല്പം കാഴ്ചക്കുറവുണ്ട്. തങ്കംകൂടെ ഉണ്ടല്ലോ. അതു മതി.

കുമാ—എന്നാൽ നമുക്കു പൂവ്വാലെ കുട്ടനേയും വിളിക്കാം. ഇക്കാളിഅമ്മയും ഉണ്ടാകും. നമുക്കൊന്നിച്ചുപോകാം.

തങ്കം—അവരൊക്കെ നേരത്തെ പോയ്ക്കഴിഞ്ഞു. അവരും പൂപ്പറമ്പുകാരും ബന്ധുക്കളാണ്.

കുമാ—നമ്മൾ രണ്ടുപേരും തനിച്ചോ പോണതു്.

തങ്കം—അച്ഛാ, കണ്ടില്ലേ പുള്ളിക്കു പേടിയായിത്തുടങ്ങി. പേടിക്കണ്ട. ഞാനുണ്ടു് സഹായത്തിനു്.

തങ്കത്തിന്റെ ഈ മറുപടി കുമാരനുണ്ണി ഊഹിക്കാത്തതായിരുന്നു. അതു കേട്ടപ്പോൾ കുമാരനുണ്ണിക്കു ലജ്ജ തോന്നി. പക്ഷെ അതു് അദ്ദേഹം ഒതുക്കി.

കുമാ—അപ്പോൾ അവരെന്നെ ക്ഷണിക്കാതെ ഞാൻ അവിടെ കയറിച്ചെന്നാലോ.

ശങ്ക—ആ വക പട്ടണച്ചട്ടങ്ങളൊന്നും ഇവിടങ്ങളിൽ നടപ്പില്ല. സദ്യക്കുംമററുമല്ലല്ലോ പോണതു്. എന്നാൽ സങ്കോചപ്പെടാം. കളികാണാനല്ലെ. ഒരു സ്നേഹിതന്റെ നിലക്കു തങ്കത്തിന്റെ കൂടെയല്ലെ പോണതു്. അവിടെ ചെന്നാൽ പരിചയക്കാരായി പൂവ്വാലെക്കാരുമുണ്ടല്ലോ.

അനന്തരം ഭക്ഷണം തയ്യാറായെന്നു ഭൃത്യൻ വന്നു പറകയാൽ എല്ലാവരും ഉള്ളിലേക്കുപോയി.

ഇതിനിടയിൽ വായനക്കാരോടു രണ്ടുവാക്കു പറയാനുണ്ടു്. കുമാരനുണ്ണി പൂവ്വാലെവീട്ടിലാണല്ലോ ആദ്യമായി വന്നിറങ്ങിയതു്. മൂന്നാലു ദിവസത്തിനുള്ളിൽ ശങ്കുനായരുടെ സ്നേഹവും വാത്സല്യവും സമ്പാദിച്ചു. ശങ്കുനായരുടെ നിർബ്ബന്ധത്താലും പൂവ്വാലെക്കാരുടെ പൂർണ്ണസമ്മതത്താലും കുമാരനുണ്ണി ചെന്നെത്തിയ ആറാം ദിവസം ശാന്ത്യാശ്രമത്തിലേക്കു താമസം മാററി. പൂവ്വാലെ വീട്ടിനേക്കാൾ ശാന്ത്യാശ്രമത്തിൽ കൂടുതൽ സൌകര്യവുമുണ്ടു്. ശാന്ത്യാശ്രമത്തിൽ മാറി താമസംതുടങ്ങി നാലഞ്ചു ദിവസം കഴിഞ്ഞു ഒരു ദി

വസം കാലത്തു പ്രാതൽ കഴിഞ്ഞു ഇരിക്കുമ്പോൾ നടന്ന സംഭാഷണമാണ് മേലുദ്ധരിച്ചതു്.

ഭക്ഷണാനന്തരം നമ്മുടെ ഭാഗവതർ മകൾക്കു സംഗീതശാസ്ത്രത്തിൽ ഓരോന്നു പറഞ്ഞുകൊടുത്തു. കുമാരനുണ്ണിയാകട്ടെ ഇവർക്കു സമീപത്തായി ഒരു പുല്ലുപായ വിരിച്ചു കിടന്നു. ആ സമയത്തു കുമാരനുണ്ണിയുടെ വിചാരം എന്തായിരിക്കാം.

ദേഹസുഖത്തിന്നുവേണ്ടി മലയാററൂരു ചെന്നു താമസിക്കാൻ ഉപദേശിച്ച ഡാക്ടരെ കുമാരനുണ്ണി വളരെ അഭിനന്ദിച്ചു. വിഷമയമായി കരുതിവന്ന മലയാററൂരു വാസം തുടക്കംതന്നെ ആനന്ദമയമായി കണ്ടതിൽ അദ്ദേഹം വളരെ സന്തോഷിച്ചു. ശങ്കുനായരുടെ അകൈതവസൌഹാർദ്ദത്തിൽ കുമാരനുണ്ണി പരമസന്തുഷ്ടനായി. തങ്കത്തിൻെറ ആകാര സൌഷ്ഠവം അദ്ദേഹത്തെ കാമദേവൻെറ കളിപ്പാവയാക്കി. അവളുടെ ഹൃദയനൈർമ്മല്യവും സ്വഭാവശുദ്ധിയും അദ്ദേഹത്തിൽ എന്തെന്നില്ലാത്ത ബഹുമാനത്തെ ഉളവാക്കി. അതുവരെ താനനുഭവിച്ച സുഖാനുഭോഗങ്ങൾ തങ്കത്തെ കണ്ടതോടുകൂടി അത്യന്തം പൈശാചികമായിത്തോന്നി. താൻ കണ്ടിരുന്നതും പൂണ്ടിരുന്നതും ആയ കാമിനീജനങ്ങൾ സർവ്വരും തങ്കത്തിൻെറ മുമ്പിൽ അത്യന്തം നികൃഷ്ടരായി ഭവിച്ചു. ഇത്രയും കാലം ദുർന്നടപടികളിൽ ലയിച്ചു് ആയുസ്സിനെ വ്യർത്ഥമാക്കികളഞ്ഞ തൻെറ പ്രവൃത്തികളെക്കുറിച്ചു് കുമാരനുണ്ണി അത്യന്തം പരിതപിച്ചു. മനുഷ്യജീവിതത്തിൻെറ ഉദ്ദേശം ഇന്നതാണെന്നു തനിക്കുണ്ടായിരുന്ന ധാരണ ശുദ്ധമേ അബദ്ധവും അപകടവുമാണെന്നു അദ്ദേഹത്തിന്നു ബോധം ജനിച്ചു. "ദൈവമെ! എൻെറ സമസ്താപരാധങ്ങളും പൊറുത്തു എന്നെ നല്ലവഴിക്കു നടത്തേണമേ" എന്നിങ്ങനെ വിടനായിരുന്ന നമ്മുടെ പ്രഭുകുമാരൻ ദൈവത്തോടു മനസാ പ്രാർത്ഥിച്ചു.

അപ്രകാരമല്ലെ വരുവാൻ തരമുള്ളു. "ഒരുവൻെറ സ്വഭാവം അവൻെറ സ്നേഹിതന്മാരിൽനിന്നും മനസ്സിലാക്കാം" എന്നൊരു മഹാൻ പറഞ്ഞിട്ടുള്ളതു വാസ്തവമാണു്. ചാരിയാൽ ചാരിയതു മണക്കും. സംസർഗ്ഗംകൊണ്ടാണല്ലൊ ഒരുവൻ ചീത്തയാവുന്നതും നന്നാവുന്നതും. ബാല്യദശവിട്ടു യൌവനത്തിലേക്കു കാലെടുത്തുവെച്ചു് തിരശ്ശീലനീക്കി ലോകരംഗത്തേക്കു പ്രവേശിക്കാൻ ആരംഭിച്ചതൽക്ഷണംതന്നെ നളമഹാരാജാവിനെ കലി ബാധിച്ചപോലെ കുമാരനുണ്ണിയെ ഒരു കൂട്ടം വികൃതിജനങ്ങൾ ബാധിച്ചു. സ്നേഹഭാവ-

നടിച്ചു് ഓച്ഛാനിച്ചു ഇഷ്ടത്തിന്നു വിരോധം നടിക്കാതെ താണുവ ണങ്ങി പററിക്കൂടി കാട്ടിക്കൊടുത്തു കൂട്ടിക്കൊടുത്തു ചേട്ടകടിപ്പിച്ചു മനുഷ്യരെ വഷളാക്കി പണവും തട്ടിച്ചുപോകുന്ന ഇത്തരം കലിദപാ പരന്മാരെ ഏതുകാലത്തും ഏതു പ്രദേശത്തും കാണാം. അവരുടെ വലയിൽ സാമാന്യക്കാരെല്ലാം അകപ്പെട്ടുപോകും. പണ്ടകപ്പണ്ടേ പൂപ്പള്ളിസ്വരൂപത്തിലെ ആശ്രിതന്മാരാണെന്നും ഗുണകാംക്ഷിക ളാണെന്നും പറഞ്ഞു കടന്നുകൂടിയ ചില കുളന്മാരുടെ വലയിൽ നി ർഭാഗ്യവശാൽ നമ്മുടെ കുമാരനുണ്ണി കുടുങ്ങിപ്പോയി. ദുരാചാര ങ്ങൾക്കു സ്വതവേ ആകർഷണശക്തി കൂടിയിരിക്കും. വല്യമ്മാർ മി ടുക്കന്മാരായതുകൊണ്ടു കുമാരനുണ്ണിക്കു അദ്ദേഹം പതിച്ച അന്ധ കാരകൂപത്തിൽനിന്നു കരകയറുവാൻ അത്ര വേഗം സാധിച്ചില്ല; എന്നുമാത്രമല്ല, അനുനിമിഷം അതിൽ താണുകൊണ്ടിരുന്നു. അ ദ്ദേഹത്തിന്റെ പ്രായവും ഇതിന്നനുകൂലിച്ചിരുന്നു.

ഭാഗ്യവശാലാണു് കുമാരനുണ്ണിക്കു ഡാക്ടരുടെ ഉപദേശം അനുസരിക്കുവാൻ തോന്നിയതു്. അദ്ദേഹം ശാന്ത്യാശ്രമത്തിൽ താമസം തുടങ്ങിയമുതൽ ആ കൃതിക്കും പ്രകൃതിക്കും നല്ലൊരു മാററം വന്നു; അദ്ദേഹത്തിന്റെ മനസ്സും ബുദ്ധിയും നാൾക്കുനാൾ തെളി ഞ്ഞു. ജീവിതത്തിൽ അദ്ദേഹത്തിന്നു പ്രത്യാശ ജനിച്ചു. ശങ്കുനാ യരുടെ സംസൎഗ്ഗവും തങ്കത്തിന്റെ നൈസൎഗ്ഗികമായ അംഗവി ലാസവും നിൎമ്മലസ്വഭാവവും അവളുടെ വകതിരിവും കുമാരനു ണ്ണിയെ സന്മാൎഗ്ഗവിരുദ്ധങ്ങളായ പാപകൎമ്മങ്ങളിൽനിന്നു മോചി പ്പിക്കുവാനുള്ള ദിവ്യ ഔഷധങ്ങളായി പരിണമിച്ചു.

തങ്കത്തിന്റെ പഠിപ്പുകഴിഞ്ഞു. ഏകദേശം രണ്ടു മണിയായി; പൂപ്പറമ്പിലേക്കു പോകാൻ തങ്കം വസ്ത്രം മാറിത്തുടങ്ങി. കുമാരനു ണ്ണിയും തങ്കത്തെ അനുഗമിക്കുവാൻ തയ്യാറായി.

ശങ്കു:—നേരത്തെ മടങ്ങാൻ നോക്കണം.

കുമാ:— ആറുമണിക്കു മുമ്പുതന്നെ മടങ്ങാമല്ലോ. രണ്ടു നാഴികയല്ലേ ദൂരമുള്ളു.

ശങ്കു:—നല്ലനിലാവുള്ള കാലമാണല്ലൊ. നിലാവത്തു നടക്കാൻ തങ്കത്തിന്നു ബഹു ഉത്സാഹമാണു്. അതിനുവേണ്ടി ആവശ്യമി ല്ലെങ്കിലും അവൾ താമസിക്കും.

തങ്കം:—ഇല്ല. ഞങ്ങൾ നേരത്തെ മടങ്ങും.

തങ്കവും കുമാരനുണ്ണിയും ജനസഞ്ചാരമില്ലാത്ത വഴിയിൽക്കൂടി നടന്നുതുടങ്ങി. അത്രനേരവും സരസമായി സംസാരിച്ചുകൊണ്ടിരു

ന്ന കുമാരനുണ്ണിക്കു തങ്കത്തിനോടു അപ്പോൾ വല്ലതും സംസാരിക്കാമെന്നു വെച്ചാൽ നാവു പൊന്താതായി. സംസാരിക്കണമെന്നു വിചാരിക്കുമ്പോഴൊക്കെ ചില പരിഭ്രമമോ, ഭയമോ എന്തെല്ലാമോ അദ്ദേഹത്തെ പിടികൂടി. എന്നാൽ അദ്ദേഹത്തിന്റെ ആ പരിഭ്രമവും മൌനവും അധികനേരത്തേക്കു വേണ്ടിവന്നില്ല. റോഡിൽ ആദ്യത്തെ കയററം എത്തിയപ്പോൾ

തങ്കം:—ഇപ്പോഴാണ് കാണേണ്ടതു നിങ്ങളുടെ സാമർത്ഥ്യം. എന്റെ ഒപ്പം വരൂ. എന്നേക്കാൾ വേഗത്തിൽ നടക്കുമെന്നല്ലെ പറഞ്ഞതു്. കാണട്ടെ.

കുമാ:—ഇതാ വരുന്നു.

കുമാരനുണ്ണി വളരെ ശ്രമപ്പെട്ടു നടന്നു തുടങ്ങി. തങ്കത്തിന്റെ ഒപ്പം എത്തുവാൻ സാധിച്ചില്ല. കുറച്ചു ചെന്നപ്പോഴയ്ക്കും കുമാരനുണ്ണിയുടെ കിതപ്പും നെഞ്ചിടിപ്പും തങ്കം മനസ്സിലാക്കി.

തങ്കം:—എന്ത ഇത്രക്ഷണത്തിൽ കിതച്ചുപോയോ ?

കുമാ:—ഇയ്യിടെ ഒന്നും നടക്കാറില്ലല്ലൊ. അതാണ്

തങ്കം:—അതു ശരി. വേണ്ട നമുക്കു പരീക്ഷിക്കണ്ട. ഒരുമാതിരി ദേഹം തെളിഞ്ഞു വരുമ്പോഴയ്ക്കും ഇങ്ങനെ തുടങ്ങിയാൽ അതു അപകടത്തിലാകും. നമുക്കു പതുക്കെ പോയാൽ മതി.

കുമാ:—തങ്കത്തിന്നു ബന്ധുക്കളായിട്ടാരുമില്ലേ.

തങ്കം:—ഇല്ലെന്നാണ് അച്ഛൻ പറഞ്ഞതു്. എനിക്കറിയാൻ പാടില്ല. എനിക്കു ബുദ്ധിവെച്ച മുതൽ ഞാനിവിടെയാണ്. ഈ പ്രദേശത്തുള്ളവരെല്ലാം എന്റെ ബന്ധുക്കളാണ്.

കുമാ:—അപ്പോൾ സ്കൂളിൽ പഠിച്ചതു എവിടെ വെച്ചാണ്. നന്നായി ഇംഗ്ലീഷു സംസാരിക്കുന്നുണ്ടല്ലൊ.

തങ്കം:—എനിക്കുള്ള പഠിപ്പെല്ലാം അച്ഛന്റെ കയ്യിൽനിന്നു കിട്ടിയതാണ്. അദ്ദേഹമാണ് എന്നെ ഇംഗ്ലീഷും സംസ്കൃതവും സംഗീതവും എല്ലാം പഠിപ്പിച്ചതു്. ഞാൻ ഒരു സ്കൂളിലും ചേൎന്നു പഠിച്ചിട്ടില്ല.

കുമാ:—ഒരു ബി. എ. പാസ്സായ ആൾകൂടി ഇത്ര നന്നായി ഇംഗ്ലീഷു സംസാരിക്കില്ല. തങ്കത്തിന്നു ഇങ്ങനെ ഒരച്ഛനെ കിട്ടിയതു മഹാ ഭാഗ്യംതന്നെ.

തങ്കം:—സംശയമുണ്ടോ. ആദ്ദേഹം തന്നെ എന്റെ സ്വത്തു.

കുമാ:—പട്ടണങ്ങളിൽ താമസിച്ച് വല്ല സ്കൂളുകളിലും ചേൎന്നു പഠിച്ചതാണെങ്കിൽ തങ്കത്തിന്നു ഇത്ര അറിവു കിട്ടുകയില്ലായിരുന്നു.

എന്നല്ല, അവിടെ സ്വഭാവം ചീത്തയാകാൻ വളരെ എളുപ്പവുമാണ്.

തങ്കം:—അതെന്തുകൊണ്ട്. പഠിപ്പിന്റെ കാര്യം പക്ഷെ കുറച്ചുമാന്ദ്യത്തിലാകാം. വളരെ കുട്ടികൾ ഒന്നിച്ചല്ലേ പഠിക്കുന്നതു്. അതുകൊണ്ടു സ്വഭാവം എങ്ങനെ ചീത്തയാകും?

കമ:—ഞങ്ങളുടെ നാട്ടിൽ സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളെ നോക്കണ്ടേ? എത്ര എണ്ണമാണ് വഷളായിട്ടുള്ളതു്.

തങ്കം:—അതു സ്കൂളിന്റെ കുററമാണോ.

കമാ:—സ്വഭാവം ചീത്തയാകുന്നതിൽ സ്കൂളും ഏറെക്കുറെ സഹായകമാണ്. നല്ല കുട്ടികളും ചീത്തക്കുട്ടികളും ഇടകലൎന്നു പഠിക്കുന്ന സ്ഥലത്തു നല്ലവർ ചീത്തയാവാൻ വളരെ എളുപ്പമുണ്ടല്ലൊ. "നല്ലവിത്തോടു കള്ളവിത്തു ചേൎന്നാൽ നല്ലവിത്തും കള്ളവിത്താകും"

തങ്കം:—അവരവൎക്കു ദോഷമുണ്ടാക്കുന്നതു അവരവർതന്നെയാണ്. നല്ല ആളുകൾ എന്തിനു ചീത്ത ജനങ്ങളോട് ഇടപഴകുന്നു. "ദുർജ്ജനം ദൂരതസ്ത്യജേൽ." അവരോടു ആഭിമുഖ്യംപോലും കാണിക്കരുതു്.

കമാ:—ദുർജ്ജനത്തേയും സജ്ജനത്തേയും എങ്ങനെയാണ് ആദ്യത്തിൽ ഒരാൾ തിരിച്ചറിയുക.

തങ്കം:—പിന്നെ എന്തിനാണ് ദൈവം മനുഷ്യൎക്കു ബുദ്ധി കൊടുത്തിരിക്കുന്നതു്. സംസാരംകൊണ്ടും, മുഖഭാവംകൊണ്ടും സഹവാസംകൊണ്ടും പ്രവൃത്തികൊണ്ടും നടപടികൊണ്ടും അങ്ങനെ പലതിൽനിന്നും ഒരാളുടെ സ്വഭാവം മനസ്സിലാക്കാം. അതു മനസ്സിലാക്കിവേണം പെരുമാറാൻ.

കമാ:—അങ്ങനെ മനസ്സിലാക്കാൻ എളുപ്പത്തിൽ സാധിക്കുമോ.

തങ്കം:—എന്തുകൊണ്ടു സാധിക്കില്ല. പക്ഷെ എത്ര സൂക്ഷിച്ചാലും ചിലപ്പോൾ ചില അബദ്ധങ്ങൾ പററിയേക്കാം. എന്നാൽ ആ പററലിന്നു വ്യത്യാസവും ഉണ്ട്. ഇതാ നോക്കു. ഈ കാണുന്നതാണ് ഇവിടത്തെ ശ്രീകൃഷ്ണക്ഷേത്രം. രാധാകൃഷ്ണനാണ് പ്രതിഷ്ഠ അഷ്ടമിരോഹിണിക്കു ഇവിടെ വലിയ ഉത്സവമാണ്.

കമാ:—ഈ നാട്ടിൽ എല്ലാംകൂടി നൂറാളുകളുണ്ടോ എന്നു സംശയമാണ്. പിന്നെ എന്തുത്സവമാണ്. പുറംഭിക്കിൽ നിന്നു ആളുകൾ വരുമായിരിക്കാം.

തങ്കം.—ആൾത്തിരക്കിലാണോ ഉത്സവത്തിന്റെ മാഹാത്മ്യം. ഞ

ങ്ങളെല്ലാവരും കൂടിച്ചേൎന്ന് അന്നേദിവസം ഭക്തിയോടുകൂടി നിവേദ്യംവെച്ച് പൂജ കഴിച്ചു പാട്ടുപാടിസ്തുതിക്കും. ഞങ്ങൾക്കതു മഹോത്സവംതന്നെ.

തങ്കത്തിൻെറ ഈ മറുപടി കുമാരനുണ്ണി വിചാരിക്കാത്തതായിരുന്നു. അദ്ദേഹം അല്പം ഇളിഭ്യനായി സംസാരവിഷയംതന്നെ മാററി.

കുമാ:—ഇനി ഇവിടുന്നു പൂപ്പറമ്പിലേക്കു എത്രയുണ്ടു്.

തങ്കം:—ഇപ്പോൾ നടന്നത്ര വഴി ഇനിയും ഉണ്ടു്. വീട്ടിനും പൂപ്പറമ്പിനും ഒത്ത നടുക്കാണ് ശ്രീകൃഷ്ണക്ഷേത്രം.

കുമാ:—എന്നാൽ രണ്ടു നാഴിക ദൂരമില്ല. നാം ഇപ്പോൾ അരനാഴികയിലധികം നടന്നിട്ടില്ല.

തങ്കം—സംസാരിച്ചു നടന്നാൽ വഴിപോകുന്നതറിയില്ല. നിങ്ങളുടെ വീട്ടിൽ ആരെല്ലാമുണ്ടു്.

കുമാ:—അമ്മയുണ്ടു്, അമ്മാമനുണ്ടു്, പെങ്ങളുണ്ടു്, മരുമകളുണ്ടു്, അനുജന്മാരുണ്ടു്.

തങ്കം:—നിങ്ങൾക്കു കൃഷിയും ഒന്നും ഇല്ലന്നല്ലെ അച്ഛനോടു പറഞ്ഞതു്.

കുമാ:—അതേ കുടുംബച്ചിലവിനു വേണ്ടതെല്ലാം ഞാൻതന്നെ സമ്പാദിക്കണം. അമ്മക്കും അച്ഛനും അമ്മാമനും വളരെ വയസ്സായി. അളിയൻ മരിച്ചു. അനുജന്മാരും മരുമക്കളും കുട്ടികളാണ്.

തങ്കത്തിൻെറ മുഖം ഇതുകേട്ടതിൽ വളരെ ആർദ്രമായി.

തങ്കം—അതാണല്ലോ. അത്യദ്ധ്വാനംകൊണ്ടു് ദേഹം മെലിഞ്ഞു വിളർത്തതു്.

കുമാ—എന്തുചെയ്യാം.

തങ്കം—നിങ്ങൾ ഒട്ടും വ്യസനിക്കേണ്ട. ഒരു മാസത്തിന്നുള്ളിൽ പൂൎണ്ണസുഖം കിട്ടും. നല്ല ആരോഗ്യവും ഉണ്ടാകും. അപ്പോൾ നല്ലവണ്ണം സമ്പാദിക്കുകയും ചെയ്യാം. നിങ്ങൾ മടങ്ങി നാട്ടിലെത്തുന്നതുവരെ അവിടെ ചിലവിനെന്തുചെയ്യും.

കുമാ—അതുതന്നെയാണ് എൻെറയും വിചാരം.

തങ്കം—അയ്യോ! കൊച്ചുകുട്ടികൾ! പട്ടിണിയാകുമോ. നമുക്കു വീട്ടിൽ മടങ്ങിയെത്തിയ ഉടനെ ഞാൻ അച്ഛനോടു പറഞ്ഞു അമ്പതുറുപ്പിക അയപ്പിക്കാം. മുമ്പേതന്നെ ഈ വിവരം അറിഞ്ഞിരുന്നുവെങ്കിൽ അന്നേ അയക്കാമായിരുന്നു.

കുമാ—വേണ്ട രണ്ടുമൂന്നുമാസത്തേക്കു ഞാൻ വേണ്ട ഏൎപ്പാടു ചെ

സ്തിട്ടുണ്ടു്. അതുകൊണ്ടു തല്ക്കാലം പരിഭ്രമിക്കാനൊന്നുമില്ല.

ഇപ്രകാരം ഓരോ വത്തമാനങ്ങളും പറഞ്ഞുകൊണ്ടു അവർ പൂപ്പറമ്പുവീടു് സമീപിച്ചു.

കുമാരനുണ്ണി എന്തൊരുദ്ദേശത്തിന്മെലായിരിക്കാം തന്റെ യഥാത്ഥസ്തിതികൾ മറച്ചു ഈ തരത്തിൽ തങ്കത്തിനോടു സംസാരിച്ചതു്. വാസ്തവചരിത്രങ്ങൾ വെളിപ്പെട്ടാൽ തന്റെ ദുന്നടപടികളും വെളിപ്പെട്ടെങ്കിലൊ എന്നു ഭയപ്പെട്ടാണൊ. അതോ തങ്കത്തിന്റെ മനസ്ഥിതിയും മററും മനസ്സിലാക്കുവാനോ. അതല്ല; കാരണം തങ്കത്തിന്റെ സ്വഭാവത്തെക്കുറിച്ചു ആദ്യംതന്നെ നല്ലപോലെ കുമാരനുണ്ണി മനസ്സിലാക്കീട്ടുണ്ടു്. എന്നാൽ പിന്നെ ശുദ്ധാത്മാവായ ഒരു പെൺകുട്ടിയോടു ഇങ്ങനെ "ആൾമാറാട്ടം" നടിക്കുവാൻ കുമാരനുണ്ണിയെ പ്രേരിപ്പിച്ചതു എന്തായിരിക്കും!

അവർ ഇരുവരും പൂപ്പറമ്പു വീടെത്തി. മുററത്തു കളിച്ചിരുന്ന കുട്ടൻ ഇവരുടെ വരവു കണ്ടു ഓടിച്ചെന്നു ഇക്കാളിയമ്മയോടും മററുള്ളവരോടും വിവരം പറഞ്ഞു.

തങ്കത്തെ കണ്ടഉടന അവിടെ ഉള്ളവക്കെല്ലാം വളരെ സന്തോഷമായി. തങ്കം കുമാരനുണ്ണിയെ അവക്കെല്ലാം പരിചയപ്പെടുത്തികൊടുത്തു.

തങ്കം—എന്തേ ഇക്കാളിചേച്ചിവരുമ്പോൾ വിളിക്കാഞ്ഞതു്.

മുത്തശ്ശി—നേരത്തെ ഇക്കാളി വത്തമാനങ്ങളെല്ലാം പറഞ്ഞു.

കുമാ—നിങ്ങളുടെ ഒക്കെ സ്നേഹം സമ്പാദിക്കാൻ ഇടയായതു എന്റെ ഭാഗ്യമാണു്.

മുത്തശ്ശി—വന്നിട്ടു പത്തുപതിനഞ്ചുദിവസമായില്ലെ. എന്തേ ഇത്ര ദിവസവും ഇങ്ങോട്ടു വന്നില്ല. അതു തങ്കത്തിന്റെ തെററാണ്.

തങ്കം:—നോക്കു. എന്റെ തെററാണത്രെ. അദ്ദേഹം നടയാടെ ഇന്നാണ് പുറത്തിറങ്ങുന്നതു്. ക്ഷീണംകൊണ്ടു നടക്കാൻ വയ്യാതിരുന്നു. ഇന്നു ഇത്ര ദൂരം നടന്നതുകൂടി എനിക്കു തൃപ്തിയായിട്ടില്ല. എങ്കിലും കുറേശ്ശ നടക്കണ്ടേ എന്നു വിചാരിച്ചാണ് അച്ഛനും സമ്മതിച്ചതു്.

കുമാ:—തങ്കം പറഞ്ഞതു ശരിയാണു്.

മുത്ത:—ഇനി എന്നാണ് നാട്ടിലേക്കു മടക്കം.

കുമാ:—രണ്ടു മാസം കൂടി കഴിഞ്ഞിട്ടേ ഉണ്ടാകുള്ളൂ. അപ്പോഴക്കു പൂർണ്ണസുഖം ലഭിക്കുമെന്നു വിശ്വസിക്കുന്നു.

മുത്ത:—ഇടക്കിടെ ഇങ്ങോട്ടു വരണേ.

ഇതിലിടക്കു മുത്തശ്ശിയുടെ മകൾ കട്ടിപ്പാറ തങ്കത്തിനെ വിളിച്ചു എന്തോ സ്വകാര്യം പറഞ്ഞു.

തങ്കം:—നമുക്കു വർത്തമാനം ഇനിയും പറയാം. അദ്ദേഹം കുറച്ചു പലഹാരം കഴിക്കട്ടെ. കളിയും തുടങ്ങാറായി.

മുത്ത:—തങ്കം, അദ്ദേഹത്തെ അകത്തേക്കു കൂട്ടികൊണ്ടുപോക. നിങ്ങൾ പലഹരം കഴിക്കുന്നതിലിടക്കു ഞാൻ കോലടികുട്ടികളെ വിളിച്ചു ചേക്കാം.

നേരത്തെ പലഹാരവും തിന്നു കോലടിക്കുട്ടികൾ അവിടവിടെ ഇരുന്നു കളിക്കുകയായിരുന്നു. അവരെ വിളിച്ചുചേക്കാൻ മുത്തശ്ശിയോടൊപ്പം ഇക്കാളി അമ്മയും പോയി. അവർ തമ്മിൽ ഇങ്ങനെ ഒരു സംഭാഷണം നടന്നു.

മുത്ത:—എന്താണിക്കാളീ നീ പറയണതു്. അദ്ദേഹം നല്ലൊരു വാല്യക്കാരൻ.

ഇക്കാ:—സ്വഭാവവും വളരെ നല്ലതാണ്. അഞ്ചാറു ദിവസം വീട്ടിലല്ലെ താമസിച്ചതു്.

മുത്ത:—നല്ല ചന്തക്കാരൻ. ദീനം പിടിച്ചു വളരെ ചടച്ചിട്ടുണ്ടു്.

ഇക്കാ:—അപ്പോൾ വന്ന അന്നു കണ്ടതാണെങ്കിലോ ഇന്നക്കു എത്ര ഭേദപ്പെട്ടു.

മുത്ത:—ഇനി എന്നാൽ ഒരു മാസംകൊണ്ടു നല്ലവണ്ണം തെളിയും.

ഇക്കാ:—അദ്ദേഹം വലിയ തറവാട്ടുകാരനാണ്. പക്ഷെ അല്പം വലഞ്ഞുപോയി. എന്നാലും കഴിച്ചിലിനുണ്ടു്.

മുത്ത:—ഇക്കാളി. തങ്കത്തിനേയും അദ്ദേഹത്തിനേയും ഒരുമിച്ചു കാണുമ്പോൾ എന്തൊരു ചേച്ച്.

ഇക്കാ:—അമ്മ അതു അന്നേ പറഞ്ഞു. കാര്യങ്ങൾ നമ്മൾ വിചാരിക്കുംപോലെ ആകുമോ.

മുത്ത:—ഇദ്ദേഹം ഭാര്യ ഉണ്ടാക്കീട്ടില്ലെന്നാണു തോന്നുന്നതു്.

ഇക്കാ:—ഇല്ല. ഈ വിവരം അമ്മ ചോദിച്ചു മനസ്സിലാക്കി

മുത്ത:—തങ്കത്തിൻെറ തലയിലെഴുത്തു ആരു കണ്ടു?

ഇക്കാ:—അതാ കൊട്ടുതുടങ്ങി. നമുക്കു അങ്ങോട്ടു പോകാം.

അഞ്ചാം അദ്ധ്യായം കഴിഞ്ഞു.

# അദ്ധ്യായം ആറു്

വിനോദമന്ദിരത്തിലെ സ്ഥിതികളും വിക്രമനുണ്ണിപ്രഭുവിൻെറ അവസ്ഥകളും എന്താണെന്നു നമുക്കല്പം ആലോചിക്കാം. കുമാരനുണ്ണി മലയാററൂക്കു വണ്ടി കയറി ഒരു മണിക്കൂറായില്ല; അപ്പോഴേയ്ക്കും ഊരകത്തുനിന്നു പ്രഭുവിൻെറ ഒരെഴുത്തുംകൊണ്ടു കാൎയ്യസ്ഥൻ കിട്ടുണ്ണിനായർ വിനോദമന്ദിരത്തിലെത്തി. കുമാരനുണ്ണിയുടെ യാത്രയെപ്പററി വിനോദമന്ദിരത്തിൽ ആൎക്കും ഒരുവിവരവും ഇല്ലാത്തതിനാൽ കാൎയ്യസ്ഥൻ കിട്ടുണ്ണിനായർ പ്രഭുവിൻെറ എഴുത്തു അവിടെ കൊടുത്തു മടങ്ങി. പല സ്നേഹിതന്മാരും പതിവുപോലെ വന്നു തുടങ്ങി. കുമാരനുണ്ണിയെ കാണാതെ അവരെല്ലാം ഉന്മേഷരഹിതരായി മടങ്ങി. വൈകുന്നേരം അഞ്ചുമണിയോടുകൂടി കൊടകര കുഞ്ഞമ്മാളു വന്നു. അവൾക്കവിടെ കുറേയേറെ സ്വാതന്ത്ര്യമുള്ളതുകൊണ്ടു പൂമുഖത്തു ഒരു കസേരയിൽ ചെന്നിരുന്നു. ഇതിനിടക്കു വാലിയക്കാരൻ രാമൻ ചായയും പലഹാരവും കൊണ്ടുവന്നു അ സ്ത്രീയുടെ മുമ്പിൽവെച്ചു ഓച്ഛാനിച്ചുനിന്നു. വിനോദമന്ദിരത്തിലുള്ള വേലക്കാൎക്കെല്ലാം കുഞ്ഞമ്മാളുവിനെ വലിയ കാൎയ്യമാണു്. അവരുടെ യജമാനന്നു ആ സ്ത്രീ വലിയ കാൎയ്യമാണു്. അതുകൊണ്ടു മാത്രമല്ല, ആ സ്ത്രീ വരുമ്പോഴെല്ലാം വേലക്കാൎക്കു രണ്ടുംനാലും സമ്മാനം കൊടുക്കാറുമുണ്ടു്.

കുഞ്ഞ:—രാമാ വലിയേടത്തുനിന്നു ഇന്നു ഇവിടെ ആരെങ്കിലും വന്നുവോ.

രാമ:—യജമാനന്നു വലിയേടത്തെ ഒരു തിരുവെഴുത്തുംകൊണ്ടു കിട്ടുണ്ണിനായർ വന്നു. അതു ഇവിടെ തന്നുപോയി. അദ്ദേഹത്തെ കാണാൻ തരപ്പെട്ടില്ല.

കുഞ്ഞ:—എവിടക്കാണദ്ദേഹം പോയിരിക്കുന്നതെന്നു ഒരു വിവരവുമില്ലെ.

രാമ:- ഒരു വിവരവുമില്ല. ഇങ്ങനെ പതിവില്ലാത്തതാണു്. പക്ഷെ രണ്ടു ദിവസത്തിലകം വരുമായിരിക്കാം. മേൽവിലാസം അറിയുമെങ്കിൽ വലിയേടത്തെ തിരുവെഴുത്തു അയച്ചുകൊടുക്കായിരുന്നു.

കുഞ്ഞ:—അദ്ദേഹം പോകുന്നതിനു മുമ്പു ആരെല്ലാം ഉണ്ടായിരുന്നു.

രാമ:—ഇന്നു വിശേഷാൽ ആരുമുണ്ടായിരുന്നില്ല. ഇന്നലെ ഉച്ച തിരിഞ്ഞു ഡാക്ടർ കയ്മള് എജമാൻ വന്നിരുന്നു. അതിന്നുശേ

ഷം യജമാൻ പോകുന്നതുവരെ ആരും വന്നിട്ടില്ല. എജമാൻ പുറത്തും പോയിട്ടില്ല.

കുഞ്ഞ:—ശരി. എന്നാൽ ഞാൻ പോകുന്നു അദ്ദേഹം വന്നാൽ ഞാൻ വന്ന വിവരം പറയണം. തിരുവെഴുത്തും മറക്കാതെ കൊടുക്കണം. ഞാൻ നാളെ കോഴിക്കോട്ടേയ്ക്കു പോകുന്നു. മടങ്ങി വന്നശേഷം വരാം.

ഇത്രയും പറഞ്ഞു കുഞ്ഞമ്മാളു വിനോദമന്ദിരം വിട്ടു. കയ്മളെ കണ്ടാൽ വിവരമറിയാം. പക്ഷെ അദ്ദേഹം ദേശമംഗലത്തേക്കു പോയിരിക്കയാണല്ലോ. ഇനി രണ്ടുമൂന്നു ദിവസം കഴിഞ്ഞേ മടങ്ങുകയുള്ളു.

കുഞ്ഞമമാളു പലതും വിചാരിച്ച് സന്ധ്യയോടുകൂടി ഉരകത്തു പൂപ്പള്ളിയിലെത്തി.

കുഞ്ഞമ്മാളുവിനെ കണ്ട് കിഴവൻ വിക്രമനുണ്ണി പ്രഭു ആടി കുഴഞ്ഞോടിയെത്തി അവളെ രണ്ടു കൈകൊണ്ടും തഴുകി മാറോടണച്ചു.

പ്രഭു:—എന്താ. കുമാരനില്ലാ അല്ലെ. കിട്ടുണ്ണി നേരത്തെ വന്നു പറഞ്ഞു.

കുഞ്ഞ:—ഇനി എന്താ വേണ്ടതു്. അയാശം എവിടെ പോയിരിയ്ക്കും. കയ്മളാണത്രെ ഒടുവിൽ കണ്ടതു്. ആയാശം ദേശമംഗലത്തേയ്ക്കു പോയിരിയ്ക്കുന്നു. അതിനാൽ ഒന്നു ചോദിക്കാൻ തരപ്പെട്ടില്ല. എനിയ്ക്കാണെങ്കിൽ നാളെ കോഴിക്കോട്ടേക്കു പോകാതിരിക്കാൻ നിവൃത്തിയില്ല. നാലു കച്ചേരിയ്ക്കു അഡ്വാൻസു വാങ്ങിക്കഴിഞ്ഞു. വാദ്യക്കാരേയും പിമ്പാട്ടുകാരേയും ഒക്കെ നേരത്തെ അയച്ചു.

പ്രഭു—കോഴിക്കോട്ടുപോയാൽ കുഞ്ഞമ്മാളു എന്നു മടങ്ങും.

കുഞ്ഞ.—ഇരുപതാംതിയ്യതി കഴിഞ്ഞശേഷമേ മടങ്ങാൻ തരപ്പെടുള്ളു. പത്തുപതിനഞ്ചു ദിവസത്തെ താമസമുണ്ടാകും.

പ്രഭു.—അയ്യയ്യൊ. ഇത്രയും ദിവസം കുഞ്ഞമ്മാളുവിനെ കാണാതെ ഞാനെങ്ങനെ കഴിച്ചുകൂട്ടും.

കുഞ്ഞ—അതെ, അതെ, ഇവിടുന്നു എന്നെ വലിയ സ്നേഹമുണ്ടെന്നു നടിക്കുകയല്ലെ. അല്ലെങ്കിൽ കുമാരൻെറ മറുപടി അറിയാൻ ഇത്ര വൈഷമ്യമോ. ഇവിടുന്നു അതിൽ ശ്രദ്ധവെക്കുന്നില്ല. അത്രമാത്രം. എന്നെ സ്നേഹമുണ്ടെങ്കിലല്ലെ വേണ്ടു.

പ്രഭു.—ഛേ! എൻെറ കുട്ടി അങ്ങനെ വിചാരിക്കരുതു്. പക്ഷെ

ഞാൻ അവനോട്ട ഇതേവരക്കും ഈ സംഗതിയെപ്പററി നേരിട്ടുസംസാരിച്ചിട്ടില്ല. എന്നാൽ ഭാവംകൊണ്ടു മനസ്സിലാക്കീട്ടുണ്ടു്. അവനു മനസ്സിലായിട്ടുമുണ്ടു്.

കു ഞ്ഞ—അദ്ദേഹത്തിനു് എന്നെ വളരെ സ്നേഹമാണു്. ഭാവംകൊണ്ടു എനിക്കറിയാം. പക്ഷെ, ചക്കയല്ലല്ലൊ ചൂന്നുനോക്കാൻ. മനസ്സിനുള്ളിൽ എന്താണെന്നാക്കറിയാം. സംബന്ധകാൎയ്യം പറയുമ്പോഠം ആയാഠം മൌനംഭീക്ഷിക്കും. ഒരു മറുപടിയും പറയില്ല. അതൊഴിച്ചു് അദ്ദേഹത്തെകൊണ്ടു എന്തുവേണമെങ്കിലും ചെയ്യിക്കാം. കല്യാണകാൎയ്യം ഒന്നു മൂളിക്കാൻ ഞാൻ പഠിച്ചവിദ്യ പതിനെട്ടും എടുത്തിട്ടുണ്ടു്. ഒരു ഫലവുമുണ്ടായില്ല.

പ്രഭ—ശരിയാണു്. അവനൊന്നു മൂണ്ടാൽമതി. പിന്നെ വാക്കു മാററില്ല. അതാണവൻെറ പ്രകൃതം. അതു എനിക്കറിയാം. അവനെക്കൊണ്ടു മൂളിക്കാനാണു് നാം ശ്രമിക്കേണ്ടതു്. ഞാൻ അയച്ച എഴുത്തും അവൻ കണ്ടില്ലല്ലൊ.

കുഞ്ഞ—എന്നെ ഇന്നു വരാൻ പറഞ്ഞിട്ടുണ്ടായിരുന്നു. അതാണു് ഞാൻ അവിടെ എത്തുന്നതിന്നു മുമ്പു ഇവിടുത്തെ എഴുത്തു അദ്ദേഹം കാണട്ടെ എന്നോൎത്തു് നേരത്തെ അയപ്പിച്ചതു്. അതിനെ തുടൎന്നു സംസാരിക്കാമെന്നു വിചാരിച്ചു. ഒന്നും ഫലിച്ചില്ല. അദ്ദേഹം ഒരു സമയം മദ്രാസിലേക്കു പോയിരിക്കുമോ.

പ്രഭ—അതുണ്ടാവില്ല. ഏതായാലും എൻെറ കുട്ടി കോഴിക്കോട്ടു പോയിവരു. അപ്പോഴെക്കു ഞാൻ അവൻെറ വിവരം അറിയാം. അതിനുള്ളിൽ അവൻ വന്നാലോ—ആയല്ലൊ.

കുഞ്ഞ—വന്നാലും, കണ്ടാലും, പറഞ്ഞാലും, കെഞ്ചിയാലുംകൂടി ആയാഠം സമ്മതിക്കുമെന്നു തോന്നുന്നില്ല. എന്തോ ഈ കാൎയ്യത്തിൽ എനിക്കൊരുറപ്പും തോന്നുന്നില്ല. ഞാൻ ആയാളുടെ സൎവ്വ അനുഗ്രഹങ്ങളും അപ്പപ്പോഠം സാധിപ്പിച്ചുതന്നെ വന്നിട്ടുണ്ടു്. ആയാഠംക്കും എന്നെ സ്നേഹമുണ്ടു്. ഇനി എന്തോ ദൈവം കണ്ടു.

പ്രഭ:—എന്താണിങ്ങനെ. ഇതു ഞാനേററ കാൎയ്യമല്ലെ. പിന്നെ മറിച്ചുവരുമോ. പൂപ്പള്ളി വിക്രമൻ പിടിച്ച കാൎയ്യം ഇതുവരെ സാധിക്കാത്തതെന്താണു്? അവൻ എൻെറ വാക്കു നിരസിച്ചാൽ പിന്നത്തെ അവൻെറ സ്ഥിതിയും ഗതിയും എന്തായിരിക്കുമെന്നറിയാമോ? അത്രത്തോളം ഞാനീ കാൎയ്യത്തിൽ ഉറച്ചിട്ടുണ്ടു്. എൻെറ ഓമന വ്യസനിക്കേണ്ട. എല്ലാററിനും ഞാനില്ലേ.

*

വിക്രമനുണ്ണി കുഞ്ഞമ്മാളുവിന്റെ "ശരച്ചന്ദ്രമനോഭിരാമവദനത്തിൽ" സന്നമായി ഒന്നു ചുംബിച്ച് മാറത്തു കിടത്തി ആശ്ലേഷിച്ചു. ഇല്ലക്കു മടങ്ങാൻ സമയം അതിക്രമിച്ചതുകൊണ്ടു അവൾ അന്നത്തെ രാത്രി വിക്രമനുണ്ണിയോടുകൂടി, സരസമായി പൂപ്പള്ളിൽ തന്നെ കഴിച്ചു.

അദ്ധ്യായം ആറ് കഴിഞ്ഞു

## അദ്ധ്യായം ഏഴ്

കുമാരനുണ്ണിക്കു തങ്കത്തിന്റെ പേരിലുള്ള സ്നേഹം നിമിഷം പ്രതി വർദ്ധിച്ച് ഒടുവിൽ അനുരാഗമായി പരിണമിച്ചു പുറത്തേക്കു പൊട്ടി പ്രവഹിപ്പാൻ ഒരു പഴുതും കാണാതെ അദ്ദേഹത്തിന്റെ ഉള്ളിൽതന്നെ കിടന്നു പരുങ്ങിത്തുടങ്ങി. എന്നാൽ കുമാരനുണ്ണിയോടു തങ്കത്തിനുണ്ടായ സ്നേഹം ഒരു സഹോദരപാന്ഥാവിൽകൂടിയാണൊഴുകിയതു്. പരിശുദ്ധഹൃദയയായ തങ്കത്തിന്നു കുമാരനുണ്ണിയുടെ അനുരാഗസൂചകങ്ങളായ വാക്കുകളും നോട്ടങ്ങളും ഏററവും പുതുമയായും അത്ഭുതമായുമാണ് തോന്നിയതു്. മാൻകിടാവോടുകൂടി സഹവസിച്ചവൾക്കു മന്മഥകഥാഗന്ധംപോലുമുണ്ടാകുമോ എന്നു പറഞ്ഞതു തങ്കത്തിനെ സൂചിപ്പിച്ചിട്ടായിരുന്നുവെങ്കിൽ വളരെ ശരിയാകുമായിരുന്നു—അനുരാഗോദ്ദീപിതങ്ങളായ സംഗതികളിൽ ഏർപ്പെടുവാൻ എടവരാതിരുന്നതിനാലായിരിക്കാം കുമാരനുണ്ണിയുടെ ചില സംസാരങ്ങൾ തങ്കത്തിന്നു ദുർഗ്രാഹ്യങ്ങളായിത്തീർന്നതെന്നു നമുക്കു അനുമാനിക്കാം. എങ്കിലും അവൾ യൗവനത്തിലേക്കു കാലെടുത്തുവെച്ച പ്രായമല്ലെ. സ്ത്രീസഹജമായ വികാരം അവൾക്കും ഉണ്ടാകാതെ വരുമോ!

ഒരു ദിവസം വൈകുന്നേരം മൂന്നുമണിക്ക് തങ്കം കുമാരനുണ്ണിയുമൊരുമിച്ച് അടുത്തുള്ള പുഴയിൽ വഞ്ചി കളിക്കാൻ പോയി. അന്നു കുമാരനുണ്ണിയായിരുന്നു വഞ്ചി തുഴഞ്ഞതു്. ഏകദേശം മുക്കാൽ മണിക്കൂറു സമയം അദ്ദേഹം വഞ്ചി തുഴഞ്ഞു. അതിനിടക്കു അദ്ദേഹം ക്ഷീണിച്ചു പരവശനായി. കുമാരനുണ്ണി തുഴ നിർത്തി. തങ്കം തുഴയെടുത്തു തുഴഞ്ഞു തുടങ്ങി.

കുമാ:—വേണ്ടാ. തങ്കം. ഇന്നു എനിക്കു തീരെ സുഖം തോന്നുന്നില്ല. ഒരു മയക്കം വരുന്നു. നമുക്കു വീട്ടിലേക്കു പോകാം.

തങ്കം:—അതു തുഴഞ്ഞതുകൊണ്ടുള്ള ക്ഷീണമാണ്. അതാ നെററി യിൽ വിയപ്പു പൊടിഞ്ഞിരിക്കുന്നു. മുഖം വല്ലാതെ ചുവന്നിട്ടു ണ്ടു്. താഴെയിറങ്ങി ആ മണൽപ്പരപ്പിൽ ചെന്നു കിടന്നു ഇളം കാറേററു് വിശ്രമിച്ചാൽ ക്ഷണം ക്ഷീണം തീരും.

കുമാ—എന്നാൽ വഞ്ചി നിർത്തു. ഞാൻ ചെന്നു കുറെ വിശ്രമ ക്കാം. തങ്കം മതിയാകുംവരെ കളിച്ചോളൂ.

ഏകദേശം ഒരു മണിക്കൂർ നേരം പിന്നേയും തങ്കം വഞ്ചി ക ളിച്ചു. ഒടുവിൽ കളിമതിയാക്കി കുമാരനുണ്ണിയുടെ സമീപം വന്ന പ്പോൾ അദ്ദേഹം ഉറങ്ങുകയായിരുന്നു. കുമാരനുണ്ണിയുടെ അപ്പോ ഴത്തെ ആ കിടപ്പു് ഒന്നു് കണേണ്ടതായിരുന്നു. സുകുമാരശരീരനാ യ അദ്ദേഹത്തിൻെറ നശിച്ചുപോയ തേജസ്സും ഓജസ്സും പൂർവ്വാധികം തെളിഞ്ഞു പ്രകാശിച്ചു വഞ്ചികളികൊണ്ടു ക്ഷീണിച്ചു് അരുണ വർണ്ണമായിത്തീർന്ന ആ മുഖാരവിന്ദം മന്ദമാരുതനേററു വിശ്രമം സിദ്ധിച്ചതോടുകൂടി വിരിഞ്ഞ ചെന്താമര പോലെ പ്രശോഭിച്ചു. മുഖം സ്വതവേശൃംഗാര ലക്ഷ്മിയുടെ നൃത്തരംഗവുമാണല്ലോ. പ്ര സന്നവദനനായി, മന്ദഹാസവുംപൊഴിച്ചു്, ഒരു ഭാഗത്തേക്കായല്പം ചരിഞ്ഞു് വെളുത്ത മണലിൽ കിടക്കുന്ന ആ കിടപ്പു കണ്ടാൽ സാ ക്ഷാൽ ശ്രീനാരായണൻ പാലാഴിയിൽ പള്ളിക്കുറുപ്പുകൊള്ളുകയാ ണോ എന്നു തോന്നിപ്പോകും. നമ്മുടെ ഇന്ദിരാദേവി ശ്രീനാരായ ണനെ സമീപിച്ചു. കുമാരനുണ്ണിയുടെ കോമള മുഖാരവിന്ദത്തിൽ നിന്നു നിറഞ്ഞൊഴുകികൊണ്ടിരുന്ന സൌന്ദര്യമധുവാസ്വദിപ്പാ നായി അത്യന്തം കൌതുകത്തോടുകൂടി പാഞ്ഞുചെന്ന തങ്കത്തിൻെറ നയനഭ്രമരങ്ങൾ മധുവാസ്വദനത്താൽ മദോന്മത്തകളായി അവി ടെത്തന്നെ ലയിച്ചു അതു അത്ഭുതമല്ല. മധുപൂരിതമായ ആരാമ ത്തിൽ നിന്നു ഭ്രമരങ്ങൾ വിട്ടൊഴിയുമോ? തങ്കം നിശ്ചഞ്ചലയാ യി ഒരഞ്ചുമിനിട്ടു നിന്നനിലയിൽ തന്നെ നിന്നു. തത്സമയം ത ങ്കത്തിൻെറ ഹൃദയത്തിൽ പലേ വികാരങ്ങളും തിരതല്ലിയിരുന്നു. വെന്നു അവളുടെ മുഖം പ്രത്യക്ഷമാക്കുന്നുണ്ടു്. ലജ്ജയോ, പ്രണയ മോ, സന്തോഷമോ, സംഭ്രമമോ, ആകും തന്നെ പറയാൻ വയ്യാത്ത പിന്നെ എന്തെല്ലാമോ ഒന്നിച്ചോ, ഒററയായോ, ഇടകലർന്നോ അ വളുടെ ഓമനമുഖത്തു "സിനിമ" കളിക്കാൻ തുടങ്ങി.

തങ്കം ഒരുവിധം പണിപ്പെട്ടു നിന്നേടത്തുനിന്നിളകി പതുക്കെ —ഒരു പൂച്ച നടക്കുന്ന മാതിരി—നടന്നു കുമാരനുണ്ണിയുടെ സമീ പത്തു ചെന്നു അദ്ദേഹത്തെ ചേർന്നിരുന്നു. അദ്ദേഹത്തിൻെറ വി

ദ്രമാധരത്തിന്നു ഒരു മാററ കുറഞ്ഞിരിക്കുന്നതായി അപ്പോളവൾക്കു തോന്നി. ആ കുറവു തീക്ഷ്വാനൊ എന്തോ അവൾ അദ്ദേഹത്തിൻെറ വദനപങ്കജത്തിന്നഭിമുഖമായി ഒരു വിറയലോടുകൂടി തൻെറ പല്ലവാധരത്തെ ധരിച്ച ആ ഓമനമുഖം പതുക്കെപ്പതുക്കെ കുനിച്ചു. ധരിച്ചിരുന്ന ഷർട്ട് വിടൎത്തി വിശ്രമിച്ചു ഉറങ്ങുന്ന കുമാരനുണ്ണിയുടെ കഴുത്തിൽ ഒരു ചെറിയ സ്വൎണ്ണചെയിനും അതിലൊരു ലാക്കററും തങ്കം ആപ്പോൾ കണ്ടു. അത്രകാലവും ആയതു് അവൾക്കു കാണാൻ സാധിച്ചിരുന്നില്ല. തങ്കം സൂക്ഷിച്ചുനോക്കി. ആ ലാക്കററിൽ യൌവനയുക്തയും സുന്ദരിയും ആയ ഒരു പെൺകിടാവിൻെറ ഛായ തങ്കം കണ്ടു. ആ ക്ഷണത്തിൽ അവളുടെ മാനസാന്തത്തിൽനിന്നു ഒരു വികാരം ജനിച്ചതു് ശ്വാസരൂപേണ പുറത്തേക്കു പാഞ്ഞുവന്നതിൻെറ ചെറുചൂടു് കുമാരനുണ്ണിയുടെ വദനബിംബത്തിൽ തട്ടി. അദ്ദേഹം പെട്ടെന്നുണൎന്നു കൺതുറന്നു. തങ്കം ലജ്ജിതയായി.

തങ്കം—ക്ഷീണത്തിന്നു ആശ്വാസമില്ലെ.

കുമ:—ഉവ്വു്. ഇപ്പോൾ യാതൊരു ക്ഷീണവുമില്ല.

തങ്കം—ഞാനൊന്നു ചോദിക്കാം. സത്യം പറയുമോ?

കുമ—ഞാൻ ഇതേവരെ തങ്കത്തിനോടു സത്യമല്ലാതെ ഒന്നും പറഞ്ഞിട്ടില്ലല്ലൊ. ഇപ്പോൾ ഇങ്ങനെ ഒരു സംശയംവരാൻ—

തങ്കം—വിശേഷിച്ചൊന്നുമല്ല. നിങ്ങളുടെ കഴുത്തിലെ ആ ലാക്കററിൽ ആരുടെ ഫോട്ടോവാണു്.

ഇതു കേട്ട ഉടനെ കുമാരനുണ്ണി മിന്നൽപിണരേററപോലെ ഒന്നു നടുങ്ങി. ആ ലാക്കററും ചെയിനും ആരും കാണാതിരിക്കാൻ കുമാരനുണ്ണി അത്യന്തം ശ്രദ്ധിച്ചിരുന്നു. ദൈവഗത്യാ അതിപ്പോൾ തങ്കത്തിൻെറ കണ്ണിലകപ്പെട്ടു. തൻെറ പരിഭ്രമം തങ്കം കണ്ടുപിടിക്കുംമുമ്പുതന്നെ അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടുകൂടി പറഞ്ഞു.

കുമാ—ഹാ! ഇതോ! ഇതാരുടേതുമല്ല. എൻെറ അനുജത്തീടെ

തങ്കം—എന്തു്? നിങ്ങളുടെ സഹോദരിയുടേതാണോ?

കുമാ—എനിക്കു ഈ ഒരേ അനുജത്തിയേയുള്ളു.

തങ്കം—അതിലെ മുഖഛായ നിങ്ങളുടെ മുഖത്തോടു ഒട്ടും യോജിക്കുന്നില്ലല്ലൊ.

കുമാ—അവൾക്കു അമ്മയുടെ ഛായയാണു്. എനിക്കു അച്ഛൻേറയും.

തങ്കം—നിങ്ങളുടെ സഹോദരിക്കു പ്രായമെന്തായി. ഭൎത്താവു വന്നിട്ടുണ്ടോ?

കമാ—ഇല്ല. അവൾക്കു ഭർത്താവുവന്നിട്ടില്ല, പ്രായം പതിനെട്ടു വയസ്സുകഴിഞ്ഞു. ഞങ്ങൾക്കെല്ലാവക്കുംകൂടി ഇതൊന്നെയുള്ളു. അതുകൊണ്ടു അവളെ വളരെ അരുമയായിട്ടാണു് വളത്തുന്നതു്.

തങ്കം—അപ്പോൾ നിങ്ങളുടെ മരുമക്കളുടെ അമ്മയോ.

കമാ—അതു എൻെറ ജ്യേഷ്ഠത്തിയാണു്. അവർ രണ്ടുകൊല്ലംമുമ്പു മരിച്ചുപോയി.

തങ്കം—ഹാ! പാവം! അമ്മയില്ലാത്ത കുട്ടികൾ! എന്നെപ്പോലെ തന്നെ.

കമാ—തങ്കത്തിനു് അച്ഛനെങ്കിലും ഉണ്ടല്ലൊ.

തങ്കം—ഹാ! ഹാ! നിങ്ങളുടെ മരുമക്കൾക്കു അച്ഛനും ഇല്ലേ. മഹാ കഷ്ടംതന്നെ.

കമാ—തങ്കത്തിൻെറ സ്ഥിതി ഞങ്ങളിൽവെച്ചു ഭേദമാണു്.

തങ്കം—നമ്മളൊക്കെ ഒരുപോലെത്തന്നെയാണു്. നിങ്ങൾ ചെറുപ്പം. നല്ല ശക്തിയുണ്ടു്. അദ്ധ്വാനിച്ചു സമ്പാദിക്കാം. എനിക്കൊ—എൻെറ അച്ഛനു് വയസ്സായില്ലേ.

കമാ-തങ്കത്തിൻെറ ഒരു പാട്ടിനു കിട്ടുന്നതിൽ നൂറിലൊരംശം എനിക്കു അമ്പതുകൊല്ലം അദ്ധ്വാനിച്ചാലും കിട്ടില്ല.

തങ്കം (അത്ഭുതത്തോടെ) എന്തു! എൻെറ പാട്ടു അത്രക്കു നന്നോ?

കമാ – അതിനെന്താ സംശയം. പോരെങ്കിൽ സവ്വരേയും വശീകരിക്കുന്ന സൌന്ദയ്യവും.

തങ്കം—(ചിരിച്ചു്)പാട്ടുപാടി പണം സമ്പാദിക്കാം. സമ്മതിച്ചു. എന്നാൽ സൌന്ദയ്യംകൊണ്ടു എങ്ങനെ സമ്പാദിക്കും. അതെനിക്കറിയില്ല. പറയത്തക്ക സൌന്ദയ്യവും എനിക്കില്ല.

കമാ—വലിയ വലിയ പ്രഭുക്കന്മാരേയും രാജകുമാരന്മാരേയും കൂടി "ശിങ്കി" കളിപ്പിച്ചടിമയാക്കുവാൻ തക്ക സൌന്ദയ്യം തങ്കത്തിനുണ്ടു്. അതിലധികവുമുണ്ടു്.

തങ്കം—എന്നാലോ.

കമാ—എന്നാലെന്താ. വല്ല രാജകുമാരന്മാരും തങ്കത്തിനെ ഒരു കണ്ണുകണ്ടാൽ പിന്നെ. കല്യാണംതന്നെ. പണക്കാരിയായി. അങ്ങനെയാണു സൌന്ദയ്യം സമ്പാദിക്കുക. തങ്കത്തിനെ ഭായ്യയാക്കേണമെന്നു ആഗ്രഹിക്കാത്ത പുരുഷന്മാരുണ്ടാവുകയില്ല.

തങ്കം—(ലജ്ജിച്ചു്) നമുക്കു വീട്ടിലേക്കു പോവുക.

കമാ—അത്രക്കു നേരമായോ.

തങ്കം—ഇന്നു എട്ടു നാഴികയല്ലേ നിലാവുള്ളു.

കമാ—സന്ധ്യക്കുമുമ്പ് വീട്ടെത്താം. തങ്കം! ഇനിപത്തുപതിനഞ്ചുദിവസംകൂടി കഴിഞ്ഞാൽ ഞാൻ നാട്ടിലേക്കു പുറപ്പെടാറായി. പോയാൽപിന്നെ എന്നാണാവോ തങ്കത്തിനെ കാണാൻ യോഗം.

തങ്കം—എന്തു്? ഇത്ര വേഗത്തിൽ നാട്ടിലേക്കു പോകയോ. ഇതേവരെ ഇതിനെക്കുറിച്ചൊന്നും പറഞ്ഞില്ല.

കമാ—ഇതിലെന്താ പറയാനുള്ളതു്. വന്നിട്ടു രണ്ടുമാസത്തിലധികമായില്ലേ.

തങ്കം—ചുരുങ്ങിയതു മൂന്നാലു മാസമെങ്കിലും ഇവിടെ താമസിക്കണമെന്നല്ലേ വൈദ്യൻ പറഞ്ഞിട്ടുള്ളതു്.

കമാ—അതെ. പക്ഷെ എനിക്കിപ്പോൾ പൂർണ്ണസുഖമായി. പിന്നെ എന്തിനു് താമസിക്കുന്നു.

തങ്കം—നിങ്ങൾ പോയാൽ ഞാനെങ്ങനെ കഴിച്ചുകൂട്ടും (ഈ വാക്കുകൾ തങ്കം അറിയാതെ പെട്ടെന്നു വന്നുപോയതാണ്.)

കമാ—എന്തു്. എന്നെ കൂടാതെയൊ. (ആനന്ദത്താൽ പുളകാഞ്ചിനായി)

തങ്കം—(വിഡ്ഢിയായ ഭാവത്തിൽ) ഇതേവരെ രസമായി ഒന്നിച്ചുകഴിഞ്ഞസ്ഥിതിക്കു നിങ്ങൾപോയാൽ ഒററയായി തോന്നില്ലെ.

കമാ—അതേ, എന്റെയും വിചാരം പിരിയരുതെന്നാണ്.

തങ്കം—അതിനാണ് ഞാൻ പറഞ്ഞതു് പോകണ്ട എന്നു്.

കമാ—ഇപ്പോഴല്ലെങ്കിൽ പിന്നൊരിക്കൽ പിരിഞ്ഞുപോകണ്ടെ

തങ്കം—ലോകംവിട്ടു ഒരിക്കലല്ലെങ്കിൽ പിന്നൊരിക്കൽ എല്ലാവരും പിരിഞ്ഞുപോകണം.

കമാ—അതു ദൈവവിധിയല്ലെ, അതുവരെ പിരിയാതിരിക്കുവാനൊ.

തങ്കം—നിങ്ങളുടെ കൂട്ടരെയെല്ലാം എഴുതിഅയച്ചു ഇങ്ങോട്ടു വരുത്തു.

കമാ—അതു ബുദ്ധിമുട്ടല്ലെ. അതിൽഭേദം തങ്കം അങ്ങോട്ടു വരികല്ലേ നല്ലതു്. അച്ഛനും തങ്കവും രണ്ടു പേരല്ലെ ഉള്ളൂ.

തങ്കം—അതിനച്ഛൻ സമ്മതിക്കില്ല.

കമാ:—അച്ഛന്നിഷ്ടമില്ലെങ്കിൽ അദ്ദേഹം വരണ്ട; തങ്കത്തിനു വന്നുകൂടെ.

തങ്കം:—അച്ഛനെ പിരിഞ്ഞു ഞാനിരിക്കില്ല. അച്ഛൻ എന്നെ തനിച്ചയക്കുകയുമില്ല.

കമാ—അച്ഛന്റെ സമ്മതം കിട്ടിയാലൊ.

തങ്കം—എന്നാലും ഞാനില്ല. നിങ്ങൾക്കു പോകാതിരുന്നുകൂടെ.

കമാ—ഞാൻ പോയില്ലെങ്കിൽ എന്റെ കുടുംബം പട്ടിണിയാകി

ല്ലെ. അവരെ നോക്കാനാരാണ്. അവക്ക ചിലവിനൊ.

തങ്കം—ഇവിടെനിന്നു പണം അയക്കാം.

കുമാ—എത്രതന്നെ അയക്കാൻ സാധിക്കും. അതു നന്നല്ല.

തങ്കം—എന്തായാലും നിങ്ങൾ പോകരുതു്. പോകില്ലെന്നു സത്യം പറയണം അല്ലെങ്കിൽ ഇപ്പോൾ മുതൽ ഞാൻ നിങ്ങളോടു സംസാരിക്കില്ല. രണ്ടയാണു്.

കുമാ—ഞാൻ പോയാലും ഇടക്കിടെ വരാം.

തങ്കം—അപ്പോൾ നിങ്ങളില്ലാത്ത ദിവസങ്ങളിൽ ഞാനെങ്ങനെ കഴിയും. അതു പ്രയാസമാണു്. എന്നെ ഇഷ്ടമുണ്ടെങ്കിൽ പോകരുതു്.

തങ്കത്തിന്റെ മനസ്സിനുള്ളിൽ പലേ വികാരങ്ങളും ഇടതിങ്ങിവിങ്ങുന്നതു കുമാരനുണ്ണിക്ക മനസ്സിലായി. തന്റെ മനോരഥം സാധിക്കുമോ എന്ന നേരിയ ഒരു മോഹം അദ്ദേഹത്തിന്റെ മനസ്സിൽ മുളച്ചു. കുമാരനുണ്ണി അത്രക്ക ഭാഗ്യവാനാണോ. സന്നമായ ഒരു നെഞ്ചിടിപ്പും അല്പമൊരു പരിഭ്രമവും കുമാരനുണ്ണിക്കു് ആ സമയത്തുണ്ടായി.

കുമാ—(സങ്കോചത്തോടു്) എന്റെ ആയുഷ്കാലം മുഴുവനും തങ്കത്തെ പിരിയാതിരിക്കാനുള്ള ഭാഗ്യം എനിക്കുണ്ടോ.

തങ്കം—വീട്ടിൽ ചെന്നാൽ ഞാൻ അച്ഛനോടു പറയും നിങ്ങളെ അയക്കരുതെന്നു്.

കുമാ—ഞാൻ പോകണം എന്നു തീർച്ചപ്പെടുത്തിയാൽ അച്ഛനെന്തു ചെയ്യും.

തങ്കം—(വിഷാദത്തോടെ) അപ്പോൾ നിങ്ങൾ പോകുന്ന കാര്യം തീർച്ചയാണല്ലെ. എന്നെ നിങ്ങൾക്കിഷ്ടമില്ല. അതുതന്നെ. ഉണ്ടെങ്കിൽ പോകുമൊ. ഇനി ഞാൻ നിങ്ങളോടു സംസാരിക്കില്ല. (തങ്കം എഴുനീററു് ഒററക്കു നടന്നു തുടങ്ങി.)

കുമാ—തങ്കം! തങ്കം! മുഷിയരുതു്. ഞാൻ തമാശയായാണു പറഞ്ഞതു്. എന്റെ ജീവനെക്കൂടി തങ്കത്തിനുവേണ്ടി ബലികഴിപ്പാൻ ഞാൻ ഒരുക്കമാണു്. തങ്കത്തിന്നു എന്നെ സ്നേഹമുണ്ടെന്നു ഞാനിപ്പോഴാണു് മനസ്സിലാക്കിയതു്. എന്റെ ജന്മം സഫലമായി. ഞാൻ പോകുന്നില്ല. പോരെ. തൃപ്തിയായില്ലെ.

തങ്കം: ഹാവൂ! അതോ ആരോടും പറയാതെ കാണാതെ നടന്നു കളയുമോ.

കുമാ: ഇത്ര സംശയമൊ. എന്റെ പെട്ടിയും സാമാനങ്ങളും തങ്കമ

ല്ലെ സൂക്ഷിച്ചുവെച്ചിട്ടുള്ളതു്. അതു കിട്ടാതെ പോകുമൊ.

തങ്കം: അതു വേണ്ടെന്നുവെച്ചാലായില്ലെ.

കുമാ: എന്നാലിതാ. ഈ തങ്കക്കുടത്തിന്റെ ശിരസ്സറികെ തങ്കത്തിന്റെ സമ്മതമില്ലാതെ ഞാൻ പോകില്ല. സത്യമാണ് (എന്നു പറഞ്ഞു തങ്കത്തിന്റെ ശിരസ്സിൽ തന്റെ ഹസ്തപത്മത്തെ അർപ്പിച്ചു.

കുമാരനുണ്ണിയുടെ പ്രഥമമായുള്ള ആ കരതലസ്പർശം ഏററ ഉടനെ തങ്കത്തിന്റെ ഭാവമൊന്നു കാണേണ്ടിയിരുന്നു. ലജ്ജയും സംഭ്രമവും, പ്രണയവും ഒന്നായ് ഇടചേൎന്ന ഒരു സ്തോഭം അവളുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു. രോമാഞ്ചത്തോടുകൂടിയ ഒരു വിറയൽ ദേഹമാസകലം ബാധിച്ചു. അവളുടെ തല അറിയാതെ താനെ താണു.

കുമാരനുണ്ണിക്കാകട്ടെ ഇനി മരണം വരുന്നതായാൽകൂടി സന്തോഷപുരസ്സരം സ്വാഗതം ചെയ്യാമെന്നു തോന്നി. ദൎശനമാത്രത്താൽ സ്വൎഗ്ഗസുഖമനുഭവിക്കുന്ന യഥാൎത്ഥാനുരാഗികൾക്കു അല്പമായ പ്രഥമസ്പൎശത്തിൽനിന്നു ലഭിക്കാവുന്ന സുഖാനുഭൂതി അവൎണ്ണനീയംതന്നെ.

തങ്കം—(ലജ്ജയോടെ) ഇനി നമുക്കു വീട്ടിലേക്കു പോകാം. (അവർ രണ്ടുപേരും യാതൊന്നും സംസാരിക്കാതെ മൌനമായി വീട്ടിലേക്കു നടന്നു. പൂവ്വാലക്കു തിരിയുന്ന ഘട്ടമെത്തിയപ്പോൾ)

കുമാ—തങ്കം വീട്ടിലേക്കു പൊയ്ക്കോളൂ. ഞാനൊന്നു പൂവ്വാലെ പോയിട്ടു വരാം. കുറച്ചു ദിവസമായില്ലെ പോയിട്ടു്.

തങ്കം—ഞാനും വരട്ടെ.

കുമാ—വേണ്ട. സന്ധ്യയായില്ലെ. ഞാൻ ക്ഷണത്തിൽ വരാം.

തങ്കം വീട്ടിലേക്കും കുമാരനുണ്ണി പൂവ്വാലെക്കും പോയി.

എഴാമദ്ധ്യായം കഴിഞ്ഞു.

———o———

## അദ്ധ്യായം എട്ടു്

ശങ്കനായർ—തങ്കം കുമാരമേനോനോ?

തങ്കം—പൂവ്വാലേക്കു പോയി. ക്ഷണം വരാനുപറഞ്ഞു.

ശങ്ക—അതെ. അദ്ദേഹം പൂവ്വാലേയ്ക്കു പോയിട്ടു് കുറച്ചധികം ദിവസമായല്ലൊ.

തങ്കം—അച്ഛാ, അദ്ദേഹം അടുത്തു നാട്ടിലേക്കു പോകയാണെന്നു പറഞ്ഞു. നമുക്കയക്കരുത്.

ശങ്ക—അതു നമുക്കു മര്യാദയാണോ കുട്ടീ. അദ്ദേഹത്തിൻെറ വീട്ടുകാര്യം പിന്നെ ആരു് നോക്കും?

തങ്കം—അദ്ദേഹം പോയാൽ പിന്നെ ഞാൻ തനിച്ചായില്ലേ.

ശങ്ക—അതുപോലെത്തന്നെയല്ലെ അദ്ദേഹത്തിൻെറ കുടുംബക്കാൎക്കും തോന്നുക. അവരാകട്ടെ, അദ്ദേഹത്തിൻെറ ദേഹസ്ഥിതിപോലും അറിയാതെ വളരെ പരിതപിക്കുന്നുണ്ടായിരിക്കും. ഇവിടെ വന്നശേഷം ഒരെഴുത്തുപോലും എഴുതീട്ടില്ല.

തങ്കം—അദ്ദേഹം പോകയില്ലെന്നു ഞാൻ സത്യം ചെയ്യിച്ചു.

ശങ്ക—എന്നിട്ടാണോ എന്നോടു ശുപാൎശക്കു വരുന്നതു്. അദ്ദേഹം പോകുന്നതിൽ എനിക്കും ഒരസ്വാസ്ഥ്യം തോന്നുന്നുണ്ടു്. എനിക്കൊരു് മകനുണ്ടായാൽ ഞാൻ ഇത്രയധികം സ്നേഹിക്കുമോ എന്നു പറയാൻ പ്രയാസമാണ്. അത്രത്തോളം എനിക്കു കുമാരമേനോനോടു സ്നേഹം തോന്നുന്നുണ്ടു്. അദ്ദേഹം എല്ലാംകൊണ്ടും ഒരു ഉത്തമയുവാവാണ്. "ലക്ഷ്മീയുമസ്ഥിരയല്ലേ" ധനസ്ഥിതിയെപ്പററി അത്ര സാരമാക്കാനില്ല. അതു് ഇന്നു വരും നാളെ പോകും.

തങ്കം—ഒരുസമയം അദ്ദേഹം പോയാലോ?

ശങ്ക—അതുണ്ടാകില്ല. അദ്ദേഹം പറഞ്ഞാൽപിന്നെ വാക്കു മാററില്ല. അതു എനിക്കു ബോദ്ധ്യമാണ്. ഓ. അതുമറന്നു. അദ്ദേഹത്തിനു് കുറച്ചുമുമ്പ് ഒരെഴുത്തു വന്നിരുന്നു. അകത്തു വെച്ചിട്ടുണ്ടു്. വന്നാൽ ഓൎമ്മവെച്ചു കൊടുക്കണം.

തങ്കം—(ആലോചിച്ചു്) എഴുത്തോ അച്ഛാ! ഈ രണ്ടുമാസവും ഒരെഴുത്തുപോലും വന്നില്ല. അദ്ദേഹം ആൎക്കും എഴുതീട്ടുമില്ല. പിന്നെ ഇപ്പോൾ ഇങ്ങിനെ ഒന്നുവരാൻ.

ശങ്ക—വീട്ടിൽനിന്നു അമ്മാമനോ മറേറാ എഴുതിയതായിരിക്കാം.

തങ്കം എഴുത്തു കൊണ്ടുവന്നു നോക്കി.

തങ്കം—അച്ഛാ ഈ എഴുത്തിൽ പൂപ്പള്ളി സ്വരൂപത്തിലെ മുദ്രകാ

*

ഞന്നു. ഒരുസമയം നാട്ടിലേക്കു വരാൻ പറഞ്ഞിട്ടായിരിക്കുമോ.
ശങ്കു—വരട്ടെ കുട്ടീ. ഒന്നും ആലോചിക്കണ്ട. അദ്ദേഹം വന്നാൽ വിവരം മനസ്സിലാക്കാം. ആട്ടെ. തങ്കം ചെന്നു എനിക്കു കുളിക്കാൻ കുറെ എണ്ണ മുറക്കൂ. അന്നു ഗോപാലൻ മുറക്കീട്ടാണെന്നു തോന്നുന്നു ജലദോഷം വന്നതു്.
തങ്കം—അദ്ദേഹം വന്നാൽ എന്നെ വിളിക്കണം.
ശങ്കു—(ആത്മഗതം) ഇന്നു പുറത്തേക്കുപോയിവന്നശേഷം തങ്കത്തിന്റെ മനസ്സിനു് വല്ലാതൊരുന്മേഷം കാണുന്നു. എന്തായിരിക്കും കാരണം! കുമാരമേനോൻ പോകുന്നു എന്നു കേട്ടതിൽ അവൾ കണക്കിലേറേ വ്യാകുലപ്പെടുന്നുണ്ടു്. അദ്ദേഹത്തിന്റെ യാത്ര മുടക്കണമെന്നപേക്ഷിക്കുന്നു. "അദ്ദേഹം പോയാൽ ഞാൻ തനിച്ചായില്ലെ" ഇതിന്നൎത്ഥമെന്താണു്! കുമാരമേനോന്റെ പേരു് പറയുമ്പോൾ ഇതുവരെ കാണാത്ത ഒരു സ്വരഭേദവും, ലജ്ജയും ചില പരിഭ്രമങ്ങളും ഇപ്പോൾ കാണുന്നു. ഒരുപക്ഷെ അവർതമ്മിൽ വിവാഹകാൎയ്യത്തെപ്പററി വല്ലതും സംസാരിച്ചിരിക്കുമോ. അല്ലാതെ തങ്കത്തിന്റെ ഈ സ്വഭാവമാററത്തിനെന്താണു് കാരണം. നിൎമ്മലസ്വഭാവമുള്ള ഒരു യുവാവിനോടു എന്റെ കുട്ടിയെ ചേൎക്കണം എന്ന വിചാരമേ എനിക്കുള്ളു. ധനസ്ഥിതിയൊഴിച്ചു് ഇത്രമാത്രം മനോഗുണമുള്ള ഒരു യുവാവിനെ ഞാൻ കണ്ടിട്ടില്ല. എന്റെ ഊഹം ശരിയാണെങ്കിൽ ഞാൻ ഭാഗ്യവാനായി".

ഇപ്രകാരം ശങ്കുനായർ പലതും ഊഹിച്ചു. പക്ഷെ ശുദ്ധഹൃദയനായ അദ്ദേഹത്തിന്റെ ഊഹം എത്രമാത്രം ശരിയായിരിക്കും! ആൎക്കറിയാം. നമുക്കു ഒരു കാൎയ്യം മനസ്സിലായി. കുമാരനുണ്ണി തങ്കത്തിനെ വിവാഹം ചെയ്യുന്നതു അദ്ദേഹത്തിന്നു സന്തോഷമാണെന്നു്. എന്നാൽ ആ ആഗ്രഹംപോലെവന്നു സംഭവിക്കുമോ? ഭാവി നിൎണ്ണയിക്കാൻ ആൎക്കാണു് ശക്തി? തങ്കവും കുമാരനുണ്ണിയും ഭാൎയ്യാഭൎത്താക്കന്മാരായിത്തന്നെവരട്ടെ. അതിനു് ദൈവം അനുഗ്രഹിക്കട്ടെ.

പൂവ്വാലക്കുപോയ കുമാരനുണ്ണി മടങ്ങിയെത്തി.

കുമാ—തങ്കം എത്തീലെ. ഞാൻ പൂവ്വാലക്കു പോയിരുന്നു.
ശങ്കു—തങ്കം പറഞ്ഞു. അതേ, മേനോൻ, തങ്കത്തിന്നു് ഒരു പരിഭവം. വീട്ടിൽ വന്ന ഉടനെ ഉണ്ടായതാണു്.
കുമാ—(പരിഭ്രമിച്ചു്) (ആത്മഗതം) അയ്യോ ഭഗവാനെ! എന്നെ

തെററിദ്ധരിച്ചുവോ ! ഞാൻ ആ കുട്ടിയുടെ ശിരസ്സുതൊട്ടു. അതിൽ ആ കുട്ടിവല്ല മയ്യാദലംഘനവും ഓത്തിരിക്കുമോ (കുമാരനുണ്ണിനുടെ ഹൃദയമൊന്നു കാളി ഒടുവിൽ താണസ്വരത്തിൽ.

കുമാ—എന്താ അതു്.

ശങ്ക—(ചിരിച്ചു്) വിശേഷിച്ചൊന്നുമില്ല. നിങ്ങാം അടുത്തു നാട്ടിലേക്കു പോകുമെന്നു തങ്കത്തോടു പറഞ്ഞുവോ. അതിൽ അവാംക്കു വലിയ പരിതാപം. നിങ്ങളെ പോകരുതെന്നു പറയാൻ എന്നോടൊരപേക്ഷ. ഇതാണു്.

കുമാരനുണ്ണിയുടെ മേല്പോട്ടു പോയ ജീവൻ ഇപ്പോഴെ കീഴ്പ്പോട്ടു വന്നുള്ളു.

കുമാ—(ചിരിച്ചുകൊണ്ടു്) ഞാനങ്ങനെ പറഞ്ഞതു ശരിയാണു്. പോകണം എന്നുദ്ദേശിച്ചില്ല. എന്നാൽ പോകേണ്ട ഘട്ടവും. എത്തിയല്ലൊ.

ശങ്ക—നിങ്ങളെ പോകയില്ലെന്നു സത്യം ചെയ്യിച്ചുവത്രെ.

കുമാ—(പ്രണയത്തോടു്) അതു ശരിയാണു്. ഇനി തങ്കത്തിന്റെ സമ്മതംകൂടാതെ എനിക്കു പോകാൻ നിവൃത്തിയില്ല.

കുമാരനുണ്ണിയുടെ സംസാരംകേട്ടു് അടുക്കളയിൽനിന്നു് തങ്കം ഓടിവന്നു.

തങ്കം—അച്ഛാ, എണ്ണ മുറുക്കിക്കഴിഞ്ഞു. ആറാൻ വെച്ചിരിക്കുന്നു.

ശങ്ക:—തങ്കം കുമാരമേനു വന്ന എഴുത്തെവിടെ?

തങ്കം ഓടിച്ചെന്നു എഴുത്തെടുത്തു കുമാരനുണ്ണിക്കു കൊടുത്തു. മേൽവിലാസം കണ്ട ക്ഷണത്തിൽതന്നെ അദ്ദേഹത്തിന്റെ ഉള്ളൊന്നു പൊള്ളി. എഴുത്തു തുറന്നു വായിച്ചു. പ്രസന്നമായ അദ്ദേഹത്തിന്റെ മുഖചന്ദ്രനിൽക്കൂടി ചില കമ്മേഘപടലം കടന്നുപോയി. അദ്ദേഹം അല്പം അസ്വാസ്ഥ്യത്തോടുകൂടി.

കുമാ:—നാട്ടിൽനിന്നാണു് എഴുത്തു്.

ശങ്ക.—ലക്കോട്ടിൽ പൂപ്പുള്ളി സ്വരൂപത്തിലെ മുദ്രയുണ്ടെന്നു തങ്കം പറഞ്ഞു.

കുമാ:—(കുറെ പരുങ്ങലോടുകൂടി) ശരിതന്നെ. അമ്മാമനു് പൂപ്പുള്ളി സ്വരൂപത്തിൽ ഒരു ചെറിയ കായ്യസ്ഥതയുണ്ടു്. അങ്ങോട്ടു വരാൻ പറഞ്ഞാണു് എഴുത്തു്.

തങ്കം:—സത്യത്തിനു വിരോധം പ്രവത്തിക്കുന്ന ആളെ—

ശങ്ക:—(ചിരിച്ചു്) അതാ, അതാ, തങ്കത്തിന്റെ മാതിരി മാറി. അതിനു് അദ്ദേഹം പോകാൻ തീച്ചയാക്കിയിട്ടില്ലല്ലൊ.

കുമാ:-എന്റെ തങ്കത്തിന്നു് എന്താണിത്ര പരിഭ്രമം. ഞാൻ പോകുന്നില്ല. എന്നും ഇവിടെത്തന്നെ കൂടാനാണ് ഭാവം.

ശങ്ക:-എന്താ തെളിഞ്ഞൊ? (കുമാരനുണ്ണിയോടു) അമ്മാമൻ എന്തിനാണ് അടിയന്തിരമായി വരാൻ എഴുതിയിരിക്കുന്നതു്. അവിടെ ആക്കും വിശേഷിച്ചൊന്നുമില്ലല്ലൊ.

കുമാ:-കഴിഞ്ഞ മാസം 15-ാംനു- എഴുതിയ എഴുത്താണ്. മേൽവിലാസം ശരിക്കു എഴുതാത്തതുകൊണ്ടു എഴുത്തു കിട്ടാൻ ഇത്രയും താമസിച്ചു. ഇതാ തങ്കം എഴുത്തു വായിച്ചോളു.

തങ്കം:-ശങ്കു ആശാൻ മേൽവിലാസം നോക്കി കുമാരനുണ്ണിക്കു കൊടുപ്പാൻ എന്നാണ് മേൽവിലാസം മലയാററൂർ-തിരുവിതാംകൂറ് എന്നു് എഴുതീട്ടുണ്ടു്.

ശങ്ക—കററമാണൊ എഴുത്തു ചുററിത്തിരിഞ്ഞതു്. ഇതു കൊച്ചിശീമയാണ്. തിരുവിതാംകൂറും മററും ചുററി അവസാനം ഇവിടെ എത്തി. എന്താണ് ഉണ്ണി എന്നെഴുതീട്ടുള്ളതു്.

ഇതു കേട്ടപ്പോഠം കുമാരനുണ്ണിക്കു വല്ലാതൊരു പരിഭ്രമവും ഉള്ളുവിറയലും തോന്നി. താൻ കെട്ടിപ്പടുത്ത കളവുകളെല്ലാം അടിയോടെ മറിഞ്ഞു പൊളിഞ്ഞുപോകുമോ എന്നു ഭയന്നു. ഒടുവിൽ ഒരു പരുങ്ങലോടുകൂടി.

കുമാ—എന്നെ സാധാരണ വീട്ടിൽ ഉണ്ണി എന്നാണ് ഓമനപ്പേർ വിളിക്കുന്നതു്. അമ്മാമൻ എഴുതുമ്പോഠം ഉണ്ണി എന്നല്ലാതെ മേനോൻ എന്നെഴുതാറില്ല.

ശങ്ക—സ്വരൂപത്തിലെ യജമാനന്മാക്കു ഉണ്ണി എന്നല്ലെ സ്ഥാനപ്പേരു്.

കുമാ—അതെ.

ശങ്ക—എന്താ എഴുത്തിലെ വിവരം.

തങ്കം—അന്യന്മാക്കുവന്ന എഴുത്തു വായിക്കുന്നതു മര്യാദയാണോ അച്ഛാ!

കുമാ—ശരി. ശരി. അപ്പോഠം ഞാനൊരന്യനായിപ്പോയി അല്ലെ. ആ സ്ഥിതിക്കു ഇവിടെ എങ്ങനെ താമസിക്കും. എന്നാൽ ഞാൻ പൊയ്ക്കൊള്ളയാം.

തങ്കത്തിൻെറ വായിലെ നാക്കു് ഒടിഞ്ഞു.

തങ്കം—അയ്യോ. ഞാനങ്ങനെ വിചാരിച്ചിട്ടില്ല. നമ്മഠം ഒന്നല്ലെ. വല്ല സ്വകായ്യവും ഉണ്ടെങ്കിലൊ എന്നു വിചാരിച്ചുപോയി. ഇല്ലാ. വായിക്കാം. കുംഭം 15-ാംനു- എഴുതിയതാണ്. ഇന്നാക്കു

മീനം 20-ാംനു- ആയി. ഒരു മാസവും അഞ്ചു ദിവസവും

കമാ—ഇവിടെ എത്തിയതു് മകരം 10 ാംനു-

തങ്കം—(എഴുത്തു വായിക്കുന്നു) നീ പോയിട്ടു് ഒരു മാസത്തോളമായെന്നു മനസ്സിലായി. എന്നോടു ഒരു വിവരവും പറയാതെ പോയതു ഒട്ടും നന്നായില്ല. കുഞ്ഞമ്മാളുവാണു് നീ പോയ വിവരം എന്നോടു് ആദ്യമായി പറഞ്ഞതു്. ഈ എഴുത്തു കിട്ടിയ ഉടനെ നീ ഇങ്ങോട്ടു മടങ്ങിവരണം. കൈതമുക്കു് വസ്തുവിനെക്കുറിച്ചു് തമ്മിൽ സംസാരിച്ചിട്ടുണ്ടല്ലൊ. അതിനെപ്പററി ആലോചിക്കാനാണു്. ഈ അവസരം തെററിയാൽ പിന്നെ അതിനെപ്പററി ഞാൻ വിചാരിച്ചാൽ ഒരു നിവൃത്തിയുമുണ്ടാകില്ല. സ്വരൂപം സംബന്ധിച്ചു് ചില കാൎയ്യങ്ങൾ ആലോചിക്കാൻ അടുത്താഴ്ച ഞാൻ മദ്രാസ്സിലേക്കു പോകും. പോയാൽ പിന്നെ രണ്ടുമൂന്നു മാസം കഴിഞ്ഞിട്ടേ മടങ്ങുകയുള്ളൂ. അതിനുമുമ്പു വന്നു കാൎയ്യങ്ങൾ വേണ്ടവിധം ഏല്പിച്ചുതരണം

ഉണ്ണിക്കു അമ്മാമൻ.

അവധി കഴിഞ്ഞില്ലെ. ഇനി പോയിട്ടെന്താ കാൎയ്യം. ഈ കുഞ്ഞമ്മാളു ആരാണു്.

കമാ—അതുതന്നെ ഞാൻ പോകുന്നില്ലെന്നു പറഞ്ഞതു്. കുഞ്ഞമ്മാളു എന്റെ അനുജത്തി കല്യാണിക്കുട്ടി. വിളിക്കണതു കുഞ്ഞമ്മാളുവെന്നാണു്.

തങ്കം—ഓ ശരി, ആ ലാക്കററിലെ അനുജത്തിയല്ലെ.

കമ—(ഒരു വെമ്പലോടെ) അതെ.

ശങ്കു—ഇന്നു തിങ്കളാഴ്ചയല്ലെ.

കമ—അതേ, അതെ. ഞാൻ ക്ഷണത്തിൽ കുളിച്ചിട്ടു വരാം. നമുക്കെല്ലാവൎക്കും ഒപ്പം ഊണുകഴിക്കാം.

ശങ്കു:—തങ്കം. ഗോപാലനോടു അദ്ദേഹത്തിനു കുളിക്കാൻ വെള്ളം തയ്യാറാക്കാൻ പറയു. അദ്ദേഹം കുളികഴിഞ്ഞു നാമം ജപിക്കുന്നതിലിടക്കു ഞാനും കുളികഴിക്കാം.

തങ്കം:—എല്ലാം ഞാൻ തയ്യാറാക്കീട്ടുണ്ടു്. അതു കഴിച്ചിട്ടാണു് ഞാൻ വന്നതു്.

കമാരമേനോൻ കുളിക്കാൻപോയി. തങ്കം അദ്ദേഹത്തിന്റെ നാമജപത്തിനു വേണ്ടതു തയ്യാറാക്കുനും പോയി. ശങ്കുനായർ ഒററക്കു ഇരുന്നു വിചാരിച്ചു.

"തങ്കത്തിനു് കമാരമേനോനോടു അതിരററ പ്രണയമുണ്ടു്. ഹാ!

*

എൻെറ ആഗ്രഹം എളുപ്പം സാധിച്ചു. അവരുടെ സംസാരത്തിൽ "എൻെറ തങ്കം; നാം ഒന്നല്ലെ" ഇത്യാദി അവരറിയാതെ അവരുടെ ഹൃദയബന്ധം എന്നെ മനസ്സിലാക്കി. ആ വാക്കുകൾ ഈ നരച്ച കാതുകൾക്കു പീയൂഷമായിതന്നെയിരിക്കുന്നു. കുമാരനുണ്ണിക്കു വേണ്ടതെല്ലാം ഒരുക്കുന്നതിൽ തങ്കത്തിന്നു ഒരു പ്രത്യേക താല്പര്യവും ഉത്സാഹവും. ദൈവമേ! താനെ മുളച്ച അവരുടെ അനുരാഗവല്ലി ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു പുഷ്പിക്കട്ടെ. ഞാൻ തല്ക്കാലം ഒന്നും അറിയാത്തതായി നടിക്കാം. അതാണിപ്പോൾ നന്നായിരിക്കുക."

അനന്തരം അവരുടെ നാമജപാദികൾ കഴിഞ്ഞു എല്ലാവരും മുററത്തു ഓരോ കസേലയിലിരുന്നു. തങ്കം വീണയെടുത്തു കുറെ പാടി. ഏകദേശം 10 മണിയോടുകൂടി ഓരോരുത്തരും അവരവരുടെ സ്ഥാനങ്ങളിൽ ചെന്നു നിദ്രക്കാരംഭിച്ചു ശങ്കുനായർ ക്ഷണത്തിൽ ഉറങ്ങി. തങ്കത്തിൻെറ അറയിൽനിന്നു ചില "കടപിട" ശബ്ദങ്ങൾ കേൾക്കുന്നു. അപ്രകാരംതന്നെ കുമാരമേനോൻെറ അറയിൽനിന്നും. അവൾക്കു രണ്ടുപേൎക്കും ഉറക്കം വന്നിട്ടില്ലെന്നു അതുകൊണ്ടു മനസ്സിലാക്കാം. എന്തു വിചാരംകൊണ്ടോ അവൎക്കു ഉറക്കംവരാത്തതു്? ആൎക്കറിയാം.

അധ്യായം എട്ടുകഴിഞ്ഞു

---

## അദ്ധ്യായം ഒമ്പതു്

വിക്രമനുണ്ണി—നിൻെറ സാമൎത്ഥ്യം അതിശയിക്കത്തക്കതുതന്നെ. ആരെയും അറിയിക്കാതെ നീ ഏകാകിനിയായി ചെന്നു കാൎയ്യമൊപ്പിച്ചുവന്നല്ലൊ. മഹാ കേമിതന്നെ. നിന്നെ രണ്ടു കൈയ്യും എടുത്തു തൊഴണം

കുഞ്ഞമ്മാളു:—ഞാൻ അവിടുന്നു നേരെ ഡാക്ടർ കയ്മളുടെ വീട്ടിലേക്കു പോയി. അപ്പോൾ അദ്ദേഹം ബാലരാമയ്യരുടെ മഠത്തിലേക്കു പോകാൻ ഒരുങ്ങി നില്ക്കുയായിരുന്നു. എന്നെ കണ്ട ഉടനെ അദ്ദേഹം വളരെ ആദരവോടുകൂടി അടുത്തുവന്നു കൈതന്നു ഒരു കസേലയിലിരുത്തി. പത്തുപതിനഞ്ചുമിനിട്ടിനുള്ളിൽ മടങ്ങിവരാമെന്നു പറഞ്ഞു അദ്ദേഹം കാറിൽ കയറിപോയി. പ

റഞ്ഞപോലെ അദ്ദേഹം വേഗംവന്നു.

വിക്ര:—പോട്ടെ. നിണക്കു അധികനേരം തനിച്ചിരിക്കേണ്ടിവന്നില്ലല്ലൊ.

കുഞ്ഞ:—ഞാൻ ചെന്നതു ചികിത്സിക്കാൻ കൂട്ടിക്കൊണ്ടുപോകാൻ വന്നതെന്നാണു് അദ്ദേഹം ധരിച്ചതു്.

വിക്ര:—അതു അവരുടെ തൊഴിലല്ലെ ആ ധാരണയിൽ തെററില്ല. എങ്ങനെയാണു ആദ്യം തുടങ്ങിയതു്.

കുഞ്ഞ:—എനിക്കതിനോ പ്രയാസം. ശോകരസം നടിച്ചു. കഷ്ടം! കഷ്ടം! പൂപ്പള്ളി എളമീന്നു്—കഷ്ടായിപ്പോയി—ദേഹസ്ഥിതി വളരെ മോശമായിരുന്നു. പക്ഷെ ഇത്ര വേഗത്തിൽ. ഇന്നലെ ഒരു കമ്പി വന്നു. ഈ സമ്പ്രദായത്തിലാണു ഞാൻ തുടങ്ങിയതു്. കക്ഷം വളരെ പരിഭ്രമിച്ചു സങ്കടപ്പെട്ടു. "എന്തു്! കുമാരനുണ്ണിയൊ! ഹാ! കഷ്ടം! എവിടെനിന്നാണു കമ്പി! ആരുടേതാണു എന്നു ചോദിച്ചു.

വിക്ര:—അയ്യ! വെച്ചവെപ്പ്! കറിക്കു പററി. എന്നിട്ടു്.

കുഞ്ഞ:—നല്ലൊരു തയ്യ്! ഇനി പറഞ്ഞിട്ടു കാര്യമില്ല. മധുരയിൽനിന്നാണു കമ്പി. ഇന്നലെ രാത്രി 7 മണിക്കു്.

വിക്ര:—കുമാരൻ മരിച്ചു എന്നു പറഞ്ഞതു കുറെ കടന്നില്ലെ.

കുഞ്ഞ:—നിങ്ങൾക്കെന്തറിയാം. നിങ്ങൾ വിഡ്ഢിയാണു്. കുമാരനുണ്ണിയുടെ ചരിത്രത്തെക്കുറിച്ചു ചോദിച്ചാൽ കക്ഷം പറയില്ല. കുമാരനെ ചീത്തയാക്കുന്നതിൽ എനിക്കു ഒരു പ്രധാന പങ്കുണ്ടെന്നാണു കക്ഷിയുടെ ധാരണ. കുമാരൻ മരിച്ചു എന്നു ഞാൻ പറയുന്നതു അയാൾ വിശ്വസിക്കും. എന്റേയും കുമാരന്റേയും സ്നേഹബന്ധം അയാൾക്കു നല്ലപോലെ അറിവുണ്ടു്. ഈ കാര്യത്തിൽ ഞാൻ കളവു പറയില്ലെന്നു ആയാൾക്കറിയാം.

വിക്ര:—ശരി. ശരി. ഞാനിത്ര ആലോചിച്ചില്ല. നിന്റെ ബുദ്ധി അതിശയിക്കത്തക്കതുതന്നെ. കക്ഷം ഒരു സമയം മധുരയ്ക്കു പോയാലോ. അയാൾക്കു കുമാരനെ വലിയ കാര്യമാണു്.

കുഞ്ഞ:—പോകട്ടെ, ആക്കു ചേതം. കഴുത ചന്തക്കു പോയപോലെ വിഡ്ഢിയായി മടങ്ങും.

വിക്ര:—ആട്ടെ. പിന്നെന്തുണ്ടായി.

കുഞ്ഞ—അതല്ലെ കേൾക്കേണ്ടതു്. ഡാക്ടർ ഞാൻ പറഞ്ഞതുകേട്ടു സ്തംഭിച്ചുപോയി. കുറെ കഴിഞ്ഞ ശേഷം ശോകാകുലനായി "ഹാ! വലിയ കഷ്ടമായി! കുമാരനെപ്പോലെ ഇത്ര ബുദ്ധിസാമ

ത്ഥ്യവും തൻേറടവും ഉള്ള ഒരു കുട്ടിയെ വേറെ കാണില്ല. സവ്വ ഗ്ഗുണങ്ങളും ചേൎന്ന ഒരു യോഗ്യനായിരുന്നു. പറഞ്ഞിട്ടെന്തു ഫലം. സഹവാസംകൊണ്ടു കുറെയൊക്കെ ചീത്തയായി. ശരീരം വളരെ ചടച്ചു ഒരു രോഗഗ്രസ്തനായി. ഞാൻ അവിടെ ചെന്നിട്ടുണ്ടായിരുന്നു. ദേഹം പരിശോധിക്കാൻ. അതാണെൻെറ അവസാനത്തെ കാഴ്ച." ഞാനും ഡാക്കുരോടൊപ്പം ശോകരസം അഭിനയിച്ചു!

വിക്ര— നീ വലിയ നാട്യക്കാരിയല്ലെ. നാട്യത്തിൽ നിന്നെ കവിച്ചുവെക്കാനാരുമില്ല.

കുഞ്ഞ— പിന്നേയും ഡാക്കടർ പുലമ്പിത്തുടങ്ങി. "പൂപ്പള്ളിസാപത്തിലെ കാലദോഷമാണ അൗ കുട്ടിക്കു അല്പായുസ്സായതു്." ഞാൻ പറഞ്ഞു. "എന്താ ഡാക്കടർ പറയുക! നിങ്ങൾ കൊടുക്കുന്ന ഉപദേശങ്ങൾ അനുസരിച്ചു നടന്നതാണെങ്കിൽ ഈ അത്യാഹിതം വരികയില്ലായിരുന്നു. എന്തു ചെയ്യാം" എന്നൊരു ഷോഡതി അടിച്ചു അതു കുറിക്കുകൊണ്ടു. അദ്ദേഹം പറഞ്ഞു. "കാലദോഷം! കാലദോഷം! വിനാശകാലേ വിപരീതബുദ്ധി. കാലം പിഴയ്ക്കുമ്പോൾ ഉപദേശം ഏല്ക്കില്ല. അപ്പോൾ ബുദ്ധി ദുൎമ്മാൎഗ്ഗത്തിലെ പോകു. അല്ലെങ്കിൽ ഒരു മൂന്നു മാസമെങ്കിലും മലയാററൂരുചെന്നു താമസിക്കേണമെന്നു ഞാൻ ഉപദേശിച്ചപ്പോൾ അയാളുടെ വിധി മധുരക്കല്ലെ വലിച്ചുകൊണ്ടുപോയതു്. ആ പട്ടണത്തിലെ കാലാവസ്ഥ കുമാരനു ഒട്ടും പററിയതല്ല. അതുതന്നെയാണ ഇത്ര പെട്ടെന്നു ആപത്തു സംഭവിച്ചതു്.

അറിയേണ്ടതറിഞ്ഞുകഴിഞ്ഞു. പിന്നെ വെറുതെ കയ്യളെ ബോറ് ചെയ്തിട്ടു പ്രയോജനമില്ല. "അതൊന്നുമല്ല ഡോക്കർ! ആയുസ്സററു—അത്രമാത്രമെ കൊടുത്തുവെച്ചിട്ടുള്ളു." ഇങ്ങനെ ചില മരപ്പിത്തരം പറഞ്ഞു അവിടുന്നു പോയി.

വിക്ര—കുമാരൻ ചെന്ന സ്ഥലം എത്ര ദൂരത്തിലാണ് മനസ്സിലാക്കിയതു്—അമ്പാടി കേമി.

കുഞ്ഞ—അതിനാണ് ബുദ്ധി! ബുദ്ധിവേണന്നു പറയണതു്. ഞാൻ ഒട്ടും താമസിച്ചില്ല. നേരെ, തീവണ്ടിആപ്പീസ്സിലേക്കു പോയി. അപ്പോൾ തെക്കോട്ടക്കുള്ള വണ്ടിക്കു സമയം റഡിയായിരിക്കുന്നു. ഞാൻ അങ്കമാലിയിൽ ചെന്നിറങ്ങി. അവിടെനിന്നു മലയാററൂക്കു നടന്നു.

വിക്ര—അയ്യോ! എൻെറ ഓമന ആറേഴുനാഴിക നടന്നോ. ഞാൻ

കാല്യ തലോടിത്തരാം.

കുഞ്ഞ—(പുഞ്ചിരിയോടുകൂടി) പത്തിരുപതുദിവസം മുമ്പല്ലെ നടന്നതു്. അതിനിപ്പൊഴെം കാല്യ തലോടുന്നതു്. ഞാൻ മലയാററൂരെത്തിയപ്പോഠം സന്ധ്യയായി.

വിക്ര—നിണക്കു വഴി എങ്ങനെ മനസ്സിലായി.

കുഞ്ഞ—വായിലല്ലെ വഴി. നല്ല നിലാവുള്ള സമയം. ഒന്നാം ക്ലാസ് ഒരു സാൽവ എടുത്തു മൂടിപുതച്ചു തലയിൽ കവത്ത ഒരു മഞ്ഞുതൊപ്പിയും ഇട്ടു. അല്പം കൂന്നു് കണ്ടാൽ ഒരു വയസ്സനെപ്പോലെ ഒരു വടിയും കുത്തി നടന്നു. കുമാരനെ കണ്ടുപിടിക്കാൻ അധികം ശ്രമം വേണ്ടിവന്നില്ല. രണ്ടാളുകഠം വഴിക്കു സംസാരിച്ചു നില്ക്കുന്നതുകണ്ടു. അതു മനസ്സിലാക്കാൻ വേണ്ടി ക്ഷീണഭാവത്തിൽ അടുത്തുള്ള ഒരു മരത്തിൻെറ ചുവട്ടിൽ ചെന്നിരുന്നു. അവരുടെ സംസാരം കുമാരനെക്കുറിച്ചായിരുന്നു,

വിക്ര—എന്താ അതു്. അവൻെറ പഴയ നടപടി അവിടേയും തുടങ്ങിയോ.

കുഞ്ഞ— അതല്ല. ഒരാഠം പറഞ്ഞു "ആശാൻെറ മകളോടുകൂടി അവരുടെ വിരുന്നുകാരൻ കുമാരമേനോനും പൂപ്പറമ്പിൽ കോലടിക്കു വന്നിരുന്നു. ആ വിദ്വാൻ നല്ല സാധുപ്രകൃതക്കാരൻ. ഞാനും അവരും ഒന്നിച്ചാണു് മടങ്ങിയതു്. നല്ല യോഗ്യൻ. താൻ കണ്ടിട്ടുണ്ടെടോ? ആശാൻ പിടിച്ചു വളച്ചാലും വളയും. എന്നാൽ തങ്കത്തിന്നു നല്ല ചേച്ചയും ഉണ്ടു്. ആയാളെ അതിന്നു വേണ്ടി സൃഷ്ടിച്ചതാണോ എന്നുകൂടി തോന്നിപ്പോകും."

വിക്ര – അവൻെറ യോഗം! എന്നിട്ടോ.

കുഞ്ഞ—അപ്പോഠം കുമാരനുണ്ണി ആശാൻെറ മകളെ കല്യാണം കഴിക്കുന്നതു നിങ്ങഠംക്കും ഇഷ്ടമാണോ.

വിക്ര—ഇതെന്താണെൻെറ കുഞ്ഞേ! അങ്ങനെ ധരിക്കരുതു്. എൻെറ തങ്കത്തിൻെറ മാറത്തെ ഈ രണ്ടു സാധനങ്ങളുടെ— എന്നു കൈകൊണ്ടു തടവി —

കുഞ്ഞമ്മാളു വിക്രമനുണ്ണിയുടെ കയ്യു് തട്ടി പിൻമാറി. "ഹായ്, ഹായ്, കിഴവന്മാരുടെ നരച്ച കൈ മേൽ തട്ടുമ്പോഠം—"

വിക്ര:—എന്തു്! ഞാൻ അത്രയും കിഴവനായൊ?

കുഞ്ഞ:—ഹാ! ഞാൻ കളിയായി പറഞ്ഞതാണ്. അങ്ങു തൊട്ടമ്പോഠം ഉണ്ടായ ആനന്ദപാരവശ്യത്താൽ പറഞ്ഞതാണ്. അവിടക്കു പൂൎണ്ണയൗവനമാകുന്നതല്ലെ ഉള്ളു. എന്നിട്ടു് കേഠംക്കു.

വിക്ര:—ഉം, ഉം, പറയൂ നല്ല രസമുണ്ട്.

കുമാ:—ഞാൻ മരച്ചുവട്ടിൽനിന്നെഴുന്നേററു കുമാരൻ താമസിക്കുന്ന വീടു കണ്ടുപിടിക്കാൻ നടന്നു. രാത്രിയായാലും നല്ല നിലാവുണ്ടല്ലോ. ഒരു കുട്ടി നില്ക്കുന്നതു കണ്ടു്. ആ കുട്ടിയെ വിളിച്ചു വിവരം ചോദിച്ചു. അങ്ങനെ ആ വീടും കണ്ടുപിടിച്ചു.

വിക്ര:—അസ്സലായി.

കുഞ്ഞ:—ഞാൻ ഒരു സാധുവഴിപോക്കൻെറ നിലയിൽ വീട്ടിനത്തു കടന്നു. അപ്പോറം കുമാരൻ കുളിക്കാൻ പോയിരിക്കയായിരുന്നു. അതു നല്ല തരമായി. ശബ്ദംകേട്ടു് ആളറിയാതെ കഴിഞ്ഞു. കുറച്ചു വെള്ളം കുടിക്കാൻ ചോദിച്ചു. കൊണ്ടുവന്നുതന്നതു ആ പെണ്ണാണു്. നല്ല സൌന്ദൎയ്യമുണ്ടു്. അവളുടെ പേർ തങ്കം എന്നാണത്രെ. സൂത്രത്തിൽ പലതും ചോദിച്ചു മനസ്സിലാക്കി.

വിക്ര:—എന്തു മങ്കയൊ കൊങ്കയോ കോങ്കണ്ണിയോ ആകട്ടെ. എനിക്കു കേഠക്കണ്ട. എൻെറ തങ്കം (തൊട്ടുതലോടി) തങ്കം തന്നെ.

കുഞ്ഞ:—ഞാൻ വീട്ടിൽനിന്നു പുറത്തുവന്നു. അറിയേണ്ടതറിഞ്ഞു. അധികം ദൂരത്തെത്തുന്നതിന്നുമുമ്പു കൎണ്ണാനന്ദകരമായ സംഗീതം കേട്ടുതുടങ്ങി. പാട്ടു വളരെ കേമം തന്നെ.

വിക്ര:—ഒരു സമയം അവനെ അവർ വല വീശി പിടിച്ചാലോ!

കുഞ്ഞ:—എൻേറയും സംശയം അതാണു്. കുമാരനു സംഗീതത്തിൽ കലശലായ ഭ്രമമുണ്ടു്. പെണ്ണാണെങ്കിൽ അതിസുന്ദരി.

വിക്ര—ഇല്ല. കുമാരൻ തെററിപ്പോകില്ല. സന്ധ്യക്കല്ലെ നീ ആ പെണ്ണിനെ കണ്ടതു്. സന്ധ്യാരാഗം എത്ര വഷളത്തിയേയും സുന്ദരിയാക്കി തോന്നിപ്പിക്കും. അതാണു് അറിക്കാകാത്ത പെണ്ണില്ല എന്നു പറയുന്നതു് നല്ല സംഗീതക്കാരികഠ വികൃതരൂപികളായിരിക്കും. സൌന്ദൎയ്യവും സംഗീതവും ഒരുമിച്ചു വസിക്കാൻ പ്രയാസമാണു്. ഇതുരണ്ടും ഒരുപോലെ തികഞ്ഞിട്ടുള്ളതു ഒരാഠക്കു മാത്രം. അതു എൻെറ കുഞ്ഞമ്മാളുവിനു്.

കുഞ്ഞ—അതും ഇതും പറഞ്ഞിരുന്നാൽ കാൎയ്യം കുന്തത്തിലാകും. എന്തിനാണു് സംശയിക്കുന്നതു്. അതല്ലെ ഇന്നുതന്നെ ഒരെഴുത്തെഴുതി അയക്കാൻ പറയണതു്. ഇങ്ങോട്ടുവരട്ടെ. കുമാരൻെറ വിവരവും മേൽവിലാസവും അറിഞ്ഞില്ലെ. ഇനി അങ്ങോട്ടു് ഒന്നു എഴുതിക്കൂടെ?

വിക്ര—എഴുത്തുകിട്ടിയാൽതന്നെ അവൻ വരുമോ? ആ കാൎയ്യം

സംശയമാണ്. ഈയ്യിടെ അവനു് എന്നെ വളരെ പ്രത്യ
മാണ്. അതു ഞാൻ മനസ്സിലാക്കീട്ടുമുണ്ടു്.

കുഞ്ഞ— കൈതമൊക്കെ വസ്തുവിനെ സൂചിപ്പിച്ചെഴുതിയാൽ ആ
യാൾ നിശ്ചയമായിവരും. അതു ആയാളുടെ ജീവനാണ്.

വിക്ര—അതിനു വിരോധമില്ല. ഇന്നുതന്നെ എഴുതി അയക്കാം.
പിന്നെ, എന്തെല്ലാമാണ് വൎത്തമാനങ്ങൾ

കുഞ്ഞ—എനിക്കവിടെ ചുറേറണ്ട കാൎയ്യമൊന്നുമില്ല. നേരെ തീവ
ണ്ടിയാപ്പീസ്സിലേക്കു പോയി. വണ്ടിയും കയറി.

വിക്ര—അത്ഭുതംതന്നെ. ഈ ഓമനശരീരത്തിനു പത്തിരുപതു നാ
ഴിക നടക്കാൻ അത്രയ്ക്കു ശക്തിയുണ്ടോ? (കുഞ്ഞമ്മാളുവിന്റെ
വക്ഷസ്സിലും കവിൾത്തടത്തിലും മന്ദമായി തലോടി) ഹാ! ക
ഷ്ടം! ഈ പൂപ്പോലിരിക്കുന്ന ശരീരം ഇത്രയെല്ലാം അദ്ധ്വാനി
ച്ചുവോ?

കുഞ്ഞ—ഇത്രയല്ല, വേണ്ടിവന്നാൽ ഇതിലധികവും അദ്ധ്വാനിക്കും.
ഏതു വിധേനയും എനിക്കു ആയാളെ ഭൎത്താവാക്കണം. അതു
സാധിച്ചില്ലെങ്കിൽ പിന്നെ—

വിക്ര—ഹെ! അതു സാരമില്ല അവസാനം ഞാൻ കണ്ടിട്ടുണ്ടു്. വ
രട്ടെ. ഞാൻ മുറിച്ചുപറയും. അവനതു നിരസിച്ചാൽ പൂപ്പള്ളി
സ്വത്തുപത്തിലെ ഒരുമണി നെല്ലെങ്കിലും ഒമ്പടിപ്പൈസയെങ്കി
ലും കണികാണാൻ കിട്ടില്ല.

കുഞ്ഞ—അതെല്ലാം നമുക്കു അവസാനം നിവൃത്തിയില്ലാതെ വന്നാ
ൽ മതി. ഓ. ഒന്നു പറയാൻ മറന്നു. ഞാൻ തീവണ്ടിയാപ്പീസ്സി
ലേക്കു വരുന്നവഴിക്കു് ഒരാളെ കണ്ടുമുട്ടി. ആയാളും വണ്ടികയ
റാൻ പോകയാണ്. പക്ഷെ തെക്കോട്ടുക്കുള്ള വണ്ടിക്കാണ്.
ഞാൻ വടക്കോട്ടേക്കും. രണ്ടു വണ്ടിയും ഇവിടെവെച്ചാണു മാററം.

വിക്ര—പോട്ടെ. വഴിക്കു സഹായമായല്ലൊ.

കുഞ്ഞ—ആയാൾ ശാന്ത്യാശ്രമത്തിനടുത്തുള്ള പൂവ്വാലെ എന്ന വീ
ട്ടിലെ ഇക്കാളിഅമ്മടെ സംബന്ധക്കാരനാണത്രെ. പത്മനാഭൻ
നായർ എന്നാണ് പേര്. പറമ്പിക്കുളത്തു കേ സായ്പിന്റെ
തോട്ടത്തിൽ ഒരു മേസ്ത്രിയാണ്. കുമാരൻ ആദ്യം അഞ്ചാറുദി
വസം താമസിച്ചതു് പൂവ്വാലെ വീട്ടിലായിരുന്നുവത്രെ. ആശാ
ന്റെ മകളുടെ വിവരവും ചിലതെല്ലാം മനസ്സിലാക്കി.

വിക്ര—അല്ലെങ്കിലും നിന്റെ സാമൎത്ഥ്യം ഞാൻ പലതിലും കണ്ടി
ട്ടുണ്ടു്. ഒന്നിനുപോയാൽ നാലെണ്ണം സാധിപ്പിച്ചു വരുന്നവള

ല്ലെ നീയ്യ്.

കുഞ്ഞ— പിന്നെ എങ്ങനെയാണ്. പട്ടി ചന്തക്കുപോയപോലെയോ? പോയാൽ സർവ്വകാൎയ്യങ്ങളും മനസ്സിലാക്കീട്ടുവേണ്ടേ മടങ്ങാൻ. കുമാരനെക്കുറിച്ചു പത്മനാഭൻനായൎക്കും ആ വീട്ടിലുള്ളോൎക്കും ഒക്കെ വളരെ നല്ല അഭിപ്രായമാണ്. പക്ഷെ ആ കുഗ്രാമക്കാൎക്കു മലച്ചുപോകാൻ എന്തുവേണം! എന്തേ കുമാരൻ പൂവ്വാലെ വിട്ടു ശാന്ത്യാശ്രമത്തിൽ താമസിക്കാൻ കാരണം എന്നു ചോദിച്ചു.

വിക്ര— ആ കോങ്കണ്ണിപ്പെണ്ണിനെ കണ്ടിട്ടുതന്നെ ചോദിക്കാനുണ്ടോ?

കുഞ്ഞ— അതു മാത്രമല്ല; പൂവ്വാലെ വീട്ടിൽ താമസിക്കാൻ പല അസൌകൎയ്യങ്ങളുമുണ്ടു്. വീടു വളരെ ചെറുതാണ്. ശാന്ത്യാശ്രമത്തിലാണെങ്കിൽ അച്ഛനും മകളും രണ്ടാളേ ഉള്ളു. വേലക്കാരനും അവൎക്കുണ്ടു്. വീടും വലുതാണ്. പൂവ്വാലെക്കാരു കൂടുതൽ സൌകൎയ്യങ്ങളുണ്ടു്. പൂവ്വാലെക്കാരുടെ പൂൎണ്ണസമ്മതത്തോടുകൂടി ആശാൻെറ ക്ഷണമനുസരിച്ചാണത്രെ കുമാരൻ ശാന്ത്യാശ്രമത്തിൽ പാൎപ്പുറപ്പിച്ചതു്. തങ്കത്തിൻെറ വിവരങ്ങളും അന്വേഷിച്ചു. ജാതിമതവ്യത്യാസമില്ലാതെ ആ നാട്ടിലുള്ള സകലൎക്കും തങ്കം കണ്ണിലുണ്ണിയാണെന്നു മനസ്സിലാക്കി. പത്മനാഭൻനായരും തങ്കത്തിൻെറ സൌന്ദൎയ്യത്തെ വൎണ്ണിച്ചുപറഞ്ഞു. എന്നല്ല കുമാരൻ തങ്കത്തിന്നു നല്ല യോജിപ്പുണ്ടെന്നുകൂടി പറഞ്ഞു.

വിക്ര:—ആയാളുടെ കുരുട്ടുകണ്ണിനു അങ്ങനെ തോന്നുന്നുണ്ടായിരിക്കാം. പെണ്ണുകാണാത്ത പൊണ്ണൻ. എൻെറ ഓമനയുടെ ഈ കവിൾത്തടത്തിൻെറ നൂറിലൊരംശം അഴകുണ്ടോ ആ മങ്കറക്കണ്ണിക്കു് (എന്നു പറഞ്ഞു കുഞ്ഞമ്മാളുവിൻെറ ഗണ്ഡസ്ഥലത്തു സന്നമായി ഒന്നു ചുംബിച്ചു.)

കുമ്മാ:—അവളും കുമാരനുംകൂടി പലപ്പോഴും നടക്കാൻ പോകാറുണ്ടത്രെ.

വിക്ര:—എനിക്കു ആ ചെററപെണ്ണിൻെറ വൎത്തമാനം കേൾക്കണ്ടേ. എൻെറ തങ്കം എൻെറ അടുത്തുവരൂ. മടിയിലിരിക്കു.

കുഞ്ഞമ്മാളു വിക്രമനുണ്ണിയുടെ അങ്കസീമയിൽ അവളുടെ പൂമേനിയൎപ്പിച്ചു. തിരുമാറിടത്തിൽ അവളുടെ ശിരസ്സല്പം ചരിച്ചു ഒന്നു മയങ്ങി! ഹാ! ആ കിഴവൻെറ അപ്പോഴത്തെ ഒരാനന്ദം! മുഖ

ത്തു ഓളംവെട്ടിത്തിളങ്ങി.

കുഞ്ഞ:—ആ പെണ്ണിൻെറ അച്ഛൻ ആശാൻ ഒരു ഭാഗവതരാണത്രെ. നാടകക്കമ്പിനിക്കാക്കും മററും പാട്ടുകൾ എഴുതിക്കൊടുത്തു വളരെ പണം സമ്പാദിക്കുന്നുണ്ടെന്നാണു മനസ്സിലായതു്.

വിക്ര:—ഫോ! വിഡ്ഢി മോഹനാംഗിഞ്ചനൊക്കെ ആയാളുടെ വകയോ? പ്രാന്തീ എന്നു പറയട്ടെ.

കുഞ്ഞ:—ഹേ! അതൊന്നുമായിരിക്കയില്ല. ഈയ്യിടെ സക്കാരിൽ നിന്നു ഏപ്പ്പാടുചെയ്തിട്ടുള്ള സമസ്തഭാരതസംഗീതപരീക്ഷയിൽ “സംഗീതരത്നം” എന്ന ഏററവും ഉന്നതമായ ബിരുദനേടാൻ ആ കുട്ടി നിശ്ചയിച്ചിട്ടുണ്ടത്രെ.

വിക്ര:— ഇതു മഹാഭ്രാന്തു്. അല്ലാതൊന്നുമല്ല. “സംഗീതരത്നം” ആ മഹനീയസ്ഥാനം എത്ര വലുതു്! അതിലേക്കു ഇത്തിരിയില്ലാത്ത ഈ പെണ്ണു് കൊതിക്കുക. കൊതിച്ചോട്ടെ! സുബ്ബലക്ഷ്മിക്കും കോയമ്പത്തൂർതായിക്കും. ഗോഹർജാനും നാഗരത്നത്തിനും— പോട്ടെ—തൊണ്ടികുളം അനന്തരാമഭാഗവതക്കും—മൈസൂർ മുത്തയ്യാവിനുംകൂടി ജയിക്കാൻ അസാദ്ധ്യമായ ഈ പരീക്ഷക്കു ആ പെണ്ണു! മതികേട്ടതു്. എവിടെവെച്ചാണു് ഈ പരീക്ഷ?

കുഞ്ഞ:–തൃശ്ശൂരു് ട്രേയിനിങ്ങു സ്കൂളിൽവെച്ചാണു്. എടവം 15-ാം നു-യാണു് പരീക്ഷ ആരംഭിക്കുന്നതു്. ഒരാഴ്ച്ചയോളം ഉണ്ടാകും.

വിക്ര:–എന്നാൽ നമുക്കു 10-ാംനു-തന്നെ തൃശ്ശൂരു്ചെന്നു താമസിക്കാം. ഈ പെണ്ണുവന്നാൽ കാണുകയും ചെയ്യാം. നീ മലയാററൂരു് ചെന്നതും വന്നതും ഒന്നും കുമാരനും ആ പെണ്ണും അറിഞ്ഞിട്ടില്ലല്ലൊ.

കുഞ്ഞ:–ചേരി ഈച്ച. പൂച്ച, എറമ്പുകൂടി ഗ്രഹിച്ചിട്ടില്ല.

വിക്ര—വളരെ നന്നായി—ഞാനെന്തുപറയട്ടെ! നീ കോഴിക്കോട്ടുക്കു പോയശേഷം ഇന്നല്ലെ നിന്നെ കാണാൻ സാധിച്ചുള്ളു.

കുഞ്ഞ—ഇവിടക്കു ഊയ്യിള്ളോളെ സാരമുണ്ടൊ ? ഉണ്ടെന്നൊക്കൊ തൊണ്ടക്കു മേല്പോട്ടു്. അല്ലെങ്കിൽ മരുമകൻെറ സംബന്ധകാൎയ്യത്തിൽ ഇത്ര താമസമോ. മനസ്സുകൊണ്ടു് വിചാരിച്ചാൽ ആ ക്ഷണം നടക്കാനല്ലെ ഉള്ളു.

വിക്ര—അതാ അപ്പൊഴക്കും മുഖം വാടി കണ്ണിൽ വെള്ളം നിറഞ്ഞു. ഈ വരുന്ന ഓണത്തിന് സംബന്ധം തീച്ച. അല്ലെങ്കിലോ തിരുവോണത്തിനു കുമാരനു് തെരുവിൽ എരവൽചോറു്. പോരെ! (ഒരു ഉമ്മ കൊടുക്കുന്നു.)

UNIVERSITY LIBRARY

ഇത്രയും കേട്ടമാത്രയിൽ നമ്മുടെ സദിരുകാരി സന്തോഷസാഗരത്തിൽ നിമഗ്നയായി. അവൾ ഇട്ടിരുന്ന ബ്ളൌസ്സ് താനെ അഴിഞ്ഞു. ഉടുത്തിരുന്ന സാരി കുത്തഴിഞ്ഞുവീണതു അറിഞ്ഞില്ല. അവൾ ആ കിഴട്ടുപ്രഭുവിൻെറ തോളിൽ കൈചുററി അദ്ദേഹത്തിൻെറ ചുക്കിച്ചുളിഞ്ഞ പരുപരുത്ത നരച്ച മുഖത്തു അവളുടെ മൃദുലങ്ങളായ അധരപല്ലവങ്ങളെക്കൊണ്ടു എന്തോ ചിലതു കാണിച്ചു. കിഴവൻ ആനന്ദപരവശനായി. കർട്ടനും വീണു.

കുഞ്ഞമ്മാളുവിൻെറ സ്ഥിതികൂടി രണ്ടു വാക്കുകൊണ്ടു പറഞ്ഞവസാനിപ്പിക്കാം. ഇവൾ കൊടകരക്കാരിയാണെന്നു മുമ്പൊരിക്കൽ പറഞ്ഞുവല്ലൊ. ഇവളുടെ മാതാവു മീനാക്ഷിഅമ്മ മകൾക്കു അഞ്ചു വയസ്സായപ്പോൾ മരിച്ചു. കുഞ്ഞമ്മാളുവിനു ഇപ്പോൾ വയസ്സു പതിനെട്ടു തികഞ്ഞു. അവൾ പതിമൂന്നു വയസ്സിൽ ഋതുവായി. അതുവരെക്കുമേ അവൾക്കു അന്യസഹായം വേണ്ടിവന്നുള്ളു.

"തടമുലകളുരുണ്ടില്ലോമനേ നീ തിരണ്ടി-
ല്ലതിനിടയിലനംഗന്നായിരം വില്ലൊടിഞ്ഞു" എന്നിങ്ങനെ

അവളുടെ ശിശുപ്രായം മുതല്ക്കേ ചില കാമുകജനങ്ങൾ അവളുടെ സൌന്ദര്യം കണ്ടു് ഭ്രമിച്ചുവശായി പുകഴ്ത്താറുണ്ടായിരുന്നു. മീനാക്ഷിഅമ്മ പ്രസിദ്ധിനേടിയ ഒരു മോഹിനിയാട്ടക്കാരിയായിരുന്നു. ആയമ്മ ആ കാലത്തു അയച്ച മോഹനാസ്ത്രങ്ങളിൽ ഒരു കൂർത്തശരം നമ്മുടെ വിക്രമനുണ്ണിയുടെ മാറിടം പിളർന്നു. അന്നു അദ്ദേഹം ഇളമീനായിരുന്നു. അദ്ദേഹത്തിന്നു അപ്പോൾ മുപ്പതുവയസ്സു പ്രായമാണു്. ഇളമയിലെ ചിലവിലേക്കു മാമൂലായി നിശ്ചയിക്കപ്പെട്ടിരുന്ന മാസംതോറുമുള്ള 1500 ക. യും വിക്രമനുണ്ണി ശരിയായി മീനാക്ഷിയമ്മയുടെ ഉല്ലാസത്തിന്നുവേണ്ടി മാത്രം ചിലവഴിച്ചുപോന്നു. കുഞ്ഞമ്മാളു ആരുടെ മകളായാലും വിക്രമനുണ്ണിയുടെ സന്താനമാണെന്നാണു് രഹസ്യമായി പറഞ്ഞു വരുന്നതു്. എങ്ങിനെയായാലും വലിയ എജമാനൻെറ കണ്ണിലുണ്ണിയായിട്ടുതന്നെയാണു കുഞ്ഞമ്മാളു വളർന്നതു്. അവളെ ഒരു നിമിഷം പോലും പിരിഞ്ഞിരിക്കാൻ മൂപ്പിലേക്കു ശക്തിയില്ല. പുത്രീപ്രണയംകൊണ്ടായിരിക്കാം! മോഹിനിയാട്ടത്തിൽ ജനങ്ങൾക്കു പ്രായേണ അഭിരുചി ചുരുങ്ങിവന്നതോടുകൂടി അതു നാമാവശേഷമായി; പകരം "സദിരെ"ന്ന കലയാണു് കയ്യേററതു്. കുഞ്ഞമ്മാളു സദിരുകാരിയാട്ടാണു രംഗപ്രവേശം ചെയ്തതു്. മോഹിനിയാട്ടക്കാരികളുടെ സ്വഭാവവൈശിഷ്ട്യത്തോടുകൂടിയ സദിരുകാരി എന്നു

പറഞ്ഞാൽ അതു സത്യമായിരിക്കും. പത്തു പതിനെട്ടു വയസ്സിലിടക്കു കുഞ്ഞമ്മാളു ഒരു വലിയ പണക്കാരിയായി. അമ്മയുടെ ചെറുപ്പകാലത്തു സമ്പാദിച്ചു മകൾക്കു കൊടുത്തിട്ടുള്ള സ്വത്തുക്കൾക്കുപുറമെ മകൾതന്നെ മുപ്പതിനായിരത്തിലധികം സ്വകാൎയ്യമായി സമ്പാദിച്ചിട്ടുണ്ടു്. കുഞ്ഞുമ്മാളുവിന്നു ബന്ധുക്കളായിട്ടു എളയമ്മവലിയമ്മമാരും ജ്യേഷ്ഠാനുജന്മാർ അമ്മാമൻമാർ മുതലായവരും ഉണ്ടു്; എന്നാൽ നമ്മുടെ സദിരുകാരി അവരിൽ നിന്നെല്ലാം വളരെ അകന്നാണു് ജീവിക്കുന്നതു്. യാതൊരാൾക്കും യാതൊരധികാരവുമില്ലാത്ത സ്വായത്താധികാരിയായിട്ടാണു് കുഞ്ഞമ്മാളു വളൎന്നതു്. അമ്മയുടെ സ്വഭാവംതന്നെ. കഴുത്തുരിവിട്ട പശുക്കിടാവിനെപോലെ. വിക്രമനുണ്ണിയെപോലുള്ള വങ്കപ്രഭുക്കന്മാരുടേയും ചെറുപ്പക്കാരും ധനികന്മാരുമായ കാമുകലോകത്തിന്റേയും കണ്ണിലുണ്ണിയാണു് നമ്മുടെ സ്വൎഗ്ഗീയനാരി. മോഹിനിയാട്ടവും കുഞ്ഞമ്മാളുവിന്നു കട്ടുകട്ടിയാണു്. അതു അവൾ ദുൎല്ലഭമായിട്ടേ പ്രയോഗിക്കാറുള്ളു. പണക്കാരായ ചില വിടപ്രമാണികൾ കുഞ്ഞമ്മാളുവിനെ കല്യാണം കഴിക്കുവാൻ പരിശ്രമിച്ചതു പാഴായി. ഇപ്പോഴും പല പ്രഭുക്കന്മാരും അവളെ കിട്ടുവാൻ പരസ്യമായും രഹസ്യമായും പല പണികളുമെടുക്കുന്നുണ്ടു്. അതെല്ലാം പാഴിലാണെന്നു കാമാന്ധന്മാരായ അവർ അറിയുന്നില്ല. അതും നല്ലതുതന്നെ. അത്രയും കാലം കുഞ്ഞമ്മാളുവിന്റെ ഖജാന നിറയും. കുഞ്ഞമ്മാളുവിന്നു കുമാരനുണ്ണി മതി. ആയാൾക്കുവേണ്ടി അവൾ ജീവനെപോലും ത്യജിക്കും, കുമാരനുണ്ണിയുടെ അഗാധമായ സൌന്ദൎയ്യാമൃതവാരിരാശിയിൽ കുഞ്ഞമ്മാളു പതിച്ചു് കരകാണാതെ നീന്തിത്തുടങ്ങീട്ടു് കുറെ ഏറെകാലമായിരിക്കുന്നു. പൂപ്പുള്ളിപ്രഭു അവളുടെ ആഗ്രഹം നിറവേററിക്കൊടുപ്പാനേററിട്ടുമുണ്ടു്. ബാക്കിയുള്ളവരുടെ കഥ പിന്നെ കമ്പിളിൽതന്നെ. കുഞ്ഞമ്മാളുവിന്നു കുമാരനുണ്ണിയോടുള്ള അളവററപ്രണയത്തിന്റെ തള്ളിച്ചയാണു് അവളെ മലയാററൂരുള്ള നിൎജ്ജന വനമാൎഗ്ഗത്തിൽ കൂടി അൎദ്ധരാത്രിസമയത്തു നിസ്സഹായയായി ഉന്തിക്കൊണ്ടുപോയതു്. അവളുടെ ശ്രമം എത്രകണ്ടു ഫലിക്കും എന്നു നമുക്കു വഴിയെ അറിയാം. കുമാരനുണ്ണിയെ ഭൎത്താവാക്കി കൊടുപ്പാൻ ശ്രമിച്ചേല്ക്കുന്നവരുടെ സൎവ്വാഭീഷ്ടങ്ങളും സാധിപ്പിച്ചുകൊടുക്കാൻ കുഞ്ഞമ്മാൾ തയ്യാറാണു്. പല കുളന്മാരും ഈ പേരുംപറഞ്ഞു അവളുടെ സേവക്കു കൂടീട്ടുമുണ്ടു് .നമ്മുടെ വിക്രമനുണ്ണിയജമാനൻ സ്വതേ ഒരു പ്രഭുവായതുകൊണ്ടു അദ്ദേ

ഹത്തിന്നു് കുഞ്ഞമ്മാളുവിന്റെ കൃപാകടാക്ഷം ലഭിക്കാൻ യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ഒരു കാലത്തു വിക്രമനുണ്ണി അവളുടെ അമ്മയുടെ — എന്താ പറയേണ്ടതു്!— ദല്ലാളി — അല്ല, നട്ടുവൻ — അതുതന്നെയായിരിക്കും ഉചിതം—കൂടി ആയിരുന്നു. അദ്ദേഹം കുമാരന്റെ അമ്മാമനുംകൂടിയാണു്. തന്നിമിത്തം അദ്ദേഹത്തോടു കുഞ്ഞമ്മാളുവിനു കുറെ കൂടുതൽ പ്രേമമുണ്ടായാലതിൽ അതിശയിപ്പാനില്ല; എന്നുമാത്രമല്ല, കുമാരന്റെ സംബന്ധകാര്യവും ഏററിട്ടുണ്ടു്. ഏതൽ കാരണങ്ങളാൽ എത്രമാത്രം വിക്രമനുണ്ണിക്കും കുഞ്ഞമ്മാളുവിനും തമ്മിൽ മൈത്രിബന്ധമുണ്ടോ അത്രത്തോളമോ അതിലധികമൊ വെറുപ്പും വൈരാഗ്യവും ആ രണ്ടുപേരോടും കുമാരനുണ്ണിക്കുമുണ്ടു്.

അദ്ധ്യായം ഒമ്പതു കഴിഞ്ഞു

———:o:———

## അദ്ധ്യായം പത്തു്

“ഞാനിവിടെ വന്നിട്ടു് ഏണ്ടു രണ്ടരമാസത്തോളമായി ഈ കാലമെല്ലാം വളരെ വിനോദത്തോടുകൂടിത്തന്നെ കഴിഞ്ഞുവന്നു. ദിവസങ്ങൾ പോയതറിഞ്ഞില്ല. തങ്കത്തിനോടുകൂടി വസിച്ച ഓരോ ദിവസങ്ങളും ഓരോ നിമിഷംപോലെ അത്രക്ഷണത്തിലാണു് പോയതു്. അകൃത്രിമ പ്രതിഭാവിലാസത്തോടുകൂടിയ ആ തങ്കത്തിന്റെ കളങ്കരഹിതങ്ങളായുള്ള വാക്കുകൾ ശ്രവിച്ചും, നീലേന്ദീവരദളസദൃശങ്ങളായ ചഞ്ചലനയനദ്വന്ദ്വങ്ങളിൽനിന്നു പൊഴിയുന്ന കാമോദ്ദീപകങ്ങളായ കൂർത്ത കടാക്ഷബാണങ്ങൾഏററും എന്റെ ഹൃദയം സൂചിക്കുപോലും പഴുതില്ലാതെ വ്രണപ്പെട്ടുകഴിഞ്ഞു. അവളുടെ വിദ്രുമാധരത്തിൽ തുളുമ്പിനില്ക്കുന്ന ‘മന്മഥോപദ്രവവ്രണനാശകര”മെന്ന ദിവ്യരസായനം സേവിച്ചുകൊണ്ടല്ലാതെ എന്റെ ഹൃദയവ്രണങ്ങൾ ഉണങ്ങുകയില്ല. ഇതുവരെ രാത്രികാലങ്ങളിൽ സുഖനിദ്ര ചെയ്തിരുന്ന എനിക്കു ഇന്നെന്താണു് ഉറക്കത്തിന്റെ ലാഞ്ഛനപോലുമില്ലാത്തതു്. തങ്കവും ഉറങ്ങീട്ടില്ലെന്നാണു് തോന്നുന്നതു്. അവളുടെ അറയിൽ “കടപിട” എന്നു ചില ശബ്ദങ്ങൾ ഇടക്കിടെ കേൾക്കുന്നു. എന്റെ ഓമനക്കു ഉറക്കംവരാതിരിപ്പാൻ എന്തായിരിക്കാം കാരണം! എനിക്കുള്ള കാരണംതന്നെയായിരിക്കുമോ അവൾക്കും! ഹാ! ആ വിചാരം എത്ര ആനന്ദമായിരിക്കുന്നു! മൂർഖനായ

ഞാൻ നിഷ്കളങ്കയായ ആ സുകുമാരഗാത്രിയുടെ അനുരാഗത്തിനു പാത്രമായി വന്നാൽ—ഹാ! ദൈവമേ! അപ്രകാരം സംഭവിക്കുമോ? ഞാൻ അത്ര ഭാഗ്യവാനോ! നയനാമൃത പരിപൂരിതങ്ങളായ ആ സുന്ദരാംഗിയുടെ മനോഹരവക്ഷസ്സിൽ മുളച്ചു പൊന്തിനില്ക്കുന്ന ആ സുവർണ്ണപങ്കജമുകുളങ്ങളുടെ കോമളത വർണ്ണിപ്പാൻ ആരാലും അസാദ്ധ്യംതന്നെ. പരന്നമാറും ഒതുങ്ങിയ അരയും വിരിഞ്ഞ നിതംബവും ഒത്ത ഉയരവും അവയവങ്ങളുടെ സൌഷ്ഠവവും അവയ്ക്കുള്ള ലാഘവവും. മനസ്സിനെ അഞ്ചിക്കുന്ന കളിക്കൊഞ്ചലും അമൃതിലൊലുമ്പിയ മന്ദഹാസവും കല്ലും അലിയുന്ന പല്ലവസ്വരവും, കാമദേവന്റെ വിജയപതാകപോലെ പിന്നിൽ തൂങ്ങി പാദത്തെ അതിക്രമിക്കുന്ന നിബിഡമായി വളൎന്നു ചുരുണ്ട വാർകുന്തലും എല്ലാംകൂടി ആകപ്പാടെ എന്നെ അവളുടെ ഭൃത്യനാക്കിക്കഴിഞ്ഞു. എന്നും കാണാത്ത പലേ വിശേഷങ്ങളും ഇന്നു ഞാൻ അവളിൽ കണ്ടു. പക്ഷെ എന്റെ മാനസഭ്രാന്തികൊണ്ടായിരിക്കുമോ? അല്ല, ഞാൻ പ്രത്യക്ഷത്തിൽ കണ്ടതല്ലെ. സാധാരണ നടക്കുവാൻ പോകുമ്പോൾ വനവൃക്ഷലതാദികൾക്കുകൂടി അത്യാനന്ദം നല്കികൊണ്ടു അനവരതം പൊഴിഞ്ഞുകൊണ്ടിരുന്ന അവളുടെ കളകളരവത്തോടുകൂടിയ സംഭാഷണങ്ങൾക്കു ഇന്നു മടക്കത്തിൽ ഒരു മന്ദത സംഭവിച്ചതു് ഞാൻ തൽക്ഷണംതന്നെ നോട്ടുചെയ്തു. ഞാൻ നാട്ടിലേക്കു മടങ്ങിപ്പോകുന്നതിൽ അവൾക്കു മനോദുഃഖവും അതിയായ അസ്വാസ്ഥ്യവും ഉണ്ടെന്നു എനിക്കു പ്രത്യക്ഷത്തിൽ അനുഭവപ്പെട്ടു. എന്റെ കയ്യ് അവളുടെ ശിരസ്സിൽതട്ടിയ ആ ക്ഷണത്തിൽ അവളുടെ മുഖദർപ്പണത്തിൽ പ്രതിബിംബിച്ച മനോവ്യാപാരങ്ങൾ എന്റെ കണ്ണുകൾക്കു കർപ്പൂരമായിത്തന്നെ ഭവിച്ചു. എന്നോടുള്ള പ്രണയപാരവശ്യത്താൽ സ്വല്പനേരത്തേക്കു ലജ്ജിതയായി ഭവിച്ചതുകൊണ്ടുള്ള ആനന്ദസ്തോഭമാണ് അവളുടെ മുഖത്തു പ്രകാശിച്ചതു് എന്നു ഞാൻ ഉറക്കട്ടെയോ? അയ്യോ! അത്രക്കു ഭാഗ്യം എനിക്കുണ്ടോ? എങ്കിൽ ഞാൻ മികച്ച സുകൃതിയാണ്. ഞാൻ കൂടാതെ കഴിഞ്ഞുകൂടുക അവൾക്കസാദ്ധ്യമാണ്. എന്നു അവൾതന്നെ പറഞ്ഞു. ഇതിന്റെ അർത്ഥം എന്തായിരിക്കാം! ചാർച്ചയും ബന്ധുത്വവും യാതൊരു പരിചയവും കേട്ടുകേൾവിപോലും ഇല്ലാതെ എവിടെയോ കിടന്ന ഒരുവന്റെ പേരിൽ രണ്ടു മാസത്തിലിടക്കു കണക്കിലധികം അവൾക്കനുരാഗമുദിച്ചു എന്നതു സംഭവ്യമാണോ? എന്തുകൊണ്ടു സംഭവിച്ചുകൂടാ? ആൎക്കു ആരോടു് എങ്ങിനെ എപ്പോഴാണു് പ്രണയമുദി

ക്കുക എന്നു ആൎക്കുമൊരുവൎക്കും ഒരു കാലത്തും തീൎച്ചയാക്കിക്കൂടാ. എന്നാൽ ഞാൻ മുജ്ജന്മത്തിൽ അതിന്നുമാത്രം പുണ്യം ചെയ്തിട്ടുണ്ടോ? “നമ്മൾ ഒന്നല്ലെ” എന്നു പറഞ്ഞ ആ വക്ത്റപത്മത്തിൽ പീയൂഷം വൎഷിക്കട്ടെ! നിൎവ്വികാരമായി പുറപ്പെട്ട അവളുടെ ആ വാക്കുകൾ എന്റെ ഹൃദയത്തിൽനിന്നു എന്നും മാഞ്ഞുപോകയില്ല. ഇനി എന്താണു സംശയിപ്പാനുള്ളതു്. അവളെ എന്റെ പ്രിയതമയായി ലഭിച്ചുകഴിഞ്ഞു. ഞാൻ സുകൃതികളിൽവെച്ചു സുകൃതിതന്നെ. അല്ലെങ്കിൽ ആ വാക്കുകളിൽ അത്ര സന്തോഷിപ്പാനെന്താണുള്ളതു്. 'സാധാരണമായി ജനങ്ങൾ കാൎയ്യസാദ്ധ്യത്തിന്നുവേണ്ടി ഇതും ഇതിലധികവും പറയാറുണ്ടല്ലൊ. അവൾക്കു എന്നെ ഇവിടെത്തന്നെ പാൎപ്പിക്കേണ്ടതിലേക്കു അവൾ പ്രയോഗിച്ച ഒരു വിദ്യയായിരിക്കും അതു്. അങ്ങനെ ആയിക്കൂടെ? എന്നാൽ എന്നെ ഇവിടെ വൃഥാവിലെന്തിന്നു പിടിച്ചുനിൎത്തുന്നു. അതു സ്നേഹാനുരാഗം കൊണ്ടല്ലെ. ഇതു എന്തൊരു പിത്തളാട്ടമോ! തങ്കത്തിന്നു വക്രോക്തി അറിഞ്ഞുകൂടാ. അവൾ ശുദ്ധസാധുപ്രകൃതയാണ്. നിഷ്കന്മഷ എന്നു നിസ്സംശയം പറയാം. ഇത്രയും പരിപാവനയായ ആ വിദ്യുല്ലതികയോടും, ശുദ്ധാത്മാവും ജ്ഞാനവൃദ്ധനും, വയോവൃദ്ധനും ആയ അവളുടെ വന്ദ്യപിതാവിനോടും ഞാൻ എന്തെല്ലാം കളവുകളും ഉരുട്ടുകളുമാണ് പറഞ്ഞിട്ടുള്ളതു്. ക്ഷന്തവ്യമല്ലാത്ത മഹാപാപമാണ് ഞാൻ ചെയ്തിട്ടുള്ളതു്. ഞാൻ മഹാനീചൻ തന്നെ. ശുദ്ധാത്മാക്കളെ കളവുപറഞ്ഞു വിശ്വസിപ്പിക്കുന്നവർ ചണ്ഡാലന്മാരാകുന്നു. ഞാനോ ചണ്ഡാലരിൽ ചണ്ഡാലൻ. ഒരു കളവുപറഞ്ഞു; അതിനെ പിൻതാങ്ങാനായി മററനേകം കളവുകൾ പറഞ്ഞു. പറഞ്ഞതൊന്നും പുറത്താകാതിരിക്കാൻ പിന്നീട് എപ്പോഴും കളവുപറയാൻ നിൎബ്ബന്ധിതനുമായി. ഈശ്വരാ! ഇതെല്ലാം പുറത്തായാൽ! ഏതൊരു കാലം ചെന്നാലും കളവുകൾ പുറത്താകും. പിന്നെ ആത്മഹത്യതന്നെയാണുത്തമം. പൂപ്പള്ളി സ്വരൂപത്തിലെ ഇളമീന്നാണ് ഞാൻ എന്നാദ്യമേ പറയാമായിരുന്നു. അപ്പോൾ ആ നാട്ടുകാരൊക്കെത്തന്നെ വല്ലാതെ പരിഭ്രമിക്കാനുമിടയുണ്ടു്. അങ്ങനെ പറഞ്ഞതാണെങ്കിൽ പ്രകൃതിക്കനുസൃതമായുള്ള ഈ കാലമെല്ലാം ഞാനിവിടെ അനുഭവിച്ച—നാട്ടുപുറവാസത്തിലെ യഥാൎത്ഥ സൌഖ്യത്തിന്നു മാലിന്യം ഭവിക്കും. എന്റെ സ്ഥിതി അവർ മനസ്സിലാക്കിയിരുന്നെങ്കിൽ ഈ കഴിഞ്ഞപോലൊന്നും കഴിയു

വാൻ സാധിച്ചില്ലെന്നു വരാം. വേറെയും പലേ ദുർഘടങ്ങളുമുണ്ട്. ഒരു സമയം ഞാൻ നയിച്ചുവന്നിരുന്ന പാഴ്ജന്മം അവർ മനസ്സിലാക്കുവാനും അതു നിമിത്തം എന്റെ പേരിൽ അനല്പമായ പുച്ഛവും വെറുപ്പും അവക്കു ജനിപ്പാനും സംഗതിയുണ്ട്. ആദ്യമായി അവരുടെ സ്നേഹം സമ്പാദിച്ച് പിന്നീടു സന്ദർഭമുണ്ടാക്കി എന്റെ യഥാർത്ഥ ചരിത്രങ്ങളെ വെളിപ്പെടുത്തി അവരുടെ അപ്രീതിക്കു കാരണമാകാതെ കഴിക്കാമെന്നാണ് കരുതിയതു്. അതു കാരണം പൊളിക്കു പൊളിയായി അളവററ പൊളി പറയേണ്ടിവന്നു.

നാളെത്തന്നെ എന്റെ സത്യാവസ്ഥ വെളിപ്പെടുത്തിയാലോ? ഞാൻ ഇതേവരെ പറഞ്ഞ കളവുകൾക്കു ക്ഷമായാചനം ചെയ്യാം. അദ്ദേഹത്തിന്റെ കാക്കൽ വീണു മാപ്പുകെഞ്ചാം. എന്നാൽ അദ്ദേഹം ക്ഷമിക്കുമോ? പെട്ടെന്നുണ്ടാകാവുന്ന പരിഭ്രമംകൊണ്ടു ഒരുപക്ഷെ തെററിദ്ധരിക്കുവാനും സംഗതിയാകാം. തെററിദ്ധാരണ മനസ്സിൽ വേരൂന്നിയാൽ എന്റെ ഗതി ഊഢംതന്നെ. ഏതായാലും അതു വേണ്ട. ഒരു കാര്യം ചെയ്യാലെന്താ. തങ്കത്തിനോട് മാത്രം സ്വകാര്യമായി പറയാം. അവൾ ക്ഷമിക്കും. അവൾക്കു എന്നോടു നല്ല സ്നേഹമുണ്ട്. അതോ, അവൾക്കു എന്നോടു നേരിയ വല്ല ആശാപാശവും ജനിച്ചിട്ടുണ്ടെങ്കിൽ അതു അററുപോയാലോ— അതുവേണ്ട— എന്റെ വിഷമയമായ ജീവിതം കേട്ടാൽ ആ കുട്ടി സ്തബ്ധയായി ഭവിക്കും. സംശയമില്ല. എന്നോടു ഒട്ടും അനുകമ്പയുണ്ടാകയില്ല. വേരൂന്നിയിട്ടുണ്ടെന്നു സംശയിക്കുന്ന അനുരാഗവല്ലി കരിഞ്ഞു തൽക്ഷണം ചാമ്പലാകും. അതു എല്ലാററിലും വലിയ അബദ്ധം. മൃദുലമായ അവളുടെ ഹൃദയമുകുരം ശിഥിലമായി തീരാനെളുപ്പമുണ്ട്. അവൾ എന്നെ ഭയങ്കരനായി പക്ഷെ കരുതിക്കൂടായ്കയില്ല. ഹാ! ദൈവമേ! സർവ്വക്ലേശം നിന്ദ്യവും ജുഗുപ്സാവഹവും ഭയാനകവുമായ ഒരു ജീവിതം എനിക്കു നയിക്കേണ്ടിവന്നുവല്ലൊ. അതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ എനിക്കുതന്നെ ഭയമാകുന്നു. പിന്നെ മററുള്ളവർ എങ്ങനെ ഭയപ്പെടാതിരിക്കും.

ആട്ടെ. ഞാൻ അവൾക്ക് അനുരൂപനോ? കാകൻ ഹംസപ്പേടക്കു ചേരുമോ? അവളെ എനിക്കു ഭാര്യയായിക്കിട്ടിയാൽ— ഇല്ല—സംശയമില്ല—ഈ ആഗ്രഹം വേണ്ട— കിട്ടില്ല— തീർച്ചതന്നെ—ഞാനതിനു മാത്രം പുണ്യം ചെയ്തിട്ടില്ല. ഏതായാലും നിരാശപ്പെട്ടേണ്ട—പ്രയത്നിക്കാം—വരുമ്പോലെ വരട്ടെ. ഒരു കാര്യം തീർച്ചയാണ്. എന്റെ തങ്കത്തിനെക്കൂടാതെ ഈ ഭൂമിയിൽ വസി

ക്കുക എന്നതു് ഇനി എനിക്കസാദ്ധ്യംതന്നെ. എനിക്കവളെ ലഭിക്കുകയില്ലെന്നു തീർച്ചയായ ആ ദിവസമാണു് എന്റെ മരണം. ആശാഭംഗപ്പെടാറായില്ല—എന്റെ വിധിപോലെ വരട്ടെ. അല്പായുസ്സായിട്ടാണു് ശിരോലിഖിതമെങ്കിൽ അതിനും തയ്യാർ. അല്ലാ തങ്കത്തോടൊപ്പം ആനന്ദപദവിയിൽ സുഖിച്ചിരുപ്പാനാണു് യോഗമെങ്കിൽ ആയതനുഭവിക്കാം. പിന്നെ ഞാനെന്തിനിങ്ങനെ കിടന്നു പിടയുന്നു. എന്റെ ഭാര്യാപദം സ്വീകരിച്ചു് എന്നെ ഭാഗ്യവാനാക്കിത്തീർക്കുമോ എന്നു എന്തുകൊണ്ടു നാളെ ചോദിച്ചുകൂടാ—അല്ല— ഇത്തിരി ആലോചിക്കണം— ഇത്ര വേഗത്തിലോ— ഇപ്പോൾ ചോദിച്ചാൽ അവൾ ലജ്ജകൊണ്ടു മറുപടി പറയില്ല—അവളുടെ ഹൃദയം നല്ലവണ്ണം മനസ്സിലാക്കീട്ടു വേണം ഇത്തരത്തിലുള്ള സംഗതികൾ വെളിപ്പെടുത്തേണ്ടതു്. അല്ലാതെ പറഞ്ഞാൽ വിഡ്ഢിത്വമാകും— അനുരാഗസൂചകമായി ഞാൻ ചില ഭാവങ്ങൾ കാണിച്ചിട്ടുണ്ടു്. അപ്പോഴെല്ലാം അവൾ ഒരു ശിശുവിനെപോലെ നിർവ്വികാരിയായിട്ടാണല്ലോ കാണപ്പെട്ടതു്. പക്ഷെ ഉള്ളിലുള്ള വികാരങ്ങളെ പുറമെ പ്രദർശിപ്പിക്കാതെ അടക്കി ഒതുക്കി വെക്കുന്നതു സ്ത്രീകൾക്കു സഹജമായുള്ള ഒരു സ്വഭാവമാണു്.

ഹാ ! ആ ഫാലപ്രദേശത്തിന്നലങ്കാരമായി കിടക്കുന്ന അവളുടെ ചുരുണ്ട ആ കുറുനിരകളുടെ ഭംഗിയാണു് സാക്ഷാൽ ഭംഗി. കാർമ്മേഘങ്ങൾക്കു കിറുകിറുപ്പും കാണുന്നവർക്കുള്ളിൽ കാളിമയും നല്കിക്കൊണ്ടു മുല്ലായുധത്തഴകണക്കു തഴച്ചുവളർന്നു വിലസുന്ന എന്റെ തങ്കത്തിന്റെ വാർകുന്തലിനുള്ള അഴകു് വല്ലാത്തതു തന്നെ. ആ കേശഭാരത്തിന്നു് എന്റെ ദൃഷ്ടി ഏല്ക്കാത്ത ദിവസമില്ല. ചിലപ്പോൾ തലവേദനയായി തങ്കം കിടക്കുമ്പോഴെല്ലാം എന്റെ കണ്ണു തട്ടീട്ടാണെന്നു ഞാൻ പറയാറുണ്ടു്. അപ്പോഴെല്ലാം അവൾ പുഞ്ചിരികൊള്ളും. വാസ്തവം ! എന്റെ ദൃഷ്ടിതന്നെ.

ഇതൊന്നുമല്ല എന്നെ ചഞ്ചലിപ്പിക്കുന്നതു്. അതു വിചാരിക്കുമ്പോൾ എന്റെ ദേഹം നടുങ്ങുന്നു. ആ നാശംപിടിച്ച കാക്കാലത്തിടെ ഫോട്ടോ ലാക്കററിൽ തൂക്കിയതു തങ്കം കണ്ടു. ആ കുലടയുടെ ചരിത്രമെങ്ങാനും തങ്കം ഗ്രഹിച്ചാൽ എന്നെ ഈ വീട്ടിൽനിന്നു ചവുട്ടി പുറത്താക്കും. അറും കുലട ! വക്ത്തുകെട്ട പഞ്ചമഹാപാപി. നാശംപിടിച്ച ശനി. ഈ ജന്മവും ഇനിയൊരു ജന്മവും ആ പാപിക്കു എന്നെ തൊടാൻ കിട്ടില്ല. അവളുടെ മയക്കവും മറിമായങ്ങളുമെല്ലാം എന്നെ കണക്കിലേറെ അപമാ

നിച്ചു. അറിവില്ലായ്മകൊണ്ടും യവ്വനത്തിളപ്പുകൊണ്ടും മററും ഞാൻ കുടുങ്ങി. കണ്ടവക്കെല്ലാം ഭായ്യയായിരിക്കുന്ന കൊണ്ടിപ്പെണ്ണിനെ ഞാൻ കല്യാണം കഴിക്കണമത്രെ. കിഴട്ടുശവം വെക്കട്ടെ. ഒരു കാലത്തു അമ്മയോടായി. ഇപ്പോഠം മകളോടും. അവളെ വല്ലവൻേറയും കഴുത്തിൽ കെട്ടിവിടണം. എന്നാൽ സൊല്ലകഴിഞ്ഞു. അതാണാ കിഴവൻെറ നോട്ടം. ആ തേവിടിശ്ശി ഞാൻ ഇങ്ങോട്ടു വന്നവിവരം എങ്ങനെ അറിഞ്ഞു. അതാണത്ഭുതം. കയ്മഠക്കല്ലാതെ മറെറാരാഠക്കും അറിയില്ല. അദ്ദേഹം ഒരിക്കലും പറഞ്ഞുകൊടുക്കുകയുമില്ല. കൈതമുക്കത്രെ. അതു അവളുടെ തട്ടിപ്പാണ്. പൂപ്പള്ളിസ്വരൂപം തന്നെപോയാലും എനിക്കു എൻെറ തങ്കം മതി.

കഷ്ടം എൻെറ ഗ്രഹപ്പിഴക്കാണ് ആ കഴുതയുടെ ഫോട്ടോവുള്ള ലാക്കററ കഴുത്തിൽ ഇടാൻ തോന്നിയതു്. വല്ലവിധേനയും ആ മൂധേവിക്കു എന്നെ കിട്ടിയാൽ ഹാ! അവഠക്കു പിന്നെ പൂപ്പള്ളി റാണിയായി ഞെളിയാം. അവളുടെ വംശത്തേയും ജനനത്തേയും തൊഴിലിനേയും കുറിച്ചു ആരുമൊന്നും പിന്നീട് പറയില്ല. അമ്പടി കേമി!

എന്തുകൊണ്ടു ശങ്കരനാശാനോടു എൻെറ മനോഗതം സ്വകായ്യമായി പറഞ്ഞുകൂടാ. അദ്ദേഹം വളരെ നല്ലൊരാളാണ്. എന്നെ നന്നെ താല്പയ്യവുമാണ്. വയസ്സുകാലത്തു മകഠ ഭത്തൃമതിയായി കാണാൻ വളരെ കൊതിയുണ്ടാകും. അതു അദ്ദേഹത്തിനു വലിയൊരാശ്വാസവുമാണ്. പക്ഷെ തങ്കത്തിന്നു സമ്മതമില്ലെങ്കിലൊ. മകളുടെ ഇഷ്ടത്തിന്നും അഭിപ്രായത്തിന്നും വിരോധമായി അദ്ദേഹം യാതൊന്നും പ്രവൃത്തിക്കില്ല. മകളുടെ ഹിതം അദ്ദേഹത്തിൻെറ ഹിതമാണ്. അതിനാൽ ആദ്യമായി തങ്കത്തിൻെറ അഭിപ്രായമാണറിയേണ്ടതു്."

ചിന്താപാരവശ്യത്താൽ നിദ്രാവിഹീനനായ കുമാരനുണ്ണിയുടെ അന്നത്തെ രാത്രിയിലെ വിചാരകോടിയിൽനിന്നും എടുത്ത ചില ഭാഗങ്ങളാണ് മേലുദ്ധരിച്ചവയെല്ലാം. ഏവംവിധങ്ങളായ പല ചിന്തകളാലും മനോരാജ്യങ്ങളാലും ഇടയിലിടയിലുണ്ടാകുന്ന ചില ആശകളാലും ആശാഭംഗങ്ങളാലും അദ്ദേഹം വളരെ കുഴങ്ങി. പ്രശാന്തഗംഭീരമായ വിചാരസാഗരത്തിൽ സസുഖം മുഴകിക്കൊണ്ടിരിക്കുമ്പോഠം പെട്ടെന്നുണ്ടാകുന്ന ചിന്താകോളിളക്കത്തിൽ പെട്ട് ദുഃസ്സഹങ്ങളായ പല മനോരാജ്യപ്പാറകളിലും അടിച്ച്

മറുകരകാണാതെ ബോധശ്ശൂന്യനായി വളരെ നേരം ഉഴന്നുകൊണ്ടിരുന്ന കുമാരനുണ്ണി അടുത്തുള്ള ഹാളിൽനിന്നു് ശ്രവിച്ചുതുടങ്ങിയ കണ്ണാനന്ദകരങ്ങളായ ഭഗവൽകീർത്തനങ്ങളാൽ സ്വബോധിതനാക്കപ്പെട്ടു.

ഹരേരാമ ഹരേരാമ രാമരാമ ഹരേഹരേ
ഹരേ കൃഷ്ണഹരേകൃഷ്ണ കൃഷ്ണകൃഷ്ണഹരേഹരേ,
"പുനരപിജനനം പുനരപിമരണം
പുനരപിജനനീജഠരേശയനം
ഇഹസംസാരെ ബഹുദുസ്താരെ
കൃപയാപാരെ പാഹിമുരാരെ"

"എന്തു്! നേരം പുലൎന്നുവോ? ഇത്രവേഗമോ? അദ്ദേഹത്തിൻെറ പ്രഭാതകീൎത്തനമല്ലേ ഈ കേൾക്കുന്നതു്. ഇതെന്തത്ഭുതം. ഞാൻ വന്നു കിടന്നല്ലെ ഉള്ളൂ.

"പ്രളയപയോധിജലേ...."

അതാ. തങ്കത്തിൻെറ അഷ്ടപദിവൎണ്ണനയാണു്. വേഗം കുമാരനുണ്ണി എഴുനീററു നിത്യനിയമങ്ങൾക്കായി പുറത്തേക്കുപോയി. തങ്കം പതിവുംപ്രകാരമുള്ള പ്രഭാതകീൎത്തനവും ചൊല്ലിക്കഴിഞ്ഞു പ്രാതലിനുവേണ്ടതേർപ്പാടുചെയ്തു പശുക്കറപ്പാൻ ചെന്നു. വഴിക്കു കുമാരനുണ്ണി ഇരുന്നു പല്ലുതേക്കുകയായിരുന്നു.

തങ്കം:—ഇതെന്തത്ഭുതമാണു്. ഇത്രനേരത്തെ ഉണരാറു പതിവില്ലല്ലൊ.

കുമാ:—ഇന്നു നേരത്തെ ഉണൎന്നു. അങ്ങനെ പാടില്ലെന്നുണ്ടോ.

തങ്കം:—എന്താ കണ്ണും മുഖവും വല്ലാതിരിക്കുന്നു. രാത്രി ഉറങ്ങീലെന്നുണ്ടോ. എനിക്കും രാത്രി തീരെ ഉറക്കമുണ്ടായില്ല.

കുമാ—ഇല്ല. രാത്രി ഉറക്കമുണ്ടായില്ല (പതുക്കെ) എങ്ങനെ ഉറക്കമുണ്ടാകും.

തങ്കം ചിരിച്ചു പശുക്കറപ്പാൻ പോയിക്കഴിഞ്ഞു. കുമാരനുണ്ണി പല്ലുതേപ്പുകഴിഞ്ഞു എഴുനീററു കുളിക്കാനും പോയി.

അദ്ധ്യായം 10 കഴിഞ്ഞു.

## അദ്ധ്യായം പതിനൊന്നു്

"അച്ഛാ അരശൻെറ കെട്ടിയവൾ പ്രസവിച്ചവത്രെ. ഒരാഴ്ച യായി. ഇന്നു തൊഴാൻ പോയപ്പോൾ ഇട്ടീന്തിയമ്മ പറഞ്ഞു. ഞാൻ ഉച്ചതിരിഞ്ഞു ചെന്നു കണ്ടിട്ടുവരട്ടെ"

"നിൻെറ ചങ്ങാതിമാരല്ലെ ആ കൂട്ടരൊക്കെ. പോണെങ്കിൽ പൊയ്ക്കോളു"

കുമാ:—എവിടെയാണു് പ്രസവിച്ചതു്. ആരാണു്.

ശങ്ക:—അതാ ആ കാണുന്ന കുന്നിൻെറ മുകളിൽ ചില മലയരും മലച്ചികളും പാൎക്കുന്നുണ്ടു്. ഇവിടുന്നു കഷ്ടിച്ചു ഒരു നാഴിക ദൂരമുണ്ടു്. അവൾക്കു തങ്കം എന്നുവെച്ചാൽ ജീവനാണു്. അങ്ങനെ തന്നെ ഇവ കുട്ടിക്കും.

കുമാ:—ഈ വകക്കാരെ സൂക്ഷിക്കണം. അപരിഷ്കൃതന്മാർ എന്തു ദുഷ്ടപ്രവൃത്തിയും ചെയ്യാൻ മടിക്കാത്തവരാണു്.

ശങ്ക:—അങ്ങനെ വിചാരിക്കണ്ട. അവർ വളരെ സാധുക്കളും മൎയ്യാദയും സ്നേഹവും ഉള്ളവരാണു്. തങ്കം ഇടക്കിടക്കു പോകാറുണ്ടു്. നിങ്ങൾ വന്നശേഷം ആയതു നിൎത്തിവെച്ചിരിക്കയാണു്.

കുമാ: – തങ്കം പോകുമ്പോൾ ഞാനും വരട്ടെ.

തങ്കം:—ഓഹോ! ധാരാളം! ഞാൻ എടുക്കേണ്ടല്ലൊ. നിങ്ങൾ മലയരെ കണ്ടു പേടിക്കൊ,

കുമാ:—ക്ഷീണിച്ചാൽ ഒരു സമയം എടുക്കേണ്ടതായി വരും.

തങ്കം:—അപ്പോൾ അരശനേയൊ ചേന്തനേയോ വിളിച്ചു എടുപ്പിക്കാം.

ശങ്ക—തങ്കം പോകുമ്പോൾ അന്നു വാങ്ങിവെച്ച കരുപ്പുകച്ചിയും കയ്യിലെടുത്തോളു.

തങ്കം:— ഓൎമ്മപ്പെടുത്തിയതു നന്നായി. അവൾക്കു അതു കിട്ടിയാൽ വലിയ സന്തോഷമാകും.

കുമാ:— ഞാനും മലയരെ കാണാൻ വരാം. ആ വൎഗ്ഗക്കാരെ ഞാൻ കണ്ടിട്ടില്ല.

തങ്കം:— (പരിഹാസത്തോടെ) ഇത്ര വയസ്സായിട്ടു മലയരെ കണ്ടിട്ടില്ലെ. കഷ്ടം! കഷ്ടം!!

ശങ്ക:—ഇതെന്തു കുത്താണു് തൃശ്ശൂരു് മലയരുണ്ടൊ?

തങ്കം:—നായാട്ടിനൊക്കെ പോകാറുണ്ടെന്നല്ലെ പറഞ്ഞതു്.

ശങ്ക:—അതു മച്ചാട്ടുമലയിലാണു്. അവിടെ മലയരില്ല.

*

തങ്കം—അച്ഛാ! അന്നയച്ച ഹരജിക്കു മറുപടി വന്നില്ലല്ലൊ.
ശങ്കു—വരും. കുറച്ചു താമസമുണ്ടാകും.
കുമാ—അന്നു് സംഗീതപരീക്ഷക്കയച്ചതല്ലെ.
തങ്കം—ഒരുസമയം വരാതിരിക്കുമോ.
കുമാ—അതില്ല. ഇനിയും ഒന്നരമാസം കഴിയണം. മറുപടി നിശ്ചയമായും കിട്ടും. എടവം 16-ാംനു-മുതൽ ഒരാഴ്ചയല്ലെ പരീക്ഷ.
തങ്കം—അച്ഛാ! ഞാൻ "താണ്ഡവനൃത്തം" കീർത്തനം പാടട്ടെ. അതു് പാടീട്ടു കുറച്ചുദിവസമായി.
ശങ്കു—ഇനി ദിവസവും കുറേശ്ശപാടണം.

തങ്കം വീണയെടുത്തു പാടിത്തുടങ്ങി ഏകദേശം രണ്ടരമണിയോടുകൂടി പാട്ടുനിർത്തി. പിന്നീടു അവളും കുമാരനുണ്ണിയും കൂടി മലയചേരിക്കു പുറപ്പെട്ടു.

തങ്കം—നമ്മൾ അവിടെ ചെന്നാൽ മലയപിള്ളര് പട്ടികുഞ്ഞുങ്ങളെപ്പോലെ മേലൊക്കെ ചാടികയറും. അതു അവരുടെ സന്തോഷം സഹിക്കാത്തതുകൊണ്ടു്.
കുമാ—ഛേ! വൃത്തികെട്ടവർ.
തങ്കം—അവരെ കാണാത്തതുകൊണ്ടു തോന്നുകയാണു് അവർ ആബാലവൃദ്ധം രണ്ടുനേരവും കുളിക്കും. അവരുടെ സത്യവും നേരും കണ്ടാലോ എന്തൊരു സ്നേഹമാണു് ആവകക്കാക്ക്. പ്രതിഫലച്ഛേ കൂടാതെയുള്ള നിർമ്മലസ്നേഹം.
കുമാ—എന്താ തങ്കത്തിൻെറ കയ്യിലെ ഭാണ്ഡത്തിൽ
തങ്കം—അച്ഛൻ പറഞ്ഞ കച്ച. പിന്നെ കുറെ കുങ്കുമം. പയററടി കുങ്കുമം അവക്കു് വലിയ ഇഷ്ടമാണു്. പാശിമാല. കുറച്ചു കുപ്പിവള. പളുങ്കുമാല. ഇതൊക്കെയുണ്ടു്. കുറെ കരിവളയും.
കുമാ—ഓഹൊ! ഇപ്പോൾ പെററകുട്ടിക്കു് അച്ഛമ്മയുടെ വക തളയും വളയും. അതു ചോറൂണിനല്ലെ പതിവു്.
തങ്കം—നിങ്ങൾ എന്തോ പറയിൻ.
കുമാ—(ചിരിച്ചു്) ഒരു മലയനെതന്നെ കെട്ടിയവനായി കിട്ടിയാൽ.
തങ്കം—(ചൊടിച്ചു്) നിങ്ങളാണു് മലയൻ.
കുമാ—(പൊട്ടിചിരിച്ചു്) വളരെ ഭേഷ്. ഞാൻ മലയൻതന്നെ. ഞാൻ കെട്ടാം.

ഇതു കേട്ടപ്പോൾ തങ്കം പിഴച്ചു പറഞ്ഞതിൽ അതിയായി ലജ്ജിച്ചു.

കുമാ—അതെ അതെ ഞാൻ കുമാരമലയനാകാം. തങ്കത്തെ താലികെട്ടാമല്ലൊ. മലയനല്ല പാണനായാലും പുള്ളനായാലും സന്തോഷം.

തങ്കം (ചിരിച്ച് ലജ്ജയോടെ) ഹായ്—ഹായ്—വേണ്ടാത്തതു പറയാൻ എന്തൊരുമിടുക്കു. എന്തൊരു ചൊടി. ആട്ടെ, കാണിച്ചു തരാം.

കുമാ:—കഴുത്തോ—മാലയിടാനൊ—തയ്യാർ.

തങ്കം:—വേണ്ടാത്തതു പറഞ്ഞതിനു മലയപ്പിള്ളരെ തലയിൽ കേററിയേക്കാം.

കുമാ:—വേണ്ടാത്തതാണോ ഞാൻ പറഞ്ഞതു്.

തങ്കത്തിനെ ദൂരത്തുനിന്നുകണ്ട മലയക്കുട്ടികൾ പാഞ്ഞ് അടുത്തെത്തി. അവർ തങ്കത്തിൻെറ കയ്യു പിടിച്ചുതുള്ളി കളിച്ചു.

മല:—അക്കാ— ഇന്തരോം എന്ത്യേ.

കുമാ:—ബലേ ഭേഷ് ! ഇതെന്തൊരു ഭാഷ.

തങ്കം:—ഇതു് അവരുടെ ഭാഷ. തമിഴും മലയാളവും മററും ഇടകലൎന്നുള്ള ഒരുതരം ഭാഷ "ഇതേവരെ എന്തേ വന്നില്ല" എന്നാണ് ഇവൻ ചോദിച്ചതു്.

തങ്കം:—(മലയക്കുട്ടികളോടു) ന്തരാ, താന്തിരാറെറാ ?

കുമാ:—നല്ല തമാശ്—തങ്കത്തിനും ഈ ഭാഷ വശമോ.

തങ്കം:—ഇവരോടുകൂടി ഇടപഴകിയാൽ പഠിയില്ലെ.

മലയ:—താന്തിരാററു. ന്ത ട്ടീ

തങ്കം (അമ്മ പെററു ചന്തക്കുട്ടി എന്നാണ് പറഞ്ഞതു്) എടാ. മലയാളത്തിൽ പറ. ഇദ്ദേഹത്തിന്നു് നിൻെറ ഭാഷ അറിയില്ല. പെററതു എന്തു കുട്ടിയാണ്.

മലയ:—പെണ്ണുട്ടി. അക്ക. താ ഡീ. താ. കെട്ടു. നാമ്പേറും നിന്നുമ്മെ ബാ—

ചേന്ത— (ചിരിച്ചു്) മ്പ്യാട്ട്യേ! എപ്പൊ. എന്തിയെ ചേന്തനു് മ്പ്രാങ്കൊട തെറിച്ചുംണ്ട്യേ.

തങ്കം—ഛീ! ഛീ! എന്തെടാ ചേന്താ ഇതു! ഇദ്ദേഹം ഞങ്ങടെ ഒരു ചങ്ങാതിയാണ് കെട്ടൊ. നിങ്ങളെ അറിയിക്കാതെ എനിക്കു കല്യാണം കഴിയോ. വിഢിത്തരം പറയാതെ.

ചേന്ത—മ്പ്രാട്ടിക്കു നല്ല ചേച്ചുണ്ട്മ്പ്രാൻ. മ്പ്രാനേ! നീയ്യു് മ്പ്രാട്ട്യമ്മെ. ട്ടൊ. മ്പ്രാട്ടീ! ബക്ക! ഈമ്പ്രാൻ പോതും.

കുമാ—എടാ. ഞാൻ എമ്പ്രാനല്ല. മേനോനാണ്.

തങ്കം.—മതിമതി. ഓടണതോണിക്കൊരുന്ത്. ചെന്തം. വെറുതെ ഇരിക്ക.

തങ്കത്തിന്നു ചേന്തൻെറ വാക്കുകൾ കേട്ടപ്പോൾ വല്ലാതെ ലജ്ജതോന്നി അവൾ തലതാഴ്ത്തികളഞ്ഞു. മലയനാണെങ്കിലും ബ്രഹ്മസൃഷ്ടിക്കുള്ള യോജിപ്പ് അവനറിയാം. അവൻെറ വാക്കുകൾ കേട്ടതിൽ തങ്കത്തിന്നു ദ്വേഷ്യമല്ല തോന്നിയതു്. ലജ്ജയും പിന്നെന്തോ ഒരു വികാരവും കൂട്ടിക്കുഴച്ച ഒരു പ്രത്യേക സ്തോഭമാണ് ജനിച്ചതു്.

തങ്കം.—എന്താടാ ചേന്താ! നീ ഇന്നു തണ്ണി എത്ര അകത്താക്കീട്ടുണ്ട്.

ചേന്ത.—ല്ലമ്പ്രാട്ടി. നിൻെറമെകിറിനു മ്പ്രാൻെറ മൊകിറ് എന്തര ചേച്ച്. ബക്ക്ചേരും. ഇന്തോൻ പോരും.

ചേന്തൻെറ സംസാരം കേൾക്കുന്തോറും കുമാരനുണ്ണിക്ക് സന്തോഷം വൎദ്ധിച്ചു അവനെ അദ്ദേഹത്തിനു നന്നെ ബോധിച്ചു. ചേന്തനു ദീൎഘായുസ്സു കൊടുപ്പാൻ കുമാരനുണ്ണി ദൈവത്തെ മനസാ പ്രാൎത്ഥിച്ചു. മലയൻെറ സംസാരം തങ്കത്തിനു നിമിഷംപ്രതി സന്തോഷത്തെയാണ് നൽകിയതു എങ്കിലും വിഷയം മാററീട്ടില്ലെങ്കിൽ അവൻ പലേ അബദ്ധങ്ങളും പൊട്ടിക്കുമെന്നു അവൾ ഓൎത്തു.

തങ്കം.—ചേന്താ! എന്നാൽ ഞങ്ങൾ പോയ്വരട്ടെ. നീ നാലഞ്ചുദിവസം കഴിഞ്ഞു അങ്ങോട്ടുവാ.

കുമാ:—ചേന്താ! ഇതാ നീ തണ്ണിവാങ്ങിക്കുടിച്ചോ. (എന്നുപറഞ്ഞു ഒരു മുഴുവൻ രൂപ അവൻെറ കയ്യിൽ കൊടുത്തു.)

ചേന്ത:—(പണം കിട്ടിയ സന്തോഷത്താൽ മതിമറന്നവനായി) എൻെറീലിയെ! ശാന്തങ്കോടത്തെശാത്തപ്പോ മ്പ്രാട്ട്യേ മ്പ്രാനേ കെട്ടണേ. എന്നാപ്പൊ ചേന്തനൊരാട്ടബെട്ടാൻെറ നീലിയേ—മ്പ്രാനെ നീമ്പ്രാട്ട്യെ കെട്ടിയാചേന്തന്.

കുമാ:—(ചിരിച്ച്) ചേന്തന് അന്ന് ഒരു പവനല്ലെ സമ്മാനം.

തങ്കം.—ഓ! അവൻെറ ഭ്രാന്തിനെ മൂപ്പിക്കാൻ ഇങ്ങനെ ഒരാള്. നല്ല കൂട്ടാളി.

ചേന്ത.—ല്ല മ്പ്രാട്ടി നിണക്കു തന്നെകിട്ടും. നിലീണ്ട്. ബബവൻ ബവൻ ഹാ! ഹാ! ഹാ! ഹീ! ഹീ! ഹീ!!

തങ്കം ലജ്ജകൊണ്ടു പരവശയായിത്തീൎന്നു. അവൾക്കു അവിടെ പോകേണ്ടിയിരുന്നില്ലെന്നുകൂടി തോന്നി. ഇനി അവിടെ ഇരുന്നാൽ പന്തിയല്ലെന്നു അവൾ തീൎച്ചയാക്കി. തങ്കം ഉടനെ എഴുനീ

ററ് പുറത്തേക്കു നടന്നു. കുമാരനുണ്ണി അവിടെ ഉള്ളവൎക്കെല്ലാം ഒന്നും അരയും ആയി ഉചിതംപോലെ സമ്മാനിച്ചു. മലയർ അപരിഷ്കൃതരാണെങ്കിലും ഉചിതജ്ഞരാണു്. അവർ വനപുഷ്പങ്ങൾ കൊണ്ടു രണ്ടു മാലയുണ്ടാക്കി ചിന്നപ്പയ്യൻ ഒന്നു കുമാരനുണ്ണിയുടെ കഴുത്തിലിട്ടുകൊടുത്തു. ആണ്ടാൾ മറേറതു തങ്കത്തിന്റെ കഴുത്തിലുമർപ്പിച്ചു. പുഷ്പങ്ങൾകൊണ്ടുണ്ടാക്കിയ ഓരോ ജണ്ടും ഇരുപേൎക്കും കൊടുത്തു. അരശൻ വലുതായ ഒരു ആനക്കൊമ്പും കുറെ ഏലക്കായും തേനും മട്ടിപ്പാലും കുമാരനുണ്ണിയുടെ മുമ്പാകെ വെച്ചു കുമ്പിട്ടു തൊഴുതുനിന്നു. കുമാരനുണ്ണി അരശനെ സസ്നേഹം കടാക്ഷിച്ചു.

തങ്കം:—അരശാ! ഞങ്ങൾക്കു വളരെ സന്തോഷമായി. ഇതെല്ലാം ഞങ്ങൾ സ്വീകരിച്ചു. നാളെ നീ ഇതെല്ലാം വീട്ടിൽ എത്തിച്ചാൽ മതി. ഇപ്പോൾ ഞങ്ങൾ പോകട്ടെ.

ഇപ്രകാരം പറഞ്ഞു തങ്കവും കുമാരനുണ്ണിയും അവിടെനിന്നു മടങ്ങി. തങ്കം മുന്നിലും കുമാരനുണ്ണി പിന്നിലുമായിട്ടാണ് അവർ മലയച്ചേരിയിൽനിന്നും മടങ്ങിയതു്. തങ്കം തലയും താഴ്ത്തിയായിരുന്നു നടന്നിരുന്നതു എങ്കിലും ഇടക്കിടക്കു കുമാരനുണ്ണിയുടെ മുഖത്തു കടാക്ഷിക്കാതിരിക്കാൻ അവൾക്കു മനസ്സു വന്നില്ല. ഒരു ചെറുപുഞ്ചിരി അവളുടെ ചുണ്ടുകളിൽ കളിയാടി. കണ്ണുകൾ അല്പം ചെറുതായി. ഗജരാജവടിവൊത്ത അവളുടെ സാക്ഷാലുള്ള സുന്ദരമന്ദയാനത്തിന്നു അപ്പോഴത്തെ അവളുടെ മനോവ്യാപാരങ്ങൾ ഒരു മാററു കൂട്ടി.

കുമാരനുണ്ണിക്കും വിചാരമില്ലായ്കയില്ല. ചേന്തന്റെ സംസാരത്തിന്റെ തുടൎച്ചയായി ഓരോന്നു് സംസാരിച്ചു് തന്റെ ആഗ്രഹങ്ങളെ വെളിപ്പെടുത്തിയാലോ എന്നു അദ്ദേഹം ഊഹിക്കാതിരുന്നില്ല. സുന്ദരീജനങ്ങളോടു സംസാരിച്ചു് കാൎയ്യം നേടുന്നതിലുണ്ടായിരുന്ന സ്വതസിദ്ധമായ അദ്ദേഹത്തിന്റെ വാക്ധോരണി—മൂന്നാലുമാസം മുമ്പുകൂടി ഉണ്ടായിരുന്ന ആ സരസസരസ്വതി—ഈ സമയത്തു എവിടെ പോയി ഒളിച്ചു എന്നു അദ്ദേഹത്തിന്നുതന്നെ അറിവില്ലായിരുന്നു. തങ്കത്തിനെ കണ്ട അന്നുതന്നെ കുമാരനുണ്ണിയുടെ അവിവേകങ്ങളായ സാരസ്യങ്ങളെല്ലാം ഗരുഡനെ കണ്ട പാമ്പിനെപ്പോലെ ഭയപ്പെട്ടു് അദ്ദേഹത്തെ വെടിഞ്ഞു ദൂരെ തെറിച്ചു. ശൃംഗാരമായ വാക്കുകൾകൂടി ചിലപ്പോൾ തങ്കത്തിനോടു് സംസാരിപ്പാൻ പോലും അദ്ദേഹം വളരെ കരുതാറുണ്ടു്. വളരെ ശ്രദ്ധ

യോടും വിവേകത്തോടും മുന്നാലോചനയോടും കൂടിയാണ് അദ്ദേഹം തങ്കത്തിനോടു ഇടപഴകാറുള്ളതു്. യാതൊരു സംഗതിവശാലും അവൾക്കു അദ്ദേഹത്തിൽ യാതൊരു നീരസവും ജനിക്കാതിരിക്കുവാൻ കുമാരനുണ്ണി വളരെ മനസ്സുവെക്കുന്നുണ്ടു്. അവളറിയാതെ അവളുടെ മനസ്സിനെ ഹരിച്ചു് സ്വയംബരം നടത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ മോഹം. ഈ കാരണങ്ങൾ കൊണ്ടൊക്കെയാണ് അദ്ദേഹത്തിന്നു അവളോടു തന്റെ മനോഗതം തുറന്നുപറവാൻ അത്ര ഭയവും മടിയും ഉണ്ടായതു്. ഒടുവിൽ തങ്കത്തിന്റെ കുളകണ്ഠംതന്നെ ആദ്യമായി തുറന്നു.

തങ്കം—മലയരു് അല്പന്മാരാണു്. അവർ സംസാരിക്കുന്നതിന്റെ അർത്ഥം അവൎക്കുതന്നെ അറിഞ്ഞുകൂടാ.

കുമാ—അല്പന്മാരായിക്കോട്ടെ. എങ്കിലും അവരുടെ കൂട്ടത്തിലും ബുദ്ധിയുള്ളവരുണ്ടു്.

തങ്കം—അതുവ്വേ. ഈ മാലകൾതന്നെ അതിന്നു ലക്ഷ്യം. എത്ര ബുദ്ധിപൂൎവ്വം വൃത്തിയായി കെട്ടിയിരിക്കുന്നു. ഈജണ്ടുനോക്കൂ.

കുമാ—അതു ശരി. അതല്ല ഞാൻ പറഞ്ഞതു് പ്രകൃതിയുടെ സൌന്ദത്തിൽ ഈ വകക്കാൎക്കാണു് നമ്മേക്കാൾ അധികം അറിവു എന്നാണു് എന്റെ അഭിപ്രായം.

തങ്കം—അതിലെന്താ സംശയം. പ്രകൃതിയോടു സദാസ്സോഴും ചേൎന്നു പെരുമാറുന്നവരല്ലെ അവർ. പ്രകൃതിയിൽതന്നെയാണു് വളരുന്നതും. പരിഷ്കാരം വൎദ്ധിക്കുംതോറുമാണു് കൃത്രിമജീവിതത്തിൽ ഔൽസുക്യം വൎദ്ധിക്കുന്നതു്.

കുമാ—ചേന്നന്റെ സംസാരത്തിന്റെ മട്ടുനോക്കൂ. അവന്നു നല്ല ബുദ്ധിയുണ്ടു്.

തങ്കം— വഷളത്തരം പറഞ്ഞാലുകൊണ്ടോ ഇതാണൊ ബുദ്ധി. അതൊക്കെ അവന്റെ വയററിനകത്തുള്ള സാധനത്തിന്റെ പ്രകടിപ്പാണു്. എങ്കിലും അവൻ വളരെ നല്ലവനാണു്.

കുമാ – എനിക്കു ഇതുവരേയും മലയരെക്കുറിച്ചു ചീത്ത അഭിപ്രായമായിരുന്നു. ഇന്നു അതു ഭേദിച്ചു.

തങ്കം – അങ്ങിനെതന്നെയാണു്. ഇനി ഈ പരിചയം മൂക്കുമ്പോൾ നല്ല സ്നേഹവും തോന്നും.

കുമാ:—ഓഹോ ! അപ്പോൾ സ്നേഹം മൂത്താലോ.

തങ്കം:—(ചിരിച്ചുകൊണ്ടു) സ്നേഹം മൂത്താൽ ഭ്രാന്തു്. എന്തൊക്ക ഭ്രാന്താണു് ആ മലയരു് കാണിച്ചതു്—കണ്ടില്ലെ അതുതന്നെ.

കുമാ:—നല്ല തുറന്ന മൈതാനം. നേരം 5 മണി ആയെ ഉള്ളു. നമുക്കിവിടെ കുറച്ചിരുന്നു കാററുകൊണ്ട ശേഷം വീട്ടിലേക്കു പോകാം. അല്ല-വല്ല തിട്ടുക്കവുമുണ്ടോ.

തങ്കം:—എന്താ തിട്ടുക്കം. ഒന്നുമില്ല. അങ്ങിനെ ആകാം.

കുമാ:—ചേന്തനേയും കൂട്ടി വരായിരുന്നു. നല്ല നേരംപോക്കുണ്ടു്.

തങ്കം:—ഹാ! വിഡ്ഢിത്തരങ്ങൾ കേൾപ്പാൻ എന്തു വാസനയാണു്.

കുമാ:— അസ്സലായി. അവൻ പറഞ്ഞതു വിഡ്ഢിത്തരമോ. കുടിച്ചാലും പഠിച്ചതേ പറയൂ.

തങ്കം:—ഓ-തുടങ്ങീ-ഞാൻ ഇപ്പോൾ പോകും.

കുമാ:—അതു വേണ്ട-നേരംപോക്കു പറയുന്നതിൽ മുഷിയാറുണ്ടോ-ശരി-അതു പോട്ടേ-സ്നേഹം മൂത്ത ഭ്രാന്താകും എന്നു പറഞ്ഞെല്ലൊ. ഭ്രാന്തു മൂത്താലോ. തങ്കം (ചിരിച്ചു്) പിത്ത്-പിത്ത്-മനസ്സിലായില്ലെ. കഷ്ടം! കഷ്ടം! നല്ല ചോദ്യം (പിന്നേയും ചിരിക്കുന്നു.)

കുമാ—ഈ പരിചയം, സ്നേഹം, ഭ്രാന്ത്, പിത്ത്, ഇതിൻെറ ഒക്കെ ഉത്ഭവവും അവസാനവും എങ്ങിനെയാണു്.

തങ്കം—ഇതിൻെറ എല്ലാം ഉത്ഭവം ദൈവത്തിൽനിന്നുതന്നെ. അവസാനവും ദൈവത്തിൽതന്നെ. വിദ്യാനന്ദപരമഹംസരുടെ അടുത്ത ഇതിനെക്കുറിച്ചു ചോദിച്ചാൽമതി. ഹാ! ഒരു മാസം അദ്ദേഹം ഇതിനെക്കുറിച്ചു യുക്തിയുക്തമായി ഉപദേശിക്കും.

കുമാ—അയ്യപ്പോ! വേദാന്തമായി എനിക്കൊന്നും കേൾക്കണ്ട. ലൌകീകമായി എങ്ങിനെയാണെന്നു മാത്രം പറഞ്ഞാൽമതി.

തങ്കം—നിങ്ങൾക്കും എനിക്കും തമ്മിൽ മുമ്പു ഒരു പരിചയവും ഉണ്ടായിരുന്നില്ല. തമ്മിൽ കേട്ടുകേൾവികൂടി ഉണ്ടായിട്ടില്ല. ഇപ്പോൾ നിങ്ങൾ പോകുന്നു എന്നു കേൾക്കുന്നതിൽ എനിക്കു വലിയ വ്യസനം തോന്നുന്നു. അതെന്താണ്! ഒന്നുപോലെ തമ്മിൽ കണ്ടു ഇടപഴകി പരിചയിച്ചു സ്നേഹിച്ചു. സ്നേഹിതന്മാരെ പിരിയുന്നതു പരമ സങ്കടമാണല്ലോ.

കുമാ—അപ്പോൾ ആദ്യം കണ്ടു. പിന്നെ പരിചയിച്ചു പിന്നെ സ്നേഹിച്ചു അല്ലേ.

തങ്കം—കാഴ്ചയിൽതന്നെ. എന്തിനു്! ഒരാളെപ്പററി ഒരാൾക്കു കേട്ടാൽ മതിയാവും ആത്മാവ് തന്നത്താൻ പറയും. ഈയ്യാളെ സ്നേഹിക്കാമൊ ഇല്ലയോ എന്നു്. കണ്ട ഉടനെതന്നെ നമുക്കു ചി

ലരോട്ട വെറുപ്പ തോന്നാറില്ലെ. ചിലരെക്കുറിച്ച കേഠക്കുമ്പോഠ തന്നെ നമുക്ക നാം അറിയാതെ അവരോട്ട സ്നേഹം തോന്നുന്നു! പിന്നെ പരിചയിക്കുംതോറും ആ സ്നേഹം വദ്ധിക്കും. നമ്മുടെ മനസ്സിനിണങ്ങിയ പ്രകൃതക്കാരാണെങ്കിൽ അവരോട്ട നമുക്കുള്ള സ്നേഹം വളരെ വേഗത്തിൽ വദ്ധിക്കും. അവരെ പിരിയുന്നതു പ്രാണസങ്കടമായിത്തോന്നും. രണ്ടാളുടെ ആത്മാവു തമ്മിലുള്ള ഐക്യം പോലിരിക്കും സ്നേഹവും. നമ്മുടെ ശാസ്ത്രങ്ങളിൽ ഇതെല്ലാം വ്യക്തപ്പെടുത്തി എഴുതീട്ടുണ്ടല്ലൊ. മെസ്മെറിസ്സം മുതലായതു കേട്ടിട്ടില്ലെ. ആത്മാവിൻെറ പരിണാമങ്ങളിൽനിന്നു ഉണ്ടാകുന്ന അത്ഭുതങ്ങഠ ചില്ലറയല്ല. അല്ലാതെ സ്നേഹം എന്നതു വിലയ്ക്കു വാങ്ങാവുന്നതല്ല. തന്നത്താൻ മുളച്ച് അങ്ങിനെതന്നെ പടന്ന് വളരുന്നതാകുന്നു. നിർബ്ബന്ധിച്ചാൽ വരുന്നതുമല്ല. വേണ്ടെന്നുവെച്ചാൽ പോകുന്നതുമല്ല, മുളച്ചാൽ ക്ഷയമില്ലാതെ വദ്ധിച്ചിരിക്കും. ഇങ്ങനെ ഒക്കെയാണ് സ്നേഹത്തിൻെറ പരിണാമങ്ങഠ. ഇതിനെക്കുറിച്ച പറയുന്നതാനാൽ അവസാനമില്ല. പരമപാദരോട്ട നാളെ ചോദിക്കു. എത്ര രസമായി തത്വോപദേശം ചെയ്യും.

തൽക്ഷണം കുമാരനുണ്ണിക്ക ശരീരത്തിൽ ഒരു വിറയൽ ബാധിച്ചു. നാവുവരണ്ടു തലചുററി തുടങ്ങി—കണ്ണിൽ ജലംനിറഞ്ഞു— "ഹാ! തങ്കം! ഞാൻ നി..ർ്ഭാ....ഗ്യ..വാ....ൻ". അതാ മോഹാലസ്യപ്പെട്ടു താഴെ വീണു.

പരിഭ്രമവും പരിതാപവുംകൊണ്ടു തങ്കം വല്ലാതായി: അവഠ പൊട്ടിക്കരയുകതന്നെ ചെയ്തു. "അരുതെ, വ്യസനിക്കരുതേ! ഞാൻ നേരംപോക്കാണെ പറഞ്ഞതു്. അങ്ങു ഭാഗ്യവാൻ! പരമഭാഗ്യവാനാണ്—സത്യം." അവഠ ഓടിച്ചെന്നു കുറെ വെള്ളം കൊണ്ടുവന്നു അദ്ദേഹത്തിൻെറ മുഖത്തുതളിക്കുന്നു. മുഖത്തു പൊടിഞ്ഞിരുന്ന സ്വേദബിന്ദുക്കഠ തൻെറ മേൽ മുണ്ടെടുത്തു തുടയ്ക്കുന്നു. അദ്ദേഹത്തെ വിശ്രമപരിഹാരം വരുത്തുന്നു. "കുമാരാ" അങ്ങു ഭാഗ്യവാൻ തന്നെ സത്യം" അവളുടെ ചുണ്ടുകഠ വിറയ്ക്കുന്നു. മുഖം മ്ലാനമാകുന്നു. തങ്കം! അയ്യോ! പാവം.

ലേശം ബോധംവന്നതോടുകൂടി കുമാരനുണ്ണി, "കുഞ്ഞമ്മാളു! എൻെറ ഓമനേ! കുട്ടീ! നീയെവിടെയാണ്. നീയ്യാണോ ഇതു്! എന്നു അസ്സ്പഷ്ടമായി ചിലതുച്ചരിച്ചു.

കുമാ—(അത്ഭുതത്തോടെ) എൻെറ തങ്കത്തിൻെറ അറിവു ചില്ലറ

യല്ല.

ബോധം വന്നപ്പോൾ കുഞ്ഞമ്മാളുവിനെപ്പററി താൻ അറിയാതെ ചിലതു പറഞ്ഞുപോയതോത്തു വേദിച്ച്, പരിഭ്രമത്തോടും ഉള്ളുവിറയലോടുംകൂടി ആ സംഗതി മറയ്ക്കുവാൻവേണ്ടി ആദ്യം സംസാരിച്ച വിഷയം ഉടന്നതാണ്.

തങ്കം:—ഹാ! ഇതാണ് പററിയതു്. 'സ്നേഹത്തിൻെറ പരിണാമങ്ങളെക്കുറിച്ചു പറയുമ്പോഴയ്ക്കും എന്താണിത്ര പരിഭ്രമം! കഷ്ടം! ഇത്ര ഉൾക്കരുത്തില്ലാത്താളാണോ? പക്ഷെ, ബോധക്ഷയം വന്നാലും അനിയത്തിയെ മറക്കില്ല. ഹാ! എന്തൊരു സ്നേഹം! അങ്ങനെതന്നെയാണേ വേണ്ടതും. എത്ര ഓമനത്വമുള്ള പേര്.

കു. ഞ്ഞ. മ്മാ. ളു:—എനിക്കു ആ അനിയത്തിയെ കാണണം. ഏകദേശം എൻെറ പ്രായംതന്നെ ആയിരിക്കും. അല്ലെ.

അതാ, കുമാരനുണ്ണിക്കു വീണ്ടും തലചുററലുണ്ടായി— കുഞ്ഞമ്മാളുവിനെപ്പററി കേട്ടപ്പോൾ—കണ്ണുകൾ പൂത്തു. ബോധക്ഷയത്തോടുകൂടി രണ്ടാമതും അദ്ദേഹം നിലംപതിച്ചു.

---

# അദ്ധ്യായം 12.

യാതൊരു ദിക്കിൽവെച്ചാണോ കുമാരനുണ്ണിയുടെ അനന്തരയനത്താൽ നമ്മുടെ തങ്കം അപഹൃതചിത്തവൃത്തയായി അനുരാഗത്തിൻെറ പ്രഥമപദത്തിൽ പ്രവേശിച്ചു് പുളകാഞ്ചിതഗാത്രയായി ഭവിച്ചതു്, അതേദിക്കിൽതന്നെ ഇതാ ഇപ്പോൾ നമ്മുടെ നായികാനായകന്മാർ അനുരാഗപാശത്താൽ നിബദ്ധരായി സാനന്ദം ഇരുന്നു സൈ്വരസല്ലാപം ഉടരുന്നതു് നമ്മുടെ പുണ്യദൃക്കുകൾക്കു കൽപൂരമായി ഭവിക്കുന്നു! പ്രായാനുസരണമുള്ള വികാരവിഭ്രമങ്ങൾ ഏവക്കും സ്വാഭാവികമായി ഉളവാകുമെന്ന പ്രകൃതി നിയമത്തിൽനിന്നു നമ്മുടെ തങ്കത്തിനും ഒഴിവാകുവാൻ സാധിച്ചില്ല.

അവരവക്കുള്ള രക്ഷാധികാരികളുടെ നോട്ടക്കുറവുകൊണ്ടാണ ഇക്കാലത്തു മിക്ക ബാലികമാരും ബാല്യപ്രായംവിട്ടു ഉന്തിമുഴച്ചു വരുന്നതായ യവ്വനദശയിലേക്കു കാലെടുത്തുവെക്കുമ്പോഴയ്ക്കും പ്രൌഢമാരെപോലെ അനുഭവപ്പെടുന്നതു എന്നു ധൈയ്യമായി പറയാം. സഹവാസദോഷംകൊണ്ടും ചെറു പെൺകിടാങ്ങൾ വഷളാകുന്നതു

*

അത്ഭുതമല്ല. ശിശുപ്രായംമുതല്ക്കു സൽവിഷയങ്ങളിൽ മനസ്സിനെ ചെലുത്തി തക്കതായ വിദ്യാഭ്യാസം ചെയ്യിക്കാത്ത കാരണത്താലും അനേകം പെൺകുട്ടികൾ ദുഃഷിക്കുന്നുണ്ടു്. യഥാൎത്ഥ ലാളന എന്താണെന്നുപോലും അറിവില്ലാത്ത ചില മാതാപിതാക്കന്മാരുടെ ലാളനകൊണ്ടും അനേകം കന്യകമാർ ചീത്തയാകുന്നുണ്ടു്. കുലസ്ത്രീകൾക്കു ഭൂഷണമായ "ലജ്ജ" ഇക്കാലത്തു മിക്ക "കുലകന്യക"മാരിലും ഇല്ലെന്നുള്ളതു ആക്ഷേപകരമല്ലെന്നു വാദിക്കുന്നവരുണ്ടെങ്കിൽ അവരോടു മറുപടി പറയാൻ നാം ഭാവമില്ല. കാലഭേദംകൊണ്ടു മഹദ്വാക്യങ്ങളും ഭേദപ്പെട്ടുമായിരിക്കാം. "സലജ്ജാഗണികാനഷ്ടാ നിർല്ലജ്ജതു കുലാംഗനാ" എന്നാണല്ലൊ വിദ്വൽഭാഷിതം. പതിനാലും പതിനെട്ടും പ്രായമായ ചില കന്യകമാർ ഇക്കാലത്തു ചില യുവാക്കന്മാരോടുകൂടിയിരുന്നു ജുഗുപ്സാവഹമായി നടത്തുന്ന ചില സരസസംഭാഷണങ്ങളിൽ ചിലപ്പോൾ അവരുടെ മാതാപിതാക്കന്മാർകൂടി പങ്കെടുക്കുന്നതു പലക്കും അനുഭവമുണ്ടായിരിക്കും. ലജ്ജ, എന്ന അമൂല്യാഭരണം വിററതിന്നു ദാമ്പത്യജീവിതത്തിലെ മിക്ക അനുഭവങ്ങളും അനുഭവിച്ചുകഴിഞ്ഞുകൂടുമ്പോഴയ്ക്കു മാത്രമേ "വിവാഹം" എന്ന കൎമ്മത്തിൽ നമ്മുടെ ചില പെൺകൊടിമാൎക്കു് പങ്കുകൊള്ളുവാൻ സാധിക്കുന്നുള്ളു എന്നു പറഞ്ഞാൽ, വിവാഹത്തിന്നുള്ള ശരിയായ പ്രായം അവൎക്കു അപ്പോഴാണു് തികയുന്നതു്. തങ്ങളുടെ ഭാൎയ്യമാരിൽനിന്നും പ്രകൃത്യാനുസരണമുള്ള ലജ്ജാനുരാഗപ്രണയസമ്മിശ്രങ്ങളായ യഥാൎത്ഥസുഖങ്ങൾ അനുഭവിപ്പാൻ തരമാവാതെ, ഇപ്രകാരമുള്ള പെൺകുട്ടികളെ വിവാഹം കഴിക്കുന്ന അനേകം യുവാക്കന്മാർ ദാമ്പത്യജീവിതത്തിലെ വൈശിഷ്ട്യത്തെ അറിയാതെ വിരസമാനസരായിത്തീൎന്നു നഷ്ടമായി പോകുന്നതും അപൂൎവ്വമല്ല. മാതാപിതാക്കന്മാരുടേയും രക്ഷകൎത്താക്കന്മാരുടേയും അജാഗ്രതയും അല്പതാപവും ബുദ്ധിശൂന്യതയും അവിവേകവുംകൊണ്ടാണു കുലകന്യകമാരായി നാട്ടിന്നു പൊട്ടായി രാജ്യത്തിന്നു പൂജ്യതനല്കുവാൻ ത്രാണിയുള്ള അനേകം പെൺകിടാങ്ങൾ ദുഷിച്ചു് സമുദായം വഷളായിത്തീരുന്നതു എന്നു പറഞ്ഞാൽ മുഷിയുന്നവരുണ്ടെങ്കിൽ അവരുടെ സ്നേഹത്തെ ഞാൻ സന്തോഷപുരസ്സരം രാജിവെക്കുന്നു.

നമ്മുടെ തങ്കത്തിന്റെ പരിശുദ്ധമായ ജീവിതത്തിനു മാൎഗ്ഗദൎശിയായിഭവിച്ച ആ പുണ്യപുരുഷനാകട്ടെ, ലോകത്തിലുള്ള ഏററവും കഷ്ടങ്ങളായ ഘട്ടങ്ങളിലടിപ്പെട്ടു പഴക്കവും തഴക്കവും സി

ധിച്ചു തുലോം മനഃപരിഷ്കാരം വന്നിട്ടുള്ള ഒരു ഉത്തമവിദ്വാനാകുന്നു. ബുദ്ധിക്കുന്മേഷവും ശരീരത്തിന്നു് ആരോഗ്യവും മനസ്സിന്നു പരിഷ്കാരവും നല്കുന്ന പ്രകൃതി രമണീയതയോടെ വിളങ്ങുന്ന ഒരു ഉൾനാട്ടിലാകുന്നു തങ്കത്തിന്റെ വാസം. കന്മഷവൽകങ്ങളായ കാമക്രോധാദിഷഡ്വർഗ്ഗങ്ങൾക്കു് പ്രവേശനം അത്രത്തോളം ലഭിച്ചിട്ടില്ലാത്ത ഒരുൾനാട്ടിൽ താമസിച്ചു പ്രകൃതിയോടു യോജിച്ചു സജ്ജനാഗ്രേസരനായ ഒരു മഹാത്മാവിനു കീഴിൽ കാലോചിതംപോലുള്ള വിദ്യയുമഭ്യസിച്ചു വസിച്ചുവരുന്ന ഒരു തരുണി ഒരിക്കലും ഒരു കാലത്തും ദുഃഖങ്ങൾക്കു വശഗയാകയില്ലെന്നു് ആർക്കും തീർത്തുപറയാവുന്ന സംഗതിയാണു്. "പതിനേഴിനൊന്നരകുറഞ്ഞീടും" വയസ്സു മാത്രം പ്രായമായ നമ്മുടെ തങ്കമ്മയാകട്ടെ മൂന്നാലുവയസ്സു പ്രായമായ ഒരു നിർമ്മലശിശുവിന്റെ നിരപരാധമായ മനോവികാരങ്ങളിൽനിന്നു് അണുവും വ്യത്യാസമില്ലാത്ത സ്വഭാവവിശേഷത്താൽ പരിഭൂഷിതയായ ഹൃദയപത്മത്തോടുകൂടിയ ഒരു ഓമനബാലികയായിട്ടാണു് ഇത്രകാലവും നമുക്കു പരിചയപ്പെട്ടതു്. എന്നാൽ ഇപ്പോഴാകട്ടെ ദൈവദത്തമായ പരിശുദ്ധാനുരാഗത്തിലെ ആദ്യഘട്ടങ്ങളിൽ നിറഞ്ഞുനില്ക്കുന്ന നിർമ്മലമധുവാസ്വദിച്ചുകൊണ്ടിരിക്കുന്ന യൗവനമൊട്ടിട്ട ഒരു സർവ്വാംഗസുന്ദരിയായി നമ്മുടെ മുമ്പാകെ വിലസുന്നു. അത്രകാലവും അനുരാഗസൂചനപോലും തിരിച്ചറിവാൻശക്തയല്ലാതെയിരുന്ന ആ ചെറു പെൺകിടാവിന്റെ നിർമ്മലമായ മനോപൊയ്കയിൽ, കുമാരനുണ്ണിയുടെ അനന്തശയനം കണ്ട സമയത്തു്, അതിദിവ്യമായ അനുരാഗപങ്കജം മുകളിതമായി എന്നു പറയുന്നതു് അസംഭവ്യമല്ലേ എന്നു എന്റെ വായനക്കാരിൽ ചിലർ സംശയിച്ചേക്കാം. കുമാരനുണ്ണിയുടെ നിസ്തുല്യമായ രൂപലാവണ്യവും കളങ്കരഹിതമായ സംഭാഷണവും നിർമ്മലസ്വഭാവവും തങ്കത്തിന്നു് അദ്ദേഹത്തോടുള്ള സ്നേഹത്തെ നിമിഷംപ്രതി കൊഴുപ്പു കൂട്ടി ആയതു് ഒടുവിൽ പ്രണയമായി പരിണമിച്ചു് അവളിൽതന്നെ അവളറിയാതെ ലയിച്ചുവന്നു. പ്രണയപാരവശ്യത്തോടുകൂടി തന്നെ നോക്കി മന്ദഹസിക്കുകയാണോ എന്നു തോന്നിച്ച അദ്ദേഹത്തിന്റെ അന്നത്തെ ആ സമയത്തെ മുഖകാന്തി തങ്കത്തിന്റെ സ്നേഹത്തിനെ "മൂപ്പിച്ചു ഭ്രാന്താക്കി" എന്നു പറഞ്ഞാൽ പക്ഷേ അനുഭവരസികന്മാർ എന്നോടു യോജിക്കാതിരിക്കയില്ല. അനുരാഗമെന്തെന്നു് അറിഞ്ഞു തുടങ്ങിയതോടുകൂടി അതിന്റെ പല ചടങ്ങുകളും തങ്കത്തിൽ സ്വയം ഉൽഭൂതമായി. അതു അദ്ഭുതമല്ല.

പിന്നീട് അവർ തമ്മിൽ നടന്നിട്ടുള്ള ഓരോ സംഭാഷണങ്ങളും അതിനെ പുഷ്ടിപ്പെടുത്തി; വിശേഷിച്ചു മലയൻെറ സംസാരം തങ്കത്തിൻെറ അന്തർലീനമായ അനുരാഗത്തെ ഉജ്ജ്വലിപ്പിച്ച് അവളെ അദ്ദേഹത്തിന്നടിമപ്പെടുത്തുവാൻ തക്ക ശക്തിയുള്ളതായിരുന്നു. മുളച്ചു മൊട്ടിട്ട അനുരാഗവല്ലി ഇരുഭാഗങ്ങളിൽനിന്നും ധാരാളമായി വന്നുചേർന്നുകൊണ്ടിരുന്ന സാരസ്യാദിപോഷകദ്രവ്യങ്ങളാൽ ക്ഷണം പൊട്ടി പടൎന്നു വളരുന്നതു സാധാരണമാകുന്നു.

കമ—ഹാ! എന്തൊരു കാററ്! അറിയാതെ ഉറക്കംവരുന്നു.

തങ്കം:—ഉറക്കംവരില്ലെ! സത്യം! എനിക്കറിയില്ലെന്നൊ. എവിടെ അത്? നിങ്ങളുടെ കഴുത്തിലെ ചെയിനും ലാക്കററും

കമാ—(ലാക്കററ് എന്നു കേട്ടപ്പോൾ അറിയാതെ ഒന്നുഞെട്ടി) ഞാനതു അന്നേ അഴിച്ചുവെച്ചു.

തങ്കം—നിങ്ങളുടെ അങ്ങജത്തീടെ ഒരു ഫോട്ടം എനിക്കു തരുമോ.

കമാ—ഫോട്ടോ എന്തിനാ. തങ്കത്തിന്നു എന്നും അവളെ അരികത്തുതന്നെ കണ്ടിരിക്കമല്ലൊ.

തങ്കം—(ലജ്ജിച്ചു തലതാഴ്ത്തി വിഷയംമാററി) നോക്കു നോക്കു ചെറിയ ചെറിയ മത്സ്യങ്ങൾ വെള്ളത്തിൽ കളിക്കുന്നതു.

കമാ—തങ്കത്തിന്നു അടുത്തു തൃശ്ശൂൎക്കു വരേണ്ടിവരുമല്ലൊ. വന്നാൽ മൂന്നാലുദിവസം താമസിക്കേണ്ടെ. എന്താ കണ്ടിരിക്കുന്നതു്.

തങ്കം—അപ്പൊഴല്ലെ. ഇളയച്ഛൻെറ ഭാൎയ്യവീടുണ്ടു അവിടെ താമസിക്കും.

കമാ—എന്താണതു! ഇങ്ങിനെ ഒന്നുണ്ടോ. ഞാനിതുവരെ അതു മനസ്സിലാക്കീല്ലെല്ലൊ.

തങ്കം—കഴിക്കലെവീട്.

കമാ—തൃശ്ശൂര് തങ്കത്തിന്നു ഇങ്ങിനെ ഒരു ബന്ധുവുണ്ടൊ. എന്താ ആ സ്ത്രീയുടെ പേര്.

തങ്കം—ആ സ്ത്രീ ആറേഴുകൊല്ലംമുമ്പെ മരിച്ചുപോയി. ഇളയച്ഛനും ഇപ്പൊഴില്ല. അദ്ദേഹവും മരിച്ചിട്ടു കുറെയായി.

കമാ—എളേച്ഛന്നു മക്കളില്ലെ.

തങ്കം—മക്കളും ഇല്ല.

കമാ—പിന്നെന്താ അവിടെ വിശേഷം എളേച്ഛൻെറ ഭാൎയ്യവീടായിരുന്നു എന്നുമാത്രം പേരിനൊരു ബന്ധം.

തങ്കം—ഒന്നുമില്ലാത്തതിൽ ഭേദമല്ലെ അതു. പിന്നെ അവിടങ്ങളിൽ വേറെ ആരും ഒരു പരിചയവും ഇല്ല.

കമാ—തങ്കം ആ വീട്ടിലുള്ളവരെ വല്ലവരേയും അറിയുമോ.

തങ്കം—എനിക്കാരേയും അറിവില്ല. ഞാൻ തൃശ്ശൂര്‍നാട്ട കണ്ടിട്ടില്ല പക്ഷെ എന്റെ വിവരം പറഞ്ഞാൽ ഒരു സമയം അവിടെ ഉള്ളവൎക്ക എന്നെ അറിയുമായിരിക്കാം.

കമാ—അതും ഈ സ്ഥിതിക്ക കണ്ടാലെ പറവാൻ പാടുള്ളു.

തങ്കം—എനിക്കെന്തുവേണം. നാലുദിവസം പാൎക്കണം ചിലവിന്റെ വക കൊടുത്താൽ തീൎന്നില്ലെ. വല്ല ഓട്ടലിലൊ പരിചയമില്ലാത്ത സ്ഥലത്തോ ചെന്നു താമസിക്കുന്നതിൽ ഭേദമല്ലെ അത്.

കമാ—അതിന്നാക്ഷേപമില്ല. എന്നാൽ തങ്കത്തിന്നു എന്റെ വീട്ടിൽ താമസിക്കാല്ലൊ.

തങ്കം—അതു നന്നായിരിക്കുമോ. നിങ്ങൾതന്നെ പറയിൻ.

കമാ—എന്തുകൊണ്ടു നന്നായിരിക്കയില്ല. ഞാനിവിടെ വന്നു താമസിക്കുന്നില്ലെ.

തങ്കം—നിങ്ങൾ ഇവിടെവന്നു താമസിക്കുമ്പോലെയാണോ ഞാനൊററയായി ഇപ്പോൾ അവിടെ വന്നു താമസിക്കുന്നതു്. നാട്ടുകാര്‍ എന്തു പറയും. നിങ്ങളുടെ അമ്മയും പെങ്ങളുംകൂടി എന്തു വിചാരിക്കും.

കമാ—തങ്കം എന്റേതായി കഴിഞ്ഞില്ലെ. ഇനി ആര്‍ എന്തു പറഞ്ഞാലെന്താണ്.

തങ്കം—നമ്മുടെ ഈ സ്നേഹം അച്ഛനെക്കൂടി അറിയിച്ചിട്ടില്ല. അതു വേണ്ട.

കമാ—അതിനെന്താവിരോധം! ഇന്നു തന്നെ പറഞ്ഞു അച്ഛന്റെ സമ്മതം വാങ്ങാൻ ഞാനേററു. തങ്കത്തിന്റെ മനസ്സറിയാതെ അദ്ദേഹത്തോട്ട. പറയുന്നതു കുറെ സാഹസമായിരിക്കും എന്നു വെച്ചാണ് ഇത്രയെല്ലാം താമസിച്ചതു്.

തങ്കം—ഒരു കാൎയ്യം വേണം. ഞാൻ അടുത്തില്ലാതിരിക്കുമ്പോൾ പറയണേ.

കമാ—എന്തേ! ലജ്ജയാകുന്നുവോ? അങ്ങിനെ ആകാം. പിന്നെ തങ്കം ഇങ്ങിനെ ഇനിയും എത്രകാലംതന്നെ ഇരിക്കും. തങ്കം എന്റേതായിക്കഴിഞ്ഞു. എങ്കിലും ക്രമപ്രകാരമുള്ള വിവാഹം കഴിക്കുന്നതുവരെ എന്റേതെന്നു പറയുന്നതു തങ്കത്തിനോടും എന്റെ മനസ്സിനോടും മാത്രമേ പാടുള്ളു. ഞാനൊന്നു വീട്ടോളം പോയി വന്നാൽ........

തങ്കം—നല്ലമാതിരി നോക്കു പോകില്ലെന്നു പറയു.

കമാ—ഇനി ആരുപറഞ്ഞാലും പോകില്ല. ഉന്തിതള്ളിയാലും പോകില്ല. അതല്ല അമ്മാമൻേറയും അമ്മയുടേയും മററും സമ്മതം വാങ്ങി ഒരാഴ്ച്ചക്കുള്ളിൽ മടങ്ങിവരാം. പോകാതിരുന്നാലോ.

തങ്കം – അച്ഛനോട്ടു പറയു.

കമാ—പോകരുതെന്നു തങ്കം എന്നെ സത്യം ചെയ്യിച്ചിട്ടില്ലെ.

തങ്കം—ഒരാഴ്ച്ചക്കുള്ളിൽ മടങ്ങണം. നിശ്ചയം തന്നെയല്ലെ.

കമാ– അതിനുമുമ്പുതന്നെ മടങ്ങും. എനിക്കു അവിടെ വേറെ കാൎയ്യമൊന്നുമില്ല.

തങ്കം—(അല്പം ഭയത്തോടെ) അമ്മക്കും അമ്മാമനും മററും സമ്മതമില്ലെങ്കിലോ.

കമ—ഛെ! ഛെ! എന്താ പറഞ്ഞതു്! സമ്മതമില്ലെങ്കിലോ എന്നോ ഞാൻ അവരുടെ കീഴിലല്ല. ഇതു എൻെറ ഇഷ്ടമാണ്. ഈ സംഗതിയിൽ അവർ എൻെറ ഇഷ്ടത്തോടാണ് യോജിക്കേണ്ടതു്. അതിനിഷ്ടമില്ലെങ്കിൽ വേണ്ട. എൻെറ ഇഷ്ടപ്രകാരം നടക്കാൻ എനിക്കു ഇതിൽ പൂൎണ്ണസ്വാതന്ത്ര്യം ഉണ്ടു്.

തങ്കം—അവരെ മുഷിപ്പിക്കരുതു്.

കമാ—ഹേ! തങ്കം വിചാരിക്കുംപോലെ ഒന്നും ആകില്ല. അവർ എൻെറ ഇഷ്ടത്തിന്നു ഒരിക്കലും വിരോധം പറകയില്ല. എനിക്കു ആ സംശയമേ ഇല്ല. എങ്കിലും അവരോട്ടു ഒരു വാക്കു മൎയ്യാദയ്ക്കു മാത്രം ചോദിക്കേണ്ടേ എന്നു മാത്രമെ ഉള്ളു.

തങ്കം—പോയാൽ വേഗം വരുന്നകാൎയ്യം തീൎച്ചതന്നെയല്ലെ.

കമാ–ഇത്ര സംശയമുണ്ടെങ്കിൽ പോകുന്നില്ല. എഴുതി അയച്ചുകളയാം.

തങ്കം–ഇതിന്നുവേണ്ടിയാണെങ്കിൽ പൊയ്ക്കോളു. എഴുതി അയക്കുന്നതു ഭംഗി ആയിരിക്കില്ല. പിന്നെ ചേട്ടനെ മൂന്നാലുമാസമായില്ലെ പിരിഞ്ഞിട്ടു്. അനിയത്തിയേയും കാണേണ്ടെ. പക്ഷെ വേഗത്തിൽ മടങ്ങുവാൻ കുഞ്ഞമ്മാളു സമ്മതിച്ചില്ലെങ്കിലോ.

കമാ–(കുഞ്ഞമ്മാളു എന്നു കേട്ടതിൽ വല്ലാതെ പരിഭ്രമിച്ചു) ഒന്നുമില്ല.

തങ്കം–സാധു! ഇന്നലെ മലയരെകണ്ടു മടങ്ങുന്നവഴിക്കു മോഹാലസ്യപ്പെട്ടപ്പോൾ ആദ്യം വായിൽ വന്നതു കുഞ്ഞമ്മാളു എന്നാണ്. അനുജത്തിടെ പേരിലുള്ള സ്നേഹം അത്രയുണ്ടു്. അതു വേണ്ടതുതന്നെയാണു്.

കുമാ—(പരിഭ്രമിച്ച്) എന്തു അസംബന്ധം. പിന്നെ എന്തൊക്കെ പറഞ്ഞു.

തങ്കം—കടന്തമ്മാളു! എന്റെ ഓമനേ! നീ എവിടെയാണ് എന്നൊക്കെ പറഞ്ഞു.

കുമാ—ഇത്രേ ഉള്ളൂ.

തങ്കം—അത്രേ ഉള്ളൂ.

കുമാ—(കുറച്ചു് ശ്വാസത്തോടെ) മനസ്സിലെ പരിഭ്രമംകൊണ്ടേ.

തങ്കം—എന്തേ! അങ്ങിനെ അന്നു മോഹാലസ്യപ്പെടാൻ.

കുമാ—തങ്കം തന്നെ പറയൂ. തങ്കത്തിന്റെ വാക്കിന്റെ ഒരു ശക്തി!

തങ്കം—നമുക്ക ഈ മണലിൽ കുറച്ചു നടക്കുക. ചേന്തന്റെ വിഷുച്ചക്കപ്പുഴം തിന്നിട്ടു വിശപ്പേ ഇല്ല. നടന്നാൽ കുറച്ചു വയറയയും.

കുമാ—അന്നു ചേന്തൻ പറഞ്ഞപ്പോൾ തങ്കം ചൊടിച്ചു. ഇനി എറിയതു ഒരു മാസത്തിനുള്ളിൽ........

തങ്കം—ഇതാ! വല്ലതുംപറഞ്ഞാൽ!-ഹെയ്യ് ! ഒരു നാണവുമില്ലല്ലോ.

കുമാ—എങ്ങിനെ നാണമുണ്ടാകും! ഞാനത്രപരിഭ്രമിച്ചിട്ടുണ്ട്! ദൈവവിലാസംതന്നെ. അല്ല എന്റെ ഭാഗ്യം എന്നുതന്നെ പറയട്ടെ.

തങ്കം—മതി. മതി. ഈ വർത്തമാനമെടുത്താൽ ചോറും വേണ്ട. ഉറക്കവുംവേണ്ട. നാവിനൊരുളുക്കും ഇല്ല. ക്ഷീണവും ഇല്ല.

കുമ—സംശയമെന്താണ്. എന്റെ ഭാഗ്യം ഞാനാരോടു പറയട്ടേ.

തങ്കം (മന്ദസ്മിതത്തോടു) ഹേ! നിർത്തു. വേറെ വല്ലതും പറയൂ.

കുമാ—ഞാനെന്തിനാനിർത്തുന്നതു്! ചോറും വേണ്ട, ഉറക്കവുംവേണ്ട. അതു ശരിഅല്ലെ. അമൃതു കിട്ടിയാൽ ചോറെന്തിനു്. പൂപോലുള്ള നിലാവിൽ ആക്കാണു് ഉറക്കം വരിക. ഇതുരണ്ടും എന്റെ ഓമനയിൽ പരിപൂർണ്ണമായിട്ടുണ്ടു്. ഇപ്പോൾ ഞാൻ കണ്ണുകൊണ്ടു നുകന്നു തൃപ്തിപ്പെടുകയും ചെയ്യുന്നു.

തങ്കം ഇതെല്ലാം കേട്ടു ലജ്ജിച്ച് എഴുനീററു പോയി.

കുമാ—(കുറച്ചുറക്കെ) ഓടിക്കോളൂ! ഓടിക്കോളൂ! ചക്രമൈഹിക്കണ്ടേ!

തങ്കത്തിനു സമീപമെത്തുവാൻവേണ്ടി കുമാരനുണ്ണിയും എഴുനീററു കുറെ ധൃതിയിൽനടന്നു. കുമാരനുണ്ണിതന്റെ സമീപമെത്തിത്തുടങ്ങി എന്നുകണ്ടപ്പോൾ തങ്കം വീണ്ടും ഓടിത്തുടങ്ങി. കുമാരനുണ്ണിയും ഒടി. തങ്കം ഓട്ടംമുറുക്കി. കുറച്ചുനേരം രണ്ടുപേരും അങ്ങിനെ ഓടിയതിൽ കുമാരനുണ്ണി ക്ഷീണിച്ചിരുപ്പായി. തങ്കം പി

ടി എത്താത്ത ദൂരത്തിലായിട്ടും നിന്നു.

കുമാ—തങ്കം അടുത്തുവരു.

തങ്കം—ഇങ്ങിനെയുള്ളതൊന്നും ഇനിപറയില്ലെന്നു പറയു.

കുമാ—എന്താ പറഞ്ഞാൽ.

തങ്കം—എന്നാൽ ഞാൻവരില്ല.

കുമാ—ഇവിടെ വന്നിരുന്നിട്ടു പറയാം.

തങ്കം—പറഞ്ഞിട്ടുവരാം.

കുമാ—ഈ കുട്ടി നല്ല മാൻകുട്ടിഓട്ടംപോലെ അല്ലെ ഓടണതു്.

തങ്കം നിങ്ങൾക്കു നിനച്ചാൽ എന്റെ ഓട്ടം പിടിക്കാൻ സാധിക്കില്ല.

തങ്കം അറിയാതെ കുമാരനുണ്ണി പതുക്കെ പതുക്കെ തങ്കത്തിനു് സമീത്തിലേക്കായി നിരങ്ങിത്തുടങ്ങി!

കുമാ—അതു വെറുതെതന്നെ. ഞാൻ വേണ്ടെന്നു വെച്ചിട്ടാണു്.

തങ്കം—ഓ! ശൂരതകണ്ടു! ഉവ്വുവ്വു് ! സാധിക്കും ! നിനച്ചോളു!

കുമാ—എന്നാൽ കാണണോ.

തങ്കം—ഓഹോ! ധാരാളം.

കുമാ—വേണ്ട. കുട്ടി! എന്നോടു അധികം കളിക്കണ്ട.

തങ്കം—എന്നാൽ നിങ്ങളുടെ സാമർത്ഥ്യം കാണട്ടെ. അല്ലല്ലാ. എവിടെക്കാണു് നിരങ്ങിനിരങ്ങിവരുന്നതു്. ഞാനറിയില്ലെന്നു വിചാരിച്ചോ. അമ്പടാ സൂത്രക്കാര! ഒപ്പംനിന്നു ഒന്നു്, രണ്ടു്; മൂന്നു് എന്നു എണ്ണി ഓടാം. ആ വാഴകിടക്കുന്ന സ്ഥലത്തു ആരാണു് ആദ്യം എത്തുന്നതു എന്നു പരീക്ഷിക്കാം.

കുമാ—പരീക്ഷിച്ചാൽ തങ്കംതോല്ക്കും എന്നതു നിശ്ചയമാണു്.

തങ്കം—അതുവെറുതെ. മുമ്പൊരിക്കൽ നടക്കാൻ പരീക്ഷിച്ചപ്പോൾ തോററതു ഞാനേ.

കുമാ—അന്നെനിക്കു സുഖമുണ്ടായിരുന്നില്ല.

തങ്കം—ഇന്നു സുഖം അധികമായിട്ടും (തങ്കം അറിയാതെ പെട്ടെന്നു വന്ന ഈ വാക്കുകൾ വീണ ഉടനെ അവൾ വല്ലാതെ ലജ്ജിച്ചു് തലതാഴ്ത്തി).

കുമാ—(സന്തോഷത്തോടെ) വാസ്തവം ഇന്നു അധികമായിട്ടുതന്നെ. ഇരിക്കട്ടെ. എന്നാൽവരൂ. ഒന്നിച്ചു ചേർന്നില്ലു. വേണമെങ്കിൽ നാലഞ്ചടിമുന്നിട്ടുകൂടി നിന്നോളൂ.

തങ്കം—ഒന്നും വേണ്ട. അപ്പോഴയ്ക്കും ഒരു പരിഹാസം നോക്കു ഒപ്പം നിന്നാൽ മതി.

കുമാ—ശരി എന്നാൽ വരു. ഒന്നു പരീക്ഷിച്ചുനോക്കാം.

അവർ രണ്ടുപേരും വേറിട്ടു തൊടാതെ ശരിക്കുനിന്നു. തങ്കം മൂന്നു് എന്നു കേട്ടാൽ കുതിച്ചുപായാൻവേണ്ടി തയ്യാറായി നിന്നു. കുമാരനുണ്ണി മനസ്സിൽ "ഒന്നു രണ്ടു്" എന്നു എണ്ണി. ഒടുവിൽ പെട്ടെന്നു "മൂന്നു്" ഇതാ ജയിച്ചു തങ്കത്തിനെ. എന്നു പറയലും അവളെ പിടിച്ചു സസ്നേഹം ആലിംഗനം ചെയ്യലും രണ്ടുമൂന്നുവൃത്തുരുത്തുരെ ആ അധരപല്ലവത്തിൽ "ഉമ്മ"വെക്കലും ഒപ്പം കഴിച്ചു് ഒന്നുമറിയാത്തവനെപോലെ പിൻമാറി തിരിഞ്ഞിരുന്നു. ഈ സമയത്തു തങ്കത്തിനുണ്ടായ സംഭ്രമവും ലജ്ജയും പ്രണയവും എല്ലാം എൻെറ വായനക്കാർതന്നെ ഊഹിക്കുന്നതായിരിക്കും അധികം നല്ലതു്. തങ്കത്തിന്നു ഒരു മാതിരി തൻേറടം വന്നപ്പോൾ അവൾ കുമാരനുണ്ണിയെ തിരിഞ്ഞുനോക്കി.

കുമാ—എന്താ! തങ്കം കണ്ണു തിരുമ്പുന്നതു്! ഓട്ടത്തിൽ കണ്ണിൽ മണ്ണുപോയോ. ഇവിടെ വരൂ. ഞാൻ ഊതിത്തരാം.

തങ്കം—(പ്രണയസമ്മിശ്രമായ പരിഭവത്തോടുകൂടി) വേണ്ട_വേണ്ട. സൂത്രം. അറിഞ്ഞു. അറിഞ്ഞു. അവിടെത്തന്നെ ഇരുന്നാൽ മതി.

കുമാ—അപ്പോഴയ്ക്കും മുഷിഞ്ഞോ തങ്കം! അതിനിപ്പോളെന്താണുണ്ടായതു്.

തങ്കം—വേണ്ട. ഒന്നുമില്ല. വിസ്തരിക്കേണ്ട. ചോദിക്കുമ്പോൾ പറഞ്ഞാൽ മതി

കുമാ—എങ്കിലും കുറച്ചു്.

തങ്കം—ഒട്ടും വേണ്ട.

കുമാ—എന്നാലും ഇത്തിരി ഇരിക്കട്ടെ.

ആ സമയത്തു തങ്കം ലാക്കുനോക്കി ഒരു പിടിമണലും വാരി കുമാരനുണ്ണിയെ ഒരേറുംകൊടുത്തു ചിരിച്ചുംകൊണ്ടു ഒരൊററ ഓട്ടം. അവൾ ദൂരെ ചെന്നുനിന്നു. "ഇപ്പോൾ ആരുടെ കണ്ണിലാണു് മണ്ണുപോയതു്. കിടന്നു പിടയൂ. ഞാൻ ഊതിത്തരില്ല.

കുമാ—(കണ്ണിൽ മണ്ണുപോയതായി നടിച്ചു്) തങ്കം, തങ്കം, ഓടിവരൂ. ഒന്നു ഊതിത്തരൂ ഊതൂ.

തങ്കം—അമ്പടാ. ഒരു സൂത്രം! പിരട്ടുനോക്കു. മതി. മതി. പിന്നെ. നേരമായി. നമുക്കു വീട്ടിലേക്കു പോവുക.

കുമാരനുണ്ണി എഴുന്നീററു തങ്കത്തിന്നു സമീപത്തേക്കു ചെന്നു.

*

തങ്കം—നിങ്ങളാണെ സത്യം! ഇനി ഒന്നും പറയും അരുത്. ചെയ്യും അരുത്.

കമാ—ഇല്ല. സത്യം.

തങ്കവും കമാരനുണ്ണിയും ഒരുമിച്ചു വീട്ടിലേക്കു നടന്നുതുടങ്ങി. പുഴകയറാറായപ്പോഴയ്ക്കും.

കമാ—തങ്കം. വള്ളത്തോൾ നാരായണമേനോൻ എന്നൊരാളെ കേട്ടിട്ടുണ്ടോ?

തങ്കം—എന്തു! കേട്ടിട്ടുണ്ടോ എന്നോ. ആ കവിശ്രേഷ്ഠനെ കേൾക്കാത്തവരോ അദ്ദേഹത്തിന്റെ ഒരു ശ്ലോകമെങ്കിലും തോന്നാത്തവരോ ആയി മലയാളികളിൽ ആരെങ്കിലും ഉണ്ടാകുമോ. അതും പ്രത്യേകം ഈ കാലത്തു

കമാ—തങ്കത്തിനു അദ്ദേഹത്തിന്റെ വല്ല ശ്ലോകവും തോന്നുമോ.

തങ്കം—വളരെ എല്ലാം തോന്നും.

കമാ—എന്നാൽ ഒന്നു പറയൂ. കേൾക്കട്ടെ.

തങ്കം—എന്തിനാ ഒന്നു്. നൂറെണ്ണം വേണെങ്കിൽ പറയാല്ലോ.

"പട്ടുകോമളമായ് വിടർന്നപൂ — വ്വൊട്ടുനേരാകിയനിൻമുഖത്തഹോ!
കട്ടഭീഷണഭാഷണങ്ങളാൽ— മുട്ടകണ്ണീർകണമെത്രവീഴ്ത്തിഞാൻ"

അദ്ദേഹത്തിന്റെ ഒരു കത്തിലുള്ളതാണിതു്. രുഗ്മിവേദനയോടുകൂടി രുഗ്മിണിക്കു എഴുതുന്നതാണ്. ഹാ! എത്ര ചമൽക്കാരമായിരിക്കുന്നു.

കമാ—വാസ്തവം. വളരെ ചമൽക്കാരമായിരിക്കുന്നുണ്ടു്; എന്നു മാത്രമല്ല, വളരെ അനുഭവസിദ്ധമായും ഇരിക്കുന്നു. തങ്കം പലപ്പോഴും പലതും പറഞ്ഞു ഞാൻ വളരെ വ്യസനിച്ചു എത്ര പ്രാവശ്യം കണ്ണീർ പൊഴിച്ചിട്ടുണ്ടു്.

തങ്കം—ശ്ലോകം ചെല്ലാൻ പറഞ്ഞതു ഇതിനാണല്ലേ.

കമാ—പക്ഷെ തങ്കം തിരഞ്ഞെടുത്തു പറഞ്ഞ ശ്ലോകം എന്റെ അനുഭവത്തോടു ഏററവും യോജിച്ചിരിക്കുന്നു. അതു ആരുടെ കുററമാണു്! എന്റെയുമല്ല—കവിയുടേയുമല്ല. ഇരിക്കട്ടെ. ഇനി ഒന്നുകൂടി പറയൂ.

തങ്കം— ഇനിയും പറഞ്ഞാൽ ഇങ്ങിനെ ഉപമിച്ചു് എന്നെ വിഡ്ഢിയാക്കാനല്ലേ.

കമാ—അങ്ങിനെ ഉള്ള ശ്ലോകം പറയണ്ട.

തങ്കം—എന്നാൽ കേട്ടോളൂ.

"ആലസ്യമാണ്ട മുഖമൊട്ടു കനിച്ചുവത്ത
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടുതാങ്ങി
ചേലഞ്ചിമിന്നുമൊരു വെൺകല്ലുർകൽത്തറയ്ക്കു
മേലങ്ങുചാരുമുഖിചാരിയിരുന്നിടുന്നു."

ശ്ലോകം ചൊല്ലുമ്പോൾ ഉഷ നമ്മുടെ മുമ്പിലിരിക്കുന്നതുപോലെ തോന്നുന്നില്ലെ. കഥാപുരുഷന്മാരെ ചിത്രീകരിപ്പാൻ ഇത്ര മാത്രം ശക്തിയുള്ള ഒരു മഹാകവി അടുത്തകാലത്തുണ്ടാവാൻ പ്രയാസമാണ്. ബന്ധനസ്ഥനായ അനിരുദ്ധൻ എന്ന പുസ്തകത്തിലെയാണു ഈ ശ്ലോകം.

കമാ—ശരി. ശരി. തങ്കം ഉഷ ഇരിക്കുന്നതു കണ്ടിട്ടില്ലല്ലൊ. ശ്ലോകം വായിച്ചു രസിക്കുകയല്ലെ ചെയ്തിട്ടുള്ളൂ. പക്ഷെ ഇയ്യെടെ ഞാൻ എൻെറ ഈ രണ്ടു കണ്ണുകൊണ്ടും—സത്യമാണു കേൾക്കു—ഉഷ ഈ ശ്ലോകത്തിൽ വിവരിച്ചു മാതിരിതന്നെ ഒരു വ്യത്യാസവുമില്ലാതെ ഇരിക്കുന്നതു കണ്ടു. അപ്പോൾ ആക്കാണു യോഗ്യത. പക്ഷെ ഞാൻ കണ്ട ഉഷ വ്യസനഭാവത്തിലല്ല. ചിന്താപരവശയായിട്ടാണ്—ആ ഒരു വ്യത്യാസമെ ഉള്ളൂ.

തങ്കം—വെറുതെ വല്ലതും പറയുക! ഉഷയെ കണ്ടുവത്രെ. പക്ഷെ സ്വപ്നത്തിലായിരിക്കും.

കമാ—അല്ല. അല്ല. സ്വപ്നത്തിലല്ല. ജാഗ്രത്തിൽ തന്നെ. ഒരു ദിവസം. എന്നാണ്—ഞാൻ പറയാം—എന്നെ ഞാൻ പുഴയിൽ കിടന്നുറങ്ങിയതു്—അതിൻെറ പിറേറന്നു വൈകുന്നേരം നാലു മണിക്കു ശേഷം—പക്ഷെ ഉഷ ഇരുന്നിരുന്നതു നമ്മുടെ വീട്ടിൻെറ ഇലഞ്ഞിത്തറയിലായിരുന്നു.

തങ്കം—മതി. മതി. പരിഹസിച്ചതു്. ഞാൻ പറഞ്ഞില്ലെ—എന്നെ പറയുകയാണ്.

കമാ—തങ്കം പറഞ്ഞ ശ്ലോകത്തിൽ കുറച്ചു തെററുണ്ട്.

തങ്കം—തെററത്രേ! എന്നാൽ തെററു തീരത്തു—കേൾക്കട്ടെ—

കമാ—അതിൽ ആദ്യത്തെ രണ്ടു വരി ശരിത്തന്നെ. മൂന്നാമത്തെ വരിയിലാണ് തെററ്—കേൾക്കു—

ചേലഞ്ചിമിന്നുമൊരിലഞ്ഞിമരത്തറയ്ക്കു
മേലങ്ങു ചാരുമുഖി ചാരിയിരുന്നിടുന്നു— എന്നാണ് വാസ്തവത്തിൽ.

തങ്കം (ലജ്ജിച്ച്) കേമംതന്നെ. ഒന്നാംക്ലാസ് കവിതന്നെ. സമ്മാനം എന്താ വേണ്ടതു്.

കുമാ—സമ്മാനമൊ—ഇതാ ഇതു് (എത്തിപ്പിടിക്കാൻഭാവിക്കുന്നു.)

തങ്കം (ലജ്ജിച്ച്) അരുതു്. എന്റെ കുമാരനല്ലെ—അരുതു്.

കുമാ—ശരി. പോട്ടെ! തങ്കം അദ്ദേഹത്തിന്റെ വിലാസലതിക വായിച്ചിട്ടുണ്ടോ.

തങ്കം—ഓഹോ! അദ്ദേഹത്തിന്റെ എല്ലാ കൃതികളും ഞാൻ വായിച്ചിട്ടുണ്ടു്. വിലാസലതികയിലെ ശ്ലോകം മിക്കതും എനിക്കു തോന്നും.

കുമാ—ഈ ശ്ലോകം തോന്നുമോ. എനിക്കു കുറച്ചേ തോന്നുള്ളൂ. പണ്ടു വായിച്ചിട്ടുള്ള ഓർമ്മയാണു്.

തങ്കം—എന്താ പറയൂ! എനിക്കു ഓർമ്മയുണ്ടെങ്കിൽ പറയാം. അല്ലെങ്കിൽ വീട്ടിൽ പുസ്തകമുണ്ടു്. പോയിട്ടുനോക്കാം.

കുമാ—"പാലാണിന്നുനിലാവതിന്നലെവരെ ചുണ്ണാമ്പുവെള്ളം മധു-
ശ്രീലാസ്യോത്സവരംതമിന്നുപവനംപ്രേതപ്പറമ്പിന്നലേ
മേലാകെകനൽചേർത്തിരുന്ന—പിന്നെന്താണു്—ചൊറുകാ.

ഓ—ശരി. തോന്നിത്തുടങ്ങി—ററിന്നത്തർ വീശുന്നുമേ—നീലാപാംഗി ജഗത്തുനീളെ—

തങ്കം:—ഹാ! ഹാ! സൂത്രം! സൂത്രം! നന്നു—നന്നു. കൊണ്ടുവരുന്നതു് മനസ്സിലായി. മതി മതി നിർത്തു. ഈ സമയത്തു എവിടുന്നെ ഈ ശ്ലോകം തോന്നിയതു്.

കുമാ—ഇരിക്കട്ടെ. മുഴുവനാക്കട്ടെ.

തങ്കം-വേണ്ട. വേണ്ട. വേറെ വല്ലതും പറയൂ.

കുമാ—എന്നാൽ അദ്ദേഹത്തിന്റെ ഈയ്യിടയിലെ ഒരു ശ്ലോകം കേൾക്കു. ഞാനിങ്ങോട്ടുവരുന്നതിന്നു നാലുദിവസംമുമ്പുണ്ടാക്കിയതാണു്.

തങ്കം—(സന്തോഷത്തോടെ) ഹേ! എന്നാൽ കേൾക്കണമല്ലൊ. പുതിയതല്ലെ. നല്ല രസമുണ്ടാവും. പറയൂ.

കുമാ—ഒന്നാംക്ലാസ്സ് ശ്ലോകമാണു്. ഇതു എഴുതിയ ആ മഹാൻ ദീർഘായുസ്സായിരിക്കട്ടെ.

തങ്കം—സർട്ടിഫിക്കറെറമതി. കേൾക്കട്ടെ. അതോ മുമ്പേത്തേപോലെയോ.

കുമാ—ഹേ! അല്ല. കേട്ടോളൂ—ശ്രദ്ധവെച്ചുകേട്ടോളൂ.

“ദുസ്സാമൻദൃഷ്ടിഷമൽക്കലെന്നകവിടികിണ്ണം”

തങ്കം—മതിയേ മതി മതി. പുതിയ ശ്ലോകമത്രെ. നല്ല സാമർത്ഥ്യം പറഞ്ഞുപററിക്കാൻ.

കുമാ—എന്താ ഇതു പുതിയതല്ലെ. ആട്ടെ. ഏതു ശ്ലോകത്തിനാണ് അധികം ഭംഗി: ഒരു കഷണം കല്ക്കണ്ടം രണ്ടുതുണ്ടായി മുറിച്ചപോലെ. അല്ലെ.

തങ്കം (ലജ്ജിച്ച്) നിങ്ങൾ പറഞ്ഞുകൊണ്ടുവരണതു എനിക്ക് മ. ന. സ്സി. ലാ. യി. വേറെ വല്ലതും പറയൂന്നു് നിങ്ങൾ ഇങ്ങിനെയൊന്നും പറഞ്ഞ് എന്നെ കളിയാക്കില്ലെന്നല്ലെ പറഞ്ഞതു്.

കുമാ—ഓരോ നേരംപോക്ക്. എന്റെ കുട്ടിക്കു മുഷിച്ചലില്ലല്ലൊ. എന്റെ നിത്തിയാൽ നില്ക്കാത്ത കൊതികൊണ്ടല്ലെ! ഇത്തിരി കൈമന്തി.

തങ്കം—വല്ലതും ഒക്ക പറഞ്ഞാൽ ഞാൻ മുഷിയും.

കുമാ—ഇല്ല. ഇല്ലാ. ഒന്നും പറയുന്നില്ല. മുഷിയുകമാത്രമരുതു്. എന്റെ ഭാഗ്യമേ ഭാഗ്യം. ഇന്നുതന്നെ അച്ഛനോടു സംഗതി എല്ലാം പറഞ്ഞു തീർച്ചയാക്കിക്കളെയാം. നാളെത്തന്നെ നാട്ടിലേക്കുപോയി വേണ്ടതു ഏർപ്പാടു ചെയ്തു വന്നശേഷം.

തങ്കം—അച്ഛനതാ! മുററത്തുതന്നെ കാററുകൊണ്ടിരിക്കുന്നു. ഞാൻ പൊയ്ക്കോട്ടെ—എന്നിട്ടു മതി.

കുമാ—രാത്രി ഊണു കഴിഞ്ഞു പറയുന്നതായിരിക്കും അധികം നല്ലതു്. ഇങ്ങിനെയുള്ള സംഗതികൾ സൌകര്യം നോക്കി പറയേണ്ടതാണ്.

ശങ്കു—തങ്കം എത്തിയോ—കുമാരമേനോനാ—

കുമാ—ഇതാ ഉണ്ടു്.

തങ്കം—എന്തുവേണം അച്ഛാ,

ശങ്കു—ഹേ! ഒന്നുമില്ല—വെറുതെ ചോദിച്ചു. പിന്നെ അന്നത്തെ മാതിരി കുറച്ചു എണ്ണ മുറുക്കണം. പതുക്കെ മതി. ധൃതിയില്ല.

തങ്കം—അല്ലാ നേരത്തെ മുറുക്കിവെക്കാം. എന്നു പറഞ്ഞു തങ്കം പോയി.

കിഴവനും കുമാരനുണ്ണിയുംകൂടി ഓരോന്നു സംസാരിച്ചു കാററും കൊണ്ടു് മുററത്തുതന്നെ ഇരുന്നു. അവർ പല വിഷയങ്ങളേയും

കുറിച്ചു് ഓരോന്നു സംസാരിച്ചു സംസാരിച്ചു് നേരംപോയതു് ഇരുപേരും അറിഞ്ഞില്ല. തങ്കംവന്നു കുളിക്കാൻ വിളിച്ചപ്പോഴെ രണ്ടുപേൎക്കും സമയം വൈകിയതിനെക്കുറിച്ചു് ഓൎമ്മ ഉണ്ടായുള്ളു.

തങ്കം—അച്ഛാ! നേരത്തെ കുളിച്ചു് ഊണുകഴിക്കുക. ഇന്നെന്തോ എനിക്കു നേരത്തെ വിശക്കുന്നു.

കുമാ—തങ്കത്തിനല്ലെ ചക്ക തിന്നതു ദഹിച്ചില്ലെന്നു പറഞ്ഞതു്.

തങ്കം—ചക്ക ഒക്ക ദഹിച്ചുപോയി. കുടലുകൂടി ദഹിച്ചുതുടങ്ങി. ഇങ്ങിനെ ഓടിയാൽ ഇരുമ്പും ദഹിക്കും.

ശങ്ക—എന്തെ! പുഴയിൽ ചെന്നു് ഓടിയോ.

കുമാ—കുറച്ചു് ഓടി.

ശങ്ക—തങ്കത്തിന്നു വിശക്കുന്നു എന്നല്ലെ പറഞ്ഞതു്. കുമാരമേൻെറ കുളി മുമ്പേ കഴിഞ്ഞോട്ടെ. വേഗത്തിൽ ഊണു കഴിപ്പാൻ നോക്കുക.

കുമാ—ഇല്ല. ഞാനിന്നു കുളിക്കുന്നില്ല. മുണ്ടുനനച്ചു മേൽ തുടച്ചാൽ മതി.

ശങ്ക—എന്നാൽ തങ്കം കുമാരമേന്നു് വെള്ളം കൊടുക്കു. ഞാൻ ചെന്നു ക്ഷണം കുളികഴിച്ചുവരാം.

അനന്തരം അച്ഛൻെറ കുളിയും ജപവും മററും കഴിഞ്ഞു എല്ലാവരും ഭക്ഷണവും കഴിഞ്ഞു പതിവുപോലെ മുററത്തുവന്നിരുന്നു.

തങ്കം—ഇന്നു ഓടിയതിൽ വലിയ ക്ഷീണം. ഉറക്കവും വരുന്നു. ഞാൻ ചെന്നു കിടക്കട്ടെ.

ശങ്ക—ചെന്നു കിടന്നോളൂ. തലവേദന ഒന്നുമില്ലല്ലോ.

## അദ്ധ്യായം 13.

തങ്കം കിടന്നുറങ്ങുവാൻ പോയി. അവൾ നേരേ അവളുടെ അറയിലേക്കുതന്നെ ചെന്നു. വാതിലടച്ചു കിടന്നു. ഉറക്കം വന്നിട്ടു കിടക്കുന്നവരല്ലെ ഉറങ്ങുള്ളൂ. തങ്കം പൊയതു ഉറങ്ങുവാനല്ലല്ലൊ. കുമാരനുണ്ണിയും അച്ഛനും മുററത്തിരിക്കുന്നതും സംസാരിക്കുന്നതും തങ്കത്തിന്നു ധാരാളം കാണാമായിരുന്നു മുററത്തിനടുത്ത ആദ്യത്തെ മുറിയായിരുന്നു തങ്കം കിടപ്പുമുറിയായി ഉപയോഗിച്ചിരുന്നതു്. തങ്കത്തിൻെറ ശ്രദ്ധയെല്ലാം മുററത്തിരിക്കുന്നവരുടെ സംസാരത്തിലായിരുന്നു. കുറെ കഴിഞ്ഞപ്പോൾ തങ്കത്തിന്നു കിടക്കവെയ്യാതെ എഴുന്നീററു മുററത്തിനരികത്തുള്ള ജനാലവാതിൽ അല്പം തുറന്നു് ആ ജനാലപ്പടിയിൽതന്നെ കാതും കൂപ്പിച്ചു് ഇരുപ്പായി. അന്യന്മാരുടെ സംഭാഷണങ്ങൾ പററിനിന്നു ശ്രദ്ധവെയ്ക്കുന്നതു് അപമര്യാദയാകുന്നു. ഇതു തങ്കത്തിന്നു അറിയായ്കയല്ല. ഇവിടെ അന്യന്മാരായിട്ടുള്ളവർ ഒന്നു തൻെറ അച്ഛൻ മറേറതു താൻ മനസാവരിച്ച പ്രാണപ്രിയൻ സംസാരിക്കുന്ന വിഷയമാണെങ്കിൽ തന്നെക്കുറിച്ചു്. പിന്നെ തങ്കം പതുങ്ങിനിന്നു ശ്രവിക്കുന്നതിൽ അവളെ കുററക്കാരിയാക്കുന്നതിൽ നമുക്കാണു് അപമര്യാദ.

കുമാ—സംഗീതപരിക്ഷയ്ക്കു പോയാൽ തങ്കം എവിടെ താമസിക്കും.

ശങ്കു—എൻെറ അനുജൻെറ ഭാര്യവീട്ടുണ്ടു്. അവനും മരിച്ചു. അവൻെറ ഭാര്യയും മരിച്ചു. പക്ഷെ ഇങ്ങിനെ ഒരു ബന്ധമുണ്ടു്. അവിടെ ആക്കാം. അല്ലെങ്കിൽ പണം കൊടുത്താൽ ആരാണു് നോക്കാത്തവർ.

കുമാ—അതങ്ങിനെതന്നെ പക്ഷെ ഇപ്പോഴത്തെ പ്രായവും നോക്കേണ്ടേ. വല്ല സ്ഥലത്തും താമസിപ്പിക്കാമോ.

ശങ്കു—എനിക്കു് അവളെക്കുറിച്ചു ലവലേശം സംശയമില്ല. ഒരു ഭയവും ഇല്ല. അവൾക്കു് എവിടെ വേണമെങ്കിലും താമസിക്കാം. യാതൊരു കുറച്ചിലും വരില്ല. അവൾക്കു നല്ല തൻേറടമുണ്ടു്.

കുമാ—തങ്കം വരുമ്പോൾ നിങ്ങളും കൂടെ ഉണ്ടാകുമെല്ലൊ.

ശങ്കു—അതു കുറെ പ്രയാസംതന്നെ. എനിക്കു് ഇവിടംവിട്ടു് ഒരു ദിക്കിലും ഇനി പോകുവാൻ വയ്യാ. കണ്ണിന്നു കാഴ്ചയും കുറഞ്ഞു. വയസ്സും ആയി.

കുമാ—അപ്പോൾ തങ്കം തനിച്ചോ പോകുന്നതും വരുന്നതും.

ശങ്കു—അതിനെന്താ വിരോധം. തങ്കത്തിന്നു വേണ്ടെ പഠിപ്പും അ

റിവും ഉണ്ടു്. തീവണ്ടി ആപ്പീസ്സിൽ ചെന്നു വണ്ടി കയററി വിട്ടാൽ പോരേ. കഴിക്കലേക്കു്, അതാണു് അനുജൻെറ ഭായ്യ വീടു്, നേത്തെ എഴുതി അയച്ചാൽ അവിടെനിന്നും ആരെങ്കിലും തൃശ്ശൂരു് ആപ്പീസ്സിൽ വരും. അവർതന്നെ ഇങ്ങോട്ടും കയററി വിടും.

കുമാ—തങ്കം തൃശ്ശൂക്കു വരുമ്പോഠം ഞാനും അവിടെ ഉണ്ടാകും.

ശങ്ക—എന്താ! അപ്പൊഴയ്ക്കു പോകാൻ തീച്ച്യാക്കിയോ.

കുമാ—നാളെത്തന്നെ പോണം എന്നുണ്ടു്.

ശങ്ക (ചിരിച്ചു്) അതിന്നു തങ്കവും സമ്മതിച്ചുവോ. എന്താ ഇത്ര പെട്ടെന്നു്.

കുമാ—തങ്കത്തിനെ എങ്ങിനെ എങ്കിലും പറഞ്ഞു സമ്മതിപ്പിക്കണം.

ശങ്ക—എന്താ ഇത്ര ധൃതി.

കുമാ—ഒന്നുമില്ല. വന്നിട്ടു കുറച്ചായില്ലെ.

ശങ്ക—ഞങ്ങഠംക്കു് ഒരു ബുദ്ധിമുട്ടും ഇല്ല-കെട്ടൊ.

കുമാ—ഹെ! അതു് എനിക്കറിയില്ലെ. അതു വിചാരിച്ചല്ല.

ശങ്ക—പിന്നെന്താണു്.

കുമാ—(അല്പം സങ്കോചത്തോടെ) പോകുന്നതിന്നു മുമ്പു് എനിക്കു ചിലതു പറയാനുണ്ടു്.

ഇതു കേട്ടപ്പോഠം അകത്തിരിക്കുന്ന തങ്കത്തിൻെറ നെഞ്ചു തുടിച്ചുതുടങ്ങി.

ശങ്ക—എന്താതു്—പറയാല്ലോ.

കുമാ—വിശേഷിച്ചൊന്നുമില്ല.

ശങ്ക—പറഞ്ഞോളൂ.

കുമാ—ഞാൻ വളരെയായി വിചാരിക്കുന്നു. പക്ഷെ ഓരോ കാരണങ്ങഠംകൊണ്ടു മടിച്ചിരുന്നു. പോകുന്നതിന്നുമുമ്പായി അറിയിക്കേണമെന്നേ ആഗ്രഹമുള്ളു. പക്ഷെ ഞാൻ പറയാൻപോകുന്നതു കുറച്ചു കവിഞ്ഞതായിരിക്കും.

ശങ്ക—ഹേ! എന്താ കുമാരമേന്നേ! എന്തായാലും പറയാല്ലോ. ഞാൻ നിങ്ങളെ എൻെറ ഒരു മകനെപ്പോലെയാണു് വാസ്തവമായി കരുതുന്നതു്.

കുമാ—അതു എനിക്കു വലിയ ഒരനുഗ്രഹംതന്നെ. അവിടുന്നുതന്നെയാണു് എനിക്കു ഗുരുവും. ഞാൻ അവിടുത്തെ മകനും ശിഷ്യനും ആണു്, എൻെറ ആഗ്രഹം അവിടുന്നു വിചാരിച്ചാൽ

നിഷ്പ്രയാസം സാധിക്കും. അവിടുത്തെ പ്രിയപുത്രിയെ എനിക്കു വിവാഹം കഴിച്ചുതരണം. അതിന്നു ഞാൻ അൎഹനല്ലെങ്കിലും അവിടുന്നു എന്റെ പേരിൽ കനിഞ്ഞു എന്റെ അപേക്ഷയെ ഉപേക്ഷിക്കരുതു്. എന്റെ ഇനിയത്തെ ജീവിതസുഖം അവിടുത്തെ കയ്യിലാണു് ഇരിക്കുന്നതു്.

ഇത്രയും പറഞ്ഞു കമാരനുണ്ണി പിന്നീടു വാക്കുകളൊന്നും തോന്നായ്കയാലും തൊണ്ടവിറച്ചു ശബ്ദം പുറമെ വരായ്കയാലും വലിയ ഒരു പരിഭ്രമത്തോടെ അടങ്ങിയിരുന്നു.

ജനൽത്തട്ടിൽ പററിയിരിക്കുന്ന തങ്കം കുമാരനുണ്ണിയുടെ വാക്കുകൾ ശ്രവിച്ചതിൽ നിശ്ചേഷ്ടയായി എന്നുതന്നെ പറയാം. അച്ഛന്റെ അഭിപ്രായം എന്തായിരിക്കുമോ എന്നുള്ള കലശലായ പരിഭ്രമം അവളുടെ ഉള്ളിലും നിറഞ്ഞു. കുതിരക്കാരന്റെ കല്പനയെ അനുസരിക്കുവാൻ തയ്യാറായി ചെവിയും കൂൎപ്പിച്ചുനില്ക്കുന്ന അറബിക്കുതിരയുടെ മാതിരി തങ്കം അവളുടെ കണ്ണുപുടങ്ങളേയും കൂൎപ്പിച്ചു അച്ഛന്റെ മറുവടി ശ്രദ്ധയോടുകൂടി കാത്തിരുന്നു.

നമ്മുടെ ശങ്കു ആശാന്റെ പ്രസന്നഗംഭീരമായ മുഖത്തു് കുമാരനുണ്ണിയുടെ ആ വാക്കുകൾ, യാതൊരു ക്ഷോഭത്തേയുമുണ്ടാക്കിയില്ല. അല്പനേരം അദ്ദേഹം മൌനമായി ഇരുന്നശേഷം "കുമാരാ" അല്ല കുമാരമേനോനെ

കുമാ—അവിടുന്നു ആദ്യം വിളിച്ചപോലെത്തന്നെ വിളിച്ചുകേൾക്കാനാണു് എനിക്കധികം ഇഷ്ടം. അതുമതി. ഞാൻ അവിടുത്തെ മകനാണു്.

ശങ്കു—ദൈവവിധി ഇപ്രകാരമായിരിക്കാം. നിങ്ങളുടെ ഇഷ്ടം പോലെതന്നെ ആകട്ടെ. എനിക്കു പൂൎണ്ണസമ്മതമാണു്. പക്ഷേ.

കുമാ—മുഴുവനും പറയണം. ഞാൻ അവിടത്തെ എന്തൊരഭീഷ്ടവും സാധിപ്പിക്കാൻ തയ്യാറാണു്. എന്നെക്കുറിച്ചു സംശയമോ.

ശങ്കു—ഹേ! അതല്ല. വിവാഹകാൎയ്യത്തിൽ പെൺകുട്ടികളുടെ അഭിപ്രായംകൂടി നോക്കണം. എന്ന പക്ഷക്കാരനാണു ഞാൻ. പെൺകുട്ടികളോടു ചോദിക്കാതേയും അവരുടെ അഭിപ്രായമറിയാതെയും "ആട്ടിനോടു ചോദിച്ചാണൊ കൂട്ടരയ്ക്കുന്നതു്" എന്നു ശഠിച്ചു താന്താങ്ങൾക്കു തോന്നുന്ന മാതിരി വിവാഹം ചെയ്യിക്കുന്ന ചില രക്ഷാകൎത്താക്കന്മാരുണ്ടു്. എന്നാൽ ഞാൻ അക്കൂട്ടത്തിലല്ല.

കമാ (സന്തോഷത്തോടെ) അങ്ങിനെതന്നെ വേണം—എനിക്കും അതാണ് പ്രിയം. തങ്കത്തിൻെറ അഭിപ്രായവും അറിയേണം. നാളെ കാലത്തുതന്നെ ചോദിക്കാമെല്ലൊ

ശങ്ക—എന്തിനാ നാളയ്ക്കു നീട്ടുന്നതു്. ഇപ്പോൾതന്നെ ചോദിക്കാല്ലോ. തങ്കം ഉറങ്ങിയിരിക്കയില്ല. (കുറച്ചുറക്കെ) തങ്കം–തങ്കം—ഉറങ്ങിയൊ. ഇവിടെ ഒന്നു വരു.

അച്ഛൻെറ അനുകൂലമായ മറുപടിയിൽ അതിയായ ആനന്ദം ജനിച്ച തങ്കം അച്ഛൻെറ വിളികേട്ട് മയക്കത്തിൽനിന്നും നിവൃത്തിച്ച മാതിരി ഒന്നു മൂണ്ട് വാതിൽ തുറന്നു കണ്ണും തിരുമ്പി പതുക്കെ പുറത്തേക്കു കടന്ന് അവർ ഇരിക്കുന്നേടത്തേക്കു ചെന്നു.

ശങ്ക— കുട്ടീ—സുഖക്കേട്ട് ഒന്നുമില്ലെല്ലൊ. എന്തേ ഉറങ്ങിപ്പോയോ—തലവലിയുണ്ടോ.

തങ്കം—അങ്ങിനെ കിടന്നൊന്നു മയങ്ങി.

ശങ്ക—തങ്കത്തിനോട്ട് ഒരുകൂട്ടം ചോദിക്കാനെ തങ്കത്തിനെ വിളിച്ചതു്, കുമാരമേനോൻ നാളെത്തന്നെ നാട്ടിലേക്കു പോകുന്നു എന്നു പറയുന്നു.

തങ്കം—അദ്ദേഹത്തിൻെറ ഇഷ്ടം. അല്ലാതെന്തു പറയാം. നമുക്കു കെട്ടിയിടാൻ പാടില്ലെല്ലൊ. ഇത്രനേരം ശുമ്മെ കിടന്നതിൽ ക്ഷീണമൊക്കെ മാറി. നല്ല കാററ്—അല്ലെ.

ശങ്ക—തങ്കം ഞാൻ പറയുന്നതു ശ്രദ്ധവെച്ചു കേൾക്കണം. ആലോചിച്ചു മറുവടിയും പറയണം. ഗുണദോഷം തങ്കത്തിനു ചേന്നതാണ്.

തങ്കം—എന്താണച്ഛാ! കായ്യം.

ശങ്ക—വിശേഷിച്ചൊന്നുമില്ല. കുമാരമേനു തങ്കത്തിനെ വിവാഹം ചെയ്യേണമെന്ന് ഇതാ ഇദ്ദേഹം എന്നോട്ട് ആവശ്യപ്പെട്ടുന്നു—എനിക്ക് ഈ കായ്യത്തിൽ വിസമ്മതമില്ലെങ്കിലും തങ്കത്തിൻെറ അഭിപ്രായത്തെയാണ് ഞാൻ ഈ കായ്യത്തിൽ അധികം ബഹുമാനിക്കുന്നതു്."

തങ്കം ലജ്ജിച്ചു തലതാഴ്ത്തി ഇരുന്നതേ ഉള്ളു.

ശങ്ക—അതു പററില്ല. ഈ സംഗതിയിൽ ലജ്ജിപ്പാൻ അവകാശമില്ല. എന്നോടല്ലെ പറയുന്നതു്. അതുകൊണ്ടു പറയാനുള്ളതു പറയുകതന്നെ വേണം. അല്ലാതെ ഞാൻ തങ്കത്തിൻെറ മറുപടി ഊഹിക്കുകയില്ല.

തങ്കം—(ലജ്ജിച്ച്) അച്ഛനേക്കാൾ ഒരു ബുദ്ധിയും തൻേറടവുമോ

എനിക്കു്! എന്നെ ഇത്രയും കാലം ഇങ്ങിനെ വളത്തിവന്ന എന്റെ അച്ഛനുതന്നെ എന്റെ ഭാവിഗുണങ്ങൾ നിശ്ചയിക്കുന്നതിന്നു പൂൎണ്ണ അധികാരമുണ്ടു്. അതുപ്രകാരം അനുസരിച്ചു നടപ്പാൻ ഞാൻ ബാധ്യസ്ഥയുമാണു്. അപ്രകാരം അനുസരിക്കുന്നതു് എനിക്കു പൂൎണ്ണസന്തോഷവുമാണു്. അതിനാൽ അച്ഛന്റെ ഇഷ്ടമെങ്ങിനെയോ അതുതന്നെയാണു് എന്റെയും ഇഷ്ടം.

ശങ്ക—ഇങ്ങിനെ ഒഴുക്കനായി എന്റെ അഭിപ്രായത്തോടു ചാരിനിന്നു പറഞ്ഞാൽ പോരാ. എനിക്കു ഈ സംഗതിയിൽ യാതൊരു അഭിപ്രായവുമില്ല—പറഞ്ഞില്ലെ; ഈ സംഗതിയിൽ തങ്കത്തിനോടു യോജിക്കേണ്ടവനാണു് ഞാൻ എന്നു്.

തങ്കം—അച്ഛന്റെ മനസ്സു് എങ്ങിനെയൊ അതുതന്നെയാണു് എനിക്കും.

ശങ്ക—അതു ശരി മകളെ! എന്റെ മനസ്സും അഭിപ്രായവും അറിയണം. ഗുണാഗുണങ്ങൾ തിരിച്ചറിവാൻ ശക്തിയില്ലാത്ത പെങ്കുട്ടികൾക്കെ അച്ഛനമ്മമാർ ഉപദേശിക്കേണ്ടതുള്ളു. ഇദ്ദേഹം ഇവിടെ വന്നു പാൎത്തുതുടങ്ങീട്ടു മൂന്നാലുമാസമായല്ലൊ. ഇദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഗുണാഗുണങ്ങൾ തങ്കം ഇതിലിടയ്ക്കു ഗ്രഹിച്ചിരിക്കേണം. പിന്നെ ഇദ്ദേഹത്തിന്റെ സ്ഥിതികളെ സംബന്ധിച്ചാണ്ു്. ധനാഡംബരങ്ങളിൽ പ്രത്യേക ആസക്തി ഇല്ലാത്ത എനിക്കു അതു അത്ര സാരമായി കരുതാനില്ല. അതുകൊണ്ടു തങ്കംതന്നെ ആലോചിച്ചു മറുപടി തുറന്നു പറയണം. ഇദ്ദേഹത്തെ ഭൎത്താവാക്കുന്നതിൽ തങ്കത്തിന്റെ അഭിപ്രായമെന്തു്?

കുമാ—മറുപടി എന്തായാലും വിരോധമില്ല. എന്തു പറഞ്ഞാലും എനിക്കു പരിതാപമില്ല. യഥേഷ്ടം മനസ്സിൽ തോന്നിയതു പറയാം. പ്രതികൂലമാണെങ്കിലും എന്റെ മുമ്പിൽ പറയുന്നതു എനിക്കു സന്തോഷംതന്നെയാണു്. അതിൽപററി അന്യഥാ ശങ്കിക്കേണ്ട.

തങ്കം (താഴ്മയായി) അച്ഛാ! എനിക്കതിന്നത്ര ഭാഗ്യമുണ്ടോ.

തങ്കത്തിന്റെ മറുവടി കേട്ടതിൽ കുമാരനുണ്ണി സന്തോഷത്താൽ പുളകാഞ്ചിതതനുവായിത്തീൎന്നു. "രാമനേ! ഞാൻ ഏററവും ഭാഗ്യവാനായി! ഭഗവാനെ! സത്യസ്വരൂപാ! അങ്ങുന്നു എന്നെ നന്നായി അനുഗ്രഹിച്ചു! ഗുരോ! ഞാൻ കൃതകൃത്യനായി! ഞാൻ നാളെത്തന്നെ നാട്ടിലേക്കു പോയി വിവാഹത്തിന്നു വേണ്ടതെ

ല്ലാം ആലോചിച്ച ഒരാഴ്ചക്കുള്ളിൽ മടങ്ങി എത്താം. പക്ഷെ വ ല്ല സംഗതിവശാലും വരാൻ വൈകിയാൽ വിവരത്തിന്നു എഴുതി അയക്കാം.

ശങ്ക—കുമാരമേനോന്! തങ്കത്തിൻെറ മറുപടി കേട്ടില്ലെ. എൻെറ സമ്മതവും അതുതന്നെ. നിങ്ങൾതന്നെയാണ എൻെറ മകളുടെ ഭർത്താവ്. കാലതാമസമില്ലാതെ വിവാഹകർമ്മം നടക്കുവാൻ ഭഗവാൻ അനുഗ്രഹിക്കട്ടെ. ഈ ആഗ്രഹം—നിങ്ങളെ തമ്മിൽ കൂട്ടി ഇണക്കേണമെന്ന മോഹം—സത്യമാണ്! കുമാരമേനോന്! നിങ്ങളെ കണ്ട അന്നു മുതൽക്ക് എൻെറ മനസ്സിൽ തോന്നിയതാണ്. ആ ആഗ്രഹം ഇന്നു സഫലമായി.

കുമാ—ഞാൻ നാളെത്തന്നെ നാട്ടിലേക്കു പോകുന്നതാണുത്തമം. ഒരു സമയം വല്ല സംഗതിവശാലും വിചാരിച്ച മാതിരി മടങ്ങാൻ സാധിക്കാതെ വന്നാൽ എഴുതി അയക്കാമെന്നു പറഞ്ഞതല്ലൊ. അതിലിടയ്ക്കു തങ്കത്തിന്നു പരീക്ഷക്ക് അങ്ങോട്ടു വരേണ്ടി വന്നാലോ. എനിക്കു നിശ്ചയമായും എഴുതി അയക്കണം. ഞാൻ തന്നെ വേണ്ട ഏൎപ്പാടുകൾ ചെയ്യാം.

ശങ്ക—ഏതായാലും തങ്കം കുഴിയ്ക്കൂൎത്തന്നെ താമസിച്ചോട്ടെ. നിങ്ങൾക്കും എഴുതി അയക്കാം. നിങ്ങളുടെ മേൽനോട്ടമുണ്ടാകുമല്ലോ—അതുമതി. ഓ! അതു മറന്നു! നാളെ ഏതായാലും പോകാൻ പാടില്ല. ഇത്ര ദിവസവും താമസിച്ചിട്ടു വെള്ളിയാഴ്ചയായിട്ടോ—ശനിയാഴ്ച പൂരമാണ്. നിങ്ങളുടെ ജന്മനക്ഷത്രമല്ലെ. അതും കൊള്ളില്ല. ഉത്രവും അത്തവും വടക്കോട്ടു യാത്രയ്ക്കു അമംഗളമാണ്. പിന്നെ ചൊവ്വാഴ്ച. ബുധനാഴ്ച ചോതി ആണ്. വിരോധമില്ല. അന്നു പോകാം. എന്താ—

കുമാ—മതി. അന്നയ്ക്കുമതി. ഒരു വിരോധവുമില്ല.

ശങ്ക—എപ്പോഴും യാത്ര പുറപ്പെടുമ്പോൾ ലക്ഷണം നോക്കണം. എന്നല്ല നിങ്ങൾ ഇപ്പോൾ പോകുന്നതു് ഒരു മംഗളകാൎയ്യം ആലോചിപ്പാനുമാകുന്നു. അതുകൊണ്ടു നിശ്ചയമായും നോക്കണം.

കുമാ—വേണ്ടില്ല. ബുധനാഴ്ചതന്നെ പോയാൽ മതി.

ശങ്ക—മകളേ! നിന്നോടു രണ്ടു വാക്കു പറയട്ടെ. നിൻെറ ഭർത്താവായി നീതന്നെ തിരഞ്ഞെടുത്ത പുരുഷൻ എല്ലാംകൊണ്ടും നിനക്കു യോജിച്ചവനാണ്. നിൻെറ ബുദ്ധിയെ ഞാൻ കൊണ്ടാടുന്നു. കുമാരമേനോന്! തങ്കത്തിന്നു് ഒരു ഉത്തമകന്യകയ്ക്കു വേണ്ടപ്പെട്ട സൽഗ്ഗുണങ്ങളും ഉണ്ടെന്നു ഞാൻ ധൈൎയ്യമായി പ

റയാം. ഞാൻ ഇതുവരെയും അവളെ രക്ഷിച്ചു വേണ്ട വിദ്യാഭ്യാസം ചെയ്തു വളർത്തി. ഇനി ലൌകീകമട്ടിനനുസരിച്ചുള്ള വിവാഹകർമ്മം നടത്തി അവളെ പോററി രക്ഷിച്ചു സൌഖ്യമായിരിക്കേണ്ടതു നിങ്ങളുടെ ചുമതലയാകുന്നു!

(ശങ്കുനായക്കു സന്തോഷത്താൽ ഇരു നയനങ്ങളിൽനിന്നും ബാഷ്പം പൊഴിഞ്ഞു തൊണ്ടയിടറി വാക്കുകഠം വരാതെയായി.)

കുമാ—അവിടുത്തെ ഉപദേശംപോലെ ഞാൻ സർവ്വവും ആചരിക്കും. അതിന്നു് എന്നെ ദൈവവും അനുഗ്രഹിക്കും!

ശങ്കു—മകളെ!

തങ്കം! അച്ഛൻ ഏകന്റെ അനുഗ്രഹമാണു ഞാൻ പ്രാർത്ഥിക്കുന്നതു്.

ശങ്കു—അതു ഞാൻ ധാരാളമായി തന്നുകഴിഞ്ഞു. കുട്ടീ! നിന്റെ ജീവിതദശയിൽ മലപോലെ വരുന്ന ആപത്തുകഠം മഞ്ഞുപോലെ നീങ്ങിപ്പോകട്ടെ. കണ്ണിൽ കൊള്ളേണ്ടതു പുരികത്തിൽ തട്ടിപ്പോകും. മനുഷ്യാവസ്ഥ നിശ്ചയിക്കാൻ സാധിക്കില്ല. എനിക്കു വളരെ വയസ്സായി. ഇന്നോ നാളെയോ എന്നു മാത്രമെയുള്ളു. ഒരുവേള, വല്ല സംഗതിവശാലും, വിവാഹം നീളേണ്ടതായി വന്നാൽ—ആരറിഞ്ഞു—ഭഗവാനെ! അങ്ങിനെ വരാതിരിക്കട്ടെ. എനിക്കു പരിതാപമില്ലാതെ മരിക്കാം. എന്റെ മകളെ ഉചിതനായ ഒരു വരനോടു ചേർത്തു കാണേണമെന്ന ഒരു മോഹമെ എനിക്കു കിടപ്പുണ്ടായിരുന്നുള്ളു. അതും സാധിച്ചു. കുട്ടീ! നിന്റെ ഭർത്താവു്—ഇഹപരലോകങ്ങളിലെ മാർഗ്ഗദർശി—നിന്റെ ദൈവം—ഈ നില്ക്കുന്ന മഹാപുരുഷനാണു്. അദ്ദേഹത്തെ നിഴൽപോലെ സർവ്വത്തിലും സന്തോഷപൂർവ്വം അനുസരിക്കേണ്ടതു തങ്കമെ! നിന്റെ പ്രധാന ചുമതലയാകുന്നു. കുമാരമേനോനേ! നിങ്ങളുടെ ഭാര്യ—ഇഹപരലോകങ്ങളിൽ നിങ്ങഠക്കുള്ള ഏക ബന്ധുവും സഖിയും ഉപദേഷ്ടാവും അമ്മയും—ഈ നില്ക്കുന്ന എന്റെ ഏക പുത്രി ഈ തങ്കമാകുന്നു. ഈ സംഗതി നിങ്ങഠ രണ്ടു പേരും ദൃഢമായി ഓർമ്മവെച്ചുകൊള്ളിൻ.

തങ്കം—അച്ഛാ! നേരം 12 മണികഴിഞ്ഞു. ഇങ്ങിനെ ഉറക്കൊഴിച്ചാൽ

ശങ്കു—ശരി! എന്നാൽ കുട്ടി ചെന്നു കിടന്നോളൂ. ഞങ്ങളും കിടക്കാൻ പോകുന്നു.

കുമാരനുണ്ണിയും കിഴവനും അവരവരുടെ മുറിയിൽ ചെന്നുകിടന്നു. കുമാരനുണ്ണിക്കു ഒരു കാല്ത്തു അദ്ദേഹത്തിന്റെ ദുസ്സ്വപ്പ

ടികാരണം ശരീരം ശോഷിച്ചു നിദ്ര തീരെ ഉണ്ടായിരുന്നില്ല. പിന്നെ തങ്കത്തിനെ കണ്ടതുമുതൽ അവളെപ്പററിയുള്ള വിവിധങ്ങളായ ചിന്തകളാൽ തീരെ ഉറക്കംവന്നില്ല. ഇപ്പൊഴാകട്ടെ നായരുടെ അനുമതിയും തങ്കത്തിൻെറ സമ്മതവും ലഭിച്ചപ്പോൾ അമിതമായ സന്തോഷത്താലും ഉറക്കംവന്നില്ല. തങ്കത്തോടു ചേന്നാലുണ്ടാകാവുന്ന പലേവിധ സുഖങ്ങളും സങ്കല്പമാത്രയിൽ അനുഭവിച്ചുംകൊണ്ടു കുമാരനുണ്ണി കിടന്നു ഒടുവിൽ തങ്കത്തെ സ്വപ്നവും കണ്ടു ഒരു മാതിരി മയങ്ങി.

—*—

## അദ്ധ്യായം 14

ഊരകം,
മകരം 10-ാംനു.

"എൻെറ പ്രിയപ്പെട്ട കുമാരാ,

ഞാൻ പറയുന്നതെല്ലാം നിണക്കു് ആദ്യത്തിൽ ബഹുപുച്ഛമായി തോന്നുമായിരിക്കാം. അതെല്ലാം നിൻെറ ചെറുപ്പംകൊണ്ടുള്ള തോന്നലാണെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു. നിൻെറ ഇപ്പോഴത്തെ സ്ഥിതിക്കനുസരിച്ചും നിൻെറ ഭാവിശ്രേയസ്സിനെ ഉദ്ദേശിച്ചും ആണ ഞാൻ നിന്നോട്ടു് ഇതുകാലവും ഉപദേശിച്ചതു്. നിൻെറ കടക്കാരുടെ എണ്ണവും വണ്ണവും എനിക്കറിയാം. നിണക്കു് മാസംതോറും കിട്ടുന്ന 1500കയും നിൻെറ ഒരാഴ്ചയിലെ ചിലവിനുകൂടി മതിയാകാതെയല്ലെ ഇത്രയും കടം നീ വാങ്ങിക്കൂട്ടിയിരിക്കുന്നതു്. നൂററപ്പിക്കക്കുകൂടി ബുദ്ധിമുട്ടു നേരിട്ടിട്ടു നീ പ്രോനോട്ടുകൾ എഴുതിക്കൊടുത്തിട്ടില്ലെ. പൂപ്പള്ളി സ്വരൂപത്തിലേക്കു ഇതിലധികം ഒരപമാനം ഇനി വേറെ വരുവാനുണ്ടോ. ഉണ്ടികമഠം ശേഷയ്യൻ അടുത്തു നിൻെറ പേരിൽ വ്യവഹാരപ്പെടുവാൻ ആലോചനയുള്ളതായി അറിയുന്നു. പൂപ്പള്ളി സ്വരൂപത്തിലുള്ളവക്കു കോടതി കയറേണ്ടകാലം ഇതേവരെ വന്നിട്ടില്ല. നീയ്യായിട്ടു് അതും വരുത്തും. അടുത്തകാലത്തുണ്ടായിട്ടുള്ള വെള്ളപ്പൊക്കത്താലും കോൾനാശത്താലും മററും സ്വരൂപത്തിലേക്കു സംഭവിച്ചിട്ടുള്ള നഷ്ടം നിണക്കറിയാൻ പാടില്ല. കെട്ടിയിരുപ്പു് മുഴുവനും തീന്നു എന്നുമാത്രമല്ല ചിലവുകൾകൂടി പിടിച്ചു ചെയ്യേണ്ടതായിട്ടാണ് വന്നു കലാശിച്ചിരിക്കുന്നതു്. നിണക്കു മുപ്പതിനായിരത്തില

ധികം കടമുണ്ടെന്നാണു് ഞാൻ അന്വേഷിച്ചതിൽ അറിഞ്ഞതു്. ഞാൻ നിന്നോടുപദേശിച്ചതു കേട്ടതാണെങ്കിൽ ആ നിമിഷത്തിൽ ഈ കടങ്ങളെല്ലാം പുല്ലുപോലെ വീട്ടുമായിരുന്നു; എന്നു മാത്രമല്ല നിണക്കു് മേല്ക്കുമേൽ അഭിവൃദ്ധിയുമുണ്ടായേനെ. കുമാരാ! ഇനിയും തെററിട്ടില്ല. ഞാൻ പറയുംപോലെ കേട്ടുനടക്കുവാൻ നിണക്കു് ഇനി എങ്കിലും ബുദ്ധി ഉണ്ടാവട്ടെ. കുഞ്ഞമ്മാളുവിന്നു് നിന്നോടുള്ള സ്നേഹത്തിന്നു് യാതൊരു ഇളക്കവും വന്നിട്ടില്ല. അതു നിൻെറ മഹാഭാഗ്യമായി കരുതേണം. അവൾ നിത്യത ധരിക്കുന്ന ആഭരണങ്ങളിൽ ഏതാനും ചിലതുണ്ടായാൽ മതി നിൻെറ കടം തീരാൻ. അവളുടെ കെട്ടിയിരുപ്പോ. അവൾ നിണക്കുവേണ്ടി അവളുടെ സർവ്വസ്വവും തരുവാൻ തയ്യാറാണു്. നീ അവളെ വിവാഹം ചെയ്യാമെന്നു ഒരു വാക്കു പറഞ്ഞാൽ മതി ആ ക്ഷണത്തിൽതന്നെ അവൾ നിൻെറ സർവ്വകടങ്ങളും തീർക്കും. അതു ശരിയോ അല്ലയോ എന്നു പരീക്ഷിച്ചറിഞ്ഞു് അനുഭവപ്പെട്ടെങ്കിൽ മാത്രം വിവാഹം ചെയ്താൽ മതി. വലിയവലിയ പ്രഭുക്കളും മററും നിത്യം അവളുടെ അടുത്തുവന്നു് അവളെ ഭാര്യയാക്കുവാൻ പല സൂത്രങ്ങളും പ്രയോഗിക്കുന്നുണ്ടു്. അവൾക്കു തറവാട്ടുമഹിമ പക്ഷെ കുറവുമായിരുന്നാലും സമ്പത്തുകൊണ്ടും സൌന്ദര്യംകൊണ്ടും അവൾക്കു് എതിരുനില്പാൻ ഇന്നു ഭൂലോകത്തിൽ അവൾതന്നെ ഉള്ളു. പണമുണ്ടെങ്കിൽ പിന്നെ വേറെ യാതൊന്നും ആലോചിക്കേണ്ടതില്ല. പണത്തിനുമീതെ പരുന്തും പറക്കില്ല എന്നറിയില്ലെ. നിൻെറ കാര്യം ഞാൻ ഏററു എന്നും അവൾക്കു വാക്കു കൊടുത്തിരിക്കകൊണ്ടു മററുള്ളവരുടെ കാര്യത്തിൽ അവൾ ശ്രദ്ധിക്കാതെ ഇരിക്കുകയാണു്. നിണക്കു നല്ല ബുദ്ധിതോന്നട്ടെ. പുടമുറിക്കുള്ള ദിവസം നോക്കി തീർച്ചയാക്കട്ടെയോ. കിട്ടുണ്ണി വശംതന്നെ മറുവടി കൊടുത്തയക്കണം. ശേഷം വഴിയെ. എന്നു കുമാരനു സ്വന്തം അമ്മാമൻ വിക്രമനുണ്ണി.

*   *   *   *   *

"ആരു്! കുമരനെന്നോ! വേഗം ചെന്നു വരാൻ പറയു!"

"റാൻ"

കിട്ടുണ്ണിനായർ വേഗം ചെന്നു. കുമാരനുണ്ണിയെ വണങ്ങി പ്രഭുവിൻെറ അനുമതി അറിയിച്ചു്—കുമാരനുണ്ണി ഉടനെതന്നെ മുകളിലേക്കു ചെന്നു പ്രഭുവിനെ കണ്ടു ബഹുമാനത്തോടെ വണങ്ങി നിന്നു.

*

വിക്ര—കുമാരാ! നീ എന്തു തോന്ന്യാസം ചെയ്തതു്! ഒരക്ഷരംപോലും ആരോടും പറയാതെ നീ പൊയ്ക്കളഞ്ഞില്ലേ:

കുമാ—അമ്മാമാ! എൻെറ യാത്ര അറിയിക്കേണ്ടതിന്നു് എന്നെ അത്രത്തോളം സ്നേഹിക്കുന്നവരായി ഇവിടെ ആരുമില്ലല്ലൊ.

വിക്ര—കഷ്ടം! കഷ്ടം! ഞാനെന്താണീകേട്ടതു്. ആരുമില്ലെന്നൊ. ഞങ്ങളൊക്കെ ആരാണു്. ആ കുട്ടി! സാധു! നീ പോയി എന്നു കേട്ടമുതല്ക്കു ഉറങ്ങിട്ടില്ല. പോയതിൽ നിൻെറ ദേഹം തെളിഞ്ഞു. ഇപ്പൊഴാം നീ സാക്ഷാൽ കുമാരനായി. കിട്ടുണ്ണി! ആരടാ അവിടെ! കുമാരനു കുറച്ചു ടീ കൊണ്ടുവാ.

കുമാ—വേണ്ട അമ്മാമാ! ഞാൻ വന്നിട്ടു കുറച്ചു നേരമായി. ചായ കുടിച്ചു. പിന്നെ അമ്മാമനു് എൻെറ മേൽവിലാസം എങ്ങിനെ കിട്ടി.

വിക്ര—നിന്നെ ആക്കും സ്നേഹമില്ലെന്നല്ലെ നീ പറഞ്ഞതു്! സ്നേഹമില്ലാത്തവർ പിന്നെ അന്വേഷിക്കുമൊ. അന്വേഷിച്ചാൽ കിട്ടാതിരിക്കുമോ.

കുമാ—ആരേ പറഞ്ഞുതന്നതു്.

വിക്ര—ഞാനയച്ച എഴുത്തിന്നെന്തേ മറുവടി അയച്ചില്ല.

കുമാ—ഞാനിങ്ങോട്ടു വരുന്നതിന്നു രണ്ടു ദിവസം മുമ്പാണു് എഴുത്തു കിട്ടിയതു്. മലയാററുകര് ചെന്നു രണ്ടു ദിവസം കഴിഞ്ഞു് ഓരോ ദിക്കുകൾ കാണ്മാൻ വേണ്ടി പോയിരുന്നു. അതുകൊണ്ടാണു് എഴുത്തു കിട്ടാൻ വൈകിയതു്.

വിക്ര—കൈതമുക്കിൻെറ കാൎയ്യം എന്താ വേണ്ടതു്.

കുമാ—അമ്മാമൻെറ ഇഷ്ടംപോലെ.

വിക്ര—പിന്നെ അന്നു. അതെ ഞാൻ രണ്ടുമൂന്നുമാസംമുമ്പു് അതേ നീ പോയ അന്നുതന്നെ കിട്ടുണ്ണിയുടെ കയ്യിൽ ഞാൻ നിണക്കു ഒരെഴുത്തയച്ചിരുന്നു. കണ്ടില്ലെ.

കുമാ—ഉവ്വ്—കണ്ടു. അതുതന്നെയല്ലെ ഇതു്. എന്നു പറഞ്ഞു തൻെറ കൈവശമുണ്ടായിരുന്ന മേലെഴുതിയ എഴുത്തിനെ പ്രഭുവിൻെറ സമീപത്തിട്ടു. വിക്ര (എഴുത്തെടുത്തുനോക്കി.) അതെ ഇതുതന്നെ ആ എഴുത്തു്. എൻെറ കുഞ്ഞേ! നീ നന്നായിവാ. അതു പറയാനാണല്ലെ നീ വന്നതു്. മററന്നാംതന്നെ ഏല്പാടുചെയ്തുകളയാം. “ശുഭസ്യ ശീഘ്രം” നാം എന്തിന്നു താമസിക്കുന്നു. (കാലവിളംബം കാൎയ്യവിഘാതം” വല്ലവരും തട്ടികൊണ്ടുപോയാൽ പിന്നെ കാൎയ്യമില്ലല്ലൊ. അവളും വൈകുന്നേ

രം വരും. നന്നായിവരട്ടേ—"

കുമാ—(വളരെ അസ്വാസ്ഥ്യത്തോടെ) അമ്മാമൻ എനിക്കു അല്പം പോലും മനസ്സ്വൈരം തരുന്നില്ലെല്ലൊ.

വിക്ര—വേണ്ട. വേണ്ട. നീ ആലോചിച്ച സാവധാനത്തിൽ ആയാലും മതി. എനിക്കു സന്തോഷമായി. പോട്ടെ. ഈ നിമിഷത്തിൽ അവൾ നിൻെറ കടം സൎവ്വവും തീൎക്കും.

കുമാ—അമ്മാമ! എന്നെ വ്യസനിപ്പിച്ചതു പോരെ. ഇനിയും എന്നെ ഉപദ്രവിക്കണോ?

വിക്ര—(പൊട്ടിച്ചിരിച്ചു) ഹാ! ഹാ! ഉപദ്രവിക്കുകയോ—നല്ല ശിക്ഷ. സംബന്ധംവെച്ചുതരുന്നതു ഉപദ്രവമാണൊ. ഹാ! ഹാ! ബലേ. നിൻെറ ഗുണത്തിനല്ലെ ഞാനിത്രയെല്ലാം അദ്ധ്വാനിച്ചതു്. പക്ഷെ എൻെറ അദ്ധ്വാനം സഫലമായെല്ലൊ. അതു വലിയ സന്തോഷംതന്നെ. നിൻെറ വിവാഹം കഴിഞ്ഞാൽ ഹാ! നിന്നെ പിന്നെ എനിക്കുകൂടി കാണാൻ കിട്ടില്ല. കഞ്ഞമാളു നിന്നെ അകത്തുനിന്നു പുറത്തുവിടില്ല. നിൻെറ ഭാഗ്യം നന്നായിരിക്ക്.

കുമാ—(വെറുപ്പോടെ) അമ്മാമാ. മേലാൽ നിങ്ങൾക്കു് എന്നെ സ്നേഹമുണ്ടെങ്കിൽ ആ ചെററപ്പെണ്ണിൻെറ ശബ്ദം എന്നോടു് മിണ്ടരുതു്.

വിക്ര—(നീരസത്തോടെ) എന്തു! അവളെ നിണക്കിത്ര വെറുപ്പൊ ഞാനതു സമ്മതിക്കില്ല. എൻെറ ഇഷ്ടം നീ അവളെത്തന്നെ വിവാഹം ചെയ്യേണമെന്നാണു്. നിണക്കു അതിനിഷ്ടമില്ലെങ്കിൽ—

കുമാ—ഇഷ്ടമില്ലെങ്കിൽ എന്നല്ല. തീരെ ഇഷ്ടമില്ല. പക്ഷെ ഒരു സമയം നിവൃത്തിയില്ലാതെ വേണ്ടിവന്നാൽ അന്നാണു് എൻെറ മരണവും.

വിക്ര—വേണ്ട-വേണ്ട. ശപഥങ്ങളൊന്നും വേണ്ട. എനിക്കൊന്നും കേൾക്കേണ്ട. ഇനിയും ഒന്നുരണ്ടു മാസങ്ങൾ കഴിയട്ടെ. അപ്പോൾ നീ താനെ അറിയും: രണ്ടുമൂന്നു നമ്പ്ര് ഫയലാകട്ടെ. അപ്പോൾ കാണാം.

കുമാ—ഞാനിപ്പോൾ വന്ന കാൎയ്യം വേറൊന്നിനാണു്.

വിക്ര—എന്താണതു്. എനിക്കു കേൾക്കേണ്ട. എൻെറ വാക്കു നിണക്കു കേൾപ്പാൻ ഇഷ്ടമില്ലെങ്കിൽ നിൻെറ വാക്കു ഞാനും കേൾക്കില്ല. നിൻെറ ചിലവിനുള്ള സംഖ്യ ശരിക്കു ബാങ്കിൽ അട

യ്യുന്നുണ്ടു്. പിന്നെ ഒന്നുകൂടി പറഞ്ഞേക്കാം. വരുന്നമാസം മുതല്ക്കു ഇത്ര ചിലവിനു തരാൻ തരമില്ല. പറഞ്ഞില്ലെ സ്ഥിതികരം. വളരെ നഷ്ടങ്ങരം നേരിട്ടിട്ടുണ്ടു്. എൻെറ എഴുത്തിൽ തന്നെ ഉണ്ടെല്ലൊ. കടം വാങ്ങാൻ വസ്തു പണയം കൊടുക്കണം. അതും ഇപ്പോഴത്തെ നിയമം എല്ലാവരും ചേരണം. അതൊക്ക ബഹു ബുദ്ധിമുട്ടാണു്. ചിലവു ചുരുക്കാതെ നിവൃത്തിയില്ല. വരവില്ലെങ്കിൽ പിന്നെ എന്തുചെയ്യും! മേലാൽ മാസംതോറും 200കയെ തരുവാൻ മാൎഗ്ഗമുള്ളു. മൂന്നാലുകൊല്ലത്തേക്കു് അതേ വഴിയുള്ളു.

കമാ—ഒന്നുംതന്നെ വേണ്ടെങ്കിലോ.

വിക്ര—നിൻെറ ചിലവിനുള്ള സംഖ്യ എനിക്കു വേണ്ട.

കമാ—(ദേഷ്യത്തോടെ) ആയിരത്തി മുന്നൂറുറുപ്പിക ആരെ പുലൎത്തുവാനാണ് ചുരുക്കുന്നതു്. അവക്കുതന്നെ ബാക്കിയും കൊടുക്കാം.

വിക്രാ—നീ എന്താ പറഞ്ഞതു്.

കമാ—എൻെറ ഇരുന്നൂറുറുപ്പിക ഒരു കൊല്ലംകൊണ്ടു രണ്ടായിരത്തിനാനൂറുറുപ്പിക ആകില്ലേ. അതു അവരംക്കു നല്ല ഒരു ജോടി കമ്മലിന്നു വകയായി. പിടിപ്പാൻപോകുന്ന വകയിലുണ്ടാകുന്ന പതിനയ്യായിരത്തി അഞ്ഞൂറുറുപ്പിക നല്ല ഒരു വൈരഅഡ്സിക്കയ്ക്കും.

വിക്ര—എൻെറ മുമ്പിൽനിന്നും ബഹുമാനമില്ലാതെ ഇങ്ങിനെ സംസാരിക്കരുതു്. പോകാം നിണക്കു്. നിൻെറ പാടുനോക്കി എന്തൊ പ്രവൎത്തിക്കാം. ഇവിടെ ഇനി നില്ക്കേണമെന്നില്ല.

കമാ—ഞാൻ വന്ന കാൎയ്യം പറയട്ടെ

വിക്ര—പണവിഷയമാണോ—എന്നാൽ ഒരു പൈ കൂടുതൽ തരുവാൻ ഭാവമില്ല. കടം തീൎക്കാനാണോ—എന്നാൽ എന്നെക്കൊണ്ടു ശേഷിയില്ല. പക്ഷെ അതിന്നു് ഒരു മാൎഗ്ഗം പറയാം. കുഞ്ഞമ്മാളു തന്നെ ശരണം. അതുപോലെ ചെയ്താൽ ഗുണമുണ്ടാകും.

കമാ—എനിക്കതൊന്നും കേരംക്കേണ്ട. ഞാൻ അതിനൊന്നുമല്ല വന്നതു്.

വിക്ര— കൈതമുക്കോ—അതു കുഞ്ഞമ്മാളുവിനു തീറു കൊടുത്തുപോയി. ഇനി അവളോടു ചോദിക്കു.

കമാ—എനിക്കതും ആവശ്യമില്ല.

വിക്ര—പിന്നെന്താ നിണക്കു പെണ്ണു് വെയ്ക്കണോ.

കുമാ—അതേ, എന്റെ വിവാഹകാൎയ്യം ആലോചിക്കാൻ തന്നെയാണ് വന്നതു്. ഞാൻ ഒരു കുട്ടിയെ മനസ്സാൽ തീൎച്ചയാക്കീട്ടുണ്ടു്. ആ വിവാഹം അമ്മാമൻ നടത്തിത്തരണം.

വിക്ര—എടാ! അധികപ്രസംഗി! പോ പുറത്തു്. എന്റെ ദേഷ്യത്തെ വെറുതെ ഇളക്കേണ്ട. നിന്റെ യാതൊരാലോചനയും എനിക്കു കേൾക്കേണ്ട. ഞാൻ അതിനെല്ലാററിനും വിരോധിയാണെന്നു് ഓൎമ്മവെച്ചോളൂ. നീ മലയാററൂക്കു് പോകുന്നതിനു മുമ്പുതന്നെ കുണ്ടറക്കോലോത്തെ കുഞ്ഞിക്കിടാവിനെ ആലോചിക്കുന്നുണ്ടെന്നു് എനിക്കറിയാം. അവർ നമ്മുടെ പൂൎവ്വവൈരികൾ ആണു്. അവൾക്കു നിന്നെ നല്ല ഭ്രമമുണ്ടു്. അതും എനിക്കറിയാം. ഞാൻ ഇരിക്കുന്ന കാലത്തോളം അതു നടക്കാൻ ഞാൻ സമ്മതിക്കില്ല. എന്നല്ല കുഞ്ഞമ്മാളുവിനെ ഒഴിച്ചു വേറെ ആരേയും വിവാഹം ചെയ്യുവാൻ എനിക്കു സമ്മതമില്ല. ഇതു നല്ലവണ്ണം മനസ്സിലാക്കിക്കോ—ആ വൎത്തമാനമാണെങ്കിൽ പറയാം. അല്ലെങ്കിൽ ഉടനെ വന്നവഴി നോക്കി ഇറങ്ങി പോകാം.

ഇനി അവിടെനിന്നിട്ടു യാതൊരു പ്രയോജനവുമില്ലെന്നു കണ്ടു കുമാരനുണ്ണി വ്യസനതാപക്രോധാദികളാൽ കലുഷിതഹൃദയനായി അവിടെനിന്നു് ഇറങ്ങിപോയി. കുമാരനുണ്ണിപോയ ഉടനെ കിഴവൻ അകത്തിരിക്കുന്ന കുഞ്ഞമ്മാളുവിനെ വിളിച്ചു.

വിക്ര—കുഞ്ഞമ്മാളൂ! കുഞ്ഞമ്മാളൂ! വരൂ. ആ കഴുത പോയി.

വിക്രമനുണ്ണി കുഞ്ഞമ്മാളുവുമായി സ്വൈരസല്ലാപംചെയ്തുകൊണ്ടിരിക്കുന്ന സമയത്തായിരുന്നു കുമാരനുണ്ണി വന്നിട്ടുള്ള വിവരം കാൎയ്യസ്ഥൻ കിട്ടുണ്ണിനായർ ചെന്നു വിക്രമനുണ്ണിയോടു പറഞ്ഞതു്. "അതു നന്നായി. കുഞ്ഞമ്മാളൂ! ഈ അടുത്തുള്ള അറയിൽ ചെന്നിരിക്കൂ. കാൎയ്യമൊക്കെയും കുഞ്ഞമ്മാളുവിനെ കേൾക്കെത്തന്നെ ഇപ്പോൾ ഉടച്ചുകളയാം." എന്നു പറഞ്ഞു ഏൎപ്പാടുചെയ്തശേഷമാണു് കുമാരനുണ്ണിയെ പ്രഭു വിരിക്കുന്നിടത്തുവരുത്തിയതും മേൽപ്രസ്താപിച്ച സംഭാഷണങ്ങൾ നടത്തിയതും. കുഞ്ഞമ്മാളു അവളുടെ കൃത്രിമവാസത്തിൽനിന്നും പുറത്തുവന്നു.

കുഞ്ഞ—ഈയ്യാൾക്കു എന്നെ ഇത്രത്തോളം ഒരു കൽപ്പോ.

വിക്ര—അവന്റെ കഥ ഞാൻ കഴിച്ചുക്കാം.

കുഞ്ഞ—വരട്ടെ. നമുക്കു ധൃതികൂട്ടരുതു്. "ഇഷ്ടമില്ലാത്ത ഒരു പെണ്ണിനെ സംബന്ധംവെക്കാൻ നിൎബ്ബന്ധിച്ചതുകൊണ്ടു്" എന്നും

മററും നാട്ടുകാർ കൂട്ടംകൂടും.

വിക്ര—എന്നാലെന്താ! അവനല്ലെ ആ കുറച്ചിൽ.

കുഞ്ഞ—അല്ലല്ല. എനിക്കുംകൂടി ഉണ്ടു്. നാട്ടുകാർ എന്നെയാണു് അധികം പരിഹസിക്കുക.

വിക്ര—എന്നാൽ ഒക്കെ പിന്നെ നീ പറയുംപോലെ ചെയ്യാം. പോരേ

കുഞ്ഞ—തല്ക്കാലം ചിലവിന്നു കൊടുക്കൽ ചുരുക്കാം. പിന്നെ ഗതാഗതമറിഞ്ഞു വേണ്ടതുപോലെ പ്രവൎത്തിക്കാം. അതല്ലെ നല്ലതു്.

വിക്ര—എങ്ങിനെ വേണമെങ്കിലും ചെയ്യാം. എന്റെ കുഞ്ഞമ്മാളു എങ്ങിനെ പറയുന്നുവോ അങ്ങിനെതന്നെ ചെയ്യാം.

കുഞ്ഞ—എന്നാൽ ഇപ്പോൾ ഇങ്ങിനെ മതി. പിന്നെ നിങ്ങടെ സംസാരത്തിനിടയ്ക്കു കൈതമുക്കിനെ കുറിച്ചു എന്തോ കേട്ടപോലെ തോന്നി.

വിക്ര—ഇനി ആക്ഷേപമൊ നാളെത്തന്നെ തീറുകഴിച്ചേക്കാം. ആ കൊശവൻ ഞാൻ പറഞ്ഞതുകേട്ടതാണെങ്കിൽ അവനു തന്നെ കൊടുക്കാമായിരുന്നു.

കുഞ്ഞ—അപ്പൊഴും വന്നുചേരുന്നതു് എനിക്കു തന്നെയല്ലെ. വേറൊരാൾക്കു കൊടുത്തു് ആയാളെകൊണ്ടു് എനിക്കു തരിക്കേണമെന്നുണ്ടോ. എന്തേ നേരിട്ടായാൽ.

വിക്ര—നാളെ പത്തുമണിക്കു തന്നെ റജിസ്ത്രു് കഴിച്ചുകളയാം. ഇളക്കമില്ല. ഇതു കഴിഞ്ഞാൽതന്നെ അവനൊന്നു പാട്ടിലാകും.

കുഞ്ഞ—ആയാൾ ഏതോ ഒരു സംബന്ധാലോചനയോടുകൂടിയാണ് വന്നിരിക്കുന്നതു് എന്നു സംസാരത്തിൽനിന്നു് ഊഹിക്കാം. ഏതായിരിക്കും അതു്. ഒരു സമയം കണ്ടറക്കോലോത്തെ കുഞ്ഞിക്കിടാവിനെതന്നെ ആയിരിക്കുമൊ.

വിക്ര—അതായിരിക്കയില്ല. പക്ഷെ അവൾക്കും അവളുടെ അമ്മക്കും അവനെ വലിയ ഭ്രമമാണു്. അവർ പഠിച്ച വിദ്യ പതിനെട്ടും എടുക്കുന്നുണ്ടു്. പക്ഷെ ചെക്കൻ വിളയുന്നില്ല. അതായിരിക്കില്ല.

കുഞ്ഞ—മലയാറവൂരിലെ പെണ്ണിനെ ആയിരിക്കുമോ.

വിക്ര—ഛേ! ഛേ! അങ്ങിനെ ഉള്ള ചെററ പെണ്ണുങ്ങളെ ഒന്നും അവൻ സംബന്ധം വെക്കില്ല. പക്ഷെ അവളുമായിട്ടു വല്ല നേരംപോക്കുകളും നടക്കുന്നുണ്ടായിരിക്കാം.

കുഞ്ഞ—അതു വിചാരിക്കേണ്ട. ഇങ്ങിനെ നേരംപോക്കുകൾ നടത്തിനടത്തി ഒടുവിൽ കാര്യംതന്നെ നടന്നുവരാമുണ്ട്.

വിക്ര—കുമാരൻ പോന്നവനാണ്. അങ്ങിനെ ഒന്നിലും അവൻ പെടില്ല. അങ്ങിനെ വല്ലതിലും പെടുന്ന പുള്ളിയാണെങ്കിൽ ഇതിന്നു മുമ്പുതന്നെ പെടാൻ എത്ര തരമുണ്ടായിരുന്നു. ഹേ! അതൊന്നുമുണ്ടായിരിക്കില്ല.

കുഞ്ഞ—ഇതൊന്നുമല്ലെങ്കിൽ പിന്നെ ഏതായിരിക്കും.

വിക്ര—ഏതു ചുടുകാടെടൊ ആകട്ടെ! പുടമുറിക്കു ചരക്കെട്ടുകുവാൻ അവന്റെ കയ്യിൽ പണമുണ്ടെങ്കിലല്ലേ വേണ്ടു ഈ ആലോചനകളെല്ലാം.

കുഞ്ഞ—ആയാൾ മലയാറവൂര് താമസിച്ച് മൂന്നാലുമാസത്തെ വകയായി പത്താറായിരം ഉറുപ്പിക ബാങ്കിലില്ലെ.

വിക്ര—നീ എന്താണു പറയണതു്. അതിൽ എത്ര മലയാറവൂര് തന്നെ തുലച്ചിരിക്കും. ബാക്കി വല്ലതുമുണ്ടെങ്കിൽ ഇവിടെ വന്നിട്ടും അഞ്ചാറുദിവസമായില്ലെ. ഇപ്പോൾ തുലക്കാതിരിക്കുമോ.

കുഞ്ഞ—അപ്പൊഴേ! ഞാൻ കുറച്ചു മുമ്പിലു് അകത്തു ഒളിഞ്ഞിരിക്കുമ്പോൾ ആയാൾ അസ്ലീക, കമ്മലു് എന്നൊക്കെ പറഞ്ഞില്ലെ. ഞാൻ അപ്പോൾ പി. ആർ. ആൺഡ് സൺസ് കമ്പനിയിലെ ഒരു കാററലോഗ് നോക്കി ഇരിക്കുകയായിരുന്നു. അസ്ലീക എന്നു കേട്ടപ്പോൾ ഞാനൊരു അസ്ലീകതന്നെ നോക്കുകയായിരുന്നു (ഉടനെ അവൾ കഴുത്തുകൊണ്ടൊരു വെട്ടുംവെട്ടി ഒരു ശൃംഗാരച്ചിരിയോടുകൂടി ഒന്നു കുഴഞ്ഞു് എഴുനീററുപോയി ആ കാററലോഗ് പുസ്തകവും എടുത്തുകൊണ്ടുവന്നു് ആ കണ്ട അസ്ലീകയുടെ ചിത്രം വിക്രമനുണ്ണിക്കു കാണിച്ചുകൊടുത്തു) ഹാ! ഈ അസ്ലീക എത്ര അസ്സലായിരിക്കുന്നു!

വിക്ര—വാസ്തവംതന്നെ. ഇതുപോലൊന്നു് എന്റെ കുഞ്ഞമ്മാളുവിന്റെ കഴുത്തിലിട്ടാൽ പിന്നെ ലക്ഷം കണ്ണു വേണം എന്റെ ഓമനേ നോക്കാൻ.

കുഞ്ഞ—അതിനുള്ള ഭാഗ്യം എനിക്കുണ്ടോ. ഈ ജന്മം എന്നെ കൊണ്ടു് ഇതു വാങ്ങിക്കാൻ സാധിക്കില്ല. ഇതു് അറിഞ്ഞിട്ടു തന്നെ ഇവിടുത്തെ മരുമകൻ എന്നെ പുച്ഛിച്ചു പറഞ്ഞതും. പിന്നെ ആശവെച്ചിട്ടു കാര്യമെന്താണ്. ആറായിരം ഉറുപ്പികയാണ് വില ഇട്ടിരിക്കുന്നതു്.

വിക്ര—ആറായിരം ഉറുപ്പിക തന്നെയല്ലേ. അതാ, അപ്പൊഴയ്ക്കും

മുഖം വാടിക്കഴിഞ്ഞു. ഇതു കാണുമ്പോഴാണ് എനിക്ക്.

കഞ്ഞ—പുളളി പ്രഭുവിനു് ആറായിരം ഉറുപ്പിക ആറു കാശിനു തുല്യമാണു്. എനിക്കോ.

വിക്ര—ഈ അസ്ഥിക വേണം—അത്രേ അല്ലെ ഉള്ളൂ. അതിനു് ഇത്രയെല്ലാം ചൊല്ലിയാട്ടം വേണോ.

ഈ ഘട്ടത്തിൽ കാര്യസ്ഥൻ കിട്ടുണ്ണിനായർ മുകളിലേക്കു കേറി വന്നു.

വിക്ര—എന്താ കിട്ടുണ്ണീ വിശേഷിച്ച്.

കിട്ടു—റാൻ. തേമ്പാറ മഠത്തിലെ രാമകൃഷ്ണയ്യരുടെ എടവാട പിരിയുംപോലെയാണിരിക്കുന്നതു്.

വിക്ര—(സന്തോഷത്തോടുകൂടി) ഭാഗ്യംതന്നെ. അതെങ്ങിനെ. ആ പട്ടർ പാപ്പർ ഹർജി കൊടുത്തുവല്ലൊ.

കിട്ടു—റാൻ. ആ ഹരജി തള്ളി. സർക്കാരിൽനിന്നും പിന്നീട് അന്വേഷണം നടത്തിയതിൽ മുതലുകൾ ഒളിച്ചുവെച്ചിട്ടുള്ളതെല്ലാം തെളിഞ്ഞു. സർവ്വകടക്കാർക്കും മുതലും പലിശയും ഒരു പൈപോലും പോകാതെ കിട്ടും. ഒരാഴ്ചക്കകം കോടതിമുഖാന്തരം പിരിഞ്ഞുകിട്ടും.

വിക്ര—(കഞ്ഞമ്മാളുവോട്) നിന്റെ ഭാഗ്യത്തിനെതിരുണ്ടോ. (കിട്ടുണ്ണിയോട്) അതേ. നമുക്കു എല്ലാംകൂടി എന്തുണ്ടാകും.

കിട്ടു—സ്വരൂപത്തിലേക്കു 6400ക.യുണ്ടു്. 5000ക.യാണ് മുതൽ.

വിക്ര—പോരട്ടെ. എന്താ കഞ്ഞമ്മാളൂ! കടം വാങ്ങിക്കാതെ കഴിഞ്ഞു. കിട്ടുണ്ണീ! നീ ഒരു കാര്യം ചെയ്യണം. ഇതാ! ഈ അസ്ഥികയില്ലേ. ഇതുപോലൊന്നു അയക്കാൻ കമ്പനിക്കു ഇന്നുതന്നെ ഒരെഴുത്തെഴുതു്. ശരിയാണു്. പകുതിവില മുൻകൂറ് അയക്കേണ്ടേ. അതിനെന്താ വഴി. കോടതീന്നു് ഈ പണം കിട്ടാൻ ഒരാഴ്ചകൂടി താമസമുണ്ടെന്നല്ലെ പറഞ്ഞതു്. വേണ്ട. ശരി. നീ ഒരു കാര്യം ചെയ്യു്. ഞാൻ ഒരു പ്രോനോട്ട് എഴുതിത്തരാം. ശങ്കരയ്യന്റെ ഉണ്ടികയിൽ ചെന്നു 3500ക. വാങ്ങൂ. ഒരാഴ്ചക്കകം കൊടുക്കാമല്ലോ. രാമകൃഷ്ണന്റെ പണം അപ്പോഴേയ്ക്കു പിരിയില്ലെ. പിന്നെ ഒരു കാര്യം. നീ ഇപ്പൊത്തന്നെ പോയിട്ട് ചിരികണ്ടനെ വരാൻ പറയു്. കൈതമുക്കു വസ്തു കഞ്ഞമ്മാളുവിനു തീറുകൊടുക്കാൻ തീർച്ചയാക്കി. നാളെത്തന്നെ റജിസ്ട്രു് കഴിക്കണം. ഒട്ടും അമാന്തമില്ല. ആധാരം വിവരമായിട്ട് എഴുതേണമെങ്കിൽ ചിരികണ്ടൻതന്നെ ആയാലെ പന്തിയാവു

ള്ളു. അവൻ മിടുമിടുക്കനാണു്.

കിട്ടു—(കുഞ്ഞമ്മാളുവിനെ നോക്കി കടാക്ഷിച്ചിട്ടു്) ഇപ്പോൾതന്നെ ചിരികണ്ടനെ കണ്ടു് കല്പിച്ചതു അറിയിക്കാം. കയ്യോടു കൂട്ടികൊണ്ടും വരാം.

ഇത്രയുംപറഞ്ഞു കിട്ടുണ്ണിനായർ 3500ക ക്കുള്ള പ്രോനോട്ടും വാങ്ങി താഴത്തേക്കു ഇറങ്ങിപ്പോയി.

കാൎയ്യസ്ഥൻ കിട്ടുണ്ണിനായരെക്കുറിച്ചു് രണ്ടുവാക്കുകൂടി പറയാഞ്ഞാൽ വിക്രമനുണ്ണി പ്രഭുവിന്റെ ചരിത്രത്തിൽ പ്രധാനമായ ഒരു ഭാഗം മറഞ്ഞുതന്നെ കിടക്കും. കിട്ടുണ്ണിനായൎക്കു ഇപ്പോൾ ഏകദേശം 50 വയസ്സായിരിക്കും. സ്വരാജ്യം കോട്ടകരതന്നെയാണു്. കുഞ്ഞമ്മാളുവിന്റെ വീട്ടിനു തൊട്ടടുത്തു വീടുതന്നെയാണു് ഇയ്യാളുടെ വീടും. അന്നന്നാൾ ചിലവിനുവേണ്ടതു അന്നന്നാൾ ചെന്നു സമ്പാദിച്ചു കൊണ്ടുവരേണ്ട തരത്തിലുൾപ്പെട്ടവനായിരുന്നു കിട്ടുണ്ണിനായർ. പക്ഷെ പൂപ്പള്ളി കാൎയ്യസ്ഥനായശേഷം ആയിരത്തഞ്ഞൂറുപറ നെല്ലു പാട്ടംപിരിയുന്ന വസ്തുക്കൾ അയാൾ സ്വകാൎയ്യമായി സമ്പാദിച്ചിട്ടുണ്ടു്. ഇപ്പോൾ ആയാൾ ഒരു പ്രമാണിയുമായി—പ്രഭുവിനു (അന്നുകാലത്തുള്ള മീന്നായിരുന്നു) കുഞ്ഞമ്മാളുവിന്റെ അമ്മയോടുണ്ടായിരുന്ന സ്നേഹത്തിന്റെ ഒരു സന്തതിയായിട്ടാണു് കിട്ടുണ്ണിനായർ സ്വരൂപത്തിൽ കാൎയ്യസ്ഥനായി പ്രവേശിച്ചതു്. മീനാക്ഷിഅമ്മയെ വിക്രമനുണ്ണിക്കു ലഭിച്ചതുതന്നെ കിട്ടുണ്ണി ഒരുവന്റെ സഹായംകൊണ്ടു മാത്രമായിരുന്നു എന്നാണു് പ്രഭുവിനു ഇന്നു് ഉള്ള ബോധ്യം. സ്ത്രീലോലന്മാരായ വങ്കപ്രഭുക്കന്മാരുടെ കാൎയ്യസ്ഥനാവാൻ ഉള്ള ഇത്തരം പാസ്സ്പോർട്ടുകൾ ഒരുകാലത്തും പഴതാകയില്ലല്ലൊ. കിട്ടുണ്ണിനായൎക്കു നാലയ്യായിരം ഉറുപ്പിക കൊടുത്തുവാങ്ങലും ഉണ്ടു്. കിട്ടുണ്ണിനായരെ കുഞ്ഞമ്മാളുവിനും വലിയ കാൎയ്യമാണു്: കുഞ്ഞമ്മാളു പ്രഭുവിന്റെ പുത്രിയാണെന്നു നാട്ടുകാർ പറഞ്ഞുവന്നിരുന്ന സത്യത്തെ തന്റെ വാക്പാടവത്താൽ അല്ലെന്നു തൎക്കിച്ചു പ്രഭുവിനെ ബോദ്ധ്യപ്പെടുത്തി എന്നുമാത്രമല്ല; മീനാക്ഷിഅമ്മയോടു പ്രഭു ഏതേതുവിധങ്ങളിലെല്ലാം പെരുമാറി വരേണ്ടതു ധൎമ്മവും മൎയ്യാദയും പുണ്യവും ആണെന്നു സിദ്ധാന്തിച്ചു് പ്രഭുവിനെ സമ്മതിപ്പിച്ച വിദ്വാൻ കിട്ടുണ്ണിനായരെ കുഞ്ഞമ്മാളുവിനു പ്രത്യേകം പഥ്യമായതിൽ അത്ഭുതമില്ലല്ലൊ. താൻ ആദ്യ

*

കാലത്തു വിക്രമനുണ്ണിക്കു ചെയ്തുകൊടുത്തുകൊണ്ടു വന്നിരുന്നതായ ഉപകാരങ്ങളും സഹായങ്ങളുംപോലെ ഇന്നും എന്നും ചെയ്തുകൊടുക്കുവാൻ കിട്ടുണ്ണിനായക്കു ഒരു വൈമനസ്യവുമില്ല; എന്നു മാത്രമല്ല അതിൽ ആയാൾക്കു അതിയായ സന്തോഷമുണ്ടു്.

*   *   *   *   *

"അറിയേണ്ടതു അറിഞ്ഞുകഴിഞ്ഞു. ഇനി പറഞ്ഞിട്ടു യാതൊരു പ്രയോജനവുമില്ല. അല്ലെങ്കിൽ എന്തിനാണു് ആ കിഴട്ടുച്ചവത്തിൻെറ സമ്മതം. പക്ഷെ സമ്മതം വാങ്ങി മലയാററുരുചെന്നു് ഞാൻ പറഞ്ഞിട്ടുള്ള കളവുകളെല്ലാം ശരിപ്പെടുത്തി എൻെറ സത്യസ്ഥിതി വെളിപ്പെടുത്തി അവരെ സമാധാനിച്ചു് ആഘോഷമായി വിവാഹം നടത്താമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നതു്. ആ ആഗ്രഹം ഇനി നിവൃത്തിയില്ല. കഷ്ടം! കളവുപറഞ്ഞതും കുറച്ചു് ആലോചിച്ചിട്ടാകാമായിരുന്നു. ബന്ധുക്കളാരുമില്ലെന്നു പറഞ്ഞിരുന്നെങ്കിൽ എളുപ്പമായേനേ. ഇനി എന്താണു് നിവൃത്തി. അങ്ങോട്ടു ചെന്നാൽ വിവരം ചോദിക്കും. അപ്പോൾ ഞാനെന്തുപറയും— കഷ്ടം! കഷ്ടം! എനിക്കു വളരെ അബദ്ധങ്ങൾ പററി. പറഞ്ഞിട്ടു യാതൊരു ഫലവുമില്ല. ഇതിൽനിന്നെല്ലാം രക്ഷപ്രാപിച്ചു തകരാറുകൾ ഒന്നു പിണയാതെ തങ്കത്തിനെ വിവാഹം ചെയ്യുവാൻ സാധിക്കുമോ. ദൈവം കണ്ടു. ഇരിക്കട്ടെ."

അമ്മാമനെ വിട്ടുപിരിഞ്ഞ കുമാരനുണ്ണി വഴിക്കു ഇപ്രകാരം പലേ ചിന്തകളോടുംകൂടി നടന്നു. ഒടുവിൽ വിനോദമന്ദിരത്തിലെത്തി. കുമാരനുണ്ണിയെ കണ്ടപ്പോൾ പൂമുഖത്തുമ്മറത്തു ഇരുന്നിരുന്നവർ എല്ലാം എഴുന്നീററു ഭക്തിയോടുകൂടി മാറി തൊഴുതുവണങ്ങിനിന്നു. അദ്ദേഹം പൂമുഖത്തു കയറിയ ഉടനെ "രാമാ! ഇവിടെ വാ—ഇതാ—ഇവരെല്ലാം എന്തിനാ വന്നിരിക്കുന്നതു്. ആ എഴുത്തുകളെല്ലാം വാങ്ങിച്ചു മുകളിലേക്കു കൊണ്ടുപോ." എന്നു പറഞ്ഞു അദ്ദേഹം മുകളിലേക്കു കയറി. രാമൻ ബില്ലുകളും വാങ്ങി അദ്ദേഹത്തിൻെറ പിന്നാലെ പോയി.

രാമ—ഇതൊന്നും എഴുത്തുകളല്ല. ഷാപ്പുകാരുടേയും മററും ബില്ലുകളാണു്.

കുമാ—ഓ. ശരി. മാസാവസാനമായി അല്ലെ. ആരുടെഒക്കെയാണു്.

6000കയെ ബാങ്കിലുള്ളൂ. അടിയന്തരമായിട്ടുള്ളതെല്ലാം എടുക്കു, കാണട്ടെ. അതിന്നെ പണം തികയൂ.

രാമ—ഇതു കരിയപ്പന്റേതാണ്. 750ക. മററത്തു മംഗളോദയം കമ്പനി. ക്ഷണനപത്രങ്ങളും മററും അച്ചടിച്ച കൂലിവകക്കാണ്. 187ക.യുണ്ട്. ഇതു ലാസരുടെ ജൌളിവകയാണ്. കുറച്ചധികമുണ്ട്. 1400കയുണ്ട്. യോഗക്ഷേമം ബാങ്കുകാൎക്കു കൊടുപ്പാനുള്ള 4000കയുടെ മൂന്നു മാസത്തെ പലിശ ബാക്കിയായി പിഴയോടുകൂടി കിടക്കുന്നു. അവർ ആളെ അയച്ചിട്ടുണ്ട്.

കമാ—എന്തു? ബാങ്കിലോ-പലിശ ബാക്കിയൊ ഹാ! കഷ്ടമായിപ്പോയി. തീരെ മറന്നു. ഒരു മാസം തെററിയാൽ പിന്നത്തെ മാസം വ്യവഹാരപ്പെടാം എന്നാണ് അവരുടെ നിശ്ചയം. മൂന്നു മാസമായി എന്നല്ലെ പറഞ്ഞതു്. അതു അവരുടെ മൎയ്യാദതന്നെ. പലിശ ബാക്കി എത്രയുണ്ട്.

രാമ—പിഴയും പലിശയുംകൂടി 250ക.യുണ്ട്. പിന്നൊന്നും സാരമില്ല. ചില്ലറയാണ്. അതിന്നെല്ലാംകൂടി ഒരഞ്ഞൂറുറുപ്പിക മതിയാകും.

കമാ—ബാങ്കുകാൎക്കു പകുതിയെങ്കിലും സംഖ്യയും മുഴുവൻ പലിശയും കൊടുക്കാതെ തരമില്ല. കരിയപ്പനു 300ക. മതി. ലാസൎക്കു 700ക. കൊടുത്താൽ സന്തോഷമായി. ആയാൾ ചോദിക്കില്ല. എങ്കിലും 700 എങ്കിലും കൊടുക്കണം. മംഗളോദയത്തിലെ സംഖ്യയും കൊടുക്കണം. ഇതാ നാലായിരം ഉറുപ്പികയുടെ ഒരു ചെക്ക്. ചെന്നു മാററി എല്ലാം വിവരമായി കൊടുത്തു വേഗം വാ.

രാമ—ശേഷൻപട്ടര് വികൃതിയാണ്. സൂക്ഷിക്കണം. ഒരു സമയം കേസ്സുകൊടുത്താലും കൊടുക്കും. അതു കഴിച്ചാൽ പിന്നെ ആരേയും ഭയപ്പെടാനില്ല.

കമാ—ഞാൻ തീൎച്ചയാക്കിയിട്ടുണ്ട്. അദ്ദേഹം ഇവിടെ ഇല്ലല്ലൊ. പാലക്കാട്ടാണെന്നു വഴിക്കുവരുമ്പോൾ അന്വേഷിച്ചതിൽ മനസ്സിലായി. രാത്രി വണ്ടിക്കുതന്നെ ഞാൻ പാലക്കാട്ടയ്ക്കുപോയി അദ്ദേഹത്തെ കണ്ടു നാളെ വരാം. അദ്ദേഹത്തെ കണ്ടില്ലെങ്കിൽ പക്ഷെ തകരാറു വന്നാലും വരാം.

UNIVERSITY LIBR

രാമ—അദ്ദേഹത്തെ നേരിട്ടു കാണുന്നതു വളരെ നല്ലതാണു്. എന്നാൽ ഒരുപദ്രവവും വരികയില്ല. എത്ര വേണമെങ്കിലും നില്ക്കും. അതാണു് അദ്ദേഹത്തിൻെറ പ്രകൃതം.

കുമാ—ആട്ടെ നീ വൈകിക്കേണ്ട.

രാമ—നെടുങ്ങാടി ബാങ്കുകാർക്കോ.

കുമ—ഹേ! അതു സാരമില്ല. അവർ എത്രവേണമെങ്കിലും നില്ക്കും. അതു ഞാൻ മാനേജരെ കണ്ടു സംസാരിച്ചു് ഏർപ്പാടുചെയ്തിട്ടുണ്ടു്. പിന്നെ നീ ഒരു കാര്യം വേണം. വരുമ്പോൾ ഒരുപെട്ടി ലക്കോട്ടു് മറക്കാതെ വാങ്ങിവരണം. ലക്കോട്ടെല്ലാം കഴിഞ്ഞിരിക്കുന്നു. ഇന്നു അടിയന്തിരമായി മലയാററൂക്കു് ഒരു എഴുത്തെഴുതി ഇടേണം. എന്നിട്ടെ പാലക്കാട്ടേയ്ക്കു പോകാൻ തരമുള്ളു. രാത്രിവണ്ടിക്കുതന്നെ പാലക്കാട്ടേയ്ക്കു പോണം. നീ ക്ഷണം പോയിട്ടു വാ.

രാമൻ ചെക്കും വാങ്ങി താഴത്തേക്കു പോയി. കുമാരനുണ്ണി അടുത്തുള്ള സോഫയിൽ കയറി പലതും വിചാരിച്ചു കിടന്നു.

162056
O32:1K;2...N50
J3

——— :೦: ———

UNIVERSITY LIBRARY
22 MAR 1954
MADRAS